No. 1 ചെറിയ പരമ്പര
വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ

14 ദിവസ
പഠന
പ്രസിദ്ധീകരണം



# വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ

കൂടുതൽ അനുഭവങ്ങളോടുകൂടെ പ്രസിദ്ധീകരിച്ച
പുതിയ മാതൃക

പരിശുദ്ധാത്മാവിനാൽ നിറയപ്പെടുക
നിങ്ങൾക്ക് ഇത്
എപ്രകാരം അനുഭവിക്കുവാൻ കഴിയും?

ഹെൽമുട്ട് ഹോബെയിൽ

# വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ

**Publisher:**

South West India Union of SDA Publishing Department,
Evergreen lane, Moospet Road, Thrissur- 680 005
Phone- 0487 2440341, Email- swiusda5@gmail.com

**Contact and order**
Pr. P A Varghese, President, SWIU
Phone- +91 9446228376
Pr. Binoy Jacob Das, Publishing Ministries director, SWIU
Phone - +91 9579119430

**Production**
Pabon Ritchill, Coordinator, Steps Ministries

**Malayalam book Translated by:** Pr. G Thomaskutty

**Work Supervision:** Pr. Rajesh Sasidharan
Alappuzha-Pathanamthitta Section

**Printing at**: **Ebenezer Printpack (P) Ltd.**
Thrissur - 680 012, Kerala,
Tel: 0487 2361892, 2360992, www.ebenezerprinters.com

**Contact and order in foreign languages:**
©Helmut Haubeil, Rosenheimerstrabe 49
D-83043 Bad Aibling/Oberbayern-Germany
Email: helmut@haubeil.net, Phone: +49 (0) 8061 4900 712
Languages: German and English

**Translations:**
European languages: Bulgarian, Croatian, Czech, Danish, Dutch, English, French, German (Original), Greenlandic, Hungarian, Italian, Latvian, Norwegian, Polish, Portuguese-Brazil, Portuguese-Portugal, Romanian, Russian, Serbian, Slovenian, Spanish, Swedish, Ukrainian.

Asian Languages: Bahasa-Indonesia, Simplified and traditional Chinese, Bengali-Bangladesh, Burmesisch-Myanmare, India: Hindi, Malayalam, Odia, Mizo, Telugu. Farsi-Iran, Japanese, Korean, Mongolian, Tagalog-Philippines, Thai Thailand, Turkish, Urdu-Pakistan, Vietnamese.

African Languages: Amharic-Ethiopia, Arabic, Kirundi-Burundi, Kinyarwanda-Rwanda, Swahili-Kenya, Thanzania, Zulu-South Africa

**Website:**
www.steps-to-personal-revival.info and www.schritte-zur-personlichen-erweckung-info
There are and will be free all translated languages to read, print, sent to a friend. The menu-points: Leader, How to generate interest? Share it, Development (In which way the Lord development the books), Testimonies (more than 100), Contact. There is also the continuation book: Abide in Jesus.

**Order Information:**
For details, see page 2

Unless otherwise noted all Scripture quotations are taken from the Holy Bible, New King James Version. NKJV - Scripture marked NIV are taken from the Holy Bible, New International Version.
Copyright 1973, 1978, 1984 International Bible Society. All rights reserved throughout the world. Used by permission of international Bible Society.

Price: Rs. **50/-**

# വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ

**കൂടുതൽ അനുഭവങ്ങളോടുകൂടെ പ്രസിദ്ധീകരിച്ച**
**പുതിയ മാതൃക**

**പരിശുദ്ധാത്മാവിനാൽ നിറയപ്പെടുക**
**നിങ്ങൾക്ക് ഇത്**
**എപ്രകാരം അനുഭവിക്കുവാൻ കഴിയും?**

**ഹെൽമുട്ട് ഹോബെയിൽ**

# ഉള്ളടക്കത്തിന്റെ സൂചിപത്രം

**ആമുഖം**

വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ

**ഒന്നാം ദിവസം**

പരിശുദ്ധാത്മാവിനാൽ നിറയപ്പെടുക - "പരിശുദ്ധാത്മാവിനാൽ ലഭിക്കുന്ന ജീവിതം" എന്ന വിഷയത്തെക്കുറിച്ചു ഞാൻ എത്രയും പെട്ടെന്ന് തീവ്രമായി വ്യാപൃതനാകേണ്ടത് എന്തുകൊണ്ട്?........9

**സമർപ്പണം**

പരിണിത ഫലങ്ങൾ വർദ്ധിപ്പിക്കുക. നേതാക്കന്മാർക്കും ഭാവി യിലെ നേതാക്കന്മാർക്കും.

**അദ്ധ്യായം – 1**

യേശുവിന്റെ ഏറ്റവും വിലയേറിയ ദാനം

**രണ്ടാം ദിവസം**

പരിശുദ്ധാത്മാവിനെക്കുറിച്ചു യേശുക്രിസ്തു എന്താണ് പഠിപ്പിച്ചത്? യേശുവിന്റെ ഏറ്റവും ശക്തമായ സന്ദേശത്തെക്കുറിച്ചു നിങ്ങൾ സുപരിചിതർ ആണോ?........................................................................ 23

**അദ്ധ്യായം – 2**

നമ്മുടെ പ്രശ്നങ്ങളുടെ കേന്ദ്രസ്ഥാനം എന്താണ്?

**മൂന്നാം ദിവസം**

നമ്മുടെ പ്രശ്നങ്ങളുടെ പിറകിൽ ഒരു ആത്മീയ കാരണം ഉണ്ടോ? ........................................................................................ 77

**നാലാം ദിവസം**

പരിശുദ്ധാത്മാവിന്റെ അഭാവമാണോ അതിനു കാരണം? ഒരു ജഡിക ക്രിസ്ത്യാനി ആയിരിക്കുന്നതിന്റെ പ്രധാന പ്രശ്ന മെന്താണ്? ........................................................................................ 59

**അദ്ധ്യായം – 3**

നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്

**അഞ്ചാം ദിവസം**

നമ്മുടെ പ്രശ്നങ്ങൾക്കുള്ള ദൈവത്തിന്റെ പരിഹാര മാർഗ്ഗ മെന്താണ്? സന്തോഷമുള്ള ശക്തരായ ക്രിസ്ത്യാനികളായി വളരു വാൻ നമുക്കു എങ്ങനെ സാധിക്കും? ............................................ 77

**ആറാം ദിവസം**

സ്നാനവും പരിശുദ്ധാത്മാവും തമ്മിലുള്ള ബന്ധം എന്താണ്? .. 90

**അദ്ധ്യായം – 4**

നമുക്കു പ്രതീക്ഷിക്കുവാൻ കഴിയുന്ന വ്യത്യസ്തതകൾ എന്തെല്ലാം?

**ഏഴാം ദിവസം**

നമ്മുടെ ജീവിതം പരിശുദ്ധാത്മാവിനാൽ നിറയപ്പെടുമ്പോൾ ഉണ്ടാ കുന്ന പ്രയോജനങ്ങൾ എന്തെല്ലാം? ............................................ 103

**എട്ടാം ദിവസം**

നാം പരിശുദ്ധാത്മാവിനു വേണ്ടി പ്രാർത്ഥിക്കാതിരുന്നാൽ നമു ക്കുണ്ടാകുന്ന നഷ്ടമെന്താണ്? ..................................................... 118

**അദ്ധ്യായം – 5**

പ്രായോഗിക അനുഭവത്തിലേക്കുള്ള താക്കോൽ ...................... 134

**ഒൻപതാം ദിവസം**

വാഗ്ദത്തങ്ങൾക്കായി പ്രാർത്ഥിക്കുക. എനിക്കുവേണ്ടിയുള്ള ദൈവ ത്തിന്റെ പരിഹാരമാർഗ്ഗം എപ്രകാരം നിർവ്വഹിക്കുന്നതിനും അനു ഭവിക്കുന്നതിനും സാധിക്കും? ......................................................... 134

**പത്താം ദിവസം**

ഞാൻ പരിശുദ്ധാത്മാവിനാൽ നിറയപ്പെടും എന്ന ഉറപ്പോടുകൂടി എപ്രകാരം പ്രാർത്ഥിക്കുവാൻ എനിക്കു കഴിയും?..................... 149

**അദ്ധ്യായം – 6**

നമ്മുടെ മുമ്പിൽ എന്ത് അനുഭവങ്ങളാണ് കിടക്കുന്നത്?

**പതിനൊന്നാം ദിവസം**

വ്യക്തിപരമായ അനുഭവങ്ങളും സഭകളുടെയും കോൺഫറൻസിന്റെയും യൂണിയന്റെയും അനുഭവങ്ങളും..................................... 161

**അദ്ധ്യായം – 7**

താല്പര്യവും പങ്കുവെയ്ക്കലും

**പന്ത്രണ്ടാം ദിവസം**

നാം നല്കുന്ന സന്തോഷം നമ്മുടെ ഹൃദയങ്ങളിലേക്കു മടങ്ങിവരും (ജർമ്മൻ പഴമൊഴി) മറ്റുള്ളവർ അനുഭവിച്ചറിയുന്നതിനു വേണ്ടി "സമൃദ്ധിയായ ജീവൻ" നല്കി ഞാൻ എങ്ങനെ അവരെ സഹായിക്കും? ......................................................................... 184

**പതിമൂന്നാം ദിവസം**

ഈ ദൂത് നമുക്ക് എപ്രകാരം പങ്കുവയ്ക്കുവാൻ കഴിയും? അതിനുള്ള വഴികൾ എന്തെല്ലാം? ............................................................ 196

**അനുബന്ധം**

**പതിനാലാം ദിവസം**

കൂടുതൽ പഠനത്തിനും സമ്പർക്കത്തിനും വേണ്ടിയുള്ള ശുപാർശ ..................................................................................................... 205

# ഫലകരമായ ഒരു ജീവിതം

യേശു ഇപ്രകാരം പറഞ്ഞു: “ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായിക്കും” (യോഹ. 15:5).

യേശുവിൽ ഞാൻ വസിക്കുന്നത് എപ്രകാരമാണ്? യേശു നമ്മെ ക്ഷണിക്കുന്നു: “എല്ലാവരും എന്റെ അടുക്കൽ വരുവിൻ” (മത്തായി 11:28). യേശുവിലേക്കു കടന്നുവരുന്നവർ അവനിൽ വസിക്കുവാൻ അവരെ ക്ഷണിക്കുന്നു (യോഹ. 15:4) ഇത് എപ്രകാരമാണ് സാധിക്കുന്നത്?

“എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും.” ക്രിസ്തുവിൽ വസിക്കുക എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം: അവിടുത്തെ ആത്മാവിനെ നിരന്തരം പ്രാപിക്കുന്നതാണ്. യാതൊരു ഉപാധികളും ഇല്ലാതെ ജീവിതത്തെ അവിടുത്തെ ശുശ്രൂഷയ്ക്കുവേണ്ടി സമർപ്പിക്കുക. (യുഗങ്ങളുടെ പ്രത്യാശ പേജ് 676)

ഈ വിശദീകരണം എന്റെ കണ്ണുകളെ യഥാർത്ഥമായി തുറക്കുകയും ദൈവത്തോടുകൂടെ നടക്കുന്നതിന് എനിക്കു വ്യക്തത വരുത്തുകയും ചെയ്തു. എന്നെ സംബന്ധിച്ചിടത്തോളം സന്തോഷകരമായ ഒരു ക്രിസ്തീയ ജീവിതത്തിന്റെ രഹസ്യം ഇതാണ് (യോഹ. 15:11). സന്തോഷവും സമൃദ്ധവുമായ ഒരു ജീവിതം അനേകം പേർക്ക് കാണിച്ചുകൊടുക്കുവാൻ ഇതൊരു മാർഗ്ഗമായിത്തീരട്ടെ എന്നാണ് എന്റെ പ്രാർത്ഥനയും എന്റെ പ്രത്യേകമായ ആഗ്രഹവും. “വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ” എന്ന പുസ്തകത്തിലെ ഈ വാക്കുകൾ മൂന്നു പുസ്തകങ്ങൾ അടങ്ങുന്ന ഈ പരമ്പരയുടെ അടിസ്ഥാനമാണ്.

“വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ” എന്ന പരമ്പരയിൽ ഈ പുസ്തകങ്ങൾക്ക് അന്യോന്യം ഉള്ള ബന്ധം എന്താണ്?

## നമ്പർ 1 – വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ

പരിശുദ്ധാത്മാവിനാൽ നിറവു പ്രാപിക്കുക. നിങ്ങൾക്ക് ഇത് എപ്രകാരം അനുഭവിക്കുവാൻ കഴിയും? നിരന്തരമായ അപേക്ഷയെക്കുറിച്ചും അവിടുത്തെ ആത്മാവിനെ പ്രാപിക്കുന്നതിനെക്കുറിച്ചും ആണ് ഇതു പറയുന്നത്.

## നമ്പർ 2 – യേശുവിൽ വസിക്കുക

ഇത് എപ്രകാരം സാധ്യമാകും? യാതൊരു ഉപാധിയും കൂടാതെ യേശുക്രിസ്തുവിനായ് സമർപ്പിക്കുന്നതിനെക്കുറിച്ചാണ് ഇതു വിശദീകരിക്കുന്നത്.

## നമ്പർ 3 – ആത്മാവിനാൽ നിറയപ്പെട്ട യേശുവിന്റെ സഹപ്രവർത്തകർ

ആത്മാവിനാൽ നിറയപ്പെട്ട ഒരു സഹപ്രവർത്തകൻ ആയിരിക്കുവാൻ നിങ്ങൾക്ക് എങ്ങനെ സാധിക്കും? അവിടുത്തെ ശുശ്രൂഷയ്ക്കുവേണ്ടി ഉപാധികൾ ഇല്ലാതെ വലിയ അനന്തരഫലങ്ങൾ നേരിടേണ്ടി വന്നാലും നമ്മെ സമർപ്പിക്കുന്നതിനെക്കുറിച്ചാണ് ഇതു പറയുന്നത്.

## പ്രോത്സാഹനം

ഈ വിലയേറിയ സത്യങ്ങൾ രണ്ടുപേർ അടങ്ങിയ വ്യക്തിപരമായ പഠനത്താൽ പ്രത്യേകമായ അനുഗ്രഹം ലഭിക്കുന്നതിന് സഹായിച്ചിട്ടുണ്ട് എന്ന് അനുഭവങ്ങൾ വ്യക്തമാക്കുന്നു. ദമ്പതിമാർക്ക് ഇരട്ടി അനുഗ്രഹം ലഭ്യമാണ് (ചിലർക്ക് ടെലിഫോൺ സംഭാഷണത്തിലൂടെയോ ചാറ്റ് ചെയ്യുന്നതിലൂടെയോ). അതുപോലെ ദിവസേനയോ ആഴ്ചയിൽ ഒരിക്കലോ ഒരു കൂട്ടത്തിൽ നടത്തുന്ന പ്രാർത്ഥനയും സംഭാഷണവും വളരെ ഉത്തേജനം പകരുന്നതാണ്.

നമ്മുടെ കർത്താവ് തന്നെ കല്പന നല്കിയിരിക്കുന്നു![1]

നിങ്ങൾ സ്ഥിരമായും വീണ്ടും പുതുതായി ആത്മാവിനാൽ നിറയപ്പെടുക.[2]

# ആമുഖം

## വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ

**ഒന്നാം ദിവസം**

പരിശുദ്ധാത്മാവിനാൽ നിറയപ്പെടുക. "പരിശുദ്ധാത്മാവിനാൽ ലഭിക്കുന്ന ജീവിതം" എന്ന വിഷയത്തെക്കുറിച്ചു ഞാൻ എത്രയും പെട്ടെന്ന് തീവ്രമായി വ്യാപൃതനാകേണ്ടത് എന്തുകൊണ്ട്?

2011 ആഗസ്റ്റ് 14-ാം തീയതി ഞാൻ സ്വിറ്റ്സർലൻഡിലെ കാൺഡർഗ്രൻഡിലെ ബെർണിസ് മലനാട്ടിൽ ആയിരിക്കുമ്പോൾ ഒരു പ്രധാനപ്പെട്ട പ്രവൃത്തി എനിക്കു വളരെ വ്യക്തമായി കാണാൻ സാധിച്ചു. നമ്മുടെ യുവജനങ്ങളിൽ ഒരു വിഭാഗം നഷ്ടപ്പെട്ടുപോകുന്നതിന്റെ ആത്മീയ കാരണം തിരിച്ചറിഞ്ഞപ്പോൾ അത് എന്നെ വല്ലാതെ ഭയപ്പെടുത്തി. എന്റെ മക്കളെക്കുറിച്ചും കൊച്ചുമക്കളെക്കുറിച്ചും ഞാൻ ചിന്തിച്ചു. അന്നു മുതൽ ഈ വിഷയത്തെക്കുറിച്ചു ഞാൻ തീവ്രമായി വ്യാപൃതനായിത്തീർന്നു.

നമ്മുടെ പല പ്രശ്നങ്ങളുടെയും ആത്മീയ കാരണം ഇതുതന്നെയാണെന്ന് ഞാൻ ഇപ്പോൾ വിശ്വസിക്കുന്നു. പ്രത്യേകിച്ചും നമ്മുടെ വ്യക്തിപരമായ പ്രശ്നങ്ങൾ, വിവാഹജീവിതത്തിലും കുടുംബങ്ങളിലും ഉണ്ടാകുന്ന പ്രശ്നങ്ങളുടെ മുഖ്യകാരണം ഇതാണ്. പരിശുദ്ധാത്മാവിന്റെ അഭാവമാണ് ഇതിനെല്ലാം കാരണം.

ഇതാണ് കാരണമെങ്കിൽ ഈ പ്രശ്നത്തെ നാം അഭിമുഖീകരിക്കേണ്ടതാണ്. പ്രശ്നകാരണം നാം ഇല്ലായ്മ ചെയ്യുകയാണെങ്കിൽ, അഥവാ അതിനെ കുറയ്ക്കുകയാണെങ്കിൽ പല പ്രശ്നങ്ങളും പ്രയോജനരഹിതവും പരിഹരിക്കപ്പെട്ടതും ആയിത്തീരുന്നതാണ്.

## നാം അഭിമുഖീകരിക്കുന്ന ഈ കുറവിനെക്കുറിച്ചു മറ്റുള്ളവർക്ക് എന്താണ് പറയാനുള്ളത്

- എമിൽ ബ്രൂണർ ഇവാഞ്ചലിക്കൽ റിഫോംഡ് വേദശാസ്ത്രപണ്ഡിതനായ ഇദ്ദേഹം എഴുതിയത് ഇപ്രകാരമാണ്, "പരിശുദ്ധാത്മാവ്

എല്ലായ്പ്പോഴും കൂടുതലോ കുറവോ ആയിരുന്നാലും വേദശാസ്ത്രത്തിന്റെ വളർത്തുകുട്ടിയാണ്."3

- ഡി. മാർട്ടിൻ ലോയിഡ് ജോൺസ്: എന്റെ അഭിപ്രായം സത്യസന്ധമായി പറയുവാൻ ആഗ്രഹിക്കുകയാണെങ്കിൽ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വിഷയംപോലെ ഇത്രമാത്രം അവഗണിച്ചിരിക്കുന്ന മറ്റൊരു വേദപുസ്തകസത്യം ഇതിനു മുമ്പോ ഇപ്പോഴോ ഉണ്ടായിട്ടില്ല.... ഇവാഞ്ചലിക്കൽ വിശ്വാസത്തിന്റെ ബലഹീനതയ്ക്കു കാരണമായിത്തീർന്നതെന്ന് എനിക്ക് ഉറപ്പായും പറയാൻ കഴിയും."4
- ലീറോയി ഇ.ഫ്രൂം: "പരിശുദ്ധാത്മാവിന്റെ അഭാവമാണ് നമ്മുടെ ഗൗരവമേറിയ പ്രശ്നം എന്ന് എനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു."5
- ഡെയിറ്റ് നെൽസൺ: "നമ്മുടെ സഭയ്ക്കു തളർച്ച നേരിട്ടു. അതിന്റെ അതിരിൽ നില്ക്കുമ്പോഴും മികച്ച ചടങ്ങുകളും പദ്ധതികളും പരിപാടികളും പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ ഒടുവിൽ നാം നമ്മുടെ പാപ്പരത്വം അംഗീകരിക്കാത്തതുകൊണ്ട് (പരിശുദ്ധാത്മാവിന്റെ അഭാവം) അതു നമ്മുടെ പല ശുശ്രൂഷകന്മാരെയും നേതാക്കന്മാരെയും പിന്നോട്ടു നയിച്ചിരിക്കുകയാണ്. അങ്ങനെ ആയാൽ നമുക്കു നേരത്തെ ഉണ്ടായിരുന്ന ബാഹ്യ ക്രിസ്ത്യാനിത്വത്തിൽനിന്നും പുറത്തു കടക്കുവാൻ കഴികയില്ല."6

ഈ കുറവ് പരിഹരിച്ചശേഷം ഉണ്ടാകുന്ന ഫലങ്ങളെക്കുറിച്ച് ആദ്യമായി നമുക്കു ചിന്തിക്കാം. അതിനുശേഷം പരിശുദ്ധാത്മാവിനെക്കുറിച്ചു നമ്മുടെ കർത്താവായ യേശു നല്കിയിരിക്കുന്ന ഉപദേശങ്ങളെക്കുറിച്ചു പിന്നീട് നമുക്കു നോക്കാം.

## എന്റെ ആഗ്രഹം

നേരത്തെ തന്നെ പരിശുദ്ധാത്മാവിൽ ജീവിക്കുന്ന ഓരോ വ്യക്തികളും ആത്മാവിന്റെ പൂർണ്ണനിറവ് പ്രാപിക്കണം എന്നാണ് എന്റെ ആഗ്രഹം. ഇതുവരെയും പരിശുദ്ധാത്മാവിൽ ജീവിക്കാത്തവർ ഇതുവരെയും നാമമാത്രമായ ജീവിതം ആത്മാവിൽ നയിച്ചവർക്ക് ഇത് ഒരു പുതിയ പൂർത്തീകരിക്കപ്പെട്ട വിജയകരമായ ജീവിതത്തിന്റെ ഒരു ആരംഭമായി മാറട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു.

# സമർപ്പണം

## പരിണിതഫലങ്ങൾ വർദ്ധിപ്പിക്കുക
## നേതാക്കന്മാർക്കും ഭാവിയിലെ നേതാക്കന്മാർക്കും

പ്രിയ നേതാവേ,

നിങ്ങളുടെ മേഖല ആത്മീയമായും എണ്ണത്തിലും വളർച്ച പ്രാപിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? പക്ഷേ, ഇന്ന് ഇതു സാദ്ധ്യമാണോ? അതേ, തീർച്ചയായും സാദ്ധ്യമാണ്. എപ്രകാരം?

“സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു” (സെഖ. 4:6).

ഇത് എപ്രകാരമാണ് സംഭവിക്കുവാൻ പോകുന്നത്? നാം ഇനിയും കൂടുതൽ കാര്യങ്ങൾ പഠിക്കുവാൻ ഉണ്ടെന്നു ഞാൻ കരുതുന്നു. മറ്റുള്ളവരുടെ അനുഭവങ്ങളിൽനിന്നും ഗ്രഹിക്കുവാനും നാം ആഗ്രഹിക്കുന്നുവോ? അപ്രകാരം ചെയ്താൽ പ്രയോജനം ഉണ്ടാകും എന്ന് എനിക്കു ബോദ്ധ്യപ്പെട്ടിരിക്കുകയാണ്. യഥാർത്ഥമായ ആത്മീയതയിലേക്കും അംഗസംഖ്യാവർദ്ധനവിലേക്കും ഉള്ള വഴി പരിശുദ്ധാത്മാവിലൂടെ കർത്താവ് നമുക്കു കാണിച്ചുതരുമാറാകട്ടെ.

500 ൽ അധികം പേർ “വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ” എന്നുള്ള പുസ്തകം വായിച്ചതിനുശേഷം പങ്കുവെച്ച അനുഭവങ്ങൾ ഈ പുസ്തകം ഒരു വിലപ്പെട്ട സഹായമാണെന്ന് കാണിച്ചുതരുന്നു. ഒരു പുസ്തകം ഒരു വട്ടം വായിക്കുകയോ അതു വിതരണം നടത്തുകയോ ചെയ്യുന്നതിനേക്കാൾ കൂടുതൽ കാര്യങ്ങൾ ആത്മീയ വർദ്ധനവിനും അംഗസംഖ്യാവർദ്ധനവിനും ആവശ്യമാണ്. ഉണർവ്വിനുവേണ്ടി ഇവിടെ അവതരിപ്പിക്കുന്ന കാര്യങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരിക എന്നുള്ളത് വളരെ ആവശ്യമായ കാര്യമാണ്. നിങ്ങളുടെ ഹൃദയത്തിന്റെ പങ്കാളിത്തം അതിന് ആവശ്യമാണ്. ഞാൻ ഉറപ്പിച്ചു

പറയുന്നു: നിങ്ങൾ മുമ്പോട്ടുപോകുന്നതനുസരിച്ചു മാത്രമേ നിങ്ങളുടെ മേഖലയും മുമ്പോട്ടു പോവുകയുള്ളൂ. നിങ്ങൾ സഞ്ചരിക്കാത്ത ഒരു പാതയിലൂടെ മറ്റൊരാളെ നയിക്കുവാൻ നിങ്ങൾക്കു സാദ്ധ്യമല്ല. നമ്മുടെ ജീവിതം, പ്രാർത്ഥനകൾ, സാക്ഷ്യങ്ങൾ, സംഭാഷണങ്ങൾ, നമ്മുടെ സ്വാധീനങ്ങൾ, നമ്മുടെ പ്രസംഗങ്ങൾ എന്നിവയെ ദൈവം ഉപയോഗപ്പെടുത്തുന്നതാണ്. യഥാർത്ഥത്തിൽ പല പ്രാവശ്യം ഉള്ള വായന ഒരു താക്കോലാണ്. നമ്മുടെ ജീവിതത്തിന് ആവശ്യമായ നിർണ്ണായകമായ ഒരു വിഷയത്തെക്കുറിച്ചു സമഗ്രമായി മനസ്സിലാക്കുന്നതിന് അതിനെക്കുറിച്ച് 6 മുതൽ 10 തവണ എങ്കിലും വായിച്ചിരിക്കണം എന്നു വിദ്യാഭ്യാസ ഗവേഷണം കണ്ടെത്തിയിരിക്കുന്നു. അതുകൊണ്ട് ഒരു പ്രാവശ്യം എങ്കിലും ഒന്നു ശ്രമിച്ചുനോക്കൂ. അതിന്റെ ഫലം നിങ്ങളെ ബോദ്ധ്യപ്പെടുത്തും.

## സാക്ഷ്യങ്ങൾ

ജോലിയിൽ നിന്നും വിരമിച്ച് ഇപ്പോൾ വിശ്രമജീവിതം നയിക്കുന്ന രണ്ടുപേരുടെ സാക്ഷ്യങ്ങൾ, ഒരു പാസ്റ്ററും ഒരു ഡിപ്പാർട്ടുമെന്റ് ലീഡറും, യു.എസ്.എ.

## സാക്ഷ്യം 1

"വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ" എന്ന നിങ്ങളുടെ പുസ്തകം ഞാൻ മൂന്നു പ്രാവശ്യം വായിച്ചു. പ്രാർത്ഥനയെക്കുറിച്ച് ഇപ്രകാരം പുതിയ ഉൾക്കാഴ്ച ലഭിക്കും എന്നു ഞാൻ ഒരിക്കലും ചിന്തിച്ചിരുന്നില്ല. നിങ്ങൾ വിശദീകരിച്ചിരിക്കുന്നതുപോലെ, പ്രാർത്ഥന ദൈവവാഗ്ദത്തങ്ങളെ ആസ്പദമാക്കിയാണ് നടത്തേണ്ടത്. അതിനുശേഷം നടക്കുമെന്ന് എനിക്കു യാതൊരു പ്രതീക്ഷയും ഇല്ലാതിരുന്ന വിജയങ്ങൾ ആണ് ദൈവം എന്റെ ജീവിതത്തിൽ ചെയ്തിരിക്കുന്നത്. ഒരു ക്യാമ്പ് മീറ്റിങ്ങിൽ പ്രസംഗിക്കുവാൻ എന്നെ ക്ഷണിക്കുകയുണ്ടായി. നിങ്ങളുടെ പുസ്തകമാണ് എനിക്കു വിഷയം ഒരുക്കിത്തന്നത്.

June 26, 2017 - f.s. Abbreviated

## സാക്ഷ്യം 2

നിങ്ങളുടെ പുസ്തകം ഞാൻ വായിച്ചതിനുശേഷം (നിങ്ങളുടെ പുസ്തകത്തിൽ പറയുന്ന ഉപദേശം പോലെ 6 പ്രാവശ്യം ഞാൻ

പുസ്തകം വായിച്ചു) വാഗ്ദത്വത്തോടുകൂടി പ്രാർത്ഥിക്കേണ്ടത് എങ്ങനെയാണെന്ന് ഞാൻ പഠിച്ചു. അതിനെത്തുടർന്ന് എന്റെ ജീവിതം രൂപാന്തരപ്പെട്ടു. നമ്മുടെ ഏറ്റവും വലിയ ആവശ്യമായ ദൈവാത്മാവിന്റെ ചൈതന്യം പകരുന്ന മാരിയെക്കുറിച്ച് ഒരു പ്രസംഗം തയ്യാറാക്കി ക്യാമ്പ് മീറ്റിങ്ങിൽ അവതരിപ്പിക്കുന്നതിന് കർത്താവ് എന്നെ സഹായിച്ചു. കഴിഞ്ഞ എല്ലാ വർഷങ്ങളിലും ദൈവിക ശുശ്രൂഷയ്ക്കുവേണ്ടി ഞാൻ പ്രതിഷ്ഠിക്കപ്പെട്ടിരുന്നു. ക്യാമ്പ് മീറ്റിങ് നടത്തപ്പെട്ട ആഡിറ്റോറിയത്തിലെ 3000 പേരിൽ വ്യാപരിച്ച പരിശുദ്ധാത്മാവിന്റ ശക്തിയെ ഞാൻ ഇതിനുമുമ്പ് ഒരിക്കലും അനുഭവിച്ചറിഞ്ഞിരുന്നില്ല.

– എന്റെ ഭാര്യ എന്നിൽ പൂർണ്ണമായ ഒരു മാറ്റം വന്നത് ശ്രദ്ധിച്ചു. ഞാൻ എന്നെക്കുറിച്ച് അതിശയിച്ചു.

July 25th, 2017 - f.s. Abbreviated

### 40 ദിവസം എന്ന ആശയം – 17 അംഗങ്ങൾ 65 ആയി

ജർമ്മനിയിലെ കൊളൊഗ്നെ - കാൾക്കിലെ ചെറിയ സഭയിൽ ജർമ്മൻ, സ്പാനിഷ്, പോർച്ചുഗീസ് ഭാഷക്കാരായ 17 വിശ്വാസികൾ ഉണ്ടായിരുന്നു. 40 ദിവസം എന്ന ആശയം ഏറ്റെടുക്കുവാൻ പാസ്റ്റർ ജെ. ലോട്സെ അവരെ ക്ഷണിച്ചു. രണ്ടുപേർ വീതം അവർ 40 ദിവസം എന്ന പുസ്തകം പഠിക്കുകയും ഇതുവരേയും എത്തിപ്പിടിക്കാൻ കഴിയാതിരുന്ന ഓരോ അഞ്ചുപേർക്കു വേണ്ടി ഓരോരുത്തരും എല്ലാ ദിവസവും പ്രാർത്ഥിക്കുവാൻ തുടങ്ങി, അതുപോലെ അവരുമായി ഒരു വ്യക്തിബന്ധം സ്ഥാപിക്കുകയും ചെയ്തു. 40–ാമത്തെ ദിവസം ഒരു സന്ദർശന ശബ്ബത്ത് ക്രമീകരിക്കുകയും അതിനുശേഷം 14 ദിവസത്തെ സുവിശേഷീകരണ പ്രവർത്തനം നടത്തുകയും ചെയ്തു. അതിന്റെ ഫലമായി ചുരുങ്ങിയ സമയം കൊണ്ടു 13 പേരെ സ്നാനപ്പെടുത്തുവാൻ കഴിഞ്ഞു, 40 ദിവസം എന്ന ആശയം അവർ പല തവണ ആവർത്തിച്ചതിന്റെ ഫലമായി സഭയുടെ അംഗസംഖ്യ നാലുവർഷം കൊണ്ട് 65 ആയി വളർന്നു (40 ദിവസ ആശയത്തെക്കുറിച്ചു മനസ്സിലാക്കുവാൻ 40 ദിവസം എന്ന പുസ്തകം വായിക്കുക. കൊളൊഗ്നെയിലെ കാര്യങ്ങൾ കൂടുതലായി മനസ്സിലാക്കുവാൻ "Experiences" No. 19 പരിശോധിക്കുക.)

## ലുഗാനോ

സ്വിറ്റ്സർലൻഡിലെ ലത്തീൻഭാഷ സംസാരിക്കുന്ന ഒരു പ്രദേശമാണ് ഇവിടം. സൗത്ത് ആഫ്രിക്കയിലെ ഒരു മിഷനറി എന്ന നിലയിൽ എല്ലാ മതങ്ങളെയും ബഹുമാനിച്ചിരുന്ന പാസ്റ്റർ മത്യാസ് മാഗിന് ഡെന്നീസ് സ്മിത്തിന്റെ 40 ദിവസം എന്ന പുസ്തകവുമായി മികച്ച രീതിയിലുള്ള അനുഭവം ഉണ്ടായിരുന്നു. അദ്ദേഹം സ്വിറ്റ്സർലൻഡിലേക്ക് മടങ്ങിവന്നപ്പോൾ ഈ ആശയവും ആയി ചേർന്നു പെട്ടെന്നു തന്നെ ഒരു പ്രവർത്തനം ആരംഭിച്ചു. ആദ്യവർഷം 15 സ്നാനം ഉണ്ടായി. (ഈ പ്രദേശത്ത് ഇത് ഒരു അസാധാരണ സംഭവമായിരുന്നു) സഭയിൽ ഒരു സ്ത്രീ 15 വർഷമായി പതിവായി കടന്നുവരുമായിരുന്നു. 40 ദിവസത്തെ പ്രവർത്തനഫലമായി അവർ സ്നാനപ്പെടുവാൻ തീരുമാനിച്ചു.

## യുവജനങ്ങൾ

എന്റെ പേർ അലീനാ വാൻ റെൻഷേർഗ് എന്നാണ്. സൗത്ത് ക്യൂൺസ്‌ലാൻഡ് കോൺഫറൻസിലെ മുതിർന്നവർക്കുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു യവ്വനക്കാരിയായ ഡയറക്ടർ ആയിരുന്നു (ആസ്ട്രേലിയയിൽ മൊത്തം 12,200 സഭാംഗങ്ങൾ ഉണ്ട്). ഈ വർഷം ആദ്യം ഒരു യവ്വനക്കാരത്തി "വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ" എന്ന പുസ്തകം എനിക്കു പരിചയപ്പെടുത്തുകയുണ്ടായി. ഞാൻ പൂർണ്ണമായി ആടിയുലഞ്ഞു. ദൈവം എന്റെയും എന്റെ ഭർത്താവിന്റെയും ഹൃദയത്തിൽ സൂക്ഷിച്ചുവെച്ചിരുന്ന യഥാർത്ഥ ആശയം അതു കണ്ടെത്തുകയുണ്ടായി! ഞങ്ങളുടെ ഹൃദയത്തിൽ ഉണ്ടായിരുന്ന ആത്മാവിനെ അത് ഉണർത്തുകയുണ്ടായി! നിങ്ങളോട് എനിക്ക് പല സംഭവകഥകൾ പറയുവാൻ സാധിക്കും, സാരാംശമായി പറഞ്ഞാൽ, ഈ ചെറിയ പുസ്തകം മുഖേന ഞങ്ങൾ വളരെയധികം അനുഗ്രഹിക്കപ്പെടുകയുണ്ടായി! ഗ്രെഗ് പ്രട്ടി (SQC യിലെ ശിഷ്യത്വത്തിന്റെയും ആത്മികതയുടെയും പുരോഗതി എന്ന ഡിപ്പാർട്ട്മെന്റ് ഡയറക്ടർ)ന്റെ കൈവശം കൂടുതലായി 300 പുസ്തകങ്ങൾ ഉണ്ടായിരുന്നു. അതു നമ്മുടെ മുതിർന്ന നേതാക്കന്മാർക്ക് വേണ്ടി ഈ വർഷം ആദ്യം നടത്തപ്പെട്ട ലീഡർഷിപ്പ് മീറ്റിങ്ങിൽ വെച്ചു ഞാൻ വിതരണം ചെയ്യുകയുണ്ടായി. അവരുടെ പ്രതികരണം അവിശ്വസനീയമായിരുന്നു. ഈ വർഷം നടത്താൻ പോകുന്ന വലിയ ക്യാമ്പ് മീറ്റിങ്ങിൽ പങ്കെടുക്കുന്ന യവ്വനക്കാരായ മുതിർന്ന വ്യക്തികൾക്ക് ലൈഫ് ഗ്രൂപ്പ് യോഗത്തിൽ വച്ചു നല്കുവാൻ വേണ്ടി 150 ൽ അധികം പുസ്തകങ്ങൾ ഞാൻ കരുതിവെച്ചിരിക്കുകയാണ്.

### 366 സ്നാനങ്ങൾ + സ്നാന ക്ലാസ് മുഖേന 35 സ്നാനം

ബുറുണ്ടി യൂണിയൻ സെക്രട്ടറി ആയ പോൾ ഇറാക്കോസ് (മൊത്തം 130000 അംഗങ്ങൾ, കിറുണ്ടി ഭാഷയിലുള്ള "വ്യക്തിപരമായ ഉണർവ്വിന്റെ പടികൾ" എന്ന പുസ്തകത്തിന്റെ 1,00,000 കോപ്പികൾ നല്കി) ഈ പുസ്തകത്തിന്റെ സ്വാധീനത്താൽ പിൻമാറ്റത്തിൽ പോയ പഴയ 320 വിശ്വാസികൾ തിരികെ വന്നു. അവരെ 2017 മാർച്ചിൽ നടത്തപ്പെട്ട ശുശ്രൂഷയിലൂടെ സ്നാനപ്പെടുത്തുകയുണ്ടായി.

ബധിരരായ ആളുകൾ ഈ പുസ്തകം മൂന്നു പ്രാവശ്യം വായിക്കുന്നു. അതിനുശേഷം അവരുടെ അനുഭവങ്ങൾ മറ്റു ബധിര സുഹൃത്തുക്കളുമായി പങ്കുവെയ്ക്കുന്നു. അതിന്റെ ഫലമായി 2017 ൽ ഞങ്ങൾ 25 ബധിരരെ സ്നാനപ്പെടുത്തുകയുണ്ടായി.

### തടവുകാർ

ഈ പുസ്തകം ഞങ്ങൾ മിംബാ ജയിലിലെ ഞങ്ങളുടെ സഭാ വിശ്വാസികൾക്ക് വിതരണം ചെയ്തു. അവർ പരിശുദ്ധാത്മാവിനാൽ ഉണർവ്വു പ്രാപിക്കുകയും തങ്ങളുടെ വിശ്വാസം പങ്കുവെയ്ക്കുകയും ചെയ്തു. കഴിഞ്ഞ ശബ്ബത്തിന് 21 തടവുകാർ സ്നാനം സ്വീകരിക്കുകയും 35 പേർ സ്നാനത്തിനുവേണ്ടി തയ്യാറെടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. "വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ" എന്ന പുസ്തകത്തിന്റെ പരിണിതഫലം ഇപ്രകാരമാണ്. abbreviated.

### പഠനകാലം/പ്രാർത്ഥനാവാരം

2017 നവംബറിൽ ബുറുണ്ടി യൂണിയനിലെ 1,30,000 വിശ്വാസികൾക്കുവേണ്ടി ഒരു പ്രാർത്ഥനാവാരം "വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ" എന്ന പുസ്തകം ഉപയോഗിച്ചു വീണ്ടും നടത്തുകയുണ്ടായി. അഡ്വന്റിസ്റ്റു റേഡിയോ സ്റ്റേഷനിലൂടെ ഈ വിഷയത്തെക്കുറിച്ചുള്ള ഞങ്ങളുടെ സെക്രട്ടറിയുടെ പ്രസംഗങ്ങൾ എല്ലാ വൈകുന്നേരങ്ങളിലും പ്രക്ഷേപണം ചെയ്യുകയുണ്ടായി.

### വിദ്യാർത്ഥികൾ

ആൻഡ്രൂസ് യൂണിവേഴ്സിറ്റിയിലെ പ്രധാനപ്പെട്ട പാസ്റ്റർ ആയ ഡെയിറ്റ് നെൽസൺ ഈ പുസ്തകത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നത് "അത് എന്റെ ഉള്ളം മാറ്റിമറിച്ചു, അതു നിങ്ങൾക്കു വേണ്ടിയും ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു" 2017 സെപ്റ്റംബർ 2 മുതൽ അദ്ദേഹം

മൂന്നു ദിവസത്തെ ഒരു പ്രസംഗപരമ്പര ആരംഭിക്കുകയുണ്ടായി. "സ്ഥലം ശൂന്യം", "പുതിയ രൂപാന്തരം", "പരിശുദ്ധാത്മാവിനാൽ സ്നാനം പ്രാപിക്കുന്നത് എങ്ങനെ" അദ്ദേഹം "വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ" എന്ന പുസ്തകത്തിൽനിന്നും ആണ് ഉദ്ധരണികൾ എടുത്തത്. ഈ പുസ്തകം അദ്ദേഹം എല്ലാവർക്കും ശുപാർശ ചെയ്യുന്നു. ഇതിന്റെ ഫലമായി 4000 പേർ പുസ്തകം ഡൗൺലോഡ് ചെയ്ത് ആയിരക്കണക്കിനു പുസ്തകം ഓർഡർ എടുക്കുകയും ചെയ്തു.

## യു. എസ്. എ. യിൽനിന്നും ഉൽകൃഷ്ടമായ ഒരു ആശയം

ഡെയിറ്റ് നെൽസന്റെ പ്രസംഗപരമ്പര ഞാൻ ഇന്നലെ ശ്രദ്ധിക്കുകയുണ്ടായി. ഈ ശബ്ബത്തിൽ "വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ" എന്ന പുസ്തകം അവതരിപ്പിക്കുമ്പോൾ അഞ്ചുമിനിറ്റു സമയം അദ്ദേഹത്തിന്റെ സാക്ഷ്യം കേൾപ്പിക്കുന്നതിന് ലാപ്ടോപ് പ്ലേ ചെയ്യുന്നതാണ്. പുസ്തകം കേൾവിക്കാരിൽ താല്പര്യം ജ്വലിപ്പിക്കും എന്ന പ്രത്യാശയോടെ ആയിരിക്കും അതു ചെയ്യാൻ പോകുന്നത്. എന്നാൽ ഉച്ചഭക്ഷണത്തിനുശേഷം പ്രസംഗത്തിന്റെ മറ്റുഭാഗങ്ങൾ താല്പര്യം ഉള്ളവരെ മാത്രം കേൾപ്പിക്കുന്നതാണ്! D.W.

## സുവിശേഷീകരണം

2017 ഒക്ടോബർ 11 ലെ ബ്ലോഗിൽ ഡെയിറ്റ് നെൽസൺ എഴുതിയത് ഇപ്രകാരമാണ് (ചുരുക്കി ചിട്ടപ്പെടുത്തിയിരിക്കുന്നു) 91 "അതിഥികൾ" (അവരെ അപ്രകാരം വിളിക്കുന്നു) 91 മിനിറ്റ് പ്രോഗ്രാമിലൂടെ അവർ സെഗ്രാബിൽ അഡ്വന്റിസ്റ്റുകാരും ആയി ചേർന്നു... നിങ്ങളുടെ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കുവേണ്ടി വ്യക്തിപരമായ ശ്രദ്ധയും നന്ദിയോടെയുള്ള അഭിനന്ദനങ്ങളും രേഖപ്പെടുത്തിക്കൊള്ളുന്നു. എന്റെ കഴിഞ്ഞകാല പരസ്യ സുവിശേഷവേലയിൽ സെഗ്രാബിൽ സുവിശേഷം പ്രസംഗിച്ചപ്പോൾ ഉണ്ടായതുപോലുള്ള അനുഭവം എനിക്ക് ഇതുവരെ ഉണ്ടായിട്ടില്ല എന്നു ഞാൻ സാക്ഷീകരിക്കേണ്ടതാണ്. ഞാൻ പൈനിയറിൽ ഉള്ള പാസ്റ്റർമാരോടു പ്രസ്താവിച്ചതുപോലെ സമർപ്പിക്കപ്പെട്ട അനേകം പേരുടെ പ്രാർത്ഥനയുടെ ഫലമായിട്ടാണ് എല്ലാ പകലും രാത്രിയും പരിശുദ്ധാത്മാവിന്റെ പൂർണ്ണമായ ഒരു ഇടപെടൽ ഉണ്ടായതെന്ന് എനിക്ക് തീർച്ചയായും ഉറപ്പാണ്. ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തിയതുപോലെ സെപ്റ്റംബറിൽ നമ്മളിൽ പലരും പരിശുദ്ധാ

ത്മാവിന്റെ ദിവസേനയുള്ള ഒരു സ്നാനത്തിനുവേണ്ടി ദൈവത്തോടു യാചിക്കുകയായിരുന്നു (അപ്രകാരം പ്രവർത്തിക്കുന്നതിനുവേണ്ടി ക്രിസ്തു നമ്മെ ക്ഷണിക്കുന്നു. ലൂക്കൊസ് 11:13). അവിടുത്തെ നേരിട്ടുള്ള പ്രവർത്തനം സെഗ്രാബിൽ ഞാൻ വ്യക്തിപരമായി അനുഭവിച്ചറിഞ്ഞതുകൊണ്ട് അതിനെക്കുറിച്ചു വിശേഷം പറയുവാൻ പൂർണ്ണ നിശ്ചയമുണ്ട്. എനിക്ക് എന്നെക്കുറിച്ചു യാതൊന്നും പറയാൻ ഇല്ല. എന്നാൽ യേശുവിന്റെ വാഗ്ദത്തം സത്യമാണെന്ന് മാത്രമേ പറയാൻ ഉള്ളൂ. "എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു... ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും" (അ.പ്ര. 1:8). അതുകൊണ്ടു നാം എന്തു ചെയ്താലും ദിവസവും ദൈവാത്മാവിന്റെ പുതുക്കം പകരുന്ന ദൈവികശക്തിക്കും രാവിലെ തോറും ഉള്ള സ്നാനവും പ്രാപിക്കുവാനുള്ള നമ്മുടെ അന്വേഷണം ഉപേക്ഷിച്ചു കളയരുത്.

### അനുരഞ്ജനം

വ്യക്തികളുടെയും കുടുംബങ്ങളുടെയും നല്ല അനുഭവങ്ങൾ ധാരാളമായിട്ടുണ്ട്. പിരിമുറുക്കം, ലഹള, വിഭാഗീയത, മുറിവ്, ക്ഷമയില്ലായ്മ, വികാരപ്രകടനം, വ്യക്തിപരമായ ആക്രമണം എന്നിവ ഉപേക്ഷിച്ചു സഭാവിശ്വാസികൾ പരസ്പരം സ്നേഹിക്കുകയും ക്ഷമിക്കുകയും സമാധാനം പകരുകയും അനുരഞ്ജനപ്പെടുകയും ചെയ്യുന്ന ധാരാളം അനുഭവങ്ങൾ ഉണ്ട്. (experiences No.1/10, 7/84).

### യവ്വനക്കാരിയായ മാതാവും കുട്ടികളും യു.എസ്.എ.

മൂന്ന് ആൺകുട്ടികളെ വളർത്തിക്കൊണ്ടുവരുന്നതിന്റെ വലിയ ഉത്തരവാദിത്വം തീർച്ചയായും ഞാൻ മനസ്സിലാക്കുന്നു. എന്നിൽ അവിടുന്നു ആവസിക്കേണമേ എന്ന് പരിശുദ്ധാത്മാവിനോട് ദിവസവും യാചിക്കുക എന്ന ഏക പ്രത്യാശ മാത്രമേ എന്റെ മുമ്പിൽ ഞാൻ കാണുന്നുള്ളൂ. നിങ്ങളുടെ പുസ്തകം ഞാൻ വായിച്ചതിനുശേഷം എന്റെ ആൺമക്കളുടെ സ്വഭാവത്തിൽ വലിയ മാറ്റം ഞാൻ കാണുകയുണ്ടായി. സാധാരണ ഞാൻ സഹിഷ്ണുത കാണിക്കാത്ത അവസരങ്ങളിൽ എനിക്കു സഹിഷ്ണുത ലഭിച്ചു. നിരാശയ്ക്കു പകരം സ്നേഹവും അനുകമ്പയും ഞാൻ പ്രകടിപ്പിച്ചു. സാധാരണ അനുസരിക്കാത്ത എന്റെ മക്കൾ അനുസരിക്കുന്ന ഹൃദയം ഉള്ളവർ ആയിത്തീർന്നു. തീർച്ചയായും നാം വളർന്നുകൊണ്ടിരിക്കുകയാണ്. യേശുവിന് എന്നിൽ

വസിക്കുവാൻ പര്യാപ്തമായ ലളിതസത്യം എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞതിൽ ഞാൻ എത്രമാത്രം നന്ദിയുള്ളവൾ ആണെന്ന് അറിയാമോ! D.W.

## പുതുതായി സ്നാനം സ്വീകരിച്ചവരിൽ 90% പേർ രണ്ടു വർഷത്തിനു ശേഷം സഭയുമായി സംയോജിപ്പിക്കപ്പെടുന്നു

2019 ഫെബ്രുവരി 14-ാം തീയതി റുവാണ്ടി യൂണിയൻ ഇപ്രകാരം എഴുതി: "വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ" എന്ന പുസ്തകത്താൽ ഞങ്ങൾ വളരെയധികം അനുഗ്രഹിക്കപ്പെട്ടിരിക്കുകയാണ്. (പുസ്തകത്തിന്റെ 130000 കോപ്പികൾ കിൻയാർവാണ്ടയിൽ വിതരണം ചെയ്തു) "മുഴുവൻ വിശ്വാസികളുടെ പങ്കാളിത്വം" എന്ന മിഷ്യൻ പ്രോഗ്രാം ഞങ്ങൾ രാജ്യവ്യാപകമായി 2016 ൽ നടത്തി. അതിന്റെ ഫലമായി ദൈവകൃപയാൽ 110,000 പേർ 2016 ലും 2017 ന്റെ ആരംഭത്തിലുമായി സ്നാനപ്പെട്ടു. അവരുടെ സ്നാനത്തിനു ശേഷം ഓരോരുത്തർക്കും ഈ പുസ്തകത്തിന്റെ ഓരോ കോപ്പി വീതം സമ്മാനമായി നല്കി. ഈ പുസ്തകത്തിനു നന്ദി പറയുകയാണ്, സ്നാനപ്പെട്ടവരിൽ 90% പേർ സഭയുടെ സജീവ അംഗങ്ങൾ ആയിത്തീർന്നു. പരിശുദ്ധാത്മാവിലൂടെ യേശുക്രിസ്തുവും ആയി ഒരു വ്യക്തിക്ക് എപ്രകാരം നല്ല ബന്ധം സ്ഥാപിക്കുവാൻ കഴിയും എന്ന് വിവരിക്കുന്നതുകൊണ്ട് ഇത് നല്ലൊരു പുസ്തകമാണ്."

MKN (Slightly abbreviated)

## എപ്രകാരം താല്പര്യം ഉണർത്തുവാൻ കഴിയും?

ഈ പട്ടികയിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ നിങ്ങൾക്ക് വിലപ്പെട്ട നിർദ്ദേശങ്ങൾ കണ്ടെത്താവുന്നതാണ്. ഏകോപിച്ചുള്ള വായനയാണ് നിങ്ങൾക്ക് ആരംഭിക്കുവാൻ എളുപ്പമായ ഏകകാര്യം. ഒരു സെമിനാർ നടത്തുന്നതിലൂടെ നിങ്ങൾക്ക് ഏറ്റവും ശക്തമായ പ്രോത്സാഹനം ലഭിക്കും. അല്ലെങ്കിൽ ക്ഷണിക്കപ്പെട്ട ഒരു പ്രസംഗകനിലൂടെ അതു നടത്തുവാൻ കഴിയും. (അല്ലാത്തപക്ഷം വീഡിയോ ഉപയോഗിച്ചു പ്രസംഗം കേൾപ്പിക്കുക. ചില ഭാഷകളിൽ മാത്രമേ അതു ലഭിക്കുകയുള്ളൂ). സെമിനാറിനുശേഷമോ അല്ലെങ്കിൽ മുമ്പോ ഏകോപിച്ചുള്ള വായന നടത്തുകയാണെങ്കിൽ ഒരു സെമിനാറിന്റെ അനുഭവം ഉയർത്തുവാൻ കഴിയും.

## എന്റെ അഭ്യർത്ഥന

പ്രായം ചെന്ന ഒരു സഹോദരൻ എന്ന നിലയിൽ എനിക്കു നിങ്ങളോടു പറയുവാൻ ഉള്ളത്, നിങ്ങളുടെ അടുത്തുള്ള ആരോടെങ്കിലും ചേർന്ന് ഈ പുസ്തകം പല പ്രാവശ്യം വായിക്കുകയും ഒരുമിച്ചു പ്രാർത്ഥിക്കുകയും ചെയ്യുക. ഇത് നിങ്ങളുടെ ഗ്രൂപ്പിലും സഭയിലും കോൺഫറൻസിലും ഉള്ള ഗണ്യമായ സ്വാധീനം വർദ്ധിപ്പിക്കുന്നതാണ്.

നിങ്ങളുടെ സഭയിലെ പാസ്റ്റർമാർ, മൂപ്പന്മാർ, പ്രധാനപ്പെട്ട വിശ്വാസികളുമായി നിങ്ങളുടെ ഉൾക്കാഴ്ചകളും അനുഭവങ്ങളും പങ്കുവെയ്ക്കുക എന്നുള്ളത് അല്ലേ നിങ്ങൾ അവലംബിക്കുവാൻ പോകുന്ന അടുത്ത നടപടി? അവരുടെ ഹൃദയങ്ങളെ പഠിപ്പിക്കുക എന്നുള്ളതു പ്രധാനപ്പെട്ട കാര്യമാണ്. ഇപ്രകാരമാണ് എത്യോപ്യയിലെ വേല ആരംഭിച്ചത്. 2017 ജൂലൈ മാസത്തിൽ ഒരു ഉണർവ്വു മീറ്റിങ്ങിനുശേഷം അംഹാരിക് ഭാഷയിലുള്ള ഈ പുസ്തകത്തിന്റെ കോപ്പികൾ 500 പാസ്റ്റർമാർക്കു ലഭിക്കുകയുണ്ടായി. 2017 ജൂൺ മാസത്തിൽ വടക്കൻ ഫിലിപ്പ്യൻസ് യൂണിയനിൽ ഉള്ള ഫിലിപ്പിനോയിൽ നടത്തപ്പെട്ട പ്രാർത്ഥനാ യോഗത്തിൽ സംബന്ധിച്ച മൂപ്പന്മാർക്ക് ഈ പുസ്തകം സമ്മാനമായി നല്കുകയുണ്ടായി.

## അനുഭവങ്ങൾ

ഞങ്ങളുടെ പത്രങ്ങളിൽ വ്യക്തിപരമായ സാക്ഷ്യങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്. ആത്മപ്രചോദനത്തിന് ഒരു വലിയ ഉറവിടമാണിത്. സാക്ഷ്യങ്ങൾ ആവശ്യമുണ്ടെങ്കിൽ താഴെപ്പറയുന്ന വെബ്സൈറ്റ് പരിശോധിക്കുക. www. steps-to-personal-revival-info-Testimonies.

## പ്രിയ നേതാവേ!

നാം പരിശുദ്ധാത്മാവിൽ വളരുവാൻ ഇടവരട്ടെ. കർത്താവ് നമുക്ക് കല്പന തന്നിരിക്കുന്നു. “ആത്മാവ് നിറഞ്ഞവരായി” (എഫെസ്യർ 5:18). നമ്മിലുള്ള ക്രിസ്തുവിന്റെ ആത്മാവ് നമ്മെ “സുവാർത്താദൂതി”യാക്കുന്നു (യെശയ്യാവ് 40:9). യേശുവിന്റെ ഭൂമിയിലെ അവസാനവാക്കുകൾ നാം മറക്കരുത്. “എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട്... ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും” (അ.പ്ര. 1:8).

ക്രിസ്തുവിൽ നിങ്ങളുടെ പ്രിയസഹോദരൻ

**ഹെൽമുട്ട് ഹോബെയിൽ**

# ഔന്നത്യമുള്ള വാക്കുകൾ

## നമ്മുടെ സഭകളെ യേശുവുമായി അടുപ്പിക്കുക

നമ്മുടെ യൂണിയന്റെ മൊത്തം ഉപയോഗത്തിന് ഈ പുസ്തകം പരിഭാഷപ്പെടുത്തുന്നതിൽ ഞാൻ നിങ്ങൾക്ക് നന്ദി അർപ്പിക്കുന്നു. ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന പ്രോത്സാഹനവും ഉപദേശങ്ങളും എനിക്ക് വ്യക്തിപരമായി അനുഗ്രഹമായിരുന്നു. യേശുവിങ്കലേക്കു നമ്മുടെ സഭയെ അടുപ്പിക്കുന്നതിനും ജീവിതം രൂപാന്തരപ്പെടുത്തുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയുടെ പ്രവർത്തനം വ്യക്തിപരമായി അനുഭവിച്ചറിയുന്നതിനും വേണ്ടി ഈ പുസ്തകത്തെ ഉപയോഗിക്കും എന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

B.F.EE 070818 President of 500,000 member union, # 104

## ഞാൻ വിട്ടുപോയതിനെ എനിക്കു കാണിച്ചു തരേണമേ എന്നു ഞാൻ ദൈവത്തോടു ചോദിക്കുന്നു!

“വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ” എന്ന പുസ്തകത്തിനു ഞാൻ നന്ദി പറയുന്നു. ദൈവവുമായിട്ടുള്ള എന്റെ വഴി പിൽക്കാലത്തു വളരെ പ്രയാസകരമായിരുന്നു. എനിക്ക് നഷ്ടമായതിനെ എനിക്കു വെളിപ്പെടുത്തിതരേണമേ എന്നു ഞാൻ ദൈവത്തോട് ആവശ്യപ്പെട്ടു. 3 ABN ൽ നിന്നും ഉള്ള പ്രക്ഷേപണം ഞാൻ പലപ്പോഴും കേൾക്കാറുണ്ട്. വെളുപ്പിന് രണ്ടുമണി സമയം. മൃദുവായ ഒരു സ്വരം എന്നെ ഉണർത്തി. ഞാൻ ഉണർന്നപ്പോൾ 3 ABN ലെ പ്രസംഗകർ “പരിശുദ്ധാത്മാവ്” എന്ന വിഷയം സൂചിപ്പിക്കുന്നതു ഞാൻ കേട്ടു. അതുപോലെ അവർ steps-to-personal-revival-info എന്ന വെബ്സൈറ്റ് പരാമർശിക്കുന്നതും ഞാൻ കേട്ടു. ഞാൻ പെട്ടെന്ന് ആ പുസ്തകം ഡൗൺലോഡ് ചെയ്യുകയും അന്നുമുതൽ എന്റെ പ്രഭാതജാഗരണ സമയത്ത് ആ പുസ്തകം വായിച്ചുകൊണ്ടിരിക്കുകയും ആണ്.

ഈ പുസ്തകം എന്റെ ആത്മീയ കണ്ണുകളെ തുറന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം എത്ര നിർണ്ണായകമാണെന്നും ആത്മാവ് എന്തുകൊണ്ട് നമ്മിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നും ഞാൻ ഇപ്പോൾ വ്യക്തമായി തിരിച്ചറിയുന്നു. ആത്മാവ് ഉണ്ട് എന്നു ഞാൻ എപ്പോഴും മനസ്സിലാക്കിയിരുന്നു. എന്നാൽ ആത്മാവിന്റെ വ്യാപ്തി ഗ്രഹിച്ചിരുന്നില്ല. അവിടുന്ന് ആരാണെന്നും എന്റെ ആത്മീയയാത്രയിൽ എന്തു വേലയാണ് എന്നിൽ ചെയ്തുകൊണ്ടിരിക്കുന്നത് എന്നും ഈ പുസ്തകം എനിക്കു മനസ്സിലാക്കിത്തന്നു. അതുപോലെ എന്റെ പഴയ സ്വാർത്ഥതയോടും മറ്റു പാപമോഹങ്ങളോടും പോരാടുന്നതിന് ആത്മാവിനെ ക്ഷണിക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണെന്ന് മനസ്സിലാക്കിത്തരുന്നു. ഈ പുസ്തകങ്ങൾ ഓരോന്നും ഞാൻ മാറിമാറി വായിച്ചുകൊണ്ടിരിക്കുകയാണ്. എനിക്ക് അതു വളരെ അനുഗ്രഹമായിരുന്നു. എന്റെ ആത്മീയപാത എന്തുകൊണ്ട് ഇതുവരെ കല്ലുകൾ നിറഞ്ഞതായിരുന്നു എന്ന് ഇപ്പോൾ എനിക്കു മനസ്സിലായി. ശക്തിയുടെ ഉറവിടമായിരുന്ന പരിശുദ്ധാത്മാവും ആയി ഞാൻ ഇതുവരെയും ബന്ധിക്കപ്പെട്ടിട്ടില്ലായിരുന്നു. ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതാണ്.

R.V.EE 220618 from Australia, # 108

### ആത്മീയകാര്യങ്ങളിൽ നാം കഷ്ടത അനുഭവിക്കുന്നത് സാമ്പത്തിക ദാരിദ്ര്യം കൊണ്ടല്ല

സ്പൈസർ അഡ്വന്റിസ്റ്റ് യൂണിവേഴ്സിറ്റിയിൽ വച്ചു നടത്തപ്പെട്ട ഒരു മീറ്റിങ്ങിൽ കഴിഞ്ഞവർഷത്തിന്റെ അവസാനത്തിൽ ഞാൻ സംബന്ധിക്കുകയുണ്ടായി. അമേരിക്കയിൽനിന്നു കടന്നുവന്ന മുഖ്യപ്രസംഗകന്റെ കൈവശം "വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ" എന്ന പുസ്തകം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ എല്ലാ പ്രസംഗങ്ങളും ഈ പുസ്തകത്തിൽനിന്നും ആയിരുന്നു. നാം ആത്മീയമായ കഷ്ടത അനുഭവിക്കുന്നു, അതു സാമ്പത്തികമായ പട്ടിണി അല്ല.

R.K.EE 070219 from Bengladesh, # 94

### വ്യക്തിപരമായ ചിന്തകളും ചർച്ചയ്ക്കുള്ള വഴികാട്ടിയും

1. എല്ലാക്കാലത്തും വേദശാസ്ത്രത്തിന്റെ വളർത്തുകുട്ടി എന്താണ്? അതിന്റെ അനന്തരഫലങ്ങൾ എന്തെല്ലാം?

2. നമുക്ക് അവകാശപ്പെടാവുന്ന വാഗ്ദത്തം എന്താണ് (സെഖ. 4:6). നിങ്ങളും നിങ്ങളുടെ സഭയും ഇതിന്റെ അർത്ഥം എങ്ങനെയാണ് മനസ്സിലാക്കുന്നത്?

3. നല്ല ഫലങ്ങൾ പ്രതീക്ഷിക്കുവാൻ എന്തെല്ലാം വ്യവസ്ഥകൾ ആണ് പാലിക്കപ്പെടേണ്ടത്?

4. നേരത്തെ ഉദ്ധരിച്ച ഏത് അനുഭവങ്ങൾ ആണ് പ്രത്യേകിച്ചും നിങ്ങളെ സ്പർശിച്ചത്? എന്തുകൊണ്ട്?

## നമ്മുടെ പ്രാർത്ഥനാ സമയം

- നിങ്ങളുടെ പ്രാർത്ഥനാ പങ്കാളിയുമായി ചേർന്നു വിഷയം ചർച്ച ചെയ്യുക.
- നിങ്ങളുടെ പങ്കാളിയുമായി ചേർന്നു പ്രാർത്ഥിക്കുക.

1. കൈക്കൊള്ളുവാൻ താല്പര്യം ഉള്ള ഹൃദയത്തിന്, പഠിക്കുവാൻ ആകാംക്ഷയുള്ളവർക്ക് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം തുറക്കപ്പെടുന്നതാണ്.
2. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് ആവശ്യമായ ശ്രദ്ധ കൊടുക്കാത്തത് എവിടെയാണെന്ന് വ്യക്തമായി മനസ്സിലാക്കുക.
3. സഭയിലുള്ള എല്ലാ പാസ്റ്റർമാർ, അദ്ധ്യാപകർ, മറ്റു മൂപ്പന്മാർ എന്നിവർ പരിശുദ്ധാത്മാവിന്റെ ശക്തി പ്രാപിക്കണം – ആത്മാവിനാൽ നയിക്കപ്പെടുന്നതിന് മനസ്സൊരുക്കം കാണിക്കണം.
4. ദൈവവും ആയി വ്യക്തിപരമായ അനുഭവങ്ങൾ ഉണ്ടാകുന്നതിന് നിങ്ങളിലുള്ള ആത്മാവിലൂടെ അവിടുന്ന് എപ്രകാരമാണ് നിങ്ങളിലൂടെ പ്രവർത്തിക്കുന്നത്.

### അദ്ധ്യായം 1

# യേശുവിന്റെ ഏറ്റവും വിലയേറിയ ദാനം

## രണ്ടാം ദിവസം

പരിശുദ്ധാത്മാവിനെക്കുറിച്ച് എന്താണ് യേശുക്രിസ്തു പഠിപ്പിച്ചത്? യേശുവിന്റെ ഏറ്റവും ശക്തമായ സന്ദേശത്തെക്കുറിച്ചു നിങ്ങൾ സുപരിചിതർ ആണോ?

വ്യക്തിപരമായ സാക്ഷീകരണത്തിൽ ആദ്യം ചിലത്:

"ആദ്യസ്നേഹ"ത്തിലേക്കു മടങ്ങിവരിക: ഒരു സഹോദരി ഇപ്രകാരം എനിക്ക് എഴുതി: ഈ അവസരത്തിൽ ഞാനും എന്റെ സുഹൃത്തും ചേർന്നു 40 ദിവസം എന്ന പുസ്തകവും വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ എന്ന പുസ്തകവും മൂന്നാം പ്രാവശ്യം മാറി മാറി വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ വസ്തുതകൾ കണ്ടെത്തുന്നതിനു മുമ്പ് ആദ്യം സത്യം സ്വീകരിച്ചതിൽനിന്നും വിഭിന്നമായിരുന്നു ഞങ്ങളുടെ വിശ്വാസ അനുഭവവും പ്രാർത്ഥനാജീവിതവും. ഞങ്ങളുടെ "ആദ്യസ്നേഹം" കണ്ടെത്തുവാൻ ഞങ്ങൾ വീണ്ടും ആഗ്രഹിച്ചു. ഞങ്ങൾ അതു കണ്ടെത്തി! പൂർണ്ണഹൃദയത്തോടെ ഞങ്ങൾ അതിനു നന്ദി പറയുന്നു. നമ്മുടെ സ്നേഹനിധിയായ ദൈവം ഞങ്ങളുടെയും ഞങ്ങൾ വിഷയം വച്ചു പ്രാർത്ഥിക്കുന്നവരുടെയും പ്രാർത്ഥനയ്ക്കു മറുപടി അയയ്ക്കുന്നതും ദൈവാത്മാവ് എപ്രകാരം പ്രവർത്തിക്കുന്നു എന്നു വെളിപ്പെടുത്തുന്നതും അത്ഭുതകരമായ കാര്യമാണ്. M.S.

യേശു ഞങ്ങളുടെ ഉള്ളത്തിൽ കടന്നുവന്നു. മറ്റൊരാൾ ഈ പുസ്തകങ്ങളെക്കുറിച്ച് ഇപ്രകാരമാണ് എഴുതിയിരിക്കുന്നത്: "ഈ പുസ്തകങ്ങൾ എന്റെ ജീവിതത്തിലെ നീണ്ട കാത്തിരിപ്പിനുശേഷം ലഭിച്ച ഏറ്റവും വലിയ അനുഗ്രഹമാണ്. ഞങ്ങളുടെ വിശ്വാസജീവിതത്തിൽ

ഇതുവരെയും അനുഭവിക്കുവാൻ കഴിയാതിരുന്ന ചിലത് ക്രിസ്തു ഞങ്ങളുടെ ജീവിതത്തിലേക്കു കടന്നുവന്ന് അവയെ എപ്രകാരം സാദ്ധ്യമാക്കി, എപ്രകാരം ഞങ്ങളെ മാറ്റിമറിച്ചു എന്നു സഭയിലെ മറ്റു വിശ്വാസികൾക്കും മറ്റൊരു സഹോദരിക്കും സാക്ഷീകരിക്കുവാൻ ഇടയാക്കിയത് ഒരു വലിയ പദവിയാണ്. അവിടുന്നു തുടർന്നും ഞങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയും പടിപടിയായി ഞങ്ങളെ അവിടുത്തോട് അടുപ്പിക്കുകയും ചെയ്യുന്നു. S.K.

യേശുവിന്റെ ശിഷ്യന്മാർ സ്വയം ചോദിച്ചിട്ടുണ്ടോ: യേശുവിനു ഇത്ര വലിയ സ്വാധീനം ചെലുത്തുവാൻ കഴിഞ്ഞതു എങ്ങനെയാണ്? അവിടുത്തെ പ്രാർത്ഥനാജീവിതത്തോടു അതു ബന്ധപ്പെട്ടിരുന്നുവോ? "ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കേണമേ" എന്നു ശിഷ്യന്മാർ പറഞ്ഞത് ഇതുകൊണ്ടായിരിക്കും. യേശു അവരുടെ അപേക്ഷയ്ക്കും മറുപടി നൽകി.

ലൂക്കൊസ് 11:1–13 വരെ പറയുന്ന അവിടുത്തെ പ്രാർത്ഥനയുടെ പാഠത്തിനു മൂന്നു ഭാഗങ്ങൾ ഉണ്ട്. കർത്താവിന്റെ പ്രാർത്ഥന, അർധരാത്രിക്കു വരുന്ന സ്നേഹിതന്റെ ഉപമ, ഉച്ചാവസ്ഥയിൽ പരിശുദ്ധാത്മാവിനു വേണ്ടിയുള്ള നിരന്തരമായ യാചന.

ഉപമയിൽ (ലൂക്കൊസ് 11:5–8) അർധരാത്രി സന്ദർശകർ ഒരു മനുഷ്യന്റെ വീട്ടിൽ വരുന്നു, അവർക്ക് കൊടുക്കുവാൻ അവന്റെ പക്കൽ ഒന്നും ഇല്ല. അവന്റെ അത്യാവശ്യം പരിഗണിച്ചു അവൻ പെട്ടെന്ന് തന്റെ ഒരു അയൽക്കാരന്റെ അടുക്കൽ പോകുന്നു. അവർക്കു കൊടുക്കുവാൻ "എന്റെ പക്കൽ ഏതും ഇല്ല" എന്നു വിശദീകരിക്കുകയും അയൽക്കാരോടു അപ്പം ചോദിക്കുകയും ചെയ്യുന്നു. അവൻ നിരന്തരം ചോദിക്കുന്നതുകൊണ്ടു അപ്പം ലഭിക്കുന്നു. ഇപ്പോൾ അവന് ജീവന്റെ അപ്പമായ ആഹാരം ലഭിക്കുന്നു. ഇപ്പോൾ അവന് അത് അതിഥികളുമായി പങ്കിടുന്നതിനു സാധിക്കും. മറ്റുള്ളവർക്ക് പങ്കിടുന്നതിനുവേണ്ടി നാം യേശുവിന്റെ അടുക്കൽ വരണം എന്നാണ് ഇതു നമ്മെ പഠിപ്പിക്കുന്നത്. മറ്റുള്ളവർക്ക് ജീവന്റെ അപ്പം പകർന്നു നൽകുന്നതിന് പലപ്പോഴും നമ്മുടെ പക്കൽ ഒന്നും ഇല്ല എന്നു നാം മനസ്സിലാക്കുന്നു!

ഇപ്പോൾ യേശു ഈ ഉപമയെ (പ്രശ്നം: എന്റെ പക്കൽ ഒന്നും ഇല്ല) പരിശുദ്ധാത്മാവിനു വേണ്ടിയുള്ള അപേക്ഷയുമായി യോജിപ്പിക്കുന്നു. അവിടുന്നു അരുളി ചെയ്യുന്നത് "യാചിപ്പിൻ എന്നാൽ നിങ്ങൾക്ക് കിട്ടും" (ലൂക്കൊസ് 11:9). അനന്തരം പിൻതുടർന്നു വരുന്നത്:

## യേശുവിന്റെ പ്രത്യേകമായ ആഹ്വാനം: ആകയാൽ പരിശുദ്ധാത്മാവിനു വേണ്ടി യാചിക്കുക

പരിശുദ്ധാത്മാവിനുവേണ്ടി നാം യാചിക്കേണം എന്നു യേശു ഉറപ്പിച്ചു കല്പിക്കുന്ന ഒരു പ്രത്യേകമായ വേദഭാഗം ഉണ്ട്. നമ്മുടെ ഹൃദയത്തിൽ ഏറ്റെടുക്കുവാൻ യേശു വളരെ സ്നേഹപൂർവ്വം പ്രേരണ ചെലുത്തുന്ന മറ്റൊരു വേദഭാഗത്തെക്കുറിച്ചു എനിക്കു അറിയത്തില്ല. ലൂക്കൊസ് 11-ാം അദ്ധ്യായത്തിൽ യേശുവിന്റെ പ്രാർത്ഥനയുടെ പാഠത്തിൽ ഈ വാക്യങ്ങൾ നമുക്കു കണ്ടെത്താൻ കഴിയും. നാം പരിശുദ്ധാത്മാവ് എന്ന ദാനത്തിനുവേണ്ടി യാചിക്കേണം എന്നു 10 തവണ ഈ വേദഭാഗത്തിൽ യേശു ഊന്നിപ്പറയുന്നു. ലൂക്കൊസ് 11:9-13 NKJV:

"യാചിപ്പിൻ, എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, എന്നാൽ നിങ്ങൾക്കു തുറക്കും; യാചിക്കുന്നവന് ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവർ കണ്ടെത്തുന്നു. മുട്ടുന്നവനു തുറക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു. എന്നാൽ നിങ്ങളിൽ ഒരു അപ്പനോടു മകൻ അപ്പം ചോദിച്ചാൽ അവന് കല്ല് കൊടുക്കുമോ? അല്ല, മീൻ ചോദിച്ചാൽ മീനിനു പകരം പാമ്പിനെ കൊടുക്കുമോ? അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും."

ഈ ഏതാനും വാക്യങ്ങളിൽ യാചിക്കുക എന്ന ക്രിയാപദം 6 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. അതിനു ശേഷം "യാചിക്കുക" എന്ന പദത്തിനു പകരം പ്രത്യേക പ്രാധാന്യം നൽകി അന്വേഷിക്കുക എന്ന പദം രണ്ടു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. അതിനുശേഷം പ്രവൃത്തിയെ കാണിക്കുന്ന മുട്ടുക എന്ന പദം രണ്ടു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്.

പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതിന് വേണ്ട പ്രവർത്തനം ആരംഭിക്കണം എന്നല്ലേ അവിടുന്നു വ്യക്തമായി കാണിക്കുന്നത്? അവസാനത്തെ "യാചിക്കുക" എന്ന ഗ്രീക്ക് വാക്കിന് തുടർച്ചയായ ക്രിയാപദം ഉപയോഗിച്ചിരിക്കുന്നു. നാം ഒരു പ്രാവശ്യം മാത്രം യാചിച്ചാൽ പോരാ എന്നാണ് ഇതിന്റെ അർത്ഥം, അതായത് തുടർന്നും യാചിച്ചു കൊണ്ടിരിക്കണം. അത്യാവശ്യമുള്ള ഒരു കാര്യം യാചിക്കുക മാത്ര

മല്ല നാം അതു തുടരെ കേണപേക്ഷിച്ചുകൊണ്ടിരിക്കണം എന്നാണ് യേശു നമ്മോടു പറയുന്നത്. തീർച്ചയായും പരിശുദ്ധാത്മാവിനു വേണ്ടിയുള്ള നമ്മുടെ ആഗ്രഹത്തെ ഉണർത്തുവാൻ ഇപ്രകാരമുള്ള ഹൃദയസ്പർശിയായ ക്ഷണം അവിടുന്നു നൽകുന്നു. ഇപ്രകാരമുള്ള യേശുവിന്റെ തിടുക്കത്തിലുള്ള ക്ഷണം കാണിക്കുന്നത് നാം പരിശുദ്ധാത്മാവിന്റെ വർഷത്തിനുവേണ്ടി നിരന്തരം യാചിക്കാതിരുന്നാൽ നമ്മിൽ നിന്നു ചിലതു നഷ്ടമായിരിക്കുന്നു എന്നു യേശുവിനു ബോദ്ധ്യം ഉണ്ട് എന്നാണ്. നമുക്കു തീർച്ചയായും പരിശുദ്ധാത്മാവിനെ ആവശ്യമുണ്ട് എന്ന വസ്തുത നിമിത്തമാണ് വളരെ വ്യക്തമായി നമ്മുടെ ശ്രദ്ധയെ അവിടുന്നു ക്ഷണിക്കുന്നത്. ഇപ്രകാരം പരിശുദ്ധാത്മാവിന്റെ സമൃദ്ധമായ അനുഗ്രഹങ്ങൾ നാം നിരന്തരം പ്രാപിക്കുവാൻ അവിടുന്നു ആഗ്രഹിക്കുന്നു.

"ക്രിസ്തുവിന്റെ സാധനപാഠങ്ങൾ" എന്ന പുസ്തകത്തിൽ പറയുന്നത്, ഒരു പ്രാവശ്യം നിങ്ങൾ യാചിച്ചാൽ ലഭിക്കും എന്നു ദൈവം പറയുന്നില്ല. യാചിക്കുന്നതിനും മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കുന്നതിനും അവിടുന്നു നമ്മോട് ആഭ്യർത്ഥിക്കുന്നു. നിരന്തരമായി യാചിക്കുന്ന ഒരു അപേക്ഷകന് അചഞ്ചലമായ മനോഭാവമാണുള്ളത്. അവൻ എന്തു അപേക്ഷിക്കുന്നുവോ അതു ലഭിക്കുന്നതിനു അവന് വർദ്ധിച്ച ആഗ്രഹം ലഭിക്കുന്നതാണ്."7

യേശു പിന്നീട് മൂന്നു ഉദാഹരണങ്ങൾ നൽകുന്നു. പാപികളായ പിതാക്കന്മാർക്കു പോലും ചിന്തിക്കാൻ കഴിയാത്ത പെരുമാറ്റമാണ് ഇവിടെ കാണിക്കുന്നത്. നാം ചോദിച്ചാൽ ഉടനെ പരിശുദ്ധാത്മാവിനെ സ്വർഗ്ഗത്തിലെ പിതാവ് നമുക്കു നൽകുന്നില്ല എന്ന കാര്യം ഒട്ടും ചിന്തിക്കാൻ കഴിയാത്ത കാര്യമാണ്. ശരിയായ വിധത്തിൽ നാം ചോദിച്ചാൽ മാത്രമേ നമുക്കു പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കുകയുള്ളൂ എന്നു നമ്മെ ബോദ്ധ്യപ്പെടുത്തുവാൻ കർത്താവ് ആഗ്രഹിക്കുന്നു. നാം വിശ്വസിച്ചുകൊണ്ടു യാചിച്ചാൽ നാം ചോദിക്കുന്ന കാര്യം നേരത്തേതന്നെ ലഭിച്ചിരിക്കുന്നു എന്ന ഈ വാഗ്ദത്വവും മറ്റു വാഗ്ദത്വങ്ങളും വ്യക്തമാക്കുന്നു (1 യോഹ. 5:14,15; കൂടുതൽ വിവരങ്ങൾ 5-ാം അദ്ധ്യായത്തിൽ പറയുന്നു).

യേശുവിന്റെ അഭിപ്രായപ്രകാരം നാം പരിശുദ്ധാത്മാവിനുവേണ്ടി നിരന്തരം യാചിക്കുന്നില്ലെങ്കിൽ നമുക്കു എന്തോ കുറവുണ്ട് എന്നാണ്

ഈ പ്രത്യേക ക്ഷണം വ്യക്തമാക്കുന്നത്. നമുക്കു തീർച്ചയായും പരിശുദ്ധാത്മാവിനെ ആവശ്യമുണ്ടെന്നുള്ള കാര്യം നമ്മുടെ ശ്രദ്ധയിൽ പെടുത്തുവാൻ അവിടുന്നു ആഗ്രഹിക്കുന്നു. പരിശുദ്ധാത്മാവിന്റെ ധാരാളമായ അനുഗ്രഹങ്ങൾ നാം തുടർച്ചയായി അനുഭവിച്ചറിയാൻ അവിടുന്നു ആഗ്രഹിക്കുന്നു.

പ്രാർത്ഥനയെക്കുറിച്ചുള്ള അവിടുത്തെ ഈ പാഠഭാഗം സമാനതകളില്ലാത്ത ഒരു പ്രക്രിയയാണ്. പരിശുദ്ധാത്മാവ്, ദൈവത്തിന്റെ ഏറ്റവും വലിയ ദാനമാണ് — ഈ ദാനം ലഭിക്കുമ്പോൾ മറ്റു ദാനങ്ങളും ലഭിക്കുന്നതാണ്. യേശുവിന്റെ സ്നേഹത്തിന്റെ വ്യക്തമായ തെളിവായിരുന്നു ശിഷ്യന്മാർക്കു ലഭിച്ച ശ്രേഷ്ഠമായ ദാനം. ഈ വിലയേറിയ ദാനം ദൈവം ആർക്കും നിർബ്ബന്ധിച്ചു നൽകുകയില്ല എന്നു മനസ്സിലാക്കാൻ നമുക്കു സാധിക്കും എന്നു ഞാൻ ചിന്തിക്കുന്നു. ഈ ശ്രേഷ്ഠമായ ദാനം ലഭിക്കുന്നതിനു ആഗ്രഹം പ്രകടിപ്പിക്കുകയും അതിനെ വിലമതിക്കുകയും ചെയ്യുന്നവർക്ക് മാത്രമേ അതു ലഭിക്കുകയുള്ളൂ.

യേശുവിനു വേണ്ടി തങ്ങളുടെ ജീവിതങ്ങളെ സമർപ്പിച്ചവർക്കു മാത്രമേ അവിടുന്നു ഇതു നൽകുകയുള്ളൂ. നിരന്തരം സമർപ്പിക്കുന്നവർക്ക് മാത്രമേ ലഭിക്കുകയുള്ളൂ (യോഹ. 15:4–5).

സമർപ്പണം പ്രകടിപ്പിക്കുന്നതു ഇപ്രകാരമാണ്:

- ദൈവത്തോടുള്ള തീവ്രമായ ആഗ്രഹം ("ദാഹിക്കുന്നവൻ എല്ലാം" യോഹ. 7:37).
- ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് ("തിരുവെഴുത്തു പറയുന്നതു പോലെ എന്നിൽ വിശ്വസിക്കുന്നവന്" യോഹ. 7:38).
- ദൈവത്തിൽ ആശ്രയിക്കുന്നതിന്റെ ഫലമായി പൂർണ്ണമായി സമർപ്പിക്കുന്നവർക്ക് ("ദൈവത്തിനു പ്രസാദമുള്ള യാഗമായി നമ്മുടെ ശരീരത്തെ പൂർണ്ണമായി സമർപ്പിക്കുമ്പോൾ" റോമർ 12:1).
- എല്ലാ കാര്യത്തിലും ദൈവത്തെ അനുഗമിക്കുമ്പോൾ ("ദൈവം തന്നെ അനുസരിക്കുന്നവർക്ക്" അ.പ്ര. 5:32).
- നമുക്കു അറിയാവുന്ന സകലപാപങ്ങളും ഏറ്റുപറഞ്ഞു ഉപേക്ഷിക്കുമ്പോൾ ("നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ

നമ്മുടെ പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" 1 യോഹ. 1:9).

- തങ്ങളുടെ വഴികൾ ഉപേക്ഷിച്ചു, ദൈവത്തിന്റെ വഴിയിൽ നടന്നു ദൈവഹിതപ്രകാരം ഇതിനെ ചെയ്യുമ്പോൾ ("മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി... സ്നാനം ഏല്പിൻ" അ.പ്ര. 2:38).
- തെറ്റായ യാതൊന്നും ആസൂത്രണം ചെയ്യരുത് ("ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നെങ്കിൽ കർത്താവ് കേൾക്കയില്ലായിരുന്നു" സങ്കീ. 66:18).
- നമ്മുടെ ഏറ്റവും വലിയ ആവശ്യം തിരിച്ചറിയുകയും അതു അംഗീകരിക്കുകയും ചെയ്യുക ("എന്റെ പക്കൽ ഏതും ഇല്ല" ലൂക്കൊസ് 11:6).
- തുടർച്ചയായി പരിശുദ്ധാത്മാവ് എന്ന ദാനത്തിനുവേണ്ടി യാചിക്കുക (ലൂക്കൊസ് 11:9–13).

ഈ ദാനം എത്ര വിലയേറിയതാണെന്ന് നിങ്ങൾക്ക് ഇപ്പോൾ വ്യക്തമായി മനസ്സിലായില്ലേ? ഈ മുൻ ഉപാധികളെക്കുറിച്ചു നിങ്ങൾ ചിന്തിക്കുമ്പോൾ ഒരുപക്ഷേ നിങ്ങളിലുള്ള കുറവുകൾ കണ്ടെത്തുവാൻ നിങ്ങൾക്കു സാധിക്കും.

യോഹ. 7:37 ന്റെ അടിസ്ഥാനത്തിൽ പരിശുദ്ധാത്മാവിനെ വാഞ്ഛിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുന്നതു ദിവസംതോറും ഉള്ള ശീലമാക്കുവാൻ ഞാൻ തീരുമാനിച്ചു. "ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ."8

നാം ഇപ്രകാരം പ്രാർത്ഥിക്കണം: "യേശുവേ, കർത്താവേ, പരിശുദ്ധാത്മാവിനെ പ്രാപിക്കുവാനുള്ള എല്ലാ മുൻ ഉപാധികൾക്കും പൂർണ്ണമായി അതേ എന്നു ഞാൻ പറയുന്നു. അവയെ ഇന്ന് എന്നിൽ നിറവേറ്റണമേ എന്നു ഞാൻ ആത്മാർത്ഥമായി യാചിക്കുന്നു." നമ്മിൽ ഈ മുൻ ഉപാധികൾ നിറവേറ്റുവാൻ നമ്മുടെ അത്ഭുതവാനായ ദൈവം നമ്മോടുകൂടെ ഉണ്ട്.

## നിറവേറ്റപ്പെട്ട ജീവിതത്തിന്റെ ഉറവിടം പരിശുദ്ധാത്മാവാണ്

യേശുവിന്റെ അഭിപ്രായത്തിൽ അവിടുന്നു ഈ ഭൂമിയിൽ വന്നതിന്റെ ഉദ്ദേശം എന്താണ്? "അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്" (യോഹ. 10:10).

ഇപ്രകാരം പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട പുതുക്കപ്പെട്ട ജീവിതം നാം അനുഭവിച്ചറിയാൻ യേശു നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നു. അതുപോലെ പൂർണ്ണമായും വ്യത്യസ്തമായ മറ്റൊരു അളവിൽ കർത്താവിന്റെ വീണ്ടും വരവിൽ തുടർന്നും നിത്യമായി ദൈവരാജ്യത്തിൽ അനുഭവിക്കുന്നതിനും നമ്മെ ക്ഷണിക്കുന്നു.

പൂർത്തീകരിക്കപ്പെട്ട ജീവിതത്തിന്റെ ഉറവിടം പരിശുദ്ധാത്മാവാണെന്ന് അവിടുന്നു നമുക്കു വീണ്ടും കാണിച്ചുതരുന്നു. "ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്ന് തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നുവിളിച്ചു പറഞ്ഞു. അവൻ ഇതു തന്നിൽ വിശ്വസിക്കുന്നവർക്കു ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചു ആകുന്നു പറഞ്ഞത്..." (യോഹ. 7:37-39).

പൂർത്തീകരിക്കപ്പെട്ട ഒരു ജീവിതത്തിന്റെ ചിത്രമല്ലേ ജീവജലനദികൾ സൂചിപ്പിക്കുന്നത്?

## യേശുവിന്റെ ഈ ഭൂമിയിലെ ജീവിതത്തിലൂടെ ഇതിനു തത്തുല്യമായ ഒരു ഉദാഹരണം നമുക്കു നൽകിയിട്ടില്ലേ?

മറിയ പരിശുദ്ധാത്മാവിനാൽ ഗർഭം ധരിച്ചു യേശുവിനെ പ്രസവിച്ചു എന്നു നമുക്കറിയാം (മത്തായി 1:18). കർത്താവിന്റെ സ്നാനശേഷം അവിടുന്നു പ്രാർത്ഥിച്ചതിനെക്കുറിച്ചു നമുക്കറിയാം. "പരിശുദ്ധാത്മാവ് ദേഹരൂപത്തിൽ പ്രാവ് എന്നപോലെ അവന്റെ മേൽ ഇറങ്ങി വന്നു" (ലൂക്കൊസ് 3:22). നാം പരിശുദ്ധാത്മാവിനെ ദിനംതോറും പ്രാപിക്കേണം എന്നുള്ളതു ഈ സാഹചര്യം അനുസരിച്ചു ആവശ്യവും പ്രധാനപ്പെട്ട കാര്യവുമാണോ? പരിശുദ്ധാത്മാവിനുവേണ്ടി യാചിക്കേണം എന്നു ആവർത്തിച്ചു ഉദ്ബോധിപ്പിക്കുന്നതെന്തിനാണ്? മിസ്സിസ് എലൻ ജി. വൈറ്റിന്റെ എഴുത്തുകളിൽനിന്നും ഞാൻ ഇവിടെ ഉദ്ധരിക്കുന്നു: "സ്വർഗ്ഗത്തിലെ പിതാവുമായി അവിടുന്നു എല്ലാ പ്രഭാതം

തോറും സമ്പർക്കം പുലർത്തുകയും ദിവസേന പരിശുദ്ധാത്മാവിന്റെ പുതിയതായ സ്നാനം പ്രാപിക്കുകയും ചെയ്തിരുന്നു."9

"അപ്പൊസ്തല പ്രവൃത്തികൾ" എന്ന മിസ്സിസ് വൈറ്റിന്റെ പുസ്തകത്തിൽ ഇപ്രകാരം ഒരു പ്രസ്താവന ഉണ്ട്: "ആവശ്യമായ ദൈവകൃപയുടെ പുതിയ സംഭരണത്തിനുവേണ്ടി ക്രിസ്തു അവിടുത്തെ ഐഹിക ജീവിതത്തിൽ ദിവസവും അപേക്ഷിച്ചു എന്നു നമുക്കു ലഭിക്കുന്ന അറിവ്, സമർപ്പിക്കപ്പെട്ട ഓരോ ശുശ്രൂഷകനും അതിശയകരമായ ആശ്വാസം പ്രദാനം ചെയ്യും."10

ഈ കാര്യത്തിൽ അപ്പൊസ്തലനായ പൗലൊസ് നമുക്കു ഒരു ഉത്തമ മാതൃകയാണ്. നാം നമ്മോടുതന്നെ ചോദിക്കേണ്ട ചോദ്യം ഇപ്രകാരമാണ്: കർത്താവായ യേശുക്രിസ്തു ഓരോ ദിവസവും പരിശുദ്ധാത്മാവിൽനിന്നും ചൈതന്യം പ്രാപിക്കേണ്ടതു ആവശ്യമായിരുന്നെങ്കിൽ ഞാനും നിങ്ങളും അതു പ്രാപിക്കേണ്ടത് എത്ര അധികം പ്രധാനമാണ്?

അപ്പൊസ്തലനായ പൗലൊസ് കർത്താവിന്റെ ഉദ്ദേശം മനസ്സിലാക്കിയിരുന്നു. അപ്പൊസ്തലൻ എഫെസ്യസഭയ്ക്കു ലേഖനം എഴുതുമ്പോൾ ഒന്നാം അദ്ധ്യായം 14-ാം വാകൃത്തിൽ ഉറപ്പിച്ചു പറയുന്നത് "നാം യേശുവിനെ വിശ്വസിച്ചു കടന്നുവരുമ്പോൾ ആ നിമിഷം മുതൽ നമ്മെ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടു സൂക്ഷിച്ചിരിക്കുന്നു" എന്നാണ്. ആത്മാവിൽ നാം ശക്തി പ്രാപിക്കണം എന്നു 3-ാം അദ്ധ്യായം 16,17 വാകൃങ്ങളിൽ നമ്മെ ധൈര്യപ്പെടുത്തുന്നു. 4-ാം അദ്ധ്യായം 30-ാം വാകൃത്തിൽ നമ്മെ ഉദ്ബോധിപ്പിക്കുന്നത്, "പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്"11 എന്നാണ്. അതുപോലെ 5-ാം അദ്ധ്യായം 18-ാം വാകൃത്തിൽ പൗലൊസ് ഒരു അധികാരപ്പെട്ട അപ്പൊസ്തലനായി എഫെസ്യരെയും നമ്മെയും "ആത്മാവു നിറഞ്ഞവരായി"ത്തീരുവാൻ ക്ഷണിക്കുന്നു. അല്ലെങ്കിൽ ആത്മാവിനാൽ വീണ്ടും നിറയപ്പെടുന്നതിനു വേണ്ടി വിളിക്കുന്നു" വീണ്ടും ജനിച്ച നമുക്കു പരിശുദ്ധാത്മാവിനെ ലഭിച്ചിട്ടുണ്ടെങ്കിൽ തന്നെയും നാം ദിവസവും പൊതു ആവശ്യത്തിനു വേണ്ടി ആത്മാവിന്റെ പുതുക്കം പ്രാപിക്കണം. അതുകൊണ്ട് ഒരു ക്രിസ്ത്യാനിയുടെ ആത്മീയ ജീവിതത്തിനും വളർച്ചയ്ക്കും ദിവസേന പരിശുദ്ധാത്മാവിനാൽ നിറയപ്പെടേണ്ടതു വളരെ പ്രധാനപ്പെട്ട കാര്യമാണ്.

നമ്മുടെ ശബ്ബത്ത് സ്കൂൾ പഠന സഹായി എഫെസ്യലേഖനം 5-ാം അദ്ധ്യായം 18-ാം വാക്യത്തെക്കുറിച്ചു പറയുന്നതു ഇപ്രകാരമാണ്: ‘‘പരിശുദ്ധാത്മാവിന്റെ സ്നാനം കൊണ്ടു അർത്ഥമാക്കുന്നതു എന്താണ്? ഒരു പര്യായപദം നൽകി യേശു ഇതിനെ വ്യക്തിപരമായി വിശദീകരിക്കുന്നുണ്ട്. പരിശുദ്ധാത്മാവ് ഒരുവന്റെ മേൽ വരുമ്പോൾ ആണ് പരിശുദ്ധാത്മാവിനാൽ ആ വ്യക്തി സ്നാനപ്പെടുന്നത് (അ.പ്ര. 1:5,8). സ്നാനപ്പെടുക എന്നു പറഞ്ഞാൽ ഏതെങ്കിലും ഒരു വസ്തുവിൽ മുക്കുക — സാധാരണയായി വെള്ളത്തിൽ നിമജ്ജനം ചെയ്യുക എന്നാണർത്ഥം. ഒരു മനുഷ്യൻ ഇതിൽ പൂർണ്ണമായി പങ്കുചേരുന്നു. പരിശുദ്ധാത്മാവിൽ സ്നാനം ഏൽക്കുക എന്നുവച്ചാൽ, പൂർണ്ണമായി ആത്മാവിന്റെ സ്വാധീനവലയത്തിൽ ആകുക അഥവാ ആത്മാവിനാൽ പൂർണ്ണമായി നിറയപ്പെടുക എന്നർത്ഥം. ഇത് ഒരു തവണയുള്ള അനുഭവമല്ല, തുടർച്ചയായി ആവർത്തിക്കേണ്ട ഒരു പ്രക്രിയയാണ്. അപ്പൊസ്തലനായ പൗലൊസ് എഫെസ്യർ 5:18 ൽ പറയുന്നതുപോലെ, ഇവിടെ ഗ്രീക്ക് ഭാഷയിലെ “നിറഞ്ഞു” എന്ന ക്രിയാപദമാണ് ഉപയോഗിച്ചിരിക്കുന്നത്.”12

## യേശുവിന്റെ വിടവാങ്ങൽ വാക്കുകളും പരിശുദ്ധാത്മാവും

യേശു അവിടുത്തെ വിടവാങ്ങൽ പ്രസംഗത്തിൽ, തന്റെ നാമത്തിൽ പരിശുദ്ധാത്മാവ് ശിഷ്യന്മാരുടെ മേൽ വരും എന്നുപറഞ്ഞു അവർക്കു സന്തോഷവും പ്രത്യാശയും പകർന്നു നൽകി. യേശു അവിടുത്തെ ശിഷ്യന്മാരോടു ആശ്ചര്യകരമായ കാര്യങ്ങൾ ആണ് അറിയിക്കുന്നത്. യോഹ. 16:7 “എന്നാൽ ഞാൻ നിങ്ങളോടു സത്യം പറയുന്നു. ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ, നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും.”

## ഗുണകരമായ ഒരു പുതിയ പരിഹാരമാർഗ്ഗം

ആശ്ചര്യകരമായ ചില കാര്യങ്ങൾ യേശു അവിടുത്തെ ശിഷ്യന്മാരോടു പറഞ്ഞു: “ഞാൻ പോകുന്നതു നിങ്ങൾക്ക് പ്രയോജനം.” യേശു വ്യക്തിപരമായി നമ്മോടുകൂടെ ഉള്ളതിനെക്കാൾ പരിശുദ്ധാത്മാവിൽക്കൂടെ നമ്മോടൊപ്പം ആയിരിക്കുന്നതു കൂടുതൽ ഗുണകരമാണെന്നാണ് ഇതിന്റെ അർത്ഥം. യേശു പരിമിതപ്പെട്ടിട്ടില്ല, ഓരോ മനുഷ്യർ

ഇപ്പോൾ എവിടെ പാർത്താലും അവനോടൊപ്പം കർത്താവായ യേശു ക്രിസ്തു ഉണ്ട്.

## ഒരു അദ്ധ്യാപികയുടെയും അവരുടെ ഒരു വിദ്യാർത്ഥിയുടെയും അനുഭവ സാക്ഷ്യം

ഹെൽമുട്ട് ഹോബെയിലിന്റെ "വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ" എന്ന പുസ്തകം ഒരു വർഷം മുമ്പ് എന്റെ മാതൃസഭയ്ക്കു ലഭിച്ചു, ഞാൻ അതു പെട്ടെന്നു വായിച്ചുതീർത്തു. എന്നാൽ ഈ പുസ്തകം വായിച്ചുകൊണ്ടിരിക്കുമ്പോൾ ഇതുവരെ ഉണ്ടാകാത്ത അനുഭവങ്ങൾ എനിക്കുണ്ടായി. ഇത് എന്നെ ആകർഷിക്കുകയും എന്നെ ധൈര്യപ്പെടുത്തുകയും ചെയ്തു.

ഈ പുസ്തകത്തിന്റെ അനുബന്ധത്തിൽ താഴെപ്പറയുന്ന ഒരു അഭിപ്രായം ഞാൻ കണ്ടു. ഒരു പ്രധാന വിഷയം ശരിയായി മനസ്സിലാക്കുന്നതിനു മുമ്പായി അതിനെക്കുറിച്ചു 6 പ്രാവശ്യം എങ്കിലും വായിക്കുകയോ, കേൾക്കുകയോ ചെയ്യണമെന്ന് അദ്ധ്യാപനശാസ്ത്ര ഗവേഷണം വെളിപ്പെടുത്തുന്നു.

ഇപ്രകാരമുള്ള ധൈര്യം പകരുന്ന വാക്കുകൾ എന്റെ ശ്രദ്ധയെ വശീകരിക്കുകയുണ്ടായി. "ഒരു പ്രാവശ്യം എങ്കിലും ഒന്നു ശ്രദ്ധിച്ചു നോക്കുക. അതിന്റെ ഫലം നിങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതാണ്."

അത് അനുഭവിക്കുവാൻ ഞാൻ ആഗ്രഹിച്ചു ഇപ്പോൾ മൂന്നു വായന കഴിഞ്ഞപ്പോൾ അതു എന്നെ പിടികൂടി. എന്റെ ജീവിതകാലം മുഴുവൻ ആഗ്രഹിച്ചപ്രകാരം നമ്മുടെ രക്ഷകനോട് എനിക്കു വലിയ ആരാധന തോന്നി. രണ്ടു മാസം കൊണ്ടു ഈ പുസ്തകം ഞാൻ 6 പ്രാവശ്യം വായിച്ചു, അതിനു തക്ക ഫലം ലഭിച്ചു.

യേശു നമ്മുടെ അടുത്തുവരുമ്പോൾ അവിടുത്തെ ശുദ്ധവും കരുണയും സ്നേഹവും നിറഞ്ഞ കണ്ണുകളെ നോക്കികാണാൻ സാധിക്കുന്നതുപോലെ എനിക്കു വളരെ വ്യക്തമായി മനസ്സിലായി. അതിനെ തുടർന്നു എന്റെ ഈ രക്ഷകനിലൂടെയുള്ള സന്തോഷം ഇല്ലാതെ ഒരു നിമിഷം പോലും കഴിയുവാൻ എനിക്കു സാധിച്ചിരുന്നില്ല.

ഞാൻ പ്രഭാതത്തിൽ ഉറക്കമുണർന്നു, ദിവസം മുഴുവനും ദൈവവുമായി കൂട്ടായ്മ ആചരിക്കണം എന്ന പ്രതീക്ഷയോടെ പ്രഭാത

പ്രാർത്ഥനാ സമയത്തിനായി നേരത്തേതന്നെ ആശിച്ചിരുന്നു. എന്റെ സംഭാഷണചിന്തകളിലും എന്റെ മാതൃകാ ജീവിതത്തിലും അദ്ധ്യാപനത്തിലും ആശയവിനിമയത്തിലും പരിശുദ്ധാത്മാവിന്റെ സഹായത്തിനു വേണ്ടി ഞാൻ നിശ്ശബ്ദമായി പ്രാർത്ഥിച്ചു.

എന്റെ ശ്രദ്ധയെ ക്ഷണിക്കുവാൻ ഒരു കുഞ്ഞു യാചിച്ചപ്പോൾ അതിനനുസരിച്ചു ഞാൻ പ്രവർത്തിച്ചു. ആ വിഷയം കൈകാര്യം ചെയ്യുന്നതിന് ദൈവം എനിക്കു ബലവും ബുദ്ധിയും തന്നു.

അപ്പോൾ മുതൽ എന്റെ പ്രവൃത്തിദിനങ്ങൾ സൃഷ്ടിതാവിന്റെ സാന്നിദ്ധ്യം കൊണ്ടു നിറഞ്ഞു. എന്റെ ദൈനംദിന ജീവിതത്തിൽ അക്ഷരീയമായി അവിടുന്നു എന്നെ സഹായിക്കുന്നു. ആ സമയം മുതൽ പരിശുദ്ധാത്മാവിന്റെ നിറവിനുവേണ്ടി രാവിലെയും ഇടവിട്ട സമയങ്ങളിലും ഞാൻ പ്രാർത്ഥിക്കുമായിരുന്നു. നിങ്ങൾ സ്വർഗ്ഗത്തിന്റെ അടുത്തുവന്നു അവിടെ ഉള്ളവയെ രുചിച്ചറിയുന്നതുപോലെ ആയിരുന്നു അത്.

സ്കൂളിൽ ഞാൻ പഠിപ്പിക്കുന്ന വിദ്യാർത്ഥികളും ഈ അനുഭവത്തിൽ പങ്കു ചേരേണ്ടതായിരുന്നു എന്നു ഈ പുസ്തകം വായിച്ചു കൊണ്ടിരുന്നപ്പോൾ ഞാൻ ചിന്തിച്ചു. ഓസ്ട്രിയായിലെ വൊറാൾബർഗിലുള്ള എലൈജാ അഡ്വന്റിസ്റ്റു സ്കൂളിൽ 10–15 വരെ പ്രായമുള്ള കുട്ടികളെ ഞാൻ പഠിപ്പിക്കുകയാണ്. അതുകൊണ്ട് അവസരങ്ങൾ ലഭിക്കുന്നതിനുവേണ്ടി ഞാൻ പ്രാർത്ഥിച്ചു. പെട്ടെന്നു തന്നെ യവ്വനക്കാരുടെ ഹൃദയങ്ങളിൽ എങ്ങനെ പ്രവർത്തിക്കാൻ കഴിയും എന്നതിനെക്കുറിച്ചു അത്ഭുതകരമായ ഒരു അനുഭവം പരിശുദ്ധാത്മാവിൽ നിന്നും ലഭിച്ചു.

## 13 വയസ്സുള്ള റുഫെനും പരിശുദ്ധാത്മാവും

ഈ പുസ്തകം വായിക്കുന്നതിനു ഒരു വർഷം മുമ്പ് എനിക്കു അനുഭവം ഉണ്ടായി. ഒരു പുതിയ വിദ്യാർത്ഥി ഞങ്ങളുടെ സ്കൂളിലേക്കു കടന്നുവന്നു, ചില ദിവസങ്ങൾ കഴിഞ്ഞു ഞങ്ങളുടെ സ്കൂളിന്റെ സമാധാന അന്തരീക്ഷം മാറി, ആ ക്ലാസ്സ് മുറി അശാന്തി നിഞ്ഞതും കലഹം നിറഞ്ഞതും ആയി മാറി. ആ കുട്ടിക്കു 13 വയസ്സ് പ്രായം ഉണ്ടായിരുന്നു, അവനു മറ്റു കുട്ടികളെക്കാൾ പൊക്കവും നല്ല ശക്തനും ആയിരുന്നു, ആ സ്കൂൾ വർഷം അനേകം നല്ല കാര്യങ്ങൾ പഠിച്ചിരുന്നു,

അതിശയകരമായ ആ ഫലങ്ങൾ എല്ലാം ഒറ്റ നിമിഷം കൊണ്ടു അസ്തമിച്ചു.

അവൻ അതു സ്വന്തം വാക്കുകളിൽ പങ്കുവെയ്ക്കട്ടെ: "എന്റെ ഇപ്പോഴത്തെ സ്കൂളിൽ ഞാൻ കടന്നു വന്നപ്പോൾ, എനിക്കുവേണ്ടി എന്താണ് കാത്തിരിക്കുന്നത് എന്നു യാതൊരു നിശ്ചയവും ഇല്ലായിരുന്നു. സ്കൂളിലെ എന്റെ രണ്ടാം ദിവസം പ്രകോപിതനായി, ക്രുദ്ധിച്ചു എന്റെ ഒരു സഹപാഠിയും ആയി വഴക്കുണ്ടാക്കുകയും ചെയ്തു. അവൻ എന്നെക്കാൾ ദുർബ്ബലൻ ആയിരുന്നെങ്കിലും ഞാൻ അവനോടു ദേഷ്യത്തിൽ സംസാരിക്കുകയും അവനെ ഇടിക്കുകയും ചെയ്തു. അവനെ ഒരിക്കൽ പോലും പിന്നീടു കാണുവാൻ ആഗ്രഹിച്ചിരുന്നില്ല.

എന്നാൽ പിന്നീടു ഞാൻ നേരത്തെ ചെയ്തുവന്നതുപോലെ എന്റെ തെറ്റു മനസ്സിലാക്കി അവനോടു ക്ഷമ ചോദിച്ചു. അതിനുശേഷം എന്റെ ഹെഡ്മാസ്റ്ററുമായി സംഭാഷണത്തിൽ ഏർപ്പെട്ടു. അടുത്ത മാസങ്ങളിൽ ഒരു പ്രക്രിയ എന്നിൽ ആരംഭിച്ചു. ഞാൻ ഒരു പാസ്റ്ററുടെ മകൻ ആയിരുന്നെങ്കിലും ആ പ്രക്രിയ ഇപ്പോൾ ആണ് എന്നിൽ ആരംഭിച്ചത്. അതു നിമിത്തം ഞാൻ അതിശയിച്ചു. കൂടുതൽ സമയം യേശുക്രിസ്തുവും ആയി ചിലവിടുവാൻ തുടങ്ങി."

ഈ ചെറുപ്പക്കാരനു അല്പം പ്രത്യേക ശ്രദ്ധ കൊടുക്കേണ്ടതാണെന്ന് ഞാൻ വിചാരിച്ചു. അവൻ തന്റെ പരാജയത്തെക്കുറിച്ചു ബോധവാനായിരുന്നു, അവൻ പശ്ചാത്തപിക്കുകയും വീണ്ടും പരിശ്രമിക്കുകയും ചെയ്തു. എന്നാൽ അവന്റെ ബലത്തിൽ ആശ്രയിച്ചിരുന്നതു കൊണ്ട് നീണ്ടുനിൽക്കുന്ന വിജയം നേടുവാൻ അവനു കഴിഞ്ഞിരുന്നില്ല. ആദ്യം അവൻ വഴക്കുകൂടാത്ത ദിവസങ്ങൾ വിരളമായിരുന്നു, പക്ഷേ, ക്രമേണ കാര്യങ്ങൾ മെച്ചപ്പെട്ടു.

അവനെ ദൈവവുമായി അടുപ്പിക്കുവാൻ കഴിഞ്ഞത് പ്രാർത്ഥനയുടെ ഫലമാണെന്ന് 6 മാസങ്ങൾക്കുശേഷം അവൻ പറഞ്ഞു. അതിനിടയിൽ പ്രഭാതവേളകളിൽ ശക്തി ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങി. അവന്റെ രോഷത്തിന്റെ മൂർച്ചയും ശണ്ഠയിടുന്നതും കുറഞ്ഞു തുടങ്ങി.

അവൻ സ്കൂളിൽ ചേർന്നിട്ടു 11 മാസം ആയി അവനിൽ കൂടുതൽ മാറ്റം വന്നതു നമുക്കു കാണാൻ കഴിയും. പക്ഷേ അവന്റെ കോപവും

ശാപവാക്കുകൾ ഉച്ചരിക്കുന്നതും മുഷ്ടിചുരുട്ടുന്നതും പൂർണ്ണമായി നിയന്ത്രണവിധേയമായിരുന്നില്ല.

ഇത് സ്വാഭാവികമായിരുന്നു, അവന്റെ സ്വന്തം ശക്തിയിൽ ആശ്രയിച്ചു വിജയം കണ്ടെത്താൻ ശ്രമിച്ചു. അതു ചിലപ്പോൾ വിജയിച്ചു, പക്ഷേ, മറ്റു സമയങ്ങളിൽ അങ്ങനെ അല്ലായിരുന്നു. ഞങ്ങളുടെ പ്രാർത്ഥന മൂലം അല്പം കാര്യസാദ്ധ്യം ഉണ്ടായി. പക്ഷേ അവന്റെ മാനസികാവസ്ഥ ശരിയല്ലാത്തതുകൊണ്ടു ആത്മാവിന്റെ നവീകരണ ശക്തി നഷ്ടപ്പെട്ടുപോയിരുന്നു.

ഒരു മനുഷ്യൻ തന്റെ കുറ്റം കണ്ടെത്തിയശേഷം അവന്റെ പ്രകൃതം നിയന്ത്രിക്കുവാൻ ശ്രമിക്കുന്നു, പക്ഷേ അടുത്ത നിമിഷം പരാജയപ്പെടുന്നു. എന്തു നേട്ടമാണ് ഇതുകൊണ്ട് ലഭിക്കുന്നത്? എന്തു ചെയ്യണം എന്നറിയാതെ ഞാൻ ഭാരപ്പെട്ടപ്പോൾ ആണ് നേരത്തേ സൂചിപ്പിച്ച പുസ്തകം എന്റെ കൈവശം കിട്ടുന്നത്. ശരിയായ സമയത്താണ് അതു എനിക്കു ലഭിക്കുന്നത്. നമുക്കു എന്താണ് നഷ്ടപ്പെട്ടത് എന്ന് അപ്പോൾ എനിക്കു മനസ്സിലായി. അത് പരിശുദ്ധാത്മാവിന്റെ ശക്തി ആയിരുന്നു. ഞങ്ങളെ സഹായിക്കണം എന്നു പോലും ഞങ്ങൾ ആവശ്യപ്പെട്ടിരുന്നില്ല!

വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ എന്ന പുസ്തകത്തിലെ ദൂത് എന്നെ സ്പർശിച്ചതിനാൽ, ആ വിദ്യാർത്ഥി പരിശുദ്ധാത്മാവിനു വേണ്ടി എപ്പോഴെങ്കിലും പ്രാർത്ഥിച്ചിട്ടുണ്ടോ എന്നു അവനോടു ചോദിക്കുവാനുള്ള ധൈര്യം എനിക്കു ലഭിച്ചു. 'ഇല്ല – ഒരിക്കലും ഇല്ല' എന്നു അവൻ മറുപടി പറഞ്ഞു. പിന്നീട് ഈ പുസ്തകത്തോടുള്ള അവന്റെ താല്പര്യം ഉണർത്തുവാൻ ഞാൻ ശ്രമിച്ചു. എങ്കിലും ഞാൻ അവന് ആ പുസ്തകം നല്കിയിരുന്നില്ല. അവന് യഥാർത്ഥത്തിൽ ആ പുസ്തകം ആവശ്യമുണ്ട്. പെട്ടെന്ന് അവൻ ആ പുസ്തകം ആവശ്യപ്പെട്ടു.

വീണ്ടും അവന്റേതായ വാക്കുകൾ ഇപ്രകാരമാണ്: "2012 നവംബർ മാസത്തിൽ വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ എന്ന പുസ്തകം എന്റെ അദ്ധ്യാപകൻ എനിക്കു നൽകി. ഞാൻ വളരെ താല്പര്യത്തോടെ ആ പുസ്തകം വായിക്കുവാൻ തുടങ്ങി. ആ സമയം പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ചു യഥാർത്ഥത്തിൽ ഞാൻ മനസ്സിലാക്കിയിരുന്നില്ല."

ആദ്യ ദിവസത്തിൽതന്നെ അവൻ രണ്ടു അദ്ധ്യായങ്ങൾ വായിച്ചു അതിനുശേഷം ഞാൻ എത്ര പ്രാവശ്യം ആ പുസ്തകം വായിച്ചിട്ടുണ്ട് എന്നു എന്നോടു ചോദിച്ചു. അവൻ വീണ്ടും ആ പുസ്തകം വായിക്കുവാൻ തുടങ്ങി. ആ പുസ്തകം നിർദ്ദേശിക്കുന്ന പ്രകാരം 6-10 തവണ വായിക്കുവാൻ ആഗ്രഹിച്ചു.

അതിനുശേഷം വലിയ മാറ്റം അവനിൽ ഉണ്ടായി. 2012 ഡിസംബർ മുതൽ മുഷ്ടിയുദ്ധമോ കലഹങ്ങളോ ഉണ്ടായില്ല — എനിക്കത് വിശ്വസിപ്പാൻ വളരെ പ്രയാസമായിരുന്നു. അവൻ അടിക്കുകയും ഉപദ്രവിക്കുകയും ചെയ്ത കുട്ടികൾ അവന്റെ സുഹൃത്തുക്കൾ ആയിത്തീർന്നു. പിന്നീട് അവർ വളരെ ഇണക്കത്തോടെ ഒരുമിച്ചാണ് നടന്നത്.

അവനിൽ പൂർണ്ണമായ മാറ്റം ഉണ്ടായി — അവന്റെ ആക്രമണ സ്വഭാവം മാറി നല്ല മര്യാദയോടെ സംസാരിക്കുകയും സമാധാന പ്രിയനും മറ്റുള്ളവർക്ക് ഉപകാരം ചെയ്യുന്നവനും ആയിത്തീർന്നു. ദൈവം പ്രവർത്തിച്ചതാണെന്ന് അവന്റെ സഹപാഠികൾക്ക് ഉറപ്പിച്ചു പറയാൻ സാധിക്കും. നിങ്ങൾക്ക് അവനിൽ ഉണ്ടായ ഫലങ്ങൾ എല്ലാ ദിവസവും കാണാൻ കഴിയും. 2013 ജൂണിൽ അവൻ സ്നാനപ്പെടുവാൻ തീരുമാനിച്ചത് ദൈവ മഹത്വത്തിനായി സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതു പരിശുദ്ധാത്മാവിന്റെ പ്രവർത്തനമല്ലേ!

ഒരു കുട്ടിയെ കൈകാര്യം ചെയ്യുന്നതിനും കാരണങ്ങൾ കണ്ടെത്തുന്നതിന് അവനെ സഹായിക്കുന്നതിനും എനിക്കു കഴിയും എന്നു ഞാൻ ചിന്തിച്ചു. ക്ഷമയും ശ്രദ്ധയും വളരെ സംസാരങ്ങളും അതിനു ആവശ്യമാണ്. പക്ഷേ, നീണ്ട കാലയളവിൽ അതു പ്രാവർത്തികമല്ല. അസാദ്ധ്യങ്ങൾ സാദ്ധ്യമാക്കുന്നതു പരിശുദ്ധാത്മാവിനാൽ ആണെന്ന് ദൈവം ഇടപെട്ടു എന്നെ പഠിപ്പിച്ചു.

ഈ കുട്ടി സ്വർഗ്ഗത്തിൽ പോകുമ്പോൾ അതു ദൈവം കൊണ്ടുവന്നതാണെന്ന് അപ്പോൾ ഞാൻ മനസ്സിലാക്കും. എന്റെ ബുദ്ധി ചോർന്നുപോയപ്പോൾ എനിക്കു ഒടുവിൽ മനസ്സിലായി, മാർഗ്ഗദർശനം നടത്തുവാൻ എനിക്കു കഴിയില്ലെന്ന്. അപ്പോൾ ദൈവം അവനിൽ സമൂലമായി പ്രവർത്തിക്കുവാൻ തുടങ്ങി. പ്രത്യാശയ്ക്കു വകയില്ലാത്ത ഒരു കേസും ദൈവത്തിന്റെ പക്കൽ ഇല്ല എന്നു കാണുവാൻ അതു എന്നെ ധൈര്യപ്പെടുത്തി. C.P.

പ്രാർത്ഥന: ഞങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവേ, പരിശുദ്ധാത്മാവിനെ ചോദിക്കുന്നതിന് കർത്താവായ യേശു നൽകിയ തിടുക്കത്തോടെയുള്ള ക്ഷണത്തിനായി അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. പരിശുദ്ധാത്മാവിനെ കൂടാതെയുള്ള എന്റെ ജീവിതത്തിൽ ഉണ്ടായ നഷ്ടങ്ങൾ നിമിത്തം ഞാൻ അങ്ങയോടു ക്ഷമ ചോദിക്കുന്നു. യേശു എന്റെ ജീവിതത്തിൽ ഉയർത്തപ്പെടുന്നതിന് എനിക്കു സ്വർഗ്ഗീയ സഹായം ആവശ്യമാണ്. എന്റെ ജീവിതത്തിലെ എല്ലാ ആവശ്യങ്ങളിലും എനിക്കു അവിടുത്തെ സഹായം ആവശ്യമാണ്. എന്റെ സ്വഭാവത്തെ രൂപാന്തരപ്പെടുത്തി സ്വർഗ്ഗരാജ്യത്തിനു എന്നെ യോഗ്യനാക്കുവാൻ പരിശുദ്ധാത്മാവിനു സാധിക്കും എന്നുള്ളതിൽ ഞാൻ അങ്ങേയ്ക്കു നന്ദി അർപ്പിക്കുന്നു. ഞാൻ ആയിരിക്കുന്ന എല്ലാത്തിനും എനിക്കുള്ള സകലത്തിനും ആയി എന്നെ പൂർണ്ണമായി അവിടുത്തെ സന്നിധിയിൽ സമർപ്പിക്കുന്നു. എന്നെ അവിടുന്നു സ്വീകരിച്ചു എനിക്കു നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും ആയി അങ്ങയെ ഞാൻ സ്തുതിക്കുന്നു. പരിശുദ്ധാത്മാവിലുള്ള പരിജ്ഞാനത്തിൽ വളരുവാൻ എന്നെ സഹായിക്കേണമേ. ആമേൻ.

## വ്യക്തിപരമായ ചിന്തകളും ചർച്ചയ്ക്കുള്ള വഴികാട്ടിയും

1. യേശു ശിഷ്യന്മാരെ പ്രാർത്ഥന പഠിപ്പിക്കുമ്പോൾ ഏതു വാക്കാണ് ഏറ്റവും കൂടുതലായി ഉപയോഗിച്ചത്? ലൂക്കൊസ് 11:1-13 (കർത്താവിന്റെ പ്രാർത്ഥന, ഉപമ, അപേക്ഷ?)

2. മടുത്തുപോകാതെ നിരന്തരം പ്രാർത്ഥിക്കേണം എന്നു യേശു പറഞ്ഞ ഉപമയിൽ പരിശുദ്ധാത്മാവിനു വേണ്ടി യാചിക്കേണം എന്നു അഭ്യർത്ഥന നടത്താൻ ഉപമയിലെ എന്തു പ്രശ്നമാണ് അതിനു കാരണമായിത്തീർന്നത്?

3. പരിശുദ്ധാത്മാവിനുവേണ്ടി യാചിക്കേണം എന്നു യേശു അഭ്യർത്ഥന നൽകുമ്പോൾ, ആ കാര്യത്തിൽ നിങ്ങളെ ഏറ്റവും കൂടുതൽ സ്വാധീനിച്ചത് എന്താണ്?

4. നമ്മുടെ ദിവസേനയുള്ള ജീവിതത്തിൽ ദൈവത്തോടുള്ള പ്രതിബദ്ധത എപ്രകാരം വെളിപ്പെട്ടിരിക്കുന്നു?

### നമ്മുടെ പ്രാർത്ഥനാ സമയം

- നിങ്ങളുടെ പ്രാർത്ഥനാപങ്കാളിയുമായി ബന്ധപ്പെട്ട് ഈ വിഷയം ചർച്ച ചെയ്യുക.
- നിങ്ങളുടെ പ്രാർത്ഥനാപങ്കാളിയുമായി ചേർന്നു പ്രാർത്ഥിക്കുക.

1. പരിശുദ്ധാത്മാവിനെ ലഭിക്കുന്നതിന് വിശ്വാസത്തോടെ യാചിക്കേണം എന്ന ആവശ്യത്തെക്കുറിച്ചു നാം ദിവസംതോറും മനസ്സിലാക്കേണ്ടതാണ്.
2. ദാഹിക്കുമ്പോൾ നാം കൂടുതലായി ജീവന്റെ ഉറവിലേക്ക് കടന്നു ചെല്ലേണ്ടതാണ്.
3. യേശുവിനെക്കുറിച്ചു നമുക്കു വ്യക്തമായ ഒരു ചിത്രം ലഭിക്കുന്നതിനും അവിടുത്തെക്കുറിച്ചു കൂടുതൽ അറിയുന്നതിനും നമുക്കു എപ്രകാരം സ്വർഗ്ഗത്തിലെ പിതാവുമായി ഒരു ഈടാർന്ന ബന്ധം നിലനിർത്തികൊണ്ടു പോകുവാൻ സാധിക്കും.

•••

അദ്ധ്യായം 2

# നമ്മുടെ പ്രശ്നങ്ങളുടെ കേന്ദ്രസ്ഥാനം എന്താണ്?

## മൂന്നാം ദിവസം

നമ്മുടെ പ്രശ്നങ്ങളുടെ പിറകിൽ ഒരു ആത്മീയ കാരണം ഉണ്ടോ?

പരിശുദ്ധാത്മാവിന്റെ അഭാവമാണോ അതിന്റെ കാരണം?

## പരിശുദ്ധാത്മാവിന്റെ കുറവു സംഭവിക്കുന്നതു എന്തുകൊണ്ട്?

ബൈബിളിന്റെ ഉത്തരം ഇപ്രകാരമാണ്: "നിങ്ങൾ യാചിക്കുന്നു എങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ ചിലവിടേണ്ടതിനു വല്ലാതെ യാചിക്കകൊണ്ടു ഒന്നും ലഭിക്കുന്നില്ല" (യാക്കോബ് 4:3). "ജഡസ്വഭാവമുള്ളവർ ജഡത്തിനുള്ളതും ആത്മസ്വരൂപമുള്ളവർ ആത്മാവിനുള്ളതും ചിന്തിക്കുന്നു" (റോമർ 8:5–7).

പരിശുദ്ധാത്മാവിനുവേണ്ടി യാചിക്കുന്നതിനു സ്നേഹപൂർവ്വവും നിർബ്ബന്ധത്തോടും കൂടി നമ്മുടെ കർത്താവായ യേശുക്രിസ്തു ക്ഷണിക്കുന്നു (ലൂക്കൊസ് 11:9–13). ഇതു തുടർച്ചയായി ചെയ്യണമെന്നു നാം മനസ്സിലാക്കുന്നു. മൂന്നാം അദ്ധ്യായത്തിൽ നാം ഇതിനെക്കുറിച്ചു കൂടുതൽ അടുത്തു കാണുന്നതാണ്.

"അവർ ക്രിസ്തുവിനെക്കുറിച്ചും പരിശുദ്ധാത്മാവിനെക്കുറിച്ചും കൂടുതൽ സംസാരിക്കുന്നു, പക്ഷേ യാതൊരു പ്രയോജനവും ലഭിക്കുന്നില്ല. ദൈവിക മുഖാന്തരങ്ങളാൽ നയിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്തു തങ്ങളുടെ ആത്മാക്കളെ ദൈവത്തിനു സമർപ്പിക്കുന്നില്ല."[13]

ഉണർവ്വിനുവേണ്ടി അല്പസമയം ഞങ്ങൾ പ്രാർത്ഥിക്കുകയായിരുന്നു. ഇതു വളരെ വിലപ്പെട്ടതാണ്. മിസ്സിസ് എലൻ ജി. വൈറ്റ് ഇപ്രകാരം പറയുന്നു: "ഈ വിധത്തിലുള്ള സ്നാനമാണ് സഭകൾക്ക് ഇന്ന്

ആവശ്യമായിട്ടുള്ളത്."14 "പരിശുദ്ധാത്മാവിന്റെ ദാനത്തിനുവേണ്ടി നാം എന്തുകൊണ്ടു നാം ദാഹിക്കുകയും വിശക്കുകയും ചെയ്യുന്നില്ല? നാം ശക്തി പ്രാപിക്കുവാനുള്ള മുഖാന്തരം ഇതു മാത്രമാണ്. നാം എന്തു കൊണ്ടു ഇതിനുവേണ്ടി സംസാരിക്കുന്നില്ല, പ്രാർത്ഥിക്കുന്നില്ല, പ്രസംഗിക്കുന്നില്ല?"15

ഉണർവ്വിനുവേണ്ടി നാം പ്രാർത്ഥിക്കുന്നതു നല്ലതാണ്, പക്ഷേ നാം അതിനുവേണ്ടി പ്രാർത്ഥിക്കുക മാത്രമല്ല "ഉണർവ്വിനുള്ള ബൈബിൾ ഘടകങ്ങൾ പ്രയോഗത്തിൽ കൊണ്ടുവരേണ്ടതും തുല്യ പ്രാധാന്യമു ള്ളതാണ്"16 എന്നു മാർക് ഫിൻലെ പറഞ്ഞിരിക്കുന്നു. നിങ്ങളുടെ വ്യക്തിപരമായ ഉണർവ്വിനുവേണ്ടി ചില അത്യാവശ്യ ചുവടുവയ്പു നടത്താൻ ഞാൻ നിങ്ങളെ ക്ഷണിക്കട്ടേ? പൂർത്തീകരിക്കപ്പെട്ടതും ശക്തവുമായ ജീവിതം നയിക്കുന്നതിന് ഇത് പലരേയും സഹായിക്കും.

ഇതു തുടങ്ങുന്നതിനുമുമ്പ് നമ്മുടെ പ്രശ്നം എന്താണെന്ന് നമുക്കു പരിശോധിക്കാം. നാം ഇതു നന്നായി ചെയ്യേണ്ടതാണ്. മാറ്റം വരുത്തു വാൻ അത്യാവശ്യവും പ്രധാനപ്പെട്ടതുമായ ഘടകങ്ങൾ നാം പരിഗണി ക്കേണ്ടതാണ്. അല്ലെങ്കിൽ അതിൽ അപകടം പതിയിരിപ്പുണ്ട്. ദൈവ ത്തിന്റെ പരിഹാരമാർഗ്ഗം എന്താണെന്ന് അതിനുശേഷം നമുക്കു ചിന്തിക്കാം. അവ നമുക്കു ബൃഹത്തായ അനുഗ്രഹങ്ങൾ നൽകുന്നു. ഒടുവിൽ ഇവ പ്രയോഗത്തിൽ വരുത്തുന്നതു എങ്ങനെയെന്നും അനു ഭവിച്ചറിയുന്നതു എങ്ങനെയെന്നും ചിന്തിക്കാം.

പരിശുദ്ധാത്മാവിന്റെ അഭാവം മൂലം നാം ചെയ്തതും ചെയ്തു കൊണ്ടിരിക്കുന്നതും വ്യർത്ഥമായിപ്പോയി എന്നു വിചാരിക്കരുത്. നേരത്തേ ഉണ്ടായിരുന്ന പല പദ്ധതികളും കാര്യപരിപാടികളും നല്ല താണ്. നമ്മുടെ മാനുഷിക പ്രയത്നങ്ങളെ തീർച്ചയായും കർത്താവു അനുഗ്രഹിച്ചിരിക്കുകയാണ്. പക്ഷേ നാം യഥാർത്ഥത്തിൽ പരി ശുദ്ധാത്മാവിനോടൊത്തു ജീവിക്കുകയാണെങ്കിൽ നമ്മുടെ ഫലങ്ങൾ എത്ര വലിയതായിരിക്കും, നമ്മുടെ സാഹചര്യങ്ങൾ എത്ര നല്ലതായി രിക്കും? ദൈവം മാത്രമേ ഇത് അറിയുന്നുള്ളൂ.

ഇതേ ലക്ഷ്യത്തിൽ ഇത് എത്തിച്ചേരേണ്ടതായിരുന്നു. ഇതേ ലക്ഷ്യ ത്തിൽ ഭാവിയിലും പോകേണ്ടതാണ്. ഹെൻറി ടി. ബ്ലാക്കാബി ഇതിനെ ക്കുറിച്ചു അഭിപ്രായം പറഞ്ഞിരിക്കുന്നത്. "ദൈവത്തെ കൂടാതെ ആറു വർഷംകൊണ്ടു ചെയ്യുന്ന കാര്യങ്ങൾ ദൈവത്തിനു തങ്ങളെ സമർപ്പി ച്ചവർക്കു ആറു മാസങ്ങൾക്കൊണ്ടു ചെയ്യാൻ കഴിയും."17

ദൈവത്തിന്റെ നേതൃത്വത്തിൽ ശരിയായ മാർഗ്ഗത്തിൽ പെട്ടെന്ന് പോകുന്നതും അതിനു അപ്രകാരം വലിയ ഫലപ്രാപ്തി (കാര്യക്ഷമത) ലഭിക്കുന്നതും മറ്റുള്ളവർക്ക് ഒരു തർക്കവിഷയമാണ്. നാം പരിശുദ്ധാത്മാവിനാൽ നിറയപ്പെടുമ്പോൾ ഉള്ള അവസ്ഥയാണിത്.

ഉദാഹരണം: ഒരാൾ ഒരു പ്രസംഗം നടത്തുന്നു. അദ്ദേഹം പ്രസംഗിച്ചു കഴിയുമ്പോൾ ചിലപ്പോൾ ആരും അതു അംഗീകരിക്കുന്നില്ലായിരിക്കാം. ചിലപ്പോൾ വളരെ കുറച്ചുപേർ, അല്ലെങ്കിൽ വളരെപ്പേർ, അല്ലെങ്കിൽ എല്ലാവരും ആ ദൂത് സ്വീകരിക്കുമായിരിക്കും. എന്നാൽ വളരെയധികം പേർ അഥവാ എല്ലാവരും ആ ദൂത് സ്വീകരിക്കുകയും പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയും ചെയ്യുകയാണെങ്കിൽ, അതു വളരെ ഫലപ്രദമായ അവസ്ഥയാണ്. ഇത് പരിശുദ്ധാത്മാവ് പകർന്നു നൽകുന്നതാണ്.

## മൂന്നുതരത്തിലുള്ള ജനങ്ങളും അവർക്കു ദൈവത്തോടുള്ള വ്യക്തിപരമായ ബന്ധവും

മൂന്നു വിഭാഗം ജനങ്ങളെ വേർതിരിച്ചറിയുന്നത് അവർക്കു ദൈവത്തോടുള്ള വ്യക്തിപരമായ ബന്ധത്തിലൂടെയാണ്. ഈ കൂട്ടങ്ങളുടെ ഇടയിൽ ധാരാളം വ്യത്യസ്തമായ ജനവിഭാഗങ്ങൾ ഉണ്ട്. അവർക്ക് മാതാപിതാക്കൾ നൽകിയ പരിശീലനം, അവരുടെ സംസ്കാരം, പ്രായവ്യത്യാസം, വിദ്യാഭ്യാസം എന്നിവ വ്യത്യസ്തമാണ്. ഈ വ്യത്യസ്തതകളുടെ നടുവിലൂടെ ദൈവത്തോടുള്ള അവരുടെ മനോഭാവങ്ങൾ മൂന്നാണ്.

- ദൈവവുമായി യാതൊരു ബന്ധവും ഇല്ല — ബൈബിൾ ഇവരെ പ്രാകൃത മനുഷ്യർ അഥവാ ലൗകിക മനുഷ്യർ എന്നു നാമകരണം ചെയ്യുന്നു.
- ദൈവവുമായി പൂർണ്ണമായ അഥവാ യഥാർത്ഥമായ ബന്ധം. ബൈബിൾ ഇവരെ ആത്മീയമനുഷ്യർ അഥവാ ആത്മാവു നിറഞ്ഞവർ എന്നു വിളിക്കുന്നു.
- വിഭാഗിക്കപ്പെട്ട അഥവാ കാപട്യം നിറഞ്ഞ ബന്ധം. ഇവരെ ജഡികമനുഷ്യൻ എന്നു ബൈബിൾ ചിത്രീകരിക്കുന്നു.

ദൈവവചനത്തിൽ പ്രാകൃതം, ആത്മികം, ജഡികം എന്നു പറയുന്ന പ്രകാരമല്ല ഇവിടെ വിലയിരുത്തപ്പെട്ട കാര്യങ്ങൾ. ഇവിടെ ഒരുവന്റെ ദൈവവുമായിട്ടുള്ള ബന്ധം മാത്രമേ വിശദീകരിക്കുന്നുള്ളൂ.

ഈ മൂന്നു വിഭാഗങ്ങളെ 1 കൊരി. 2:14–16 വരെയും 1 കൊരി. 3:1–4 വരെയും വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ പ്രാകൃതമനുഷ്യനെക്കുറിച്ചു വളരെ ലഘുവായി മാത്രമേ നാം പരാമർശിക്കുന്നുള്ളൂ. അവൻ ഈ ലോകത്തിൽ ജീവിക്കുന്നു. സഭയിൽ ഇപ്പോൾ നിലനില്ക്കുന്ന രണ്ടുവിഭാഗം ആളുകളെക്കുറിച്ചു സത്വരമായ നിരീക്ഷണം നടത്തിയാൽ പ്രശ്നം എവിടെയാണ് ഒളിച്ചിരിക്കുന്നത് എന്നു മനസ്സിലാക്കാൻ സാധിക്കും. ഞാൻ ഏതു വിഭാഗത്തിൽപ്പെടുന്നു എന്നുള്ള കാര്യം മനസ്സിലാക്കുന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ രോഗവിവരം മനസ്സിലാക്കുന്നതിന് സ്വയമായി ഒരു അന്വേഷണം നടത്തുന്നത് നല്ലതാണ്. അതുകൊണ്ടു മറ്റുള്ളവരുടെ ജീവിതങ്ങൾ അല്ല, നമ്മുടെ സ്വന്തം ജീവിതങ്ങളെ നമുക്കു നോക്കാം.

ഒരു വിഭാഗത്തിന്റെ അഥവാ മറ്റൊരു വിഭാഗത്തിന്റെ സ്ഥാനം നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്? ഞാൻ ഇപ്പോൾ ഏതു വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നതു എന്നു നിർണ്ണയിക്കുന്നതു എന്തടിസ്ഥാനത്തിൽ ആണ്? പരിശുദ്ധാത്മാവും ആയിട്ടുള്ള ബന്ധത്തിൽ ആണ് മൂന്നു വിഭാഗങ്ങളുടെയും സ്ഥാനം സംഭവിക്കുന്നത് എന്നു നാം മനസ്സിലാക്കുന്നതാണ്.

## പ്രാകൃതമനുഷ്യൻ

"എന്നാൽ പ്രാകൃത മനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല; അതു അവന് ഭോഷത്വം ആകുന്നു" (1 കൊരി. 2:14). പ്രാകൃത മനുഷ്യനു പരിശുദ്ധാത്മാവുമായി യാതൊരു ബന്ധവും ഇല്ല. അവൻ ഈ ലോകത്തിൽ ജീവിക്കുന്നു എങ്കിലും ദൈവത്തെക്കുറിച്ചു തിരക്കുന്നില്ല, അല്ലെങ്കിൽ വളരെകുറച്ചു മാത്രമേ ദൈവത്തെക്കുറിച്ച് ആരായുന്നുള്ളൂ.

## ആത്മീയ മനുഷ്യനും ജഡിക മനുഷ്യനും സഭയിൽ

ഈ രണ്ടു വിഭാഗങ്ങളെക്കുറിച്ചു പ്രധാനമായും 1 കൊരി. 2,3 അദ്ധ്യായങ്ങളിലും റോമർ 8:1–17 വരെയും ഗലാത്യർ 4,6 അദ്ധ്യായങ്ങളിലും പരിചയപ്പെടുത്തുന്നു. പരിശുദ്ധാത്മാവും ആയിട്ടുള്ള ബന്ധ

മാണ് ഈ രണ്ടു വിഭാഗങ്ങളെ തിരിച്ചറിയാനുള്ള മാനദണ്ഡം എന്നു നാം ശ്രദ്ധിക്കണം. സ്വർഗ്ഗവുമായി നമുക്കു ബന്ധപ്പെടുവാൻ കഴിയുന്നത് പരിശുദ്ധാത്മാവിലൂടെ മാത്രമാണ്, ദൈവം വച്ചിരിക്കുന്ന വ്യവസ്ഥപ്രകാരമാണ് (യുഗങ്ങളുടെ പ്രത്യാശ പേജ് 322; മത്തായി 12:32). “ഹൃദയം പരിശുദ്ധാത്മാവിന്റെ സ്വാധീനത്തിനുവേണ്ടി തുറക്കപ്പെടണം, അല്ലാത്തപക്ഷം ദൈവാനുഗ്രഹം നമുക്കു ലഭിക്കുകയില്ല.”18

## ആത്മീയ സഭാവിശ്വാസി

1 കൊരി. 2:15,16 വാക്യങ്ങൾ നമുക്കു വായിക്കാം: “ആത്മികമായി വിവേചിക്കേണ്ടതാകയാൽ അതു അവനു ഗ്രഹിപ്പാൻ കഴിയുന്നതുമല്ല, ആത്മികനോ സകലത്തെയും വിവേചിക്കുന്നു. താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. കർത്താവിന്റെ മനസ്സ് അറിഞ്ഞ് അവനെ ഗ്രഹിപ്പിക്കാകുന്നവൻ ആർ? നാമോ ക്രിസ്തുവിന്റെ മനസ്സുള്ളവർ ആകുന്നു” (യെശ. 40:13).

ആത്മീയ മനുഷ്യനാണ് യഥാർത്ഥ ക്രിസ്ത്യാനി. ഒരുവൻ ആത്മികൻ എന്നു വിളിക്കപ്പെടുന്നതു അവൻ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടതുകൊണ്ടാണ്. അതുകൊണ്ടു ഒരു ആത്മികൻ എന്ന സ്ഥാനത്തിന് ഉള്ള മാനദണ്ഡം പരിശുദ്ധാത്മാവുമായിട്ടുള്ള ബന്ധമാണെന്ന് ഇവിടെയും പറയുന്നു. അവന്റെ ജീവിതത്തിന്റെ കേന്ദ്രസ്ഥാനം യേശുക്രിസ്തുവാണ്. യേശു നമ്മുടെ ഹൃദയങ്ങളിൽ വസിക്കുന്നു എന്നു നാം പലപ്പോഴും പറയാറുണ്ട്. ഒരു ആത്മിക മനുഷ്യൻ അത്യാവശ്യമായും പൂർണ്ണമായും അവനെത്തന്നെ ദൈവത്തിനു സമർപ്പിക്കുന്നതിന് പ്രതിജ്ഞാബദ്ധനാണ്. അതുപോലെ ഒരു പൊതുനിയമമനുസരിച്ചു അവനെയും അവനുള്ളതിനെയും എല്ലാ ദിവസവും യേശുവിനു സമർപ്പിക്കുവാൻ അവൻ പ്രതിജ്ഞാബദ്ധനാണ്. ലവൊദീക്യ സഭയുടെ ദൂതിൽ അവനെ “ഉഷ്ണവാൻ” എന്നു വിളിക്കുന്നു. പത്തു കന്യകമാരുടെ ഉപമയിൽ അവരെ “ബുദ്ധിയുള്ളവർ” റോമർ 8:1–17 വരെയും ഗലാത്യർ 5 ലും അവരെക്കുറിച്ചു കൂടുതലായി പറയുന്നു. “അവർക്കു സമൃദ്ധിയായിട്ടു ജീവൻ ഉണ്ടാകും” എന്നു പറയുന്നു (യോഹ. 10:10). അതുപോലെ അപ്പൊസ്തലനായ പൗലൊസ് സൂചിപ്പിക്കുന്നത് “ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും വേണം എന്നും പ്രാർത്ഥിക്കുന്നു” (എഫെ. 3:19; കൊലൊ. 2:9).

## ജഡികനായ സഭാവിശ്വാസി

അങ്ങനെയുള്ള ഒരു വ്യക്തി കുറച്ചുകാലമായാലും അധിക വർഷ മായാലും അവൻ ഒരു ജഡികവിശ്വാസിയാണ്. ഇപ്പോൾ നിങ്ങൾ ഒരു ജഡിക ക്രിസ്ത്യാനിയാണെന്ന് കണ്ടെത്തുകയാണെങ്കിൽ നിങ്ങൾ പരി ഭ്രമിക്കുകയോ നിരാശപ്പെടുകയോ വേണ്ട, പകരം നിങ്ങൾ സന്തോഷി ക്കുക, ഉടൻ തന്നെ നിങ്ങൾക്ക് അതു മാറ്റുവാനുള്ള സാദ്ധ്യതയുണ്ട്. പരിശുദ്ധാത്മാവും ആയിട്ടുള്ള ജീവിതത്തിലൂടെ നിങ്ങൾക്ക് വലിയ സന്തോഷം ലഭിക്കുന്നതാണ്.

ജഡിക ക്രിസ്ത്യാനികളായ പലരും അറിയാതെയാണ് ആ അവ സ്ഥയിൽ ആയതെന്ന് എനിക്കു ബോദ്ധ്യമുണ്ട്, അവർക്കു തങ്ങളുടെ വിശ്വാസത്തിൽ വർദ്ധിച്ചുവരുന്നതിന് ആഗ്രഹമുണ്ട്. അവരുടെ അജ്ഞത പലപ്പോഴും അവരുടെ തെറ്റു നിമിത്തമല്ല. നിങ്ങളുടെ ഹൃദയ ത്തിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിലൂടെ ക്രിസ്തും ആയി വലിയ സന്തോഷം ലഭിക്കുന്ന ജീവിതം അനുഭവിച്ചറിയുന്നതിനെക്കുറിച്ചു നിങ്ങൾ പരിഗണിക്കുക (യോഹ. 15:11 യേശുവിലൂടെ "നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനും") ഈ ഒരു മാറ്റത്തിലൂടെ നിങ്ങൾ പടി പടിയായി സമൃദ്ധി അനുഭവിക്കും (യേശു ഇതിനെക്കുറിച്ചു കൂടുതൽ പ്രസ്താവിച്ചിരിക്കുന്നതു നമുക്ക് പിന്നീടു ചിന്തിക്കാം യോഹ. 10:10). അതുകൊണ്ടു നിത്യജീവനുവേണ്ടി ശരിയായി അടിസ്ഥാനമിട്ട പ്രത്യാശ നിങ്ങൾക്കു ലഭിക്കും.

പ്രാർത്ഥന: സ്വർഗ്ഗസ്ഥപിതാവേ, ഈ ചോദ്യം എന്നോടു തന്നെ ചോദിക്കുവാൻ എനിക്കു മനസ്സുണ്ടാകേണ്ടതിന് ദയവായി സഹായി ക്കേണമേ. ഞാൻ ഒരു ജഡിക ക്രിസ്ത്യാനിയാണെങ്കിൽ ഈ ശരിയാ യത് ഇപ്പോൾ തന്നെ മനസ്സിലാക്കുവാൻ ദയവായി എന്നെ സഹായി ക്കേണമേ. അവിടുത്തേക്കു ആവശ്യമുള്ളതെല്ലാം സ്വീകരിക്കുവാൻ മന സ്സുണ്ടാകുവാൻ എന്നെ സഹായിക്കേണമേ. അവിടുന്നു വാഗ്ദത്തം ചെയ്തിരിക്കുന്ന സന്തോഷം നിറഞ്ഞ സമൃദ്ധിയായ ജീവിതവും നിത്യ ജീവിതവും ലഭിക്കുവാൻ ദയവായി എന്നെ നയിക്കേണമേ. ദയവായി എന്റെ ഹൃദയത്തെ അവിടുന്നു പുതുക്കേണമേ. എന്റെ പ്രാർത്ഥന കേട്ട തിന് നന്ദി അർപ്പിക്കുന്നു. ആമേൻ.

അപ്പൊസ്തലനായ പൗലൊസ് ജഡിക വിശ്വാസികളോടു എന്താണ് പറയുന്നതെന്ന് നമുക്കു വായിക്കാം. 1 കൊരി. 3:1–4 "എന്നാൽ

സഹോദരന്മാരെ, നിങ്ങളോടു എനിക്കു ആത്മികന്മാരോടു എന്ന പോലെയല്ല, ജഡികന്മാരോടു എന്നപോലെ ക്രിസ്തുവിൽ ശിശുക്കളായവരോടു എന്നപോലെ അത്രേ സംസാരിപ്പാൻ കഴിഞ്ഞുള്ളൂ. ഭക്ഷണമല്ല, പാൽ അത്രേ ഞാൻ നിങ്ങൾക്കു തന്നത്. ഭക്ഷിപ്പാൻ നിങ്ങൾക്ക് കഴിവില്ലായിരുന്നു. ഇപ്പോഴും കഴിവായിട്ടില്ല. ഇന്നും നിങ്ങൾ ജഡികന്മാരല്ലോ; നിങ്ങളുടെ ഇടയിൽ ഈർഷ്യയും പിണക്കവും ഇരിക്കെ, നിങ്ങൾ ജഡികന്മാരും ശേഷം മനുഷ്യരെപ്പോലെ നടക്കുന്നവരുമല്ലയോ? ഒരുത്തൻ ഞാൻ പൗലൊസിന്റെ പക്ഷക്കാരനെന്നും മറ്റൊരുത്തൻ ഞാൻ അപ്പല്ലോസിന്റെ പക്ഷക്കാരനെന്നും പറയുമ്പോൾ നിങ്ങൾ സാധാരണ മനുഷ്യരല്ലയോ?"

ഈ വിഭാഗത്തിൽ സ്ഥാനം ലഭിക്കുന്നത് പരിശുദ്ധാത്മാവുമായിട്ടുള്ള വ്യക്തിപരമായ ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് നാം നേരത്തേ വ്യക്തമായി കണ്ടതല്ലേ? ഈ ഏതാനും വചനങ്ങളിൽ അവർ ജഡികന്മാരാണെന്ന് അപ്പൊസ്തലനായ പൗലൊസ് 4 പ്രാവശ്യം സൂചിപ്പിക്കുന്നു. ജഡികൻ എന്നു പറഞ്ഞാൽ എന്താണ് അർത്ഥം? ഈ മനുഷ്യൻ തന്റെ ജഡത്തിന്റെ ശക്തിയാൽ ജീവിക്കുന്നു എന്നാണ് ഇതിന്റെ അർത്ഥം. അതായത് ഒരു വ്യക്തിക്കു സാധാരണ ഉള്ള ശക്തിയും കഴിവുകളും മാത്രം. അത്രയുമല്ല, അവൻ പരിശുദ്ധാത്മാവിനാൽ അഭിഷേകം പ്രാപിച്ചിട്ടില്ല, അല്ലെങ്കിൽ അവൻ വേണ്ടതുപോലെ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടിട്ടില്ല എന്നർത്ഥം.

പ്രകടമായ പാപത്തിൽ മുഴുകി ജീവിക്കുന്നവരാണ് ഈ വിഭാഗത്തിൽപ്പെടുന്നത് എന്നു ചിലർ ചിന്തിക്കുന്നു. പക്ഷേ ഇത് അവരിൽ കാണുന്ന അനേകം കറകളിൽ ഒന്നുമാത്രമാണ്. ഈ ഓരോ വിഭാഗങ്ങളിലും അനേകം വ്യത്യാസങ്ങൾ നമുക്കു കണ്ടെത്താൻ കഴിയും എന്നു വീണ്ടും ഉറപ്പിച്ചു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

അപ്പൊസ്തലനായ പൗലൊസ് ജഡികജനത്തെ പ്രിയ സഹോദരന്മാരെ എന്നാണ് സംബോധന ചെയ്തത്. താൻ ഇടപെടുന്നത് സഭാവിശ്വാസികളുമായിട്ടായിരുന്നു എന്നാണ് ഇതു കാണിക്കുന്നത്. "ആത്മീയരോട് എന്നപോലെ പൗലൊസ് അവരോടു സംസാരിക്കുന്നില്ല. അതിന്റെ അർത്ഥം ഇപ്രകാരമാണ്. അവർ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടിട്ടില്ല അഥവാ വേണ്ടുംപോലെ അവർ ആത്മാവിനാൽ നിറയപ്പെട്ടിട്ടില്ല! ക്രിസ്തുവിൽ ശിശുക്കളായവരോടു എന്നപോലെ അവരോടു

സംസാരിക്കേണ്ടി വന്നു. വിശ്വാസത്തിൽ വളരേണ്ട വിധം അവർ വളർന്നിട്ടില്ല എന്നാണ് ഇതു കാണിക്കുന്നത്. ഒരു മനുഷ്യന് വളരെ വേദപുസ്തകജ്ഞാനം ഉണ്ടെങ്കിലും അവൻ ആത്മികമായി വളരണം എന്നില്ല. ക്രിസ്തുവിനോടുള്ള പൂർണ്ണസമർപ്പണവും പരിശുദ്ധാത്മാവിലൂടെയുള്ള സുസ്ഥിരമായ ജീവിതവുമാണ് നമ്മുടെ ആത്മീയ ജീവിതം നിർണ്ണയിക്കുന്നത്."

അനേകം ജഡിക ക്രിസ്ത്യാനികൾ അസംതൃപ്തി, നിരാശ, ലക്ഷ്യമില്ലായ്മ അഥവാ ആത്മീയജീവിതത്തിൽ മാനസിക പിരിമുറുക്കവും അനുഭവിക്കുന്നു.

മറ്റു ജഡിക ക്രിസ്ത്യാനികൾ ഈ അവസ്ഥയിൽ അവർ അഭ്യസിച്ചവരും അവരുടെ ഈ അവസ്ഥയിൽ സംതൃപ്തരുമാണ്. അവർ പറയുമായിരിക്കും ഞങ്ങൾ ഇപ്പോൾ പാപികൾ ആണ്. അതിനുവേണ്ടി ഞങ്ങൾക്ക് യാതൊന്നും ചെയ്യാൻ കഴിയുകയില്ല.

വീണ്ടും മറ്റുള്ള ജഡിക ക്രിസ്ത്യാനികൾ ഉത്സാഹഭരിതർ ആയിരിക്കാം. ബൈബിൾ സത്യങ്ങൾ തങ്ങൾക്ക് അറിയാം എന്നോർത്തു അവർ സന്തോഷിക്കുന്നു. ജഡിക ക്രിസ്ത്യാനികൾ ഒരുപക്ഷേ സഭയിലെ സജീവ അംഗങ്ങൾ ആയിരിക്കാം. അതുപോലെ സഭയിൽ അവർക്കു ഉന്നതമായ സ്ഥാനങ്ങൾ ഉണ്ടായിരിക്കാം. അതുപോലെ അവർ സഭയുടെ ഭരണരംഗത്തും പ്രവർത്തിക്കുന്നുണ്ടാകാം. ഒരുപക്ഷേ അവർ ദൈവത്തിനുവേണ്ടി വൻകാര്യങ്ങൾ ചെയ്യുന്നുണ്ടായിരിക്കാം.

മത്തായി 7:21–23 "കർത്താവേ, കർത്താവേ നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോടു: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ എന്നു തീർത്തു പറയും."

പ്രശ്നം കിടക്കുന്നത് എവിടെയാണ്? അവരെ അറിയത്തില്ല എന്നാണ് യേശു പറഞ്ഞത്. അവർക്ക് യേശുവുമായി ഒരു യഥാർത്ഥ ബന്ധമില്ലായിരുന്നു. അവർക്ക് കപടമായ ബന്ധമായിരുന്നു ഉണ്ടായിരുന്നത്. ഒന്നുകിൽ അവർക്ക് യഥാർത്ഥ സമർപ്പണം ഇല്ലായിരുന്നു. അല്ലെങ്കിൽ അവരുടെ സമർപ്പണത്തെ അവർ നിലനിർത്തിക്കൊണ്ടു

പോയില്ല, പരിശുദ്ധാത്മാവിലൂടെ യേശു അവരുടെ ഹൃദയങ്ങളിൽ വസിച്ചിരുന്നില്ല. അതുകൊണ്ട് അവർക്ക് ക്രിസ്തുവുമായി ഒരു വ്യക്തിപരമായ ബന്ധം ഇല്ലായിരുന്നു. "അതുകൊണ്ടു അവർക്ക് മിഥ്യയായ ബന്ധമായിരുന്നു ഉണ്ടായിരുന്നത്."19 ക്രിസ്തു നമ്മിൽ വസിക്കാത്തത് എപ്പോൾ ആണ്? ഗൗരവമായ ചില വാക്കുകൾ ഞാൻ ഇതിനെക്കുറിച്ചു വായിച്ചിട്ടുണ്ട്. ഇതു പ്രസ്താവിക്കുന്നതിനുമുമ്പ് എനിക്കു ചൂണ്ടിക്കാണിക്കാനുള്ളത് നാം പരിശുദ്ധത്മാവുമൊത്തു ജീവിക്കുകയാണെങ്കിൽ താഴെപ്പറയുന്ന കാര്യങ്ങളിൽനിന്നും നമുക്കു ഒഴിഞ്ഞിരിക്കാൻ സാധിക്കും എന്നാണ്.

"ക്രിസ്തുവിന്റെ ആത്മാവിനു എതിരായ ആത്മാവ് ഉണ്ടെങ്കിൽ ഏതുതരത്തിലുള്ള ജോലി നമുക്കുണ്ടായിരുന്നാലും അവിടുത്തെ നാമത്തെ ത്യജിക്കുന്നു. ദോഷം സംസാരിക്കുന്നതിലൂടെയും വിവേകരഹിതമായി സംസാരിക്കുന്നതിലൂടെയും ഭോഷ്ക്കും കരുണയില്ലാതെയും സംസാരിക്കുന്നതിലൂടെയും മനുഷ്യർ ക്രിസ്തുവിനെ ത്യജിക്കുന്നതാണ്. ജീവിതഭാരങ്ങളെ നിരാകരിക്കുന്നതിലൂടെയും പാപകരമായ സുഖം തേടുന്നതിലൂടെയും അവർ ക്രിസ്തുവിനെ ത്യജിക്കുന്നതാണ്. ലോകത്തിനു അനുരൂപമായിരിക്കുന്നതിലൂടെയും മര്യാദയില്ലാത്ത പെരുമാറ്റങ്ങളിലൂടെയും സ്വന്തം അഭിപ്രായത്തെ സ്നേഹിക്കുന്നതിലൂടെയും സ്വയന്യായീകരണത്തിലൂടെയും സംശയം മനസ്സിൽ സൂക്ഷിച്ചു, അതിനെ താലോലിക്കുന്നതിലൂടെയും കഷ്ടപ്പാട് കടം എടുക്കുന്നതിലൂടെയും അന്ധകാരത്തിൽ വസിക്കുന്നതിലൂടെയും അവർ ക്രിസ്തുവിനെ ത്യജിക്കുന്നതാണ്. അവരിൽ ക്രിസ്തു ഇല്ല എന്നാണ് ഇതിലൂടെയെല്ലാം അവർ പ്രസിദ്ധമാക്കുന്നത്."20

ദൈവകൃപയാൽ ഇതിന് പെട്ടെന്നു മാറ്റം വരുന്നതാണ്. മൂന്നും അഞ്ചും അദ്ധ്യായങ്ങളിലൂടെ നാം ഇതിലേക്കു മടങ്ങിവരുന്നതാണ്.

### നമ്മുടെ ജീവിതം ക്രിസ്തുവിനായ് സമർപ്പിക്കുന്നതും ദൈവത്തോടു പ്രതിജ്ഞാബദ്ധരായി കഴിയുന്നതും എന്തുകൊണ്ട് പ്രധാനപ്പെട്ട കാര്യമാണ്?

ദൈവവചനം ഇപ്രകാരം പറയുന്നു: "സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നത്: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും

വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ" (റോമർ 12:1).

നമ്മെ സൗഖ്യമാക്കുവാൻ ദൈവം ആഗ്രഹിക്കുന്നു, നമ്മുടെ ഉന്നത ഭാവം എന്ന നിഷ്ഠൂരതയിൽ നിന്നും പാപത്തിന്റെ അടിമത്വത്തിൽ നിന്നും നമ്മെ സ്വതന്ത്രരാക്കുവാൻ അവിടുന്നു ആഗ്രഹിക്കുന്നു. പക്ഷേ ഇതിന് ഒരു പൂർണ്ണമായ രൂപാന്തരം ആവശ്യമാണ്, നമ്മുടെ എല്ലാ പ്രകൃതങ്ങളും പുതുക്കപ്പെടേണ്ടതാണ്, നാം പൂർണ്ണമായി കർത്താവിനു കീഴടങ്ങണം. നമ്മുടെ ഉന്നതഭാവം അവഹേളിക്കപ്പെട്ടു, നമ്മുടെ അസൂയയും വെറുപ്പും മുതലായ കാര്യങ്ങൾക്കും ക്ഷതമേറ്റു. ഈ പെരുമാറ്റങ്ങളിൽനിന്നും നമ്മെ സ്വതന്ത്രരാക്കുവാൻ ദൈവം ആഗ്രഹിക്കുന്നു."21

"നമ്മെ പൂർണ്ണമായി ദൈവത്തിനു നൽകുവാൻ അവിടുന്നു ക്ഷണിക്കുന്നു. അപ്രകാരം ആയാൽ അവിടുത്തെ ഇഷ്ടം നമ്മിൽ പ്രവർത്തിക്കുന്നതാണ്. നാം പാപത്തിന്റെ അടിമത്വത്തിൽനിന്നും വിടുവിക്കപ്പെട്ടു ദൈവമക്കളുടെ മഹത്വകരമായ സ്വാതന്ത്ര്യം പങ്കുവയ്ക്കുന്നതു നാം തിരഞ്ഞെടുക്കുമോ എന്നറിയേണ്ടതിന് അതു നമ്മെ ഓർമ്മപ്പെടുത്തുന്നു."22

നമ്മുടെ വീണ്ടും ജനനത്തിന്റെ അടിസ്ഥാനപരമായ പ്രതിജ്ഞയെക്കുറിച്ചു ദൈവം ഉത്തരം നൽകുന്നു (യോഹ. 3:1–21). നാം സമർപ്പണത്തിൽ ജീവിക്കണം എന്നാണ് ഇതിനുശേഷം നമ്മോടു പറയുന്നത് (യോഹ. 15:1–17). മൂന്നാം അദ്ധ്യായത്തിൽ നാം ഇതിനെക്കുറിച്ചു കൂടുതലായി സംസാരിക്കുന്നതാണ്.

നമ്മുടെ ജീവിതം ദൈവത്തിനു സമർപ്പിക്കുന്നതിനെക്കുറിച്ചു മോറീസ് വെൻഡർ ഇപ്രകാരം പറയുന്നു: "ഭാഗിക സമർപ്പണം എന്നൊരു കാര്യം ഇല്ല. അല്പമായി ഗർഭം ധരിക്കുന്നതു അസാദ്ധ്യമായിരിക്കുന്നതുപോലെ ഭാഗികമായി സമർപ്പിക്കപ്പെടുന്നതും അസാദ്ധ്യമാണ്. ഒന്നുകിൽ നിങ്ങൾ സമർപ്പിക്കപ്പെട്ടു, ഇല്ലെങ്കിൽ ഇല്ല. മദ്ധ്യത്തിൽ ഉള്ള ഒരു സ്ഥലം ഇല്ല."23

ദിവസേനയുള്ള സമർപ്പണത്തക്കുറിച്ചു മിസ്സിസ് എലൻ ജി. വൈറ്റ് പറയുന്നത് ഇപ്രകാരമാണ്: "ക്രിസ്തുവിന്റെ സഹപ്രവർത്തകർ ആയിത്തീരുന്നവരും ഞാനും എനിക്കുള്ളതു എല്ലാം അങ്ങയുടേതാണെന്നു പറയുന്നവരും മാത്രമേ ദൈവത്തിന്റെ പുത്രീപുത്രന്മാരായി അംഗീകരിക്കപ്പെടുകയുള്ളൂ."24

അതുകൊണ്ടു ഒരുവൻ സഭയിൽ ഉണ്ടായിരുന്നാലും അവൻ നഷ്ട പ്പെട്ടവനാണ്. എത്ര പരിതാപകരം! (പത്തു കന്യകമാരുടെ ഉപമയും ലവൊദീക്യ സഭയ്ക്കുള്ള ദൂതും ഇതു വിശദീകരിക്കുന്നു).

## ജഡിക ക്രിസ്ത്യാനിത്വം തിരിച്ചറിയുന്നതു വിഷമകരമായിരിക്കുന്നത് എന്തുകൊണ്ട്?

മതാചാരങ്ങളിൽ മുഴുകിയിരിക്കുന്നതുകൊണ്ട് പ്രധാനമായ കാര്യ ങ്ങൾ അവൻ വിട്ടുകളഞ്ഞിരിക്കുകയാണെന്ന് മനസ്സിലാക്കുന്നില്ല. അതായത് ദൈവവുമായിട്ടുള്ള ഈടാർന്നതും രക്ഷിക്കുന്നതുമായ ബന്ധം. നമ്മുടെ ജീവിതത്തെ പൂർണ്ണമായി ഭരിക്കുന്നതിനു ക്രിസ്തു വിനെ അനുവദിക്കാതിരുന്നാൽ അവിടുന്നു നമ്മുടെ വാതിലിൽ നിന്നും മുട്ടിക്കൊണ്ടിരിക്കുകയാണ് (വെളി. 3:20). നിങ്ങൾ മാറ്റപ്പെട്ടില്ലായെങ്കിൽ നിന്നെ വായിൽനിന്നും ഉമിണ്ണുകളയും എന്ന് അവിടുന്നു അരുളി ച്ചെയ്യുന്നു.

"നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ." (റോമർ 12:1).

മറ്റു ചില കാര്യങ്ങൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. നമ്മുടെ ശക്തരായ അടിസ്ഥാന ഉപദേശങ്ങൾ, വേദപുസ്തക ആധാരമായി സ്ഥാപിച്ചതാണ് എന്ന് നമുക്കു ശക്തവും ദൃഢവുമായ വിശ്വാസമുണ്ട് (എങ്കിലും മറ്റു ഉൾക്കാഴ്ചകൾ ഉണ്ടാകുന്നതിനുവേണ്ടി നമ്മെ തുറന്നുകൊടുക്കുവാൻ നാം ആഗ്രഹിക്കുന്നു) നാം സത്യം വിശ്വസിക്കുന്നു എന്നു നമുക്കു ഉറപ്പുണ്ട്, അതു നമ്മെ പുളകം കൊള്ളിക്കുന്നു. നമുക്കു അനേകം നല്ല അറിവുണ്ട്. നാം സംസാരിക്കുന്നത് ശരിയായ കാര്യങ്ങൾ ആണ്. അതുകൊണ്ടു ജഡികനെ തിരിച്ചറിയുന്നതിനു വളരെ വിഷമമാണ്. ഞാൻ പരിശുദ്ധാത്മാവും ഒത്തു ജീവിക്കുകയാണെങ്കിൽ അതിനു പ്രസ ക്തിയില്ലേ? അതല്ലെങ്കിൽ ഇതിന്റെ വ്യത്യാസം മനസ്സിലാക്കുവാൻ എനിക്കു സാധിക്കുമോ?

ഒരു പാസ്റ്റർ ഒരിക്കൽ എഴുതി: "40 ദിന പ്രാർത്ഥനയിൽ സംബ ന്ധിച്ചുകൊണ്ടിരുന്ന ഒരു സഹോദരി എന്നെ ഫോണിൽ വിളിച്ചു (40 ദിന പ്രാർത്ഥനയുടെ പ്രത്യേകതകളെക്കുറിച്ചു 5-ാം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്) ഇത് അവളുടെ ജീവിതത്തെ മാറ്റിമറിച്ചു എന്നവൾ എന്നോടു പറഞ്ഞു. എന്റെ ആത്മീയ ജീവിതത്തിലുടനീളം എന്തായി

രുന്നു കുറവെന്ന് ഓർത്തു അവർ ആശ്ചര്യപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ മനസ്സിലാക്കി അവളുടെ കുറവു എന്തായിരുന്നു എന്ന് – അത് പരിശുദ്ധാത്മാവിന്റെ അഭാവമായിരുന്നു. നിങ്ങൾ അവളുടെ സാക്ഷ്യം കേട്ടിരിക്കേണ്ടതായിരുന്നു എന്നു ഞാൻ ആശിക്കുന്നു. തന്റെ ജീവിതത്തിൽ ദൈവവുമായി ബന്ധം സ്ഥാപിച്ചത് ആദ്യം ശ്രദ്ധിക്കാൻ തുടങ്ങി എന്ന് അവൾ പറയുന്നു... അവളുടെ ജീവിതത്തിൽ വന്ന മാറ്റം മറ്റുള്ളവരും ശ്രദ്ധിച്ചു."25 നമ്മുടെ ജീവിതത്തിൽ എന്തോ നഷ്ടമായിരിക്കുന്നു എന്നു മറ്റുള്ളവർ ശ്രദ്ധിക്കുന്നതായി നാം മനസ്സിലാക്കുന്നു. എന്നാൽ എന്താണ് നഷ്ടമായിരിക്കുന്നത് എന്ന് അവർ അറിയുന്നില്ല. കൂടുതലായി പ്രാപിക്കുവാൻ പലരും ആഗ്രഹിക്കുന്നു, പക്ഷേ, അത് എന്താണെന്നും അതു എങ്ങനെ ലഭിക്കും എന്നും അവർ അറിയുന്നില്ല.

1 കൊരി. 3:1–4 വരെ "എന്നപോലെ" എന്ന വാക്ക് മൂന്നു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നതിൽ എനിക്കു നന്ദിയുണ്ട്. "നിങ്ങളോടു... ജഡികന്മാരോട് എന്നപോലെ" എന്നു പറഞ്ഞിരിക്കുന്നു. ഒരു ജഡികനു ആത്മികനായിത്തീരാൻ കഴിയും എന്നാണ് ഇതു കാണിക്കുന്നത്. ജഡികന്മാരായി ആരും കഴിയേണ്ട ആവശ്യം ഇല്ല. വിശ്വാസത്തിന്റെ കാര്യത്തിൽ ഒരു മനുഷ്യൻ സമയം എടുത്തു ചിന്തിക്കുമ്പോൾ, അതു മനസ്സിലാക്കുവാൻ അവനു അവസരം ലഭിക്കുന്നതാണ്, അതുപോലെ മാറ്റം വരുത്തുന്നതിനും സമയം ലഭിക്കും. നമുക്ക് എങ്ങനെ ആത്മീയരായിത്തീരാൻ സാധിക്കും എന്ന കാര്യത്തെക്കുറിച്ചു നമുക്കു പിന്നീടു സംസാരിക്കാം.

അസൂയയും ശണ്ഠ കൂടുന്നതുമാണ് നമുക്ക് പരിഗണിക്കുവാനുള്ള മറ്റൊരു ലക്ഷണം. "നിങ്ങളുടെ ഇടയിൽ ഈർഷ്യയും പിണക്കവും ഇരിക്കെ" എന്നു വചനം പറയുന്നു. ജഡിക ക്രിസ്ത്യാനികൾ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ അല്ല ജീവിക്കുന്നത് എന്ന് അവരുടെ ഈ പെരുമാറ്റം തെളിയിക്കുന്നതായി അപ്പൊസ്തലനായ പൗലൊസ് രേഖപ്പെടുത്തുന്നു. എന്നാൽ അവർ ശേഷം ജനങ്ങളെപ്പോലെ ജഡികമായി പ്രവർത്തിക്കുന്നു. അവർ പ്രാകൃതന്മാരെപ്പോലെ പ്രവർത്തിക്കുന്നു. എങ്കിലും മതപരമായി എല്ലാം പൊതിഞ്ഞുകാണിക്കുന്നു. സഭയാകുന്ന തായ്ത്തടിയിൽ നിലനില്ക്കുന്ന എല്ലാ സംഘർഷങ്ങൾക്കും കാരണം ജഡസ്വഭാവമുള്ള സഭാവിശ്വാസികൾ എന്നല്ലേ ഇതിന്റെ അർത്ഥം? (യൂദാ വാക്യം 19). യേശുവിന്റെ കാലത്ത് പരീശന്മാരും സദൂ

ക്യരും തമ്മിൽ മത്സരമുണ്ടായിരുന്നില്ലേ? നേരത്തേ തന്നെ യാഥാസ്ഥിതികരും പുരോഗമനവാദികളും തമ്മിൽ സംഘർഷം നിലനിന്നിരുന്നു എന്നാണ് ഇതിന്റെ അർത്ഥം. ഒരു വിഭാഗത്തിൽപെട്ടവർ കാര്യങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ, മറ്റൊരു വിഭാഗം കാര്യങ്ങൾ അയഞ്ഞമട്ടിൽ വ്യാഖ്യാനിക്കുന്നു. പക്ഷേ തങ്ങൾ ബൈബിൾ ശരിയായ രീതിയിലാണ് വ്യാഖ്യാനിക്കുന്നതും പെരുമാറുന്നതും എന്നവർക്ക് ബോദ്ധ്യമുണ്ട്. പക്ഷേ രണ്ടു വിഭാഗക്കാരും ജഡികരാണെന്ന് യേശു നമുക്കു കാണിച്ചു തരുന്നു, അവർ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടിട്ടില്ല എന്നാണ് അർത്ഥം. ഇന്നും ഇതേകാര്യം സാദ്ധ്യമാണ് — യാഥാസ്ഥിക ക്രിസ്ത്യാനികൾക്ക് ജഡിക ക്രിസ്ത്യാനികൾ ആകാൻ കഴിയും.

നിർഭാഗ്യം എന്നു പറയട്ടെ, ജനങ്ങൾ ഇന്നു പലപ്പോഴും വീക്ഷിക്കുന്നത് "യാഥാസ്ഥിക അഥവാ പുരോഗമന കണ്ണാടിയിലൂടെയാണ്." ഇതിന്റെ പ്രയോജനം, വീക്ഷണം നടത്തുന്നവർ നല്ല രീതിയിൽ കാണപ്പെടുന്നു എന്നുള്ളതാണ്. എങ്കിലും ബൈബിൾ ജഡികരും ആത്മീയരും എന്നു വേർതിരിച്ചു പറയുമ്പോൾ ഒരു ആത്മിക വിവരപ്പട്ടിക എടുക്കുവാൻ നമ്മൾ വെല്ലുവിളിക്കപ്പെടുന്നു. നമ്മുടെ സ്വന്തം നന്മയ്ക്കുവേണ്ടി നാം ഇതു നിർവ്വഹിക്കേണ്ടതാണ്. ഗലാ. 6:7,8 വാക്യങ്ങളിൽ ദൈവം വ്യക്തമായി പ്രസ്താവിക്കുന്നത് പരിഗണിക്കുക. "ദൈവത്തെ പരിഹസിച്ചുകൂടാ; മനുഷ്യൻ വിതയ്ക്കുന്നതു തന്നെ കൊയ്യും. ജഡത്തിൽ വിതയ്ക്കുന്നവൻ ജഡത്തിൽനിന്നും നാശം കൊയ്യും. ആത്മാവിൽ വിതയ്ക്കുന്നവൻ ആത്മാവിൽനിന്നു നിത്യജീവനെ കൊയ്യും."

യേശുവിനെ അനുഗമിക്കുവാനും പ്രസാദിപ്പിക്കുവാനും ജഡിക മനുഷ്യൻ ആഗ്രഹിക്കുന്നു, പക്ഷേ അവൻ തന്റെ ജീവിതം യേശുവിനായ് പൂർണ്ണമായി സമർപ്പിച്ചിട്ടില്ല. ഒരുപക്ഷേ അവൻ അങ്ങനെ ചെയ്തിട്ടുണ്ടെങ്കിലും എങ്ങനെയോ അവൻ വിശ്വാസത്യാഗിയായിത്തീർന്നിരിക്കുന്നു (ഗലാ. 3:3; വെളി. 2:4,5). ഇതിന്റെ അർത്ഥം ചിലപ്പോൾ അവന്റെ ബോധമില്ലാത്ത മനസ്സിൽ ദൈവത്തിന്റെ ഇഷ്ടം അനുസരിച്ചു ജീവിക്കുവാൻ അവൻ ആഗ്രഹിക്കുന്നു, അവന്റെ സ്വന്തം ആഗ്രഹവും അതു തന്നെ ആയിരിക്കാം. പക്ഷേ അതു പ്രാവർത്തികമല്ല. കാരണം ഒടുവിൽ അവന്റെ സ്വന്തം ജീവിതം തന്റെ കയ്യിൽ വഹിക്കുന്നു

എന്നുള്ള കാര്യമാണ്. പഴമൊഴി പറയുന്നതുപോലെ അവന്റെ മനസ്സിൽ രണ്ടു ആത്മാക്കൾ വസിക്കുന്നു. അപ്രകാരമുള്ള ഒരു അവസ്ഥയിൽ ദൈവം പരിശുദ്ധാത്മാവിനെ അയയ്ക്കുമോ? അതിന്റെ മറുപടി യാക്കോബ് 4:3 പറയുന്നു: “നിങ്ങൾ യാചിക്കുന്നു എങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ ചിലവിടേണ്ടതിനു വല്ലാതെ യാചിക്കകൊണ്ട് ഒന്നും ലഭിക്കുന്നില്ല.” ഇതിന്റെ പരിസമാപ്തിയിലേക്കു വരുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവർ ജഡിക മനോഭാവത്തോടെ യാചിക്കുന്നു എന്നാണ് ഇതിന്റെ അർത്ഥം. അപ്രകാരമുള്ള യാചനയ്ക്കുള്ള മറുപടി ഉന്നത ഭാവത്തെ ഉണർത്തുകയില്ലല്ലോ? അനന്തരഫലമായി ഈ സഭാവിശ്വാസി സാധാരണ മാനുഷിക ശക്തിയോടും കഴിവുകളോടും കൂടിയാണ് ജീവിക്കുന്നത്. വെളി. 3:16 ൽ ഇതിനെ “ശീതോഷ്ണവാൻ” അല്ലെങ്കിൽ മത്തായി 25 ൽ “ബുദ്ധിയില്ലാത്തവർ” എന്നു വിളിക്കുന്നു.

### ജഡിക സഭാംഗങ്ങളെ എന്തുകൊണ്ടാണ് ശീതോഷ്ണവാൻ എന്നു വിളിക്കുന്നത്?

പരിശുദ്ധാത്മാവുമായിട്ടുള്ള അനുഭവം എന്തുകൊണ്ടാണ് ധാരാളം ക്രിസ്ത്യാനികൾക്ക് ഇല്ലാത്തത്? ഈ ചോദ്യത്തിനു ഉത്തരം പറയുന്നതിനുമുമ്പ് ആദ്യമായി ലവൊദിക്യ സഭയെക്കുറിച്ചുള്ള പ്രതിഭാസം നോക്കാം. ലവൊദീക്യസഭയിലെ വിശ്വാസികളെ എന്തുകൊണ്ടാണ് യേശുക്രിസ്തു ശീതോഷ്ണവാന്മാർ എന്നു വിളിക്കുന്നത്? അവിടുന്നു നമുക്കു വ്യക്തമായ സൂചന നൽകുന്നുണ്ട്. “ഞാൻ വാതില്ക്കൽ നിന്നു മുട്ടുന്നു” (വെളി. 3:20). വിശ്വാസികളുടെ ജീവിതത്തിന്റെ കേന്ദ്രസ്ഥാനം യേശു അല്ല. പക്ഷേ യേശു പുറത്താണ്. യേശു വാതിലിന്റെ പുറത്തു നില്ക്കുന്നു. എന്തുകൊണ്ടു അവിടുന്നു അകത്തേക്കു പ്രവേശിക്കുന്നില്ല. കാരണം കർത്താവിനെ ക്ഷണിച്ചിട്ടില്ല. യേശു നിർബ്ബന്ധം ചെലുത്തി പ്രവേശിക്കുകയില്ല, കാരണം നമ്മുടെ സ്വതന്ത്ര തീരുമാനത്തെ അവിടുന്നു മാനിക്കുന്നു.

എന്തുകൊണ്ട് വിശ്വാസികൾ യേശുവിനെ വാതിലിനു പുറത്തു നിർത്തുന്നു? ഇതിനു അനേകം വ്യത്യസ്ത കാരണങ്ങൾ ഉണ്ട്. ചിലർ തങ്ങളുടെ ആത്മിക ജീവിതത്തിൽ തികച്ചും ബുദ്ധിപരവും സ്വയം നിയന്ത്രണരീതികളും അവലംബിച്ചു പോകുന്നു. നിക്കോദേമൊസ് എന്ന പരീശനെപോലെ ക്രിസ്തീയ ജീവിതത്തിന്റെ ആകെതുക എന്താണെന്ന് മനസ്സിലാക്കുന്നില്ല. യോഹ. 3:1-10 ഉം ആയി താരതമ്യം

ചെയ്യുക. മറ്റു ചിലർക്ക് ശിഷ്യത്വത്തിന്റെ വില വളരെ ഉയർന്നതാണ്. ധനികനായ യുവപ്രമാണിയെപ്പോലെ അവർ പല കാര്യങ്ങളും വിട്ടുകളയേണ്ടതാണ് (മത്തായി 19:16-24 ഉം ആയി താരതമ്യം ചെയ്യുക). യേശുവിനെ അനുഗമിക്കണമെങ്കിൽ സ്വയത്യാഗവും ഒരുവന്റെ ജീവിതം മാറ്റപ്പെടുവാനുള്ള സന്നദ്ധതയും ആവശ്യമാണ് (മത്തായി 16:24,25 ഉം ആയി താരതമ്യം ചെയ്യുക). അതുപോലെ ഒരുവൻ പൂർണ്ണമായി ക്രിസ്തുവിനു സമർപ്പിക്കേണ്ടതാണ് (റോമർ 12:1). യേശുവിനെ പുറത്തു നിർത്തുന്നതിനു കാരണമായിത്തീരുന്നത് തീർത്തും അവഗണനയും ക്രിസ്തുവും ആയിട്ടുള്ള കൂട്ടായ്മയ്ക്കു സമയം തീരെ ചിലവിടാത്തതുമാണ്.

ഞാൻ വീണ്ടും ആവർത്തിക്കുന്നു: വെളി. 3:20 ൽ പറയുന്ന ശീതോഷ്ണാവസ്ഥയ്ക്കു കാരണം: യേശുവിനെ വാതിലിനു പുറത്തു നിർത്തുന്നതുകൊണ്ടാണ് ("ഞാൻ വാതില്ക്കൽ നിന്നു മുട്ടുന്നു") അവരുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദു യേശുക്രിസ്തു ആയിരുന്നില്ല. എന്നാൽ യേശു വാതിലിനു പുറത്തായിരുന്നു, അഥവാ ക്രിസ്തുവിനു അവരുടെ ജീവിതത്തിൽ പ്രാധാന്യം കല്പിച്ചിരുന്നില്ല. അതുകൊണ്ടു ശീതോഷ്ണാവസ്ഥ യേശുക്രിസ്തുവും ആയിട്ടുള്ള വ്യക്തിപരമായ ബന്ധത്തെ പരാമർശിക്കുന്ന കാര്യമാണ്. ബന്ധപ്പെട്ട വ്യക്തി തീർച്ചയായും മറ്റു മേഖലകളിൽ ശീതോഷ്ണവാൻ ആകേണ്ട ആവശ്യം ഇല്ല.

ഒരു ഉദാഹരണം: ഒരുവൻ തന്റെ തൊഴിലുമായി ബന്ധപ്പെട്ടു വളരെ കാശ് നിക്ഷേപിച്ചേക്കാം. എങ്കിലും അവന്റെ ഭാര്യയെ ശ്രദ്ധിക്കാതിരിക്കാം. അവന്റെ ജോലിക്കാര്യത്തിൽ പ്രതിജ്ഞാബദ്ധനാണ്, പക്ഷേ വിവാഹജീവിതത്തിൽ ശീതോഷ്ണവാൻ ആണ്. ഒരു വ്യക്തിക്കു പ്രതിജ്ഞാബദ്ധനായ ഒരു സഭാവിശ്വാസി ആയി കഴിയാം, അതുപോലെ കഠിനാധ്വാനം ചെയ്യുന്ന ഒരു സഭാനേതാവായും പ്രസിഡന്റായും കഴിയാം. പക്ഷേ യേശുക്രിസ്തുവും ആയിട്ടുള്ള ബന്ധത്തിൽ ശീതോഷ്ണവാൻ ആണ്. അനേകം കർത്തവ്യങ്ങൾ പൂർത്തീകരിക്കുന്നതിൽ ആ വ്യക്തി അർപ്പണബോധമുള്ളവൻ ആണ്. പക്ഷേ യേശുക്രിസ്തുവും ആയിട്ടുള്ള വ്യക്തിപരമായ ബന്ധത്തെ അവൻ അവഗണിച്ചുകളയുന്നു. ഇപ്രകാരമുള്ള ശീതോഷ്ണാവസ്ഥ മാറ്റുവാൻ ആണ് യേശു ആഗ്രഹിക്കുന്നത്. ഒരുവൻ ദൈവവേല ഉത്സാഹത്തോടെ ചെയ്യുമ്പോൾ (സഭയിലും സെക്ഷന്റെ പ്രവർത്തനത്തിലും) വേല നല്കിയ കർത്താവിനെ അവഗണിക്കുന്നത് വളരെ ദാരുണമായ കാര്യമാണ്.

## പത്തു കന്യകമാരുടെ ഉപമ

പത്തു കന്യകമാരെക്കുറിച്ചുള്ള യേശുവിന്റെ ഉപമ ആത്മിക, ജഡിക സഭാ വിശ്വാസികളെക്കുറിച്ചു എന്താണ് നമുക്കു കാണിച്ചുതരുന്നത്?

- പത്തുപേരും കന്യകമാർ ആയിരുന്നു.
- എല്ലാവർക്കും നിർമ്മലമായ വേദപുസ്തക വിശ്വാസപ്രമാണങ്ങൾ ഉണ്ടായിരുന്നു.
- എല്ലാവർക്കും വിളക്ക് ഉണ്ടായിരുന്നു.
- എല്ലാവർക്കും ബൈബിൾ ഉണ്ടായിരുന്നു.
- മണവാളനെ എതിരേല്പാൻ പത്തുപേരും പോയി.
- വീണ്ടും വരവിനുവേണ്ടി പത്തുപേരും കാത്തിരിക്കുന്നു.
- എല്ലാവരും ഉറങ്ങിപ്പോയി.
- എല്ലാവരും വിളികേട്ടു ഉണർന്നു.
- എല്ലാവരും തങ്ങളുടെ വിളക്ക് ഒരുക്കി.
- എല്ലാ വിളക്കും കത്തിക്കൊണ്ടിരുന്നു.
- തങ്ങളുടെ വിളക്കുകൾ കെട്ടുപോകുന്നത് പകുതിപ്പേർ ശ്രദ്ധിച്ചു.

എല്ലാവരും തങ്ങളുടെ വിളക്കുകൾ ഒരുക്കി, അതുപോലെ എല്ലാ വിളക്കുകളും കത്തിക്കൊണ്ടിരുന്നു; പക്ഷേ വിളക്കു കത്തുവാൻ എണ്ണ ആവശ്യമാണ്. ഊർജ്ജം ഉപയോഗിച്ചു. അല്പം കഴിഞ്ഞപ്പോൾ തങ്ങളുടെ വിളക്കുകൾ കെട്ടുപോകുന്നത് അഞ്ചുപേർ ശ്രദ്ധിച്ചു. ബുദ്ധിയില്ലാത്ത അഞ്ചുകന്യകമാരുടെ വിളക്കുകൾ അല്പസമയം കത്തിക്കൊണ്ടിരുന്നത് കാണിക്കുന്നത് തങ്ങൾക്ക് പരിശുദ്ധാത്മാവിന്റെ ശക്തി അല്പമായി ലഭിച്ചിരുന്നു എന്നാണ്. പക്ഷേ അതു പോരാ. അല്പം എണ്ണ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇതാണ് ഏക വ്യത്യാസം.

തങ്ങളെ അകത്തു പ്രവേശിപ്പിക്കണം എന്നു അഞ്ചുപേർ യാചിച്ചപ്പോൾ യേശു ഉത്തരം പറഞ്ഞത് ഇപ്രകാരമായിരുന്നു: “ഞാൻ നിങ്ങളെ അറിയുന്നില്ല” പരിശുദ്ധാത്മാവായ എണ്ണ ശ്രദ്ധിക്കുവാൻ അവർ വളരെ താമസിച്ചു പോയി. വാതിൽ അടക്കപ്പെട്ടു.

നമ്മുടെ യേശുവും ആയിട്ടുള്ള വ്യക്തിബന്ധത്തിന് പരിശുദ്ധാത്മാവിന്റെ കാര്യത്തിൽ ചില കാര്യങ്ങൾ ചെയ്യാനുണ്ട് എന്ന് കർത്താവിന്റെ പ്രസ്താവന നമുക്കു കാണിച്ചുതരുന്നു. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാൻ അനുവദിക്കാത്തവരെ യേശു അറിയുന്നില്ല. റോമർ 8:8,9 വാക്യങ്ങൾ ഇപ്രകാരം പറയുന്നു: "ജഡസ്വഭാവമുള്ളവർക്ക് ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിവില്ല. നിങ്ങളോ ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നു വരികിൽ ജഡസ്വഭാവമുള്ളവരല്ല, ആത്മസ്വഭാവമുള്ളവരത്രേ."

പരിശുദ്ധാത്മാവിലൂടെ മാത്രമേ നമുക്കു യഥാർത്ഥത്തിൽ യേശുവും ആയി ഒരു വ്യക്തിപരമായ ബന്ധം സ്ഥാപിക്കുവാൻ കഴിയുകയുള്ളൂ. 1 യോഹ. 3:24 പ്രസ്താവിക്കുന്നത് "അവൻ നമ്മിൽ വസിക്കുന്നു എന്ന് അവൻ നമുക്ക് തന്ന ആത്മാവിനാൽ നാം അറിയുന്നു." ഞാൻ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടിട്ടുണ്ട് എന്ന ഉറപ്പ് എനിക്കു ലഭിച്ചിട്ടുണ്ട് എങ്കിൽ ഞാൻ യേശുവിൻ വസിക്കുകയും അവിടുന്നു എന്നിൽ വസിക്കുകയും ചെയ്യുന്നു.

40 ദിവസ പ്രാർത്ഥനയിൽ സംബന്ധിച്ച ഒരു സഹോദരിക്ക് ഇപ്രകാരമുള്ള അനുഭവമാണ് ഉണ്ടായത്. അവളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം പകരപ്പെട്ടപ്പോൾ യേശുവും ആയിട്ടുള്ള വ്യക്തിപരമായ ബന്ധം പൂർണ്ണമായും വ്യത്യസ്തമായ വിധത്തിൽ അനുഭവിച്ചറിയുകയും ആ മാറ്റം മറ്റുള്ളവർ ശ്രദ്ധിക്കുകയും ചെയ്തു. ഈ പുസ്തകം പഠിച്ചശേഷം തെക്കൻ ജർമ്മനിയിൽനിന്നും ഉള്ള ഒരു സഹോദരി ഇപ്രകാരം എഴുതി: "ഡന്നീസ് സ്മിത്ത് എഴുതിയതായ രണ്ടാംവരവിനുവേണ്ടി ഒരുങ്ങുന്നതിന് 40 ദിവസ പ്രാർത്ഥനയും ആത്മീയതയും ഒരുമിച്ചു" എന്ന പുസ്തകവും ഈ പുസ്തകവും ഒരു വലിയ കാത്തിരിപ്പിനുശേഷം ലഭിച്ച ജീവിതത്തിലെ വലിയ അനുഗ്രഹമായിത്തീർന്നു. മറ്റുപല വിശ്വാസികളെപ്പോലെയും സഭയിലെ ഒരു സഹോദരിയെപ്പോലെയും ഞങ്ങളുടെ വിശ്വാസ അനുഭവത്തിൽ എപ്പോഴും എന്തോ ഒന്നു നഷ്ടമായിരുന്നു, എന്നാൽ യേശു എപ്രകാരം ഞങ്ങളുടെ ജീവിതത്തിൽ കടന്നുവന്നു എന്നുള്ളതിന്റെ അനുഭവ അനുഗ്രഹം ഞങ്ങൾക്ക് ഉണ്ടാവുകയും ഞങ്ങളെ മാറ്റിമറിക്കുകയും ചെയ്തു. അവിടുന്നു ഇപ്പോഴും ഞങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു, പടിപടിയായി ഞങ്ങളെ അവിടുത്തോടു അടുപ്പിച്ചുകൊണ്ടിരിക്കുന്നു."26

താഴെപ്പറയുന്ന കാര്യങ്ങൾ ഒരു സഹോദരൻ എഴുതി, "വ്യക്തി പരമായ ഉണർവ്വിനുള്ള പടികൾ" എന്ന പുസ്തകം എന്നെ ആഴത്തിൽ സ്പർശിച്ചു. 10 കന്യകമാരെക്കുറിച്ചുള്ള അദ്ധ്യായവും പ്രത്യേകിച്ചു റോമർ 8:9-ാം വാക്യം: "ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനു ള്ളവനല്ല." ഈ വചനം എന്നെ വളരെ ഞെട്ടിച്ചു. പെട്ടെന്ന് പരിശുദ്ധാ ത്മാവ് എന്നിൽ ഉണ്ടോ എന്ന് എനിക്ക് ഉറപ്പില്ലായിരുന്നു. ഒരുപക്ഷേ അവിടുന്നു എന്നിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ, അതിനു തക്കതായ ജീവിതത്തിലെ "ഫലങ്ങൾ" വേദനയോടെ എനിക്കു നഷ്ടപ്പെട്ടിരി ക്കുന്നു. ശബ്ബത്ത് മദ്ധ്യാഹ്നം കഴിഞ്ഞപ്പോൾ ഞാൻ പുസ്തകം വായിച്ചു തീർന്നു. അനന്തവും അഗാധവുമായ ദുഃഖം എന്നെ മുക്കിക്കളഞ്ഞു. അതിനുശേഷം 110-ാം പുറത്തെ പ്രാർത്ഥന ഞാൻ വായിച്ചു. പരിശു ദ്ധാത്മാവിനെ പ്രാപിക്കുവാനുള്ള അഗാധമായ ഒരു ആഗ്രഹം എന്നിൽ ഉണ്ടായി. എന്റെ ഹൃദയത്തെ മാറ്റേണമേ, പിതാവായ ദൈവത്തിന്റെ ഹിതപ്രകാരം എന്നെ മാറ്റേണമേ എന്നു ആഗ്രഹിച്ചു." ഈ പുസ്തക ത്തിനും അതിലെ വാക്കുകൾക്കും വളരെ നന്ദി, അതു എന്നെ അഗാധ മായി മാറ്റി." A.P.

ജഡിക ക്രിസ്ത്യാനി അവന്റെ അവസ്ഥയ്ക്കു മാറ്റം വരുത്തുന്നി ല്ലെങ്കിൽ അവനു നിത്യജീവൻ ലഭിക്കുകയില്ല എന്നുള്ളത് അവനു ഉണ്ടാ കുവാൻ പോകുന്ന ഏറ്റവും വലിയ ദുരന്തമാണ്. "ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവൻ അല്ല" (റോമർ 8:9).

ഇപ്പോൾ ചുരുക്കമായിപ്പറയുവാൻ ഉള്ളത്: പരിശുദ്ധാത്മാവിന്റെ കാര്യത്തിലാണ് ആത്മീയ, ജഡിക സഭാവിശ്വാസികൾ തമ്മിലുള്ള പ്രധാന വ്യത്യാസം. ആത്മിക ക്രിസ്ത്യാനി പരിശുദ്ധാത്മാവിനാൽ നിറയപ്പെടുന്നു. ജഡിക ക്രിസ്ത്യാനി പരിശുദ്ധാത്മാവിനാൽ നിറയ പ്പെടുന്നില്ല. അല്ലെങ്കിൽ ഭാഗികമായി മാത്രമേ നിറയപ്പെടുന്നുള്ളു.

നിങ്ങൾ ഒരു ജഡിക ക്രിസ്ത്യാനിയാണെന്ന് ബോദ്ധ്യമായോ? എങ്കിൽ കോപിക്കരുത്, ദൈവം നിങ്ങൾക്ക് ഒരു പോംവഴി തരുന്നു. അതു പരിശുദ്ധാത്മാവാണ്.

ചില മണ്ഡലങ്ങളിൽ പരിശുദ്ധാത്മാവിന്റെ ചില വരങ്ങൾ അഥവാ ദാനങ്ങൾ കൂടുതൽ ഊന്നിപ്പറയുന്നു. മറ്റു സാഹചര്യങ്ങളിൽ, മറ്റു മണ്ഡലങ്ങളിൽ പരിശുദ്ധാത്മാവിനെ അവഗണിക്കുന്നു. അവിടുത്തെ വിശുദ്ധവചനം പിൻതുടരുവാനും അങ്ങേയറ്റത്തേയ്ക്കോ മറ്റേ അറ്റ

ത്തേയ്ക്കോ പോകാതിരിപ്പാനും നമ്മുടെ പ്രിയ കർത്താവു നമ്മെ സഹായിക്കട്ടെ.

## ശ്രദ്ധേയമായ വാക്കുകൾ

### ശ്രദ്ധേയമായ വാക്കുകൾ ഒരു ഗ്ലാസ്സിലെ തണുത്ത വെള്ളംപോലെ

വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ എന്ന പുസ്തകം തണുത്ത വെള്ളം പോലെയാണ്. ഒരു മനുഷ്യൻ അതു കുടിച്ചാൽ, അതു അവനു ചൈതന്യം പകരും. ഉറങ്ങുന്നവന്റെ പുറത്ത് തണുത്ത വെള്ളം ഒഴിച്ചാൽ കറണ്ടടിക്കുന്നതുപോലെ അവനിൽ പ്രവർത്തിക്കുന്നതാണ്. എഴുത്തുകാരനും ഇതു ഞങ്ങളുടെ സഭയ്ക്കു അയച്ചു തന്ന ദൂതുവാഹകനും പ്രത്യേകം നന്ദി. ഈ പുസ്തകവായനയിലൂടെ എനിക്കു വ്യക്തിപരമായി പല അനുഗ്രഹങ്ങളും ലഭിച്ചു. പാക്കിസ്ഥാനിൽനിന്നും T.B. # 80.

### പരിശുദ്ധാത്മാവിനെ ഡ്രൈവറുടെ സീറ്റിൽ ഇരുത്തിയാൽ അപകടങ്ങൾ ഒഴിവാക്കപ്പെടും

വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ എന്ന പുസ്തകം ഞാൻ 4 പ്രാവശ്യം വായിച്ചു. ഇനി രണ്ടു പ്രാവശ്യം എങ്കിലും വായിക്കുന്നതാണ്. അതു എനിക്കു അനുഗ്രഹത്തിനു കാരണമായി. കഴിഞ്ഞയാഴ്ച ഞാൻ പ്രസംഗിച്ചു (ഞാൻ ഒരു സഭാവിശ്വാസിയാണ്). ബൈബിളും എലൻ ജി. വൈറ്റ് പുസ്തകങ്ങളും വായിക്കുവാൻ എനിക്കു ഇപ്പോൾ ആദ്ധ്യാത്മികമായ സ്വാതന്ത്ര്യം ലഭിച്ചിരിക്കുകയാണ്. എനിക്കു ഇപ്പോൾ ലഭിച്ചിരിക്കുന്നത് ഒരു പുതിയ മനോഭാവമാണ്. പരിശുദ്ധാത്മാവ് ഡ്രൈവറുടെ സീറ്റിൽ ഇരിക്കുവാൻ ഞാൻ ഇപ്പോൾ ആഗ്രഹിക്കുന്നു. ഞാൻ ഇത് നേരത്തേ ചെയ്തിരുന്നെങ്കിൽ എത്രമാത്രം അപകടങ്ങൾ ഒഴിവാക്കാമായിരുന്നു!

യു.എസ്.എ. യിൽനിന്നും P.M. EE 210719 # 117

### വിളക്കിൽ എണ്ണ

വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ എന്ന പുസ്തകം നിർദ്ദേശിക്കുന്ന അഭിപ്രായങ്ങൾ പിൻതുടരുന്ന ആർക്കും ആവശ്യത്തിനു എണ്ണ വിളക്കിൽ ഉണ്ടായിരിക്കുന്നതാണ്.

ജർമ്മനിയിൽനിന്നും H.K. # 73

## പ്രാഥമിക കാര്യങ്ങളിലേക്കു മടങ്ങിവരിക

അടിസ്ഥാനപരമായ കാര്യങ്ങളിലേക്കു മടങ്ങിവരുവാൻ സഹായിച്ചതിന് പ്രത്യേകം നന്ദി.

J.S. 201118 എടുത്തുപറയുക, # 97

"കാഹളം തെളിവില്ലാത്ത നാദം കൊടുത്താൽ പടയ്ക്കു ആർ ഒരുങ്ങും?" (1 കൊരി. 14:8).

## വ്യക്തിപരമായ ചിന്തകളും ചർച്ചയ്ക്കു വഴികാട്ടിയും

1. പരിശുദ്ധാത്മാവിന്റെ കുറവിനു മിക്കവാറും എന്തു കാരണമാണുള്ളത്?

.......................................................................................................................

2. ദൈവത്തോടുള്ള ബന്ധത്തിന്റെ അടിസ്ഥനത്തിൽ മൂന്നു വിഭാഗം ജനങ്ങളെ നിർവചിച്ചിരിക്കുന്നു. ഓരോ വിഭാഗത്തിന്റെയും സ്വഭാവ വിശേഷതകൾ എന്തെല്ലാം?

   പ്രാകൃത മനുഷ്യൻ.......................................................................................

   ജഡിക മനുഷ്യൻ .........................................................................................

   ആത്മിക മനുഷ്യൻ .......................................................................................

3. ഞാൻ ഏതു വിഭാഗത്തിൽ ഉൾപ്പെട്ടിരിക്കുന്നു എന്നു നിശ്ചയിക്കുന്ന ഘടകം എന്താണ്?

.......................................................................................................................

4. ദൈവത്തോടുള്ള പ്രതിജ്ഞാബദ്ധത എന്തുകൊണ്ട് വളരെ പ്രധാനപ്പെട്ട കാര്യമാണ്?

.......................................................................................................................

5. ബുദ്ധിയുള്ള അഞ്ചു കന്യകമാരും ബുദ്ധിയില്ലാത്ത അഞ്ചു കന്യകമാരും തമ്മിലുള്ള വ്യത്യാസം എന്താണ്?

.......................................................................................................................

### നമ്മുടെ പ്രാർത്ഥനയ്ക്കുള്ള സമയം

- നിങ്ങളുടെ പ്രാർത്ഥനാപങ്കാളിയുമായി ചേർന്നു ഈ വിഷയം ചർച്ചചെയ്യുക.
- നിങ്ങളുടെ പങ്കാളിയുമായി ചേർന്നു പ്രാർത്ഥിക്കുക.

1. നിങ്ങളുടെ കുറവ് ദൈവം കാണിച്ചുതരുന്നതിനുവേണ്ടി.
2. ഒരു ആത്മിക ഹൃദയം ലഭിക്കുന്നതിനുവേണ്ടി.
3. നിങ്ങൾ ഒരു ജഡിക വ്യക്തിയാണെന്ന കാര്യം ബോദ്ധ്യപ്പെടുന്നതിനും അംഗീകരിക്കുന്നതിനും ഉള്ള പ്രാപ്തി ലഭിക്കുന്ന നിമിഷം മാറ്റത്തിനു വേണ്ടി ദൈവത്തോടു സഹായം അഭ്യർത്ഥിക്കാൻ.

### നാലാം ദിവസം

ഒരു ജഡിക ക്രിസ്ത്യാനി ആയിരിക്കുന്നതിന്റെ പ്രധാന പ്രശ്നം എന്താണ്?

### താരതമ്യം: പ്രാരംഭകാല സഭയും അവസാനകാല സഭയും

ആദ്യകാല സഭയും ഇന്നത്തെ സഭയും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ, നമുക്കു നിരീക്ഷിക്കുവാൻ കഴിയുന്ന കാര്യം, പ്രാരംഭകാല സഭ ആത്മിക ജനങ്ങളാൽ സുശക്തമായിരുന്നു എന്നാണ്. അവരുടെ പെട്ടെന്നുള്ള അനുകൂല പുരോഗതിക്കു ഇതായിരുന്നു കാരണമെന്നു അപ്പൊസ്തലപ്രവൃത്തികൾ വെളിപ്പെടുത്തുന്നു. അവർക്ക് മറ്റൊരു സഹായവും ലഭിച്ചിരുന്നില്ല. എന്നാൽ അവർക്ക് പരിശുദ്ധാത്മാവുണ്ടായിരുന്നു. നമുക്കു ശ്രേഷ്ഠമായ അനേകം സഹായ ഉപാധികൾ ഉണ്ട്. പക്ഷേ നമുക്കു പരിശുദ്ധാത്മാവിന്റെ കുറവു സംഭവിച്ചിരിക്കുന്നു.

എ. ഡബ്ലിയു. ടോമ്പർ പറഞ്ഞിരിക്കുന്നതു ഓർക്കുക: പരിശുദ്ധാത്മാവിനെ നമ്മുടെ സഭയിൽനിന്നും ഇന്നു പിൻവലിക്കുകയാണെങ്കിൽ, ഇന്ന് നാം ചെയ്തുകൊണ്ടിരിക്കുന്ന 95% കാര്യങ്ങളും തുടർന്നുകൊണ്ടിരിക്കും. ഒരുമാറ്റവും ആർക്കും കാണാൻ കഴിയുകയില്ല. ആദിമ സഭയിൽനിന്നും പരിശുദ്ധാത്മാവിനെ പിൻവലിച്ചിരുന്നെങ്കിൽ അവർ ചെയ്തുകൊണ്ടിരുന്ന 95% കാര്യങ്ങളും (ഇതിന്റെ അർത്ഥം ഏതാണ്ട് എല്ലാ കാര്യങ്ങളും) നിന്നുപോവുകയും മറ്റുള്ളവർ മാറ്റം മനസ്സിലാക്കുകയും ചെയ്യുമായിരുന്നു."27

പരിശുദ്ധാത്മാവിനെക്കൂടാതെ മുമ്പോട്ടുപോകുവാൻ കഴിയും എന്നു നാം പഠിച്ചുവോ? ഇന്ന് അടിസ്ഥാനപരമായി സഭയിൽ ഉള്ളത് ജഡിക ക്രിസ്ത്യാനികൾ ആണോ?

അനന്തരഫലമായി നാം പലപ്പോഴും ശക്തിഹീനരും ആത്മികകാര്യങ്ങളിൽ ഒരു വലിയ അളവിൽ വിജയം പ്രാപിക്കാത്തവരും ആണോ? പല സ്ഥലങ്ങളിലും സഭയുടെ വളർച്ച മുരടിച്ചുവരുന്നതാണോ ജഡിക മനോഭാവത്തിനുള്ള ഏക വസ്തുത? പല മേഖലകളിലും ഉണ്ടാകുന്ന ഗൗരവമായ പ്രശ്നങ്ങൾ ജഡിക മനോഭാവങ്ങൾ കൊണ്ടു സംഭവിക്കുന്നതല്ലേ? വ്യക്തിപരമായും കൂട്ടായും നമ്മൾ നോക്കുമ്പോൾ നമ്മുടെ മുഖ്യമായ പ്രശ്നം പരിശുദ്ധാത്മാവിന്റെ അഭാവമാണെന്ന് നാം എത്ര ശ്രമിച്ചാലും നമുക്കു മനസ്സിലാക്കാൻ കഴിയും. നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ ദൈവസഹായത്താൽ പെട്ടെന്നു മാറ്റം വരുത്തുവാൻ കഴിയും.

ശുശ്രൂഷകന്മാർക്കുവേണ്ടി തയ്യാറാക്കിയിരിക്കുന്ന താഴെപ്പറയുന്ന പ്രസ്താവന സ്വാഭാവികമായി എല്ലാവർക്കും യോജിക്കുന്നതാണ്. ജൊഹാൻസ് മേഗർ പറയുന്നത്: "ആത്മീയ ക്രിസ്ത്യാനികളും ജഡിക ക്രിസ്ത്യാനികളും തമ്മിലും പരിശുദ്ധാത്മാവിനാൽ നിറവു പ്രാപിച്ചവരും തങ്ങളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിനു യാതൊരു സ്ഥാനവും നൽകാത്തവരും പരിശുദ്ധാത്മാവിനാൽ സ്നാനം പ്രാപിച്ചവരും പരിശുദ്ധാത്മാവിനാൽ നിറവു പ്രാപിക്കാത്തവരും തമ്മിലുള്ള വ്യത്യാസം അപ്പൊസ്തലനായ പൗലൊസ് വേർതിരിച്ചുകാണിക്കുന്നു.

ഒരു ശുശ്രൂഷകന്, ഇതിന്റെ അർത്ഥം ഇപ്രകാരമാണ്: "എനിക്കു ശക്തമായ വേദശാസ്ത്രപരിശീലനം ലഭിച്ചിരിക്കാം. ബൈബിളിന്റെ മൂലഭാഷകളിൽ നല്ല പരിജ്ഞാനം പ്രാപിക്കുകയും അർത്ഥവ്യാപ്തിയിൽ പ്രാവീണ്യം നേടുകയും ചെയ്തിരിക്കാം. ബൈബിൾ സത്യങ്ങളെക്കുറിച്ചു പാണ്ഡിത്യം ലഭിക്കുകയും പല നൂറ്റാണ്ടുകളിൽ ഉണ്ടായിരുന്ന ആധികാരിക വേദശാസ്ത്രം പഠിക്കുകയും അതിൽ നിശ്ചയം പ്രാപിക്കുകയും ചെയ്തിരിക്കാം. ശക്തമായ പ്രസംഗകല ഗ്രഹിക്കുകയും സന്ദർഭോചിതമായി തൻമയത്വമായി പ്രസംഗിക്കുന്നുണ്ടായിരിക്കാം. പക്ഷേ എനിക്കു വളരെ അറിവും കഴിവും ഉണ്ടെങ്കിലും പരിശുദ്ധാത്മാവിനെക്കൂടാതെ കഴിയാൻ എനിക്കു സാധിക്കും. പരിശുദ്ധാത്മാവിൽ നിറവ് പ്രാപിക്കാതെ പുസ്തകങ്ങളും വിദ്യാഭ്യാസയോഗ്യതയും

നല്ല സാങ്കേതിക ഉപകരണങ്ങളും വ്യക്തി പ്രഭാവവും ഞാൻ ആർജ്ജിച്ചേക്കാം.

പരിശുദ്ധാത്മാവിനെക്കൂടാതെ സുവിശേഷപ്രസംഗം, പരസ്യപ്രാർത്ഥനകൾ, സഭാജീവിത രൂപീകരണം, സുവിശേഷയോഗങ്ങളുടെ ഒരുക്കം, പാസ്റ്റർ കൗൺസിലിങ് മുതലായ കാര്യങ്ങൾ മനസ്സിലാക്കുകയും പ്രവൃത്തിപഥത്തിൽ നടപ്പിലാക്കുകയും ചെയ്തിരിക്കാം. അപകടകരമായ ഈ സാദ്ധ്യതയെക്കുറിച്ചു മിസ്സിസ് എലൻ ജി. വൈറ്റ് പറയുന്നത് ഇപ്രകാരമാണ്: "പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വളരെ മന്ദീഭവിച്ചു പോകുവാൻ കാരണം ശുശ്രൂഷകന്മാർ ആത്മാവ് ഇല്ലാതെ പ്രവർത്തിക്കുവാൻ പഠിച്ചിരിക്കുന്നതുകൊണ്ടാണ്."28 "അടിസ്ഥാന വിദ്യാഭ്യാസവും ചിട്ടയോടുകൂടിയ തുടർ പരിശീലനവും ഒരു പാസ്റ്റർക്ക് അനിവാര്യമായിരിക്കുന്നതുപോലെ തന്നെ ഒരാൾ നിരന്തരം പരിശുദ്ധാത്മാവിനാൽ നിറയപ്പെടേണ്ടത് അതിനെക്കാൾ പ്രധാനപ്പെട്ട കാര്യമാണ്."29

ചുരുക്കിപ്പറഞ്ഞാൽ, പരിശുദ്ധാത്മാവിന്റെ സഹായം ഇല്ലാതെ സാധാരണ മനുഷ്യന്റെ ശക്തിയോടും കഴിവുകളോടും കൂടെ ജീവിക്കുക, അല്ലെങ്കിൽ അപര്യാപ്തമായ അളവിൽ മാത്രം ആത്മാവിനെ ലഭിക്കുക.

## ജഡിക ക്രിസ്ത്യാനിത്വം മുഖാന്തരം ഉണ്ടാകുന്ന ഏറ്റവും വലിയ തടസ്സം എന്താണ്?

ബൈബിളിന്റെ നീതിശാസ്ത്രം: ശത്രുക്കളെ സ്നേഹിക്കുക, എല്ലാത്തിനുംവേണ്ടി മറ്റുള്ളവരോടു ക്ഷമിക്കുക, പാപത്തെ അതിജീവിക്കുക തുടങ്ങിയ കാര്യങ്ങൾ മനുഷ്യന്റെ പ്രയത്നം കൊണ്ടു കൈവരിക്കുവാൻ കഴിയുകയില്ല. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ മാത്രമേ നേടിയെടുക്കുവാൻ കഴിയുകയുള്ളൂ. മാനുഷിക ശക്തിയാൽ ആശ്രയിക്കുന്നതാണ് ജഡിക ക്രിസ്ത്യാനിത്വത്തിന്റെ പ്രശ്നം എന്നു ഇതു നമുക്കു കാണിച്ചുതരുന്നു. നമ്മുടെ ശക്തി ഉപയോഗിച്ചു നമുക്കു ദൈവത്തിന്റെ ഇഷ്ടം പ്രവൃത്തിക്കുവാൻ കഴിയുകയില്ല. ഈ വിഷയത്തെക്കുറിച്ചുള്ള ചില വേദപുസ്തകവാക്യങ്ങൾ നമുക്കു വായിക്കാം:

യെശ. 64:6 – "ഞങ്ങളുടെ നീതിപ്രവൃത്തികളൊക്കെയും കറപിടിച്ച തുണിപോലെ."

യിരെ. 13:23 – "കൂശ്യനു തന്റെ ത്വക്കും പുള്ളിപ്പുലിക്കു തന്റെ പുള്ളിയും മാറ്റുവാൻ കഴിയുമോ? എന്നാൽ ദോഷം ചെയ്‌വാൻ ശീലിച്ചിരിക്കുന്ന നിങ്ങൾക്കും നന്മ ചെയ്‌വാൻ കഴിയും.

യെഹെ. 36:26,27 – "ഞാൻ നിങ്ങൾക്ക് പുതിയൊരു ഹൃദയം തരും; പുതിയൊരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായ ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽ നിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും. ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും; നിങ്ങൾ എന്റെ വിധികളെ പ്രമാണിച്ചു അനുസരിക്കും."

റോമർ 8:7 – "ജഡത്തിന്റെ ചിന്ത ദൈവത്തോടു ശത്രുത്വം ആകുന്നു; അതു ദൈവത്തിന്റെ ന്യായപ്രമാണത്തിനു കീഴ്പ്പെടുന്നില്ല."

മിസ്സിസ് എലൻ ജി. വൈറ്റ് വ്യക്തമായും കൃത്യമായും പറഞ്ഞിട്ടുണ്ട്: "ഒരുവൻ തന്റെ പ്രവൃത്തികൊണ്ട്, ന്യായപ്രമാണാനുഷ്ഠാനത്താൽ സ്വർഗ്ഗത്തിൽ പോകുവാൻ ശ്രമിക്കുകയാണെങ്കിൽ, അവൻ അസാദ്ധ്യമായതാണ് ശ്രമിക്കുന്നത്. അനുസരണം കൂടാതെ മനുഷ്യൻ രക്ഷ പ്രാപിക്കുകയില്ല, പക്ഷേ അവന്റെ സ്വന്തം പ്രവൃത്തികൊണ്ട് രക്ഷ പ്രാപിക്കുകയില്ല, അവിടുത്തെ ഇഷ്ടം പ്രവർത്തിക്കുന്നതിനും അവിടുത്തേയ്ക്കു പ്രസാദമുള്ളതു ചെയ്യുന്നതിനും ക്രിസ്തു അവനിൽ പ്രവർത്തിക്കണം." 30

പരിശുദ്ധാത്മാവിന്റെ സഹായമില്ലാതെ ദൈവ ഇഷ്ടം പ്രവർത്തിക്കുവാൻ സാദ്ധ്യമല്ല എന്നതിന് ഈ വാക്യങ്ങൾ മതിയായതാണെന്ന് ഞാൻ ചിന്തിക്കുന്നു. നാം ദൈവ ഇഷ്ടം നടക്കുന്നതിനു എപ്പോഴും തീരുമാനം എടുക്കുന്നതും അതു നടപ്പിലാക്കുന്നതിനു ദൈവശക്തി ലഭിക്കുന്നതും ആയിരിക്കണം നമ്മുടെ വലിയ ചിന്താഭാരം. വിശ്വാസത്താലുള്ള നീതീകരണം എന്ന ഉപദേശം മനസ്സിലാക്കുക എന്നുള്ളതു തീർച്ചയായും പ്രധാനപ്പെട്ട കാര്യമാണ്. അതു നമ്മെ സ്വതന്ത്രരാക്കുന്നതാണ്. എങ്കിലും ഇതു വിശദമായി ചർച്ച ചെയ്യുവാൻ നമുക്കു ഇവിടെ കഴിയുകയില്ല.

## ഒരുവന്റെ ശക്തിയിൽനിന്നും കവിഞ്ഞുപോകുന്ന ഒരു കാര്യം ചെയ്യാൻ ശ്രമിക്കുമ്പോൾ എന്തു സംഭവിക്കുന്നു?

ഇത് എനിക്കു ചെയ്യുവാൻ കഴിയുകയില്ല എന്നു ഞാൻ മനസ്സിലാക്കുമ്പോൾ എന്തു സംഭവിക്കുന്നു? "എനിക്കു അതു ചെയ്യാൻ കഴിയു

കയില്ല! ഞാൻ വീണ്ടും പരാജയപ്പെട്ടു!" നിരാശ നിമിത്തം ഉണ്ടാകുന്ന അനുഭവങ്ങൾ ആണ് ഇങ്ങനെ പറയാൻ കാരണം.

പ്രായം ചെന്നവരെക്കാളും യവ്വനക്കാരിൽ ഈ പ്രശ്നം ഉയർന്നു നില്ക്കുന്നതായി എനിക്കു തോന്നുന്നു. പ്രായം ചെന്നവർ വളരെ ശക്തമായ ഉത്തരവാദിത്വബോധം ഉള്ളവരും കുടുംബത്തിലും സ്കൂളിലും ബിസ്സിനസ് കാര്യങ്ങളിലും അനുസരണം കാണിച്ചവർ ആണ്. അതുകൊണ്ടു യവ്വനക്കാരെപ്പോലെ അവർ വേഗത്തിൽ അത്യന്താപേക്ഷിതമായി വിഷമിക്കുകയില്ല. എന്നാൽ ഈ പ്രശ്നം യവ്വനക്കാരിലും പ്രായം ചെന്നവരിലും ഒരു പോലെ നിലനില്ക്കുന്നതായി കാണാം. യവ്വനക്കാർ അതു വിശദമായി ശ്രദ്ധിക്കുന്നു. ഒരുവൻ ഇതു അറിഞ്ഞാലും ഇല്ലെങ്കിലും സ്വന്തം ശക്തിയിൽ ആശ്രയിച്ചു വിശ്വാസത്തിന്റെ പാതയിൽ സഞ്ചരിക്കുന്നതാണ് ജഡിക ക്രിസ്ത്യാനികളുടെ മുഖ്യമായ പ്രശ്നം.

ഈ പ്രശ്നത്തെ നമുക്കു എങ്ങനെ പരിഹരിക്കാൻ കഴിയും? ദൈവസഹായത്തിനുവേണ്ടി ഒരു വ്യക്തി തീവ്രമായി പ്രാർത്ഥിക്കുകയും പ്രയാസമുള്ളതു ശ്രമിക്കുവാൻ തീരുമാനിക്കുകയും ചെയ്തിരിക്കാം. നാം ഇടുങ്ങിയ ചിന്താഗതിക്കാർ ആകരുത് എന്ന് മറ്റൊരാൾ ചിന്തിച്ചിരിക്കാം. അവൻ ഇപ്പോൾ കാര്യങ്ങൾ സാധാരണയായി കാണുന്നു, താൻ സ്വതന്ത്രൻ ആണെന്ന് തോന്നുന്നു. മറ്റൊരുവൻ അവന്റെ വിശ്വാസം പൂർണ്ണമായി ത്യജിച്ചുകളയുന്നു. അവന് നല്ല സ്വസ്ഥത അനുഭവപ്പെടുന്നു. ഏറ്റവും വലിയ പ്രശ്നം ഈ പോംവഴികൾ, തെറ്റായ പരിഹാരമാർഗ്ഗങ്ങൾ ആയിരുന്നു എന്ന വസ്തുതയാണ്, കാരണം അനന്തരഫലം വേഗത്തിലോ അല്ലെങ്കിൽ താമസിച്ചോ ഉണ്ടാകാം. ഏറ്റവും നല്ല മാർഗ്ഗം, ദൈവത്തിന്റെ നിയമങ്ങൾ ഗൗരവമായി എടുക്കുക, കാരണം അവ നൽകപ്പെട്ടിരിക്കുന്നത് സ്നേഹത്താൽ അധിഷ്ഠിതവും നമ്മുടെ നന്മയ്ക്കും വേണ്ടി ഉള്ളതാണ്. എങ്കിലും ഈ കാര്യത്തിൽ ദൈവശക്തി നമുക്കു ആവശ്യമാണ്. വർദ്ധിച്ച സന്തോഷത്തോടും പ്രചോദനത്തോടും ശക്തിയോടും ഫലസമൃദ്ധിയോടും വിജയത്തോടും കൂടെ പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ആശ്രയിച്ചു ജീവിക്കുക എന്നുള്ളതാണ് ശരിയായ മാർഗ്ഗം.

### മുഖ്യമായ പ്രശ്നം

ഇത് കൂടുതലായും ജഡിക ക്രിസ്ത്യാനികളെ ബാധിക്കുന്ന കാര്യമാണെന്ന് നാമെല്ലാവരും അംഗീകരിക്കുന്നതായി ഞാൻ ചിന്തിക്കുന്നു.

ശീതോഷ്ണാവസ്ഥയിൽ ഉള്ള അനുഗാമികളെ യേശുവിനു ആവശ്യ മില്ല എന്ന കാര്യം വളരെ വ്യക്തമായിരിക്കയല്ലേ? നമുക്കു ദൈവം നൽകാൻ ആഗ്രഹിക്കുന്ന സമൃദ്ധമായ ജീവിതം അവർക്കില്ല; ഒരു പക്ഷേ അവർ മനസ്സിലാക്കുന്നില്ലെങ്കിലും അവർ ഒരു തെറ്റായ മാതൃക യാണ് നൽകുന്നത്. പ്രശ്നം നാം ചിന്തിക്കുന്നതിനെക്കാൾ ഗൗരവമേ റിയതാണ്, അർദ്ധമനസ്കരായ ക്രിസ്ത്യാനികൾ അവിശ്വാസികളെ ക്കാൾ മോശമാണ്. അവരുടെ വഞ്ചന നിറഞ്ഞ വാക്കുകളും സമർപ്പണ മില്ലാത്ത സ്ഥാനവും നിമിത്തം പലരും വഴിതെറ്റിപോകുവാൻ ഇട യാക്കും."31

ആർതർ ജി. ദാനീയേൽസിന്റെ "ക്രിസ്തു നമ്മുടെ നീതി" എന്ന പുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു. "സമ്പ്രദായങ്ങളിൽ വിശ്വസിക്കുന്നത് വഞ്ചനാപരവും നമ്മെ നശിപ്പിക്കുന്നതും ആണ്. അതു പ്രതീക്ഷിക്കാൻ കഴിയാത്ത മറഞ്ഞിരിക്കുന്ന പാറയാണ്. കഴിഞ്ഞ നൂറ്റാണ്ടുകളിൽ സഭയ്ക്കു പല പ്രാവശ്യം തകർച്ച നേരിട്ടിട്ടുള്ളത് ഇതു നിമിത്തമാണ്. അന്ത്യകാലത്തെ വിപത്തുകളിൽ ഒന്നായ, ദൈവശക്തി ഇല്ലാത്ത, വേഷഭക്തിയെക്കുറിച്ചു അപ്പൊസ്തലനായ പൗലൊസ് മുന്ന റിയിപ്പ് നൽകുന്നുണ്ട്. ഇപ്രകാരം വഞ്ചനാപരവും വശീകരിക്കുന്നതു മായ തിന്മകളിൽനിന്നും ഒഴിഞ്ഞിരിക്കുവാൻ അപ്പൊസ്തലൻ നമ്മെ പ്രബോധിപ്പിക്കുന്നു."32

## ജഡിക ക്രിസ്ത്യാനിത്വത്തിലേക്കു നയിക്കുന്ന സാധ്യമായ വസ്തുതകൾ

താഴെപ്പറയുന്ന യാഥാർത്ഥ്യങ്ങൾ അഥവാ കാരണങ്ങൾ ആണ് നമ്മെ ജഡിക ക്രിസ്ത്യാനിത്വത്തിലേക്കു നയിക്കുന്നത്:

1. അജ്ഞത – "പരിശുദ്ധാത്മാവിനോടുകൂടെ ഉള്ള ജീവിതം" എന്ന വിഷയത്തിനു വേണ്ടി നമ്മെ വേണ്ടവിധം സമർപ്പിച്ചിട്ടില്ല, അല്ലെ ങ്കിൽ അതു പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാൻ ഉള്ള താക്കോൽ നാം ഇതുവരെയും കണ്ടെത്തിയിട്ടില്ല.

2. അവിശ്വാസം അഥവാ അല്പവിശ്വാസം – നമ്മെ പൂർണ്ണമായി ക്രിസ്തുവിനു സമർപ്പിക്കുക എന്നുള്ളതാണ് പരിശുദ്ധാത്മാവി നാൽ നിറയപ്പെടുവാനുള്ള മുൻ ഉപാധി. പൂർണ്ണമായി സമർപ്പി ക്കുന്നതിന് തടസ്സമായിത്തീരുന്നത് നമ്മുടെ അജ്ഞത നിമിത്ത മാണ്, അല്ലെങ്കിൽ നാം ആഗ്രഹിക്കുന്നതിന് വ്യത്യസ്തമായി

ദൈവം നമ്മെ നയിക്കും എന്നുള്ള ഭയമാണ്. ഇതിനു കാരണം. നാം ദൈവസ്നേഹത്തിലും ജ്ഞാനത്തിലും വേണ്ടതുപോലെ ആശ്രയിക്കുന്നില്ല എന്നാണ് ഇതിന്റെ അർത്ഥം.

3. തെറ്റായ സങ്കല്പങ്ങൾ - യഥാർത്ഥത്തിൽ ഒരുവൻ പരിശുദ്ധാത്മാവിൽ നിറയപ്പെടുകയോ ആവശ്യത്തിൽ അധികം നിറയപ്പെടുകയോ ചെയ്യാതെ താൻ നിറയപ്പെട്ടിട്ടുണ്ട് എന്നു സ്വയം ചിന്തിക്കുന്നു. എപ്പോഴും ഉണ്ടാകുന്ന ഏറ്റവും വലിയ പ്രശ്നം ഇതാണെന്ന് വെളിപ്പെടുന്നു.

4. വളരെ തിരക്കു പിടിച്ച ജീവിതം - മനുഷ്യൻ കൂടുതൽ ഭാരങ്ങൾ ചുമക്കുന്നതുകൊണ്ടു ക്രിസ്തുവും ആയി ഒരു നല്ല ബന്ധം നിലനിർത്തിക്കൊണ്ടു പോകുവാൻ അവർക്കു സമയം ലഭിക്കുന്നില്ല, അല്ലെങ്കിൽ ആവശ്യമായ സമയം ലഭിക്കുന്നില്ല. പക്ഷേ ദൈവവുമായിട്ടുള്ള ബന്ധത്തിൽ അവർക്കു യാതൊരു പുരോഗതിയും ഉണ്ടാകുന്നില്ല.

5. മറഞ്ഞിരിക്കുന്ന പാപങ്ങൾ - അനുതപിച്ചു ഏറ്റു പറയുന്നില്ല, ആവശ്യമായ നിരപ്പിക്കലിന്റെ അനുഭവം പ്രാപിക്കുന്നില്ല. വൈദ്യുതി നിലയ്ക്കുന്നതുപോലെ ദൈവശക്തിയും ആയിട്ടുള്ള ബന്ധം അറ്റുപോകുന്നു.

6. ജനത്തെ ഭയം - ഈ കാലത്തിന്റെ സംസ്കാരങ്ങളിൽ മുഴുകി ജീവിക്കുന്നവർക്കു വിശ്വാസത്തിന്റെ തത്വപ്രകാരം ജീവിക്കുന്നതിന് അവർക്കു ധൈര്യം ഇല്ല.

7. പലപ്പോഴും തങ്ങളുടെ മനോവികാരങ്ങൾ അനുസരിച്ചു പ്രവർത്തിക്കുന്നു - ദൈവവചനം ഇപ്രകാരം പറയുന്നു: “നീതിമാൻ വിശ്വാസത്താൽ ജീവിക്കും.” ഞാൻ തീരുമാനം എടുക്കുന്നത് ദൈവത്തിൽ ആശ്രയിച്ചു ആണോ, അതോ എന്റെ ചേതോവികാരങ്ങൾ അനുസരിച്ചാണോ? റോഗർ മോർണിയോയുടെ പ്രസ്താവന എന്നെ ശരിക്കും സ്വാധീനിക്കുകയുണ്ടായി: “ക്രിസ്തുവിന്റെയും അവിടുത്തെ പ്രവാചകന്മാരുടെയും വാക്കുകൾ ശ്രദ്ധിക്കുന്നതിനു പകരം തങ്ങളുടെ വികാരങ്ങളെ ശ്രദ്ധിക്കുവാൻ ഭൂതാന്മാക്കൾ മനുഷ്യരെ പ്രോത്സാഹിപ്പിക്കുന്നു. എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്ന് തിരിച്ചറിയാത്ത ആ വ്യക്തികളുടെ ജീവിതങ്ങളെ നിയ

ന്ത്രിക്കുന്നതിന് ഭൂതാത്മാക്കൾക്ക് വളരെ എളുപ്പമാണ്, ഇതിനെക്കാൾ ഉറപ്പായ മറ്റൊരു മാർഗ്ഗം ഇല്ല."33

## എന്തുകൊണ്ടു ഞാൻ പരിശുദ്ധാത്മാവിനു വേണ്ടി യാചിക്കണം?

എന്റെ സ്നാനസമയത്തു ഞാൻ പരിശുദ്ധാത്മാവിനെ പ്രാപിച്ചിരുന്നു. എങ്കിൽപോലും ഇവിടെ ഒരു പ്രശ്നം ഉണ്ടോ? വിരുദ്ധ അഭിപ്രായം പറഞ്ഞാൽ, നമ്മിൽ വസിക്കുന്നതിനാണ് പരിശുദ്ധാത്മാവിനെ നമുക്കു നൽകിയത്. വിരുദ്ധ അഭിപ്രായം പറഞ്ഞാൽ, നാം വിശ്വാസത്തിൽ നിരന്തരം പരിശുദ്ധാത്മാവിനുവേണ്ടി പ്രാർത്ഥിക്കേണം എന്നാണ്. പ്രകടമായ ഈ വിപരീത ആശയത്തെ നാം എങ്ങനെയാണ് പരിഹരിക്കുന്നത്?

മറ്റൊരുവിധത്തിൽ പറഞ്ഞാൽ: യോഹന്നാന്റെ സുവിശേഷം 14:17 ൽ യേശു പറഞ്ഞിരിക്കുന്നത്, "നിങ്ങളോ അവൻ നിങ്ങളോടുകൂടെ വസിക്കയും നിങ്ങളിൽ ഇരിക്കുകയും ചെയ്യുന്നതുകൊണ്ട് അവനെ അറിയുന്നു." അപ്പൊസ്തലപ്രവൃത്തികൾ 2:38 പറയുന്നത് "മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും."

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, യേശു ശിഷ്യന്മാരെ പ്രാർത്ഥന പഠിപ്പിച്ചപ്പോൾ അവിടുന്നു (ലൂക്കൊസ് 11:9-13) പറഞ്ഞിരിക്കുന്നത്, "യാചിക്കുന്നവന് ഏവനും ലഭിക്കുന്നു... സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും." എഫെസ്യർ 5:18 പറയുന്നത് "ആത്മാവു നിറഞ്ഞവരായി" ഈ രണ്ടു സംഗതികളിലും മൂലഭാഷയായ ഗ്രീക്കിൽ ഇതിന്റെ അർത്ഥം "തുടരെയുള്ള യാചന" എന്നാണ്.

## പരിഹാരം

മിസ്സിസ് എലൻ ജി. വൈറ്റ് പറയുന്നത്: "എങ്കിലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം എപ്പോഴും എഴുതപ്പെട്ട വചനവുമായി ഐക്യപ്പെട്ടിരിക്കുന്നു. പ്രകൃതിയിലും ആത്മിക ലോകത്തിലും പരിശുദ്ധാത്മാവ് ഒരുപോലെ പ്രവർത്തിക്കുന്നു. ഈ പ്രകൃതിയിലെ നമ്മുടെ ജീവിതം ദിവ്യശക്തിയാൽ ഓരോ നിമിഷവും സംരക്ഷിക്കപ്പെടുന്നു. പക്ഷേ നേരി

ട്ടുള്ള അത്ഭുത പ്രവർത്തികളിലൂടെയല്ല പരിപാലിക്കപ്പെടുന്നത്. നമ്മുടെ ഉപയോഗത്തിനുവേണ്ടി അനുഗ്രഹങ്ങൾ നമുക്കു എത്തിപ്പിടിക്കാവുന്ന അകലത്തിൽ വച്ചിരിക്കുന്നു. അതുകൊണ്ട് നമ്മെ കരുതുന്ന ദൈവം നമ്മുടെ ആത്മീയ ജീവിതം പരിപാലിക്കപ്പെടുന്നതിന് ആവശ്യമായ മുഖാന്തരങ്ങൾ നമ്മുടെ ഉപയോഗത്തിനായി നൽകിയിരിക്കുന്നു. "ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിനു" (എഫെ. 4:12,13) മായി ക്രിസ്തുവിന്റെ അനുഗാമികൾ വളർന്നുകൊണ്ടിരിക്കണം. അവൻ ജീവന്റെ അപ്പം ഭക്ഷിക്കുകയും രക്ഷയുടെ ജലം കുടിക്കുകയും വേണം. അവൻ ജാഗ്രതയുള്ളവനായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്തു, ദൈവവചനത്തിലെ പ്രബോധനങ്ങൾക്കും എല്ലാ കാര്യങ്ങൾക്കും ശ്രദ്ധ നൽകുകയും വേണം."34

നമ്മുടെ ജനനസമയത്താണ് നമുക്കു ജീവൻ ലഭിച്ചത്. നമ്മുടെ ജീവിതം നിലനിർത്തുന്നതിനുവേണ്ടി നാം ഭക്ഷിക്കുകയും പാനം ചെയ്യുകയും വ്യായാമം മുതലായ കാര്യങ്ങൾ ചെയ്യുകയും വേണം. ഇതേപോലെയാണ് ആത്മീയ ജീവിതത്തിലും. നമ്മുടെ ആത്മീയ ജീവിതം ജീവിതകാലം മുഴുവൻ നിലനിർത്തുന്നതിനുവേണ്ടി നാം ജലസ്നാനം സ്വീകരിച്ചതിലൂടെ (നാം വീണ്ടും ജനനം പ്രാപിച്ച്) നമുക്ക് പരിശുദ്ധാത്മാവ് ഉണ്ട്. ഇപ്രകാരം ആത്മീയജീവിതം പരിപോഷിപ്പിക്കുന്നതിനുവേണ്ടി ദൈവം ചില ആത്മിക മുഖാന്തരങ്ങൾ നൽകിയിട്ടുണ്ട്, പരിശുദ്ധാത്മാവ് ദൈവവചനം, പ്രാർത്ഥന സാക്ഷീകരണം മുതലായവയാണ് ഈ ആത്മീയ ഉപാധികൾ.

യോഹന്നാന്റെ സുവിശേഷം 15-ാം അദ്ധ്യായം 4-ാം വാക്യത്തിൽ യേശു പ്രസ്താവിച്ചിരിക്കുന്നത്: "എന്നിൽ വസിപ്പിൻ, ഞാൻ നിങ്ങളിലും വസിക്കും." മിസ്സിസ് എലൻ ജി. വൈറ്റ് ഇതിനെക്കുറിച്ചു പറയുന്നത്: "ക്രിസ്തുവിൽ വസിക്കുക എന്നു പറഞ്ഞാൽ സ്ഥിരമായി പരിശുദ്ധാത്മാവിനെ പ്രാപിക്കുക എന്നാണ്. തുറന്ന മനസ്സോടെ അവിടുത്തെ സേവനത്തിനു വേണ്ടി നമ്മുടെ ജീവിതത്തെ നാം സമർപ്പിക്കുന്നതാണ്."35

അതുകൊണ്ടാണ് എല്ലാ ദിവസവും എല്ലാ പ്രഭാതത്തിലും നമ്മെയും നമുക്കുള്ളതെല്ലാമായി വിശ്വാസത്തോടെ സമർപ്പിക്കുകയും പരിശുദ്ധാത്മാവിനു വേണ്ടി യാചിക്കേണ്ടതും.

## ഞാൻ എവിടെ നില്ക്കുന്നു?

ഇപ്പോൾ ഞാൻ ഏതു വിഭാഗത്തിൽ ആണ് ഉൾപ്പെട്ടിരിക്കുന്നത് എന്ന് തിരിച്ചറിയേണ്ടത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഞാൻ എവിടെ നില്ക്കുന്നു?

എന്റെ അമ്മയ്ക്കു 20 വയസ്സുള്ളപ്പോൾ ഒരു മനുഷ്യന്റെ ചോദ്യത്തിനു ഉത്തരമായി അവൾ പറഞ്ഞത് തനിക്കു വിശ്വാസകാര്യങ്ങളിൽ താല്പര്യം ഇല്ലാ എന്നാണ്. അതിനു അദ്ദേഹം ഉത്തരം നൽകി. “നിങ്ങൾ ഇന്നു രാത്രിയിൽ മരിച്ചാൽ?” ഈ അഭിപ്രായം എന്റെ അമ്മയെ കഠിനമായി ബാധിച്ചു. പക്ഷേ അതിനു നിഷേധാത്മകമല്ലാത്ത ഫലം ലഭിച്ചു. യേശുവിനു വേണ്ടിയും അവിടത്തെ സഭയ്ക്കു വേണ്ടിയും തീരുമാനമെടുക്കുവാൻ ഇതു സഹായിച്ചു. ചിലപ്പോൾ ഈ ചോദ്യം നിങ്ങളെയും സഹായിക്കുന്നതാണ്. നിങ്ങൾ ഇന്നു മരിച്ചു എന്നു സങ്കല്പിക്കുക. (ഹൃദയ സ്തംഭനം? വാഹന അപകടം) യേശു ക്രിസ്തുവിനോടുകൂടെ നിത്യജീവൻ ലഭിക്കുമെന്ന് നിങ്ങൾക്ക് ഉറപ്പുണ്ടോ? നിശ്ചയമില്ലാത്തവരായി കഴിയരുത്.

## നമ്മുടെ സന്തോഷം ഇതിനെ ആശ്രയിച്ചിരിക്കുന്നു

ഈ പ്രശ്നത്തിന്റെ വലിയ വ്യാപ്തി ഞാൻ മനസ്സിലാക്കിയപ്പോൾ എനിക്കു വലിയ അമ്പരപ്പ് ഉണ്ടായി. ഈ ഖണ്ഡിക യഥാർത്ഥത്തിൽ ചേർക്കണമോ വേണ്ടയോ എന്നു ചിന്തിച്ചു ഞാൻ ഭാരപ്പെട്ടു പ്രാർത്ഥിച്ചു. ഇപ്പോൾ ഈ ലോകത്തിലെ സന്തോഷത്തിന്റെയും നിത്യജീവന്റെയും വിഷയമായതുകൊണ്ടു ഈ അവസരം ഉപയോഗിക്കുവാൻ ഞാൻ തീരുമാനിച്ചു. ഇതു പ്രത്യേകിച്ചു നമ്മുടെ വിവാഹത്തെയും കുടുംബബന്ധങ്ങളെയും സഭകളെയും തൊഴിലുകളെയും സ്വാധീനിക്കുന്നതാണ്. ആരൊക്കെ ഇതു നടപ്പിലാക്കും എന്നു എനിക്കു അറിയത്തില്ല. ഞാൻ സഹായിക്കപ്പെട്ടതുകൊണ്ട് മാറ്റത്തിന് താല്പര്യപ്പെടുന്നവർക്ക് ഒരു സഹായമായിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എല്ലാവരും ഇത് തിരിച്ചറിയുന്നത് വളരെ നിർണ്ണായകമായ കാര്യമാണ്. അല്ലാത്തപക്ഷം മാറ്റത്തിനു വേണ്ടി ദൈവത്തോടു സഹായം ചോദിക്കാൻ അവർക്കു കഴിയുകയില്ല. പരിശുദ്ധാത്മാവിലൂടെ യേശുക്രിസ്തുവും ആയി ഒരു ഈടാർന്ന ബന്ധം സ്ഥാപിച്ചു നമ്മെ സമൃദ്ധിയായി അനുഗ്രഹിക്കുവാൻ ദൈവം അവിടുത്തെ സ്നേഹത്തിൽ ആഗ്രഹിക്കുന്നു.

ഇതിന്റെ ഫലമായി വലിയൊരു നഷ്ടം ഒഴിവാക്കുവാനും അളവില്ലാത്ത അനുഗ്രഹം അനുഭവിച്ചറിയാനും സാധിക്കും. ദൈവസഹായത്താൽ ഈ സാഹചര്യത്തിനു പെട്ടെന്ന് ഒരു പരിഹാരമാർഗ്ഗം വരുത്തുവാൻ കഴിയും എന്നുള്ളതു അത്ഭുതകരമായ കാര്യമാണ്. (ഇതിന്റെ കൂടുതൽ വിവരങ്ങൾ 3,5 അദ്ധ്യായങ്ങളിൽ കാണാൻ സാധിക്കും).

ജഡിക ക്രിസ്ത്യാനിത്വത്തിന്റെ പ്രശ്നം വ്യത്യസ്ത മാർഗ്ഗത്തിൽ ബൈബിളിൽ വിവരിച്ചിരിക്കുന്നു. വ്യക്തികൾക്കും ഓരോ വിഭാഗങ്ങളിലും ഉള്ള ജനങ്ങൾക്കും വ്യത്യസ്തമായ അഭിപ്രായങ്ങളും താല്പര്യങ്ങളും ഉണ്ട്. പക്ഷേ മുഖ്യമായ പ്രശ്നം ഒന്നുതന്നെയാണ്. വ്യത്യസ്തമായ വ്യാഖ്യാനങ്ങൾ ഇവയാണ്.

- “ജഡത്തിൽ” റോമർ 8:1-17; 1 കൊരി. 3:1-4; ഗലാ. 5:16-21; മറ്റു വചനങ്ങളും.
- “ബുദ്ധിയില്ലാത്തവർ” പത്തു കന്യകമാരുടെ ഉപമ (മത്തായി 25:1-13).
- “സഭയുടെ അവസ്ഥയെ സൂചിപ്പിക്കുന്നത് ബുദ്ധിയില്ലാത്ത കന്യകമാർ ആണ്. അതുപോലെ ലവൊദീക്യസഭയുടെ അവസ്ഥയും ഇതു സൂചിപ്പിക്കുന്നതായി പറയുന്നു.”36
- “ശീതോഷ്ണാവസ്ഥ” ലവൊദീക്യാ സഭയ്ക്കുള്ള ദൂത് (വെളി. 3:14-21). “ശീതവാനോ ഉഷ്ണവാനോ ആയിരുന്നു എങ്കിൽ കൊള്ളാമായിരുന്നു” (വെളി. 3:15). ഇത് ആശ്ചര്യകരമല്ലേ? ശീതത്തെ ശീതോഷ്ണാവസ്ഥയോടു ചേർത്തു അവതരിപ്പിക്കുവാൻ ആണ് യേശു താല്പര്യപ്പെടുത്തുന്നത്. അവിടുത്തേയ്ക്കു അതിനുള്ള കാരണം എന്താണ്? “പകുതി മനസ്കരായ ക്രിസ്ത്യാനികൾ അവിശ്വാസികളെക്കാൾ മോശമാണ്; കാരണം അവരുടെ വഞ്ചന നിറഞ്ഞ വാക്കുകളും സമർപ്പിക്കപ്പെടാത്ത പദവികളും മറ്റു അനേകം പേരെ വഴിതെറ്റിക്കുന്നതാണ്. അവിശ്വാസി അവന്റെ നിറം ഏതാണെന്ന് കാണിക്കുന്നു. ശീതോഷ്ണാവസ്ഥയിൽ ഉള്ളവർ രണ്ടു കൂട്ടരെയും വഞ്ചിക്കുന്നു. അവൻ നല്ലൊരു ലൗകികനും അല്ല നല്ലൊരു ക്രിസ്ത്യാനിയും അല്ല. ആർക്കും ചെയ്യാൻ കഴിയാത്ത വേല സാത്താൻ അവനെ ഉപയോഗിച്ചു ചെയ്യുന്നു.”37

- “വീണ്ടും ജനിച്ചിട്ടില്ല” അഥവാ ഈ അവസ്ഥയിൽ കഴിഞ്ഞിട്ടില്ല. (യോഹ. 3:1–21).

- “ഈ കാലത്തിലെ ലോകത്തിൽ വീണ്ടും ജനന അനുഭവം വളരെ വിരളമാണ്. ഇതു നിമിത്തമാണ് സഭയിൽ അനേകം ആശയക്കുഴപ്പങ്ങൾ ഉള്ളത്. യേശുവിന്റെ നാമം ഏറ്റെടുക്കുന്നു. അനേകം പേർ വിശുദ്ധീകരണം പ്രാപിക്കാത്തവരും അശുദ്ധന്മാരും ആണ്. അവർ സ്നാനം സ്വീകരിച്ചവർ ആണ്. പക്ഷേ അവരെ ജീവനോടെ കുഴിച്ചിട്ടിരിക്കുകയാണ്. അവരുടെ ഞാൻ എന്ന ഭാവം ക്രൂശിക്കപ്പെട്ടിട്ടില്ല, അതുകൊണ്ടു അവർ ക്രിസ്തുവിൽ ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു ഉയിർത്തെഴുന്നേറ്റിട്ടില്ല.”38

- ഭക്തിയുടെ വേഷം ധരിക്കുക — “ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തി ത്യജിക്കുന്നവരായിരിക്കും” (2 തിമൊ. 3:5) ഇതിനെക്കുറിച്ചു ആർതർ ജി. ദാനീയേൽസ് താഴെപ്പറയുന്ന കാര്യങ്ങൾ പറയുന്നു: “വേഷഭക്തി അങ്ങേയറ്റം വഞ്ചനാപരവും നാശയോഗ്യവുമാണ്. അതു മറഞ്ഞിരിക്കുന്നതും പ്രതീക്ഷിക്കാത്ത പാറയിടുക്കും ആണ്. എല്ലാ നൂറ്റാണ്ടുകളിലും സഭയെ തച്ചുടയ്ക്കുവാൻ വേണ്ടി ഉണ്ടായിട്ടുള്ള ഭീഷണിപ്പെടുത്തൽ ആണ്. ഭക്തിയുടെ വേഷം ധരിക്കുന്നതിനെക്കുറിച്ചു അപ്പൊസ്തലനായ പൗലൊസ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. (2 തിമൊ. 3:5). ദൈവശക്തി കൂടാതെ (പരിശുദ്ധാത്മാവിനാൽ നിറയപ്പെടാതെ) ഇരിക്കുന്നത് അന്ത്യകാലത്തെ ഏറ്റവും വലിയ അപകടങ്ങളിൽ ഒന്നാണ്. ആശ്വാസകരം എന്നു തോന്നുന്ന ഈ സ്വയ വഞ്ചനാ മനോഭാവത്തിൽ നാം പെട്ടുപോകരുത് എന്ന് അപ്പൊസ്തലൻ നമ്മെ ഗുണദോഷിക്കുന്നു.”39 നമ്മെ ഞെട്ടിപ്പിക്കുന്ന അനേകം പ്രസ്താവനകൾ മിസ്സിസ് എലൻ ജി. വൈറ്റിന്റെ എഴുത്തുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്:

  വളരെ, വളരെ കുറച്ചുപേർ

- എന്റെ സ്വപ്നത്തിൽ, ഒരു കാവൽക്കാരൻ ഒരു പ്രധാന കെട്ടിടത്തിന്റെ വാതിൽക്കൽ നിൽക്കുന്നതു ഞാൻ കണ്ടു. കെട്ടിടത്തിൽ പ്രവേശിക്കുവാൻ വന്നതാണോ എന്നു എല്ലാവരോടും ചോദിച്ചു; “നിങ്ങൾക്ക് പരിശുദ്ധാത്മാവിനെ ലഭിച്ചുവോ?” ഒരു അളവുകോൽ

അവന്റെ കൈവശം ഉണ്ടായിരുന്നു, എന്നാൽ വളരെ, വളരെ കുറച്ചു പേർക്കു മാത്രമേ കെട്ടിടത്തിൽ പ്രവേശനം നൽകിയുള്ളൂ."40

- 20 പേരിൽ ഒരാൾ പോലും ഒരുങ്ങിയിട്ടില്ല.

പാവനമായ ഒരു പ്രസ്താവന സഭയോടു അറിയിപ്പാൻ ഞാൻ ആഗ്ര ഹിക്കുകയാണ്. ചർച്ച് രജിസ്റ്ററിൽ പേരുള്ളവരിൽ ഇരുപതിൽ ഒരാൾപോലും തങ്ങളുടെ ഭൂമിയിലെ ചരിത്രം അവസാനിക്കുവാൻ പോകുമ്പോഴും ഒരുങ്ങിയിരിക്കുന്നതായി കണ്ടില്ല, ലോകത്തിലെ ശേഷം പാപികളെപ്പോലെ വാസ്തവത്തിൽ അവർ ദൈവത്തെ കൂടാതെയുള്ളവരും പ്രത്യാശയില്ലാത്തവരും ആണ്."41

- എന്തുകൊണ്ട് നാം ഉറക്കത്തിൽ ആണ്?

"ക്രിസ്തുവിന്റെ പടയാളികൾ ആയവർ എന്തുകൊണ്ടു ഉറങ്ങുന്ന വരും അലസചിത്തരുമായി കാണുന്നു? കാരണം അവർക്ക് ക്രിസ്തുവുമായി യാതൊരു ബന്ധവും ഇല്ല. കാരണം അവിടുത്തെ ആത്മാവിനെ അവർ ഉപേക്ഷിച്ചു കളഞ്ഞിരിക്കുകയാണ്"42

- വലിയ ആപത്ത്

"ഹ്രസ്വമായതും അനിശ്ചിതത്വം നിറഞ്ഞതുമായ ഈ ലോകത്തിൽ ഞാൻ വസിക്കുകയില്ല. എങ്കിലും ഘോരമായ അപകടം ഉണ്ട് – ഈ അപകടം വേണ്ടതുപോലെ മനസ്സിലാക്കിയിട്ടില്ല – ദൈവ ത്തിന്റെ പരിശുദ്ധാത്മാവിന്റെ അപേക്ഷാശബ്ദത്തിനു വഴങ്ങുന്നതു താമസിപ്പിക്കുന്നു. പാപത്തിൽ ജീവിക്കുന്നതു തിരഞ്ഞെടുത്ത താണ് ഇപ്രകാരം വൈകിപ്പിക്കുന്നതിനു കാരണം."43 പാപത്തിന്റെ അന്തർഭാഗം എന്താണ്? "അവർ എന്നിൽ വിശ്വസിക്കായ്ക കൊണ്ട്" (യോഹ. 16:9). നാം യഥാർത്ഥത്തിൽ യേശുവിൽ വിശ്വസി ക്കുകയും ആശ്രയിക്കുകയും ചെയ്യുന്നതിന്റെ അടയാളം നാം അവി ടുത്തേയ്ക്കായി പൂർണ്ണമായി നമ്മെ സമർപ്പിക്കുന്നതിലൂടെയാണ്. അതുപോലെ എല്ലാ കാര്യങ്ങളിലും കർത്താവിനെ അനുഗമിക്കു വാനുള്ള നമ്മുടെ സന്നദ്ധതയും ഇതിൽ ഉൾപ്പെടുന്നു.

എനിക്കു വീണ്ടും പറയുവാൻ ഉള്ളത്: ഈ ഗൗരവമേറിയ ഖണ്ഡിക കൂട്ടിച്ചേർക്കുവാൻ ഈ അവസരം തിരഞ്ഞെടുത്തതിനു കാരണം ഇതു നമ്മുടെ ഇപ്പോഴത്തെ വ്യക്തിപരമായ സന്തോഷത്തിനും നാം അനു

ഭവിക്കുവാൻ പോകുന്ന നിത്യജീവനും പ്രയോജനമുള്ളതുകൊണ്ടാണ്. നാം മറ്റുള്ളവരെ എങ്ങനെ വലിയ രീതിയിൽ സ്വാധീനിക്കാം എന്നുള്ളതിനും ഇതു ഒരു വലിയ ഘടകമാണ്, പ്രത്യേകിച്ചും നമ്മുടെ വിവാഹം, കുടുംബം, സമൂഹം, സഭ എന്നിവയെയും ഇതു സ്വാധീനിക്കും.

## ചോദ്യങ്ങളും കൂടുതൽ ചോദ്യങ്ങളും

നിർണ്ണായകമായ ചോദ്യം: നിങ്ങൾ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടിട്ടുണ്ടോ, അതോ ഇല്ലയോ? ഒരു വ്യക്തി പരിശുദ്ധാത്മാവിനാൽ നിറയപ്പെടുന്നതു എപ്പോഴാണ്? ആവശ്യമായ മുൻഉപാധികൾ എന്തെല്ലാം? പരിശുദ്ധാത്മാവിനോടൊത്തു ജീവിക്കുന്നതുകൊണ്ടു ലഭിക്കുന്ന പ്രത്യക്ഷമായ ഫലങ്ങൾ എന്തെല്ലാം? നിങ്ങൾ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടിട്ടുണ്ട് എന്നു തെറ്റായി ചിന്തിക്കുമ്പോൾ എന്തു സംഭവിക്കുന്നു?

## മുന്നറിയിപ്പുകൾക്ക് നന്ദി പറയുക

ഉണർവ്വ് എന്ന വിഷയത്തിനു വേണ്ടി നാം കൂടുതൽ സമയം ചിലവഴിക്കുന്നതിൽ കർത്താവിനു നന്ദി അർപ്പിക്കുക. നമുക്കു ഉണർവ്വു ഉണ്ടാകുന്നതിനുവേണ്ടി നമ്മുടെ വലിയവനും അത്ഭുതം പ്രവർത്തിക്കുന്നവനുമായ ദൈവം ഇപ്പോൾ പരിശുദ്ധാത്മാവിലൂടെ ഈ ഉൾപ്രേരണ നൽകിയതിന് അവിടുത്തേയ്ക്കു ചില കാരണങ്ങൾ ഉണ്ട്. ഇതൊക്കെയാണോ കാരണങ്ങൾ?

- നമ്മുടെ കുറവുകളെ പരിഹരിച്ചു ലവൊദിക്യസഭയുടെ അവസ്ഥയിൽനിന്നും നമ്മെ വിടുവിക്കുവാൻ അവിടുന്നു ആഗ്രഹിക്കുന്നതുകൊണ്ട്.

- പെട്ടെന്നുള്ള യേശുവിന്റെ വീണ്ടും വരവിനും അവിടുത്തെ വരവിനു തൊട്ടുമുമ്പുള്ള പ്രത്യേക സമയത്തിനുവേണ്ടി നമ്മെ ഒരുക്കുന്നതിന്.

- അവസാന കാലത്തു ഉണ്ടാകാൻ പോകുന്ന ഉണർവ്വ് (വെളി. 18:1,2).

“ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്നവരിലൂടെ” (വെളി. 12:17) ഈ ഉണർവ്വ് ലോകത്തിൽ കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നതുകൊണ്ട്.

ഓരോ ജഡിക ക്രിസ്ത്യാനിക്കും വേഗത്തിൽ തന്നെ ഒരു ആത്മിക ക്രിസ്ത്യാനിയായിത്തീരാൻ സാധിക്കുന്നതുകൊണ്ടു നമുക്കു ദൈവത്തെ സ്തുതിക്കാം – പരിശുദ്ധാത്മാവിൽ ജീവിക്കുന്ന ഓരോ വ്യക്തിക്കും ക്രിസ്തുവിന്റെ സമ്പൂർണ്ണതയോളം വളരുവാൻ സാധിക്കും. ഇതാണ് നമ്മുടെ അടുത്ത ജോലി. എന്നാൽ ആ അദ്ധ്യായം അവസാനിപ്പിക്കുന്നതിനുമുമ്പ് നാം മറ്റൊരു അനുഭവം പ്രാപിക്കേണ്ടതാണ്:

## പുതിയ പ്രചോദനവും ആന്തരിക സന്തോഷവും

"വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ" എന്ന പുസ്തകം സഭയിലെ ഒരു സഹോദരി എനിക്കു തരികയുണ്ടായി. പുസ്തകത്തിലെ ഉള്ളടക്കം എന്നെ സ്പർശിച്ചു. ഇങ്ങനെയുള്ള ഒന്നിനുവേണ്ടി ഞാൻ കഴിഞ്ഞകാലങ്ങളിൽ അന്വേഷിക്കുകയായിരുന്നു, ഒടുവിൽ കണ്ടെത്തി. അപ്പോൾ മുതൽ ഞാൻ എന്റെ ആത്മികജീവിതത്തെ ക്രമീകരിക്കുവാൻ തുടങ്ങി, അപ്പോഴാണ് ഞാൻ മനസ്സിലാക്കുന്നത് ചില കാര്യങ്ങൾ ഞാൻ അനുഷ്ഠിക്കേണ്ടതായിട്ടുണ്ട് എന്ന്. എന്നെ പൂർണ്ണമായി യേശുവിനായ് സമർപ്പിച്ചു. അതിനുശേഷം എന്റെ കർത്താവ് എന്നെ നേരത്തേ ഉണർത്തി എന്റെ വ്യക്തിപരമായ ആത്മികതയ്ക്കുവേണ്ടി സമയം നൽകി. "40 ദിവസങ്ങൾ" എന്ന പുസ്തകത്തിലെ ഓരോ അദ്ധ്യായങ്ങൾ ഓരോ ദിവസവും ഞാൻ പഠിച്ചു. യേശുവും ആയിട്ടുള്ള എന്റെ ബന്ധം വർദ്ധിച്ചതായി ഞാൻ ശ്രദ്ധിച്ചു. ആ ബന്ധത്തിന്റെ ആഴവും ദൃഢതയും കൂടി. പരിശുദ്ധാത്മാവ് എന്നിൽ പ്രവർത്തിക്കുവാൻ തുടങ്ങി. 40 ദിവസങ്ങൾ എന്ന പുസ്തകത്തിനുശേഷം 40 ദിവസങ്ങൾ എന്ന രണ്ടാം പുസ്തകം പഠിക്കുവാൻ തുടങ്ങി. അതിനുശേഷം ഈ പുസ്തകങ്ങൾ നാലുപ്രാവശ്യം വീതം ഞാൻ പഠിച്ചു. എനിക്കു ദൈവവുമായിട്ടുള്ള കൂട്ടായ്മയ്ക്കുവേണ്ടി അല്ലാതെ മറ്റൊന്നും ചോദിക്കാൻ ഇല്ലായിരുന്നു. ഇതിന്റെ ഫലം വളരെ ശ്രദ്ധേയമായിരുന്നു. കാരണം എന്റെ പുതിയ പ്രചോദനവും ആന്തരിക സന്തോഷവും ശ്രദ്ധിക്കപ്പെടാതിരുന്നില്ല. ഈ സമയങ്ങളിൽ എന്റെ ദൈവവുമായിട്ടു അനേകം അനുഭവങ്ങൾ ലഭിക്കുന്നതിനുള്ള വിശേഷഭാഗ്യം ലഭിച്ചു. എന്റെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിനുള്ള അവസരങ്ങൾ ഞാൻ അന്വേഷിച്ചു. യേശുക്രിസ്തുവും ആയിട്ടുള്ള ഈടാർന്ന ബന്ധം പല കാര്യങ്ങളെയും അപ്രധാന്യമാക്കും. അതുപോലെ അപ്രസക്തമായ താല്പര്യങ്ങൾ പരിഹരിക്കപ്പെടും. എനിക്കു ലഭിച്ചതായ ഈ ഭാഗ്യ

പദവിയുടെ അനുഭവം അനേകം പേർക്കു ലഭിക്കുമാറാകട്ടെ എന്നു ഞാൻ പ്രത്യാശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു." H.S.

## ആകർഷകമായ വാക്കുകൾ

പരിശുദ്ധാത്മാവ്: ഏറ്റവും വലിയ ദാനം അവിടുന്നു (യേശു) സഭയ്ക്കുവേണ്ടി സമൃദ്ധമായ സഹായം നൽകിയതുകൊണ്ടു സന്തോഷിച്ചു. സഭയുടെ ഉയർച്ചയ്ക്കുവേണ്ടി പിതാവിന്റെ സംഭാവനയായി അവിടുന്നു നൽകിയിരിക്കുന്ന ഏറ്റവും വലിയ ദാനമാണ് പരിശുദ്ധാത്മാവ്. എലൻ ജി. വൈറ്റ്, ഡിസയർ ഓഫ് ഏജസ് പേജ് 671.

## സംശയിക്കുന്നവർക്ക് യാതൊരു തർക്കവും ഇല്ല

ചില ആഴ്ചകൾക്ക് മുമ്പ് സ്വീഡിഷ് ഭാഷയിലുള്ള വ്യക്തിപരമായ ഉണർവ്വിന്റെ പടികൾ എന്ന പുസ്തകം എനിക്കു ലഭിച്ചു; ഞാൻ അതിനെ സ്നേഹിക്കുന്നു. മൂന്നാം പ്രാവശ്യമാണ് ഞാൻ ഇപ്പോൾ അതു വായിക്കുന്നത്. ഈ പുസ്തകം എഴുതപ്പെട്ടത് പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനാൽ ആണെന്ന് പറയുന്നതിന് എനിക്കു യാതൊരു സംശയവുമില്ല. 1960 മുതൽ ഇപ്രകാരം ഒരു പുസ്തകം സ്വീഡനിൽ കണ്ടെത്തിയിരുന്നില്ല. എന്നാൽ ആ കാലത്ത് ഫിനീഷ് പാസ്റ്റർ ആയിരുന്ന അറബോള ഏതാണ്ട് ഇതുപോലെ ഒരു പുസ്തകം എഴുതിയിരുന്നു. പക്ഷേ ആ പുസ്തകം ഇത്രത്തോളം വ്യക്തമല്ലായിരുന്നു. ഈ പുസ്തകം വളരെ വ്യക്തവും വിശ്വാസയോഗ്യവും ആയതുകൊണ്ട് ഒരു സംശയക്കാരനുപോലും യാതൊരു തർക്കങ്ങളും ഇല്ല.

T.J. EE 100319 സ്വീഡനിൽനിന്നും, # 93

## എന്റെ ജീവിതം പൂർണ്ണമായി മാറി

വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ എന്ന പുസ്തകം ഞാനും എന്റെ ഭാര്യയും കമ്പ്യൂട്ടർ മുഖേന പഠിച്ചു. എന്തു നല്ല ദൈവിക ദർശനവും പ്രചോദനവും ആണ് ഞങ്ങൾക്ക് ലഭിച്ചത്! ഞങ്ങൾ ദൈവികമായി വഴി നടത്തപ്പെടുകയും അനുഗ്രഹിക്കപ്പെടുകയും പ്രചോദനം പ്രാപിക്കുകയും ചെയ്തു. എന്റെ ജീവിതം പൂർണ്ണമായും മാറി. നിങ്ങൾക്കു നന്ദി. ഈ പുസ്തകത്തിന്റെ അച്ചടിച്ച പതിപ്പുകൾ സൗത്ത് ആഫ്രിക്കയിലുള്ള ഞങ്ങളുടെ കുടുംബങ്ങൾക്കും ജനസമൂഹങ്ങൾക്കും ആവശ്യമുണ്ട്. അവരിൽ ഭൂരിപക്ഷം പേർക്കും ഇന്റർനെറ്റും കമ്പ്യൂട്ടർ

സൗകര്യവും ഇല്ല. ഞങ്ങൾ അതിനുവേണ്ടി എപ്രകാരം പോകണം? EE 200619 LB സൗത്ത് ആഫ്രിക്കയിൽനിന്നും, # 87

## മാറ്റത്തിന്റെ ആവേശം

വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ എന്ന പുസ്തകം വായിച്ച തിൽ എന്റെ ജീവിതത്തിൽ സംഭവിച്ച മാറ്റങ്ങളും സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ നിമിത്തം ഞാൻ വളരെ പ്രചോദിപ്പിക്കപ്പെട്ടു. വലിയ പ്രവർത്തനം പരിശുദ്ധാത്മാവ് എന്നിൽ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന തിൽ ഞാൻ വളരെ നന്ദിയുള്ളവൻ ആണ്. പല വിധത്തിൽ ഉള്ള സാക്ഷീകരണങ്ങൾ തുറക്കപ്പെടുന്നതിന് പരിശുദ്ധാത്മാവ് സഹായിച്ചു. പഴയ ശീലങ്ങൾക്കു വളരെ കുറച്ചു പ്രതികരണങ്ങൾ മാത്രമേ ഉണ്ടായുള്ളൂ. എന്റെ അവതരണങ്ങൾക്ക് ഞാൻ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പാസ്റ്റർ ഡെയിറ്റിന്റെ അടിസ്ഥാന ദൂതുകൾ ഉപയോഗിച്ച്, അതിന്റെ അടിസ്ഥാനത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ജീവിതങ്ങൾ രൂപാന്തരപ്പെടുന്നത് ഞാൻ വീക്ഷിച്ചുകൊണ്ടിരുക്കുന്നു. അവർ തങ്ങളുടെ ജീവിതങ്ങളെ യേശുവിനായ് പുനഃപ്രതിഷ്ഠിച്ചു. (പരിശുദ്ധാത്മാവിലൂടെയുള്ള സഫലീകരണം എന്ന വിഷയത്തെ ആധാരമാക്കിയുള്ള ഡെയിറ്റ് നെൽസന്റെ മൂന്നു പ്രസംഗങ്ങൾ — www steps-to-personal-revival-info) മാറ്റപ്പെട്ട കർത്താവിൽ ഒരു സഹോദരൻ C.H. EE 300119 യു.എസ്.എ. യിൽനിന്നും # 85

"ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവനൊക്കെയും പാറമേൽ വീടുപണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു" (മത്തായി 7:24).

## വ്യക്തിപരമായ ചിന്തകളും ചർച്ചയ്ക്കുള്ള വഴികാട്ടിയും

1. ജഡിക ക്രിസ്ത്യാനികളുടെ മുഖ്യമായ പ്രശ്നം എന്താണ്?

.................................................................................................................

.................................................................................................................

2. നമ്മുടെ കഴിവിനു അപ്പുറമുള്ള ഒരു കാര്യം ചെയ്യാൻ ശ്രമിക്കുമ്പോൾ എന്തു സംഭവിക്കും?

.................................................................................................................

.................................................................................................................

3. ജഡിക ക്രിസ്ത്യാനിത്വത്തിലേക്കു നയിക്കപ്പെടുന്ന ഘടകങ്ങൾ എന്തെല്ലാം?

..........................................................................................................

..........................................................................................................

4. എന്റെ സ്നാനസമയത്തു നേരത്തേതന്നെ പരിശുദ്ധാത്മാവിനെ പ്രാപിച്ചിരുന്നതുകൊണ്ടു വീണ്ടും പ്രാർത്ഥിക്കേണ്ടത് എന്തിനാണ്?

..........................................................................................................

..........................................................................................................

## നമ്മുടെ പ്രാർത്ഥനാ സമയം

- നിങ്ങളുടെ പ്രാർത്ഥനാപങ്കാളിയുമായി ചേർന്നു ഈ വിഷയം ചർച്ചചെയ്യുക.
- നിങ്ങളുടെ പങ്കാളിയുമായി ചേർന്നു പ്രാർത്ഥിക്കുക.

1. നമ്മിൽ ഓരോരുത്തരേയും ദൈവം പരിശുദ്ധാത്മാവിനാൽ നിറയ്ക്കപ്പെടേണ്ടതിന്.
2. ദൈവത്തോടുകൂടെ നടക്കുന്നതിലൂടെ അവിടുന്നു നമ്മെ സമൃദ്ധമായി അനുഗ്രഹിക്കുന്നതിന്.
3. പരിശുദ്ധാത്മാവിലൂടെ സുസ്ഥിരമായി നടത്തപ്പെടുന്നതിന്.

### അദ്ധ്യായം 3

# നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്

**അഞ്ചാം ദിവസം**

നമ്മുടെ പ്രശ്നങ്ങൾക്കുള്ള ദൈവത്തിന്റെ പരിഹാരമാർഗ്ഗമെന്താണ്?

സന്തോഷമുള്ള ശക്തരായ ക്രിസ്ത്യാനികളായി വളരുവാൻ നമുക്കു എങ്ങനെ സാധിക്കും?

"എന്നിൽ വസിപ്പീൻ; ഞാൻ നിങ്ങളിലും വസിക്കും. കൊമ്പിനു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായിപ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്ക് കഴികയില്ല."44 (യോഹ. 15:4)

മുഖ്യ പ്രശ്നത്തിനു രണ്ടു ഭാഗങ്ങളുള്ള ദൈവിക പരിഹാരമാർഗ്ഗം സന്തോഷകരമായ ക്രിസ്തീയ ജീവിതത്തിനും ഉള്ള ഒരു പദ്ധതിയാണ്. എന്തുകൊണ്ട്? യേശു അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നത് ഈ വാക്കുകളിൽ ആണ്. "എന്റെ സന്തോഷം നിങ്ങളിൽ ഇരിപ്പാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനും ഞാൻ ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു" (യോഹ. 15:11) ഈ രണ്ടു പടികളിലൂടെ (തുടർച്ചയായി പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതും അവിടുത്തെ സേവനത്തിനു വേണ്ടി പൂർണ്ണമായി സമർപ്പിക്കുന്നതും) ക്രിസ്തു നമ്മിൽ വസിക്കുന്നു, പൂർണ്ണമായ സന്തോഷത്തിനു ഇതാണ് ഏക മാർഗ്ഗം. സമൃദ്ധമായ മഹത്വത്തെക്കുറിച്ചു കൊലൊ. 1:27 പറയുന്നത്: "ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു" മുന്തിരിവള്ളിയുടെ ഈ ഉപമയെ യേശു യോഹന്നാന്റെ സുവിശേഷം 14-ാം അദ്ധ്യായത്തിൽപ്പറയുന്ന പരിശുദ്ധാത്മാവിന്റെ വാഗ്ദത്വത്തിനും 16-ാം അദ്ധ്യായത്തിൽപ്പറയുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനും മദ്ധ്യേ ഉറപ്പിക്കുന്നതു വളരെ ശ്രദ്ധേയമായ കാര്യ

മല്ലേ? നമ്മെ ദിവസവും ദൈവത്തിനു സമർപ്പിക്കുന്നതിൽ നാം ആയി രിക്കുന്ന കാര്യങ്ങളും നമുക്കുള്ള എല്ലാ കാര്യങ്ങളും ഉൾപ്പെട്ടിരിക്കുന്നു. അതുപോലെ എല്ലാ ദിവസവും വിശ്വാസത്താൽ പരിശുദ്ധാത്മാവിന്റെ മാരിക്കുവേണ്ടി നാം യാചിക്കുകയും പ്രാപിക്കുകയും ചെയ്യേണ്ടത് (പൊതുവെ) നിർണ്ണായകമായ കാര്യമാണ്.

## നമ്മെ ദിവസവും യേശുവിനായ് സമർപ്പിക്കുന്നതു എന്തുകൊണ്ട് അത്യാവശ്യമായ കാര്യമാണ്?

ലൂക്കൊസ് 9:23 ൽ യേശു അരുളിച്ചെയ്തതു ഇപ്രകാരമാണ്: “എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ നിഷേധിച്ചു നാൾതോറും തന്റെ ക്രൂശ് എടുത്തുംകൊണ്ട് എന്നെ അനു ഗമിക്കട്ടെ.”

ശിഷ്യത്വം ദിവസേനയുള്ള കാര്യമാണെന്ന് യേശു പറഞ്ഞിരി ക്കുന്നു. ഒരുവൻ തന്നെ ത്യജിക്കുക എന്നു പറഞ്ഞാൽ എന്റെ ജീവി തത്തെ നിയന്ത്രിക്കുന്നതിനു യേശുവിനെ അനുവദിക്കുക എന്നാണ്. ക്രൂശിനെ വഹിക്കുക എന്നു പറഞ്ഞാൽ അതിനർത്ഥം നമുക്കു എല്ലാ ദിവസവും കഷ്ടപ്പാടുകൾ ഉണ്ടെന്ന് അല്ല. ഇവിടെ ഇതിന്റെ അർത്ഥം എല്ലാ ദിവസവും നമ്മുടെ ഉന്നതഭാവം ത്യജിച്ച് സന്തോഷത്തോടും മനസ്സോടും കൂടെ യേശുവിന് നമ്മെ സമർപ്പിക്കുക എന്നതാണ്. അപ്പൊ സ്തലനായ പൗലൊസ് തന്നെക്കുറിച്ചു പറയുന്നതു: “ഞാൻ ദിവസേന മരിക്കുന്നു” എന്നാണ്. യേശുവിന്റെ കാലത്ത് ആരെങ്കിലും ക്രൂശ് വഹിച്ചുകൊണ്ടുപോയാൽ, അവൻ മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ടവ നാണെന്നും വധശിക്ഷ നടപ്പിലാക്കുന്ന സ്ഥലത്തേക്ക് പോകുന്നു എന്നും ആണ് അർത്ഥം. യേശുവിനെ അനുഗമിക്കുന്നതിനാൽ ക്ലേശ ങ്ങൾ സ്വീകരിക്കുന്നു എന്നാണ് ഇതിന്റെ അർത്ഥം.

നമുക്കു ഭൗതിക ജീവിതം ലഭിച്ചത് നമ്മുടെ ജനനത്തിലാണ്. നമ്മുടെ ജീവിതത്തിൽ ബലവും ആരോഗ്യവും നിലനിർത്തുന്നതിനു വേണ്ടി നാം സാധാരണ ഭക്ഷണം കഴിക്കുന്നു. നാം വീണ്ടും ജനിച്ച പ്പോൾ മുതലാണ് നമ്മുടെ ആത്മീയ ജീവിതം നമുക്കു ലഭിച്ചത്. നമ്മുടെ ആത്മീയ ജീവിതത്തിന്റെ ശക്തിയും ആരോഗ്യവും സംരക്ഷിക്കുന്ന തിനുവേണ്ടി നമ്മുടെ അകമെയുള്ള മനുഷ്യനെ ദിവസവും നാം പരി പാലിക്കേണ്ടതാണ്. നമ്മുടെ ഭൗതികജീവിതത്തിന്റെ കാര്യത്തിലും ആത്മീയജീവിതത്തിന്റെ കാര്യത്തിലും ഇതു അനുഷ്ഠിച്ചില്ലെങ്കിൽ നാം

ബലഹീനരായിത്തീർന്നു, മരിച്ചു പോകുന്നതാണ്. നാം ആഹാരം കഴിക്കുന്നതിനു മുമ്പ് കരുതൽ ശേഖരമായി നേരത്തേ കഴിക്കുവാൻ കഴികയില്ല, അതുപോലെ പരിശുദ്ധാത്മാവിനെ സംഭരിച്ചുവയ്ക്കാനും കഴികയില്ല.

അപ്പൊസ്തലപ്രവൃത്തികൾ എന്ന പുസ്തകത്തിൽ നമുക്കു ഇതിനെക്കുറിച്ചു വിലപ്പെട്ട ഉപദേശം നൽകുന്നതു ഇപ്രകാരമാണ്: "ഭൗതികലോകത്തിൽ ഉള്ളതുപോലെയാണ് ആത്മീയലോകത്തിലും. ഓരോ നിമിഷത്തിലും ഉള്ള ദൈവിക ഇടപെടലിൽക്കൂടെയാണ് ഭൗതിക ജീവിതം കാത്തുസൂക്ഷിക്കുന്നത്. ഒരിക്കലായുള്ള നേരിട്ടുള്ള അത്ഭുത പ്രവൃത്തിയിലൂടെ അല്ല നമ്മെ സംരക്ഷിക്കുന്നത്, നമുക്ക് എത്തിപ്പിടിക്കാവുന്ന ദൂരത്തിൽ വച്ചിരിക്കുന്ന അനുഗ്രഹങ്ങളെ നാം ഉപയോഗിക്കുന്നതിലൂടെയാണ്. നമ്മെ സംരക്ഷിക്കുന്ന ദൈവം നൽകുന്ന മുഖാന്തരങ്ങളിലൂടെയാണ് നമ്മുടെ ആത്മീയജീവിതം പരിപോഷിപ്പിക്കപ്പെടുന്നത്."45

യുഗങ്ങളുടെ പ്രത്യാശ എന്ന പുസ്തകത്തിലെ ഒരു അഭിപ്രായം എനിക്കു വലിയ മതിപ്പ് ഉളവാക്കി: "നാം ക്രിസ്തുവിനെ ഓരോ ദിവസവും അനുഗമിക്കണം. ദൈവം സഹായം സമ്മാനിക്കുന്നത് അടുത്ത ദിവസമല്ല."46

മിസ്സിസ് എലൻ ജി. വൈറ്റ് പറയുന്നത് ഇപ്രകാരമാണ്: യേശുവിനെ അനുഗമിക്കുന്നതിന് പൂർണ്ണഹൃദയത്തോടെയുള്ള മാനസാന്തരം ക്രിസ്തീയജീവിതത്തിന്റെ ആരംഭത്തിൽത്തന്നെ ആവശ്യമാണ്. അതുപോലെ ഈ മാനസാന്തരത്തിന്റെ ഒരു ആവർത്തനം എല്ലാ ദിവസവും ആവശ്യമാണ്."47 മാനസാന്തരസമയത്തിലെ നമ്മുടെ സമർപ്പണം എത്ര തന്നെ പൂർണ്ണമായിരുന്നാലും അതിനെ പുതുക്കുന്നില്ലെങ്കിൽ നമുക്കു യാതൊരു പ്രയോജനവും ലഭിക്കയില്ല."48 പ്രഭാതത്തിൽ നിങ്ങളെ ദൈവത്തിനായ് സമർപ്പിക്കുക; ഇത് നിങ്ങളുടെ ആദ്യത്തെ ജോലിയായി നിർവ്വഹിക്കുക. "എന്റെ കർത്താവേ എന്നെ അവിടുത്തേക്കായി പൂർണ്ണമായി എടുക്കേണമേ. ഞാൻ എന്റെ എല്ലാ പദ്ധതികളും അവിടുത്തെ പാദപീഠത്തിൽ വയ്ക്കുന്നു. അവിടുത്തെ സേവനത്തിനുവേണ്ടി ഇന്നു എന്നെ ഉപയോഗിക്കേണമേ, അവിടുന്നു എന്നിൽ വസിക്കേണമേ, അവിടുത്തേക്കായി എന്റെ എല്ലാ വേലകളും ചെയ്യുവാൻ സഹായിക്കേണമേ." ദിവസേനയുള്ള ഒരു വിഷയമാണിത്. ഓരോ പ്രഭാതത്തിലും ആ ദിവസത്തിനായി നിങ്ങളെ ദൈവത്തിനായ് സമർപ്പിക്കുക. നിങ്ങ

ളുടെ സകല പദ്ധതികളും ദൈവത്തിനു സമർപ്പിക്കുക, ആ പദ്ധതികൾ മുമ്പോട്ടുകൊണ്ടു പോകുന്നതിനു ആണെങ്കിലും അല്ലെങ്കിലും നമുക്കു സംരക്ഷണം ഒരുക്കുന്ന ദൈവം നിർദ്ദേശിക്കുന്നതുപോലെ നമുക്കു പ്രവർത്തിക്കുവാൻ സാധിക്കും. അതുകൊണ്ടു ദിനംപ്രതി നിങ്ങളുടെ ജീവിതം ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിക്കണം. അപ്രകാരം നിങ്ങളുടെ ജീവിതം ക്രിസ്തുവിന്റെ ജീവിതം അനുസരിച്ചു രൂപപ്പെടുത്തുവാൻ സാധിക്കും."49

മോറീസ് വെൺഡൻ പറഞ്ഞിരിക്കുന്നത്: ദിവസേനയുള്ള മാനസാന്തരത്തിന്റെ ആവശ്യകത നിങ്ങൾ കണ്ടെത്തുന്നില്ലെങ്കിൽ നിങ്ങളുടെ ജീവിതത്തിൽ ഈ അലംഭാവം വർദ്ധിച്ചുകൊണ്ടിരിക്കും. "അനുഗ്രഹ പർവ്വത്തിലെ ചിന്തകൾ" എന്ന പുസ്തകത്തിലെ പേജ് നമ്പർ 101 ൽ നൽകുന്ന വാഗ്ദത്വം ഇപ്രകാരമാണ്: "നിങ്ങൾ എല്ലാ ദിവസവും ദൈവത്തെ അന്വേഷിച്ചു മാനസാന്തരപ്പെടുകയാണെങ്കിൽ... നിങ്ങളുടെ എല്ലാ പിറുപിറുപ്പും നിൽക്കും. നിങ്ങളുടെ എല്ലാ ബുദ്ധിമുട്ടും മാറിപ്പോകും, നിങ്ങൾ ഇപ്പോൾ അഭിമുഖീകരിക്കുകയും കുഴയ്ക്കുകയും ചെയ്യുന്ന എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടും."50

ദിവസേന നമ്മുടെ സമർപ്പണത്തെ പുതുക്കുന്നതു ആദ്യം യേശുവിന്റെ അടുക്കൽ വന്നതുപോലെ പ്രാധാന്യമുള്ളതാണ്.

മോറീസ് വെൺഡൻ തുടർന്നു പറയുന്നത്: "ദിവസേന ദൈവവുമായിട്ടുള്ള ബന്ധത്തിൽ വസിക്കുന്നത് സമർപ്പണവാസത്തിലേക്കു നമ്മെ നയിക്കുന്ന, ഓരോ നിമിഷവും നാം ദൈവത്തിൽ ആശ്രയിക്കുന്നു."51

എല്ലാ പ്രഭാതവും നാം ക്രിസ്തുവിനു നമ്മെ സമർപ്പിക്കുന്നു എന്നു ബോധപൂർവ്വം ഉറപ്പായി മനസ്സിലാക്കേണ്ടതാണ്. അപ്പോൾ നാം അവിടുന്നു നാം ചെയ്യണം എന്നു ആഗ്രഹിക്കുന്നതു അനുഷ്ഠിക്കുന്നതാണ്. കാരണം യേശു പറഞ്ഞിരിക്കുന്നതു ഇപ്രകാരമാണ്, "എല്ലാവരും എന്റെ അടുക്കൽ വരുവിൻ" (മത്തായി 11:28). "എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളകയില്ല" (യോഹ. 6:37).

"കർത്താവ് നമുക്കുവേണ്ടി വൻകാര്യങ്ങൾ ചെയ്യുവാൻ ആഗ്രഹിക്കുന്നു. ആത്മാക്കൾ പൂർണ്ണമായി യേശുവിനു സമർപ്പിക്കുന്നതിലൂടെയാണ് നാം വിജയം പ്രാപിക്കുന്നത്. നാം വിജയം പ്രാപിക്കു

ന്നത് കടന്നുവരുന്ന അംഗങ്ങളുടെ എണ്ണത്തിൽ അല്ല. അവിടുത്തെ ശക്തിയിൽ ആശ്രയിച്ചു നാം മുമ്പോട്ടു പോകേണ്ടതാണ്, യിസ്രായേലിന്റെ ശക്തനായ ദൈവത്തിൽ ആശ്രയിച്ചു നാം മുമ്പോട്ടു പോകേണ്ടതാണ്."52

നാം അവിടുത്തേക്കായി പൂർണ്ണമായി സമർപ്പിക്കുമ്പോൾ മാത്രമാണ് ദൈവത്തിനു നമ്മിലൂടെ വലിയ സ്വാധീനം ചെലുത്തുവാൻ കഴിയുന്നത്. ഇതിനെക്കുറിച്ചു ജോൺ വെസ്ലി വിശദീകരിച്ചിരിക്കുന്നതു ഇപ്രകാരമാണ്: "ജീവിതത്തിൽ 99% മാത്രം സമർപ്പിച്ചിരിക്കുന്ന ഒരു സൈന്യത്തെക്കാൾ കൂടുതലായി ദൈവത്തിനു പ്രവർത്തിക്കാൻ കഴിയുന്നത് ജീവിതം 100% ദൈവത്തിനു സമർപ്പിക്കുന്ന ഒരാളെ കൊണ്ടാണ്."53

മിസ്സിസ് എലൻ ജി. വൈറ്റ് ഇപ്രകാരം എഴുതി: "ദൈവത്തിന്റെ സഹപ്രവർത്തകൻ ആയിത്തീരുന്നവർ മാത്രം, ഞാൻ എനിക്കുള്ളതെല്ലാം അവിടുത്തേക്കുള്ളതാണ് എന്നു പറയുന്നവർ മാത്രമേ ദൈവത്തിന്റെ പുത്രീപുത്രന്മാരായി അംഗീകരിക്കപ്പെടുകയുള്ളൂ."54 ദേഹം, ദേഹി, ആത്മാവ് ദൈവത്തിനായ് സമർപ്പിക്കപ്പെടുമ്പോൾ ശാരീരികവും മാനസികവുമായ പുതിയ ശക്തി ആനുകൂല്യമായി ലഭിക്കും. ഹൃദയപ്രകാരവും മാനസികമായും പ്രവർത്തിക്കുന്നതിന് പരിശുദ്ധാത്മാവ് ഏറ്റവും ഉയർന്ന ഊർജ്ജം പകർന്നുതരുന്നതാണ്. ദൈവകൃപ അവരുടെ കഴിവുകളെ വർദ്ധിപ്പിക്കുകയും വിസ്താരമാക്കുകയും ചെയ്യുന്നു. ആത്മനേട്ടത്തിനുവേണ്ടി സഹായമായി ദൈവിക പ്രകൃതത്തിന്റെ പൂർത്തീകരണം ഉണ്ടാകുന്നു... അവരുടെ ബലഹീനതയിൽ സർവ്വശക്തന്റെ പ്രവൃത്തികൾ ചെയ്യുന്നതിന് അവരെ പ്രാപ്തന്മാരാക്കുന്നു."55

## ആത്മാവിന്റെ പുതിയ സ്നാനത്തിനുവേണ്ടി ദിവസവും ഒരുവൻ എന്തുകൊണ്ട് യാചിക്കേണം?

"എന്നിൽ വസിക്കേണമേ" എന്ന് യേശുവിനോടു നടത്തുന്ന അഭ്യർത്ഥനയും പരിശുദ്ധാത്മാവിനാൽ നിറയപ്പെടുവാനുള്ള അപേക്ഷയും" ഒന്നുതന്നെയാണ്. കാരണം പരിശുദ്ധാത്മാവിലൂടെ അവിടുന്നു എന്നിൽ വസിക്കുന്നു. പക്ഷേ എന്തുകൊണ്ട് എല്ലാ ദിവസവും?

അപ്പൊസ്തലപ്രവൃത്തികൾ എന്ന പുസ്തകത്തിൽ മിസ്സിസ് എലൻ ജി. വൈറ്റ് പറഞ്ഞിരിക്കുന്നത്: "യേശു ഈ ഭൂമിയിൽ ആയിരുന്നപ്പോൾ

ദിവസവും ആവശ്യമായ ദൈവകൃപയുടെ പുതിയ സംഭരണം തേടി യിരുന്നു എന്ന അറിവ് സമർപ്പിക്കപ്പെട്ട ഒരു പ്രവർത്തകന് അത്ഭുത കരമായ ആശ്വാസമാണ് പകർന്നു നൽകുന്നത്. ആത്മാർത്ഥവും പരി പാലിക്കുന്നതും ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുന്നതുമായ അവി ടുത്തെ വിശ്വാസം പാപത്തിനു എതിരെയുള്ള പോരാട്ടത്തിൽ പരി ശുദ്ധാത്മാവിന്റെ സഹായം മനുഷ്യർക്കു നൽകിക്കൊടുക്കുന്ന കാര്യ ത്തിൽ പ്രയോജനപ്പെടുന്നതാണ്."56

യേശുക്രിസ്തുവിനു ഇതു ദിവസവും ആവശ്യമായിരുന്നെങ്കിൽ, നമുക്കു എത്രമാത്രം പ്രധാനപ്പെട്ട കാര്യമാണ്. 2 കൊരി. 4:16 ൽ ഒരു പ്രധാനപ്പെട്ട പ്രസ്താവന ഉണ്ട് "എങ്കിലും ഞങ്ങളുടെ അകമെയുള്ള വൻ നാൾക്കുനാൾ പുതുക്കം പ്രാപിക്കുന്നു."

നമ്മുടെ അകമെയുള്ള മനുഷ്യനു പരിചരണം ആവശ്യമാണ്. നാൾക്കുനാൾ സംഭവിക്കുന്ന ഈ പുതുക്കം ഏതു വിധത്തിൽ ആണ് ഉണ്ടാകുന്നത്? എഫെ. 3:16,17,19 പ്രകാരം, അതു സംഭവിക്കുന്നതു പരി ശുദ്ധാത്മാവിനാൽ ആണ്. "അവൻ തന്റെ മഹത്വത്തിന്റെ ധനത്തിനു ഒത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ചു ശക്തിയോടെ ബലപ്പെടേണ്ടതിനും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും വേണം എന്നും പ്രാർത്ഥിക്കുന്നു."

അതുകൊണ്ട്

- പരിശുദ്ധാത്മാവിന്റെ പുതുക്കത്തിനു വേണ്ടി പ്രാർത്ഥിക്കേണ്ടത് നിയമപ്രകാരം ഒരു ആവശ്യമാണ്.
- തൽഫലമായി ക്രിസ്തു നമ്മിൽ വസിക്കുന്നു.
- നമ്മുടെ അകത്തെ മനുഷ്യന്റെ പുതുക്കത്തിനുവേണ്ടി അവിടുത്തെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം അവിടുന്നു നമുക്കു ശക്തി പകരുന്നു. ദൈവശക്തി അമാനുഷികമാണ്, പക്ഷേ നമുക്കതു അനുഭവിച്ചറിയാൻ കഴിയും. തികച്ചും നിസ്സാരമായ ശക്തികൾ ഉപ യോഗിച്ചു സൃഷ്ടിതാവിനു പ്രവർത്തിക്കുവാൻ കഴിയും. (ഉദാഹ രണം: നമ്മുടെ ശരീരത്തിലുള്ള വൈദ്യുതിപ്രവാഹം, നമുക്കതു അറിയുവാൻ സാധിക്കും, നാം മരിച്ചവർ ആണെങ്കിൽ അതു അറി യുവാൻ കഴികയില്ല).

- ഇപ്രകാരം ദൈവസ്നേഹം നമ്മുടെ ഹൃദയത്തിൽ പകരുന്നു.
- ജീവിതത്തിനു വേണ്ടിയുള്ള ഒരു വഴിയാണത്, "അവനിലല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്" (യോഹ. 10:10; കൊലൊ. 2:9).

എഫെസ്യർ 5:18 ൽ മറ്റൊരു പ്രധാനപ്പെട്ട വാക്യം നമുക്കു കണ്ടെത്താൻ കഴിയും. "ആത്മാവു നിറഞ്ഞവരായി" ഇത് ഒരു ഉപദേശത്തിനും അപ്പുറമാണെന്നുള്ള കാര്യം ശ്രദ്ധിക്കുക. ഇത് ഒരു ദൈവിക കല്പനയാണ്. നാം പരിശുദ്ധാത്മാവിനോടൊത്തു ജീവിക്കുന്നത് ദൈവം പ്രതീക്ഷിക്കുന്നു. ഈ വാക്യം കൂടുതൽ കാര്യങ്ങൾ കൃത്യമായി പറയുന്നതായി ഗ്രീക്ക് വിദഗ്ദ്ധർ പറയുന്നു. അതുകൊണ്ട് ഞാൻ ജൊഹാൻസ് മേഗറിന്റെ ഉദ്ധരണി ഇവിടെ ചേർക്കുകയാണ്. നിങ്ങൾ സ്ഥിരമായും തുടർച്ചയായും വീണ്ടും പരിശുദ്ധാത്മാവിനാൽ നിറവു പ്രാപിക്കേണ്ടതാണ്."57

നമ്മുടെ പാഠപഠന സഹായി ഇപ്രകാരം പറയുന്നു: പരിശുദ്ധാത്മാവിന്റെ സ്നാനം എന്നു പറഞ്ഞാൽ, പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൻകീഴിൽ പൂർണ്ണമായി വരികയെന്നാണ്. ആത്മാവിനാൽ പൂർണ്ണമായി നിറവു പ്രാപിക്കുക. ഇത് ഒരിക്കലായിട്ടുള്ള അനുഭവമല്ല, എന്നാൽ ഏറെക്കുറെ തുടർച്ചയായി ആവർത്തിക്കേണ്ടതാണ്. അപ്പൊസ്തലനായ പൗലൊസ് "filled" എന്നു അർത്ഥം വരുന്ന ഗ്രീക്ക് ഭാഷയിലെ ക്രിയാപദമാണ് ഉപയോഗിച്ചിരിക്കുന്നത്."58

അപ്പൊസ്തലനായ പൗലൊസ് ഇതിനെക്കുറിച്ചു 1:14 ൽ പറയുന്നുണ്ടെങ്കിലും എഫെ. 5-ാം അദ്ധ്യായത്തിലും പ്രസ്താവിക്കുന്നുണ്ട്. "നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിന് പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു." എഫെസ്യർ വാസ്തവത്തിൽ നേരത്തേതന്നെ പരിശുദ്ധാത്മാവിനെ പ്രാപിച്ചിരുന്നു എങ്കിലും ഇത് അവർക്ക് വീണ്ടും ആവശ്യമായി വന്നു. "അവന്റെ ആത്മാവിനാൽ നിങ്ങൾ സ്ഥിരമായും തുടർച്ചയായും വീണ്ടും പരിശുദ്ധാത്മാവിനാൽ നിറവു പ്രാപിക്കേണ്ടതാണ്" എഫെ. 3:16 ൽ അകത്തെ മനുഷ്യനെ സംബന്ധിച്ചു ശക്തിയോടെ ബലപ്പെടേണ്ടതിനും" എഫെ. 4:30 ൽ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നതിനും നിന്ദിക്കുന്നതിനും എതിരെ മുന്നറിയിപ്പ് നൽകുന്നു.

മിസ്സിസ് എലൻ ജി. വൈറ്റ് ഇപ്രകാരം പറഞ്ഞു: "പരിശുദ്ധാത്മാവിന്റെ സ്നാനം ദിവസവും ലഭിക്കുന്നതിനുവേണ്ടി ഓരോ പ്രവർത്തകനും ദൈവത്തോടു അപേക്ഷിക്കണം."59

ക്രിസ്തുവിന്റെ നീതി നമുക്കു ലഭിക്കുന്നതിനും ദൈവിക പ്രകൃതിയിൽ പങ്കുണ്ടാകുവാനും ആയി നാം ദിവസംതോറും ആത്മാവിന്റെ സ്വാധീനത്താൽ രൂപാന്തരം പ്രാപിക്കണം. രുചി വരുത്തുന്നതും ഹൃദയത്തെ വിശുദ്ധീകരിക്കുന്നതും മനുഷ്യനെ പൂർണ്ണമായി ഉയർത്തുന്നതും പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്."60

മിസ്സിസ് വൈറ്റിലൂടെ ദൈവം വേറൊരു സ്ഥലത്തു പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്: "ദൈവശബ്ദമായി ദൈവവചനത്തിൽ മതിപ്പു തോന്നുന്നവർ, അവിടുത്തെ ഉപദേശങ്ങളെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവർ ദിവസവും പഠിക്കുകയും എല്ലാ ദിവസവും ആത്മീയ ആവേശവും ശക്തിയും ലഭിക്കുന്ന വിശ്വാസികൾക്ക് പരിശുദ്ധാത്മാവിന്റെ ദാനം ലഭ്യമാകുന്നതാണ്."61

ഇതുകൂടാതെ അവർ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്, "നാം ക്രിസ്തുവിനെ എല്ലാ ദിവസവും അനുഗമിക്കണം. ദൈവം നാളത്തേയ്ക്കു സഹായം നല്കുകയില്ല."62

മറ്റൊരു സ്ഥലത്തു ഇപ്രകാരം പറഞ്ഞിരിക്കുന്നു: "നമ്മുടെ പുരോഗതിക്ക് ദൈവിക ഭരണകൂടവുമായി ഓരോ നിമിഷവും ഉള്ള ബന്ധം അനിവാര്യമാണ്. പരിശുദ്ധാത്മാവിന്റെ ഒരു അളവ് നമുക്ക് നൽകപ്പെട്ടിട്ടുണ്ട്. പക്ഷേ പ്രാർത്ഥനയാലും വിശ്വാസത്താലും തുടർച്ചയായി നാം പരിശുദ്ധാത്മാവിന്റെ ശക്തി പ്രാപിക്കേണ്ടതാണ്."63

ഈ മനോഹരമായ ഉദ്ധരണി ഞാൻ കാണുകയുണ്ടായി. "അപ്പൊസ്തലന്മാരുടെ കാലത്ത് അവരെ ഒരുമിച്ചു നിർത്തിയ സ്നേഹത്തിന്റെ ഒരു സ്നാനം നമുക്കു എല്ലാ ദിവസവും ആവശ്യമാണ്."64

ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് പകരപ്പെടുന്നത് പരിശുദ്ധാത്മാവിനാൽ ആണെന്ന് റോമർ 5:5 വെളിപ്പെടുത്തുന്നു. എഫെ. 3:17 ലും ഇതേ കാര്യം നമുക്കു കാണാൻ കഴിയും. ദിവസേനയുള്ള പരിശുദ്ധാത്മാവിന്റെ സ്നാനം (പരിശുദ്ധാത്മാവിനാൽ നിറയപ്പെടുന്നു) ദിവസേനയുള്ള സ്നേഹത്തിന്റെ സ്നാനത്തിനു കാരണമാകുന്നു. (ദൈവത്തിന്റെ അഗാപ്പെ സ്നേഹത്താൽ ആണ് നാം നിറയപ്പെടുന്നത്).

ഇതുകൂടാതെ ഗലാ. 5:16 ലും റോമർ 8:2 ലും അതു ഇങ്ങനെ പറയുന്നു, അതിന്റെ ഫലമായി പാപത്തിന്റെ ശക്തി തകർത്തുകളയുന്നതാണ്. (കൂടുതൽ വിവരങ്ങൾ പേജ് 109 ൽ "ഒരു വ്യക്തിക്കു ആത്മീയനായി കഴിയുവാൻ സാധിക്കുമോ" എന്ന സെക്ഷനിൽ നൽകിയിട്ടുണ്ട്.)

## വ്യക്തിപരമായ ആരാധനയുടെ പ്രാധാന്യം

ഞാൻ എന്നെത്തന്നെ യേശുവിനായ് ദിവസവും സമർപ്പിക്കേണ്ടതും പരിശുദ്ധാത്മാവിനാൽ നിറയപ്പെടേണ്ടതും പ്രാധാന്യമർഹിക്കുന്ന കാര്യമാണെങ്കിൽ, വ്യക്തിപരമായ ആരാധനയ്ക്കു എന്തു പ്രാധാന്യമാണുള്ളത്?

ആത്മീയ ജീവിതത്തിന്റെ അടിസ്ഥാനം ശബ്ബത്താചരണവും ദിവസേനയുള്ള ആരാധനയും ആണ്.

അകമേയുള്ള മനുഷ്യൻ ദിവസേന പുതുക്കം പ്രാപിക്കുന്നതിനെക്കുറിച്ചുള്ള വാക്യങ്ങളും ദൈവിക ഉദ്ധരണികളും നാം നേരത്തേതന്നെ വായിക്കുകയുണ്ടായി. ദിവസേനയുള്ള വ്യക്തിപരമായ ആരാധനയുടെ പ്രാധാന്യത്തിനു ഇതു വ്യക്തമായ വെളിച്ചം വീശുന്നു.

സമാഗമനകൂടാരത്തിൽ രാവിലെയും വൈകുന്നേരവും കഴിച്ചിരുന്ന ദഹനയാഗമായിരുന്നു ആരാധനാശുശ്രൂഷയുടെ മൊത്തത്തിലുള്ള അടിസ്ഥാനം. ശബ്ബത്ത് ദിവസം ഒരു ദഹനയാഗം കൂടുതലായി അർപ്പിച്ചിരുന്നു (സംഖ്യാ. 28:4,10). ദഹനയാഗത്തിനു എന്തു പ്രാധാന്യമാണുള്ളത്?.

"ഒരു പാപി തന്നെ പൂർണ്ണമായി കർത്താവിനു സമർപ്പിക്കുന്നതിനെയാണ് ദഹനയാഗം സൂചിപ്പിച്ചിരുന്നത്. ഒരു മനുഷ്യൻ ഇവിടെ തനിക്കായി യാതൊന്നും സൂക്ഷിച്ചിരുന്നില്ല, എന്നാൽ എല്ലാം ദൈവത്തിനുള്ളതായിരുന്നു."65

രാവിലെയും വൈകുന്നേരവും ഉള്ള യാഗത്തിനു നിശ്ചയിച്ചിരുന്ന മണിക്കൂറുകൾ വിശുദ്ധമായിരുന്നു. യെഹൂദാരാജ്യത്തിൽ കാലത്തും വൈകുന്നേരവും ആരാധന നടത്തിയിരുന്നതു ഈ നിശ്ചയിക്കപ്പെട്ട സമയത്തായിരുന്നു. ഈ മാതൃക പിൻതുടർന്നു ക്രിസ്ത്യാനികൾ ഒരു ആചാരമായി കാലത്തും വൈകിട്ടും ഉള്ള പ്രാർത്ഥന നടത്തുന്നു. ആരാധനയുടെ ആത്മാവില്ലാത്ത ചടങ്ങു പ്രാർത്ഥനയെ ദൈവം കുറ്റം വിധി

ക്കുമ്പോൾ, അവിടുത്തോടു സ്നേഹം പുലർത്തുകയും ചെയ്തു പോയ പാപത്തിനു ക്ഷമ ചോദിക്കുകയും ആവശ്യമായ അനുഗ്രഹങ്ങൾ അവതരിപ്പിച്ചു അപേക്ഷിക്കുകയും ചെയ്യുന്നതിന് കാലത്തും വൈകിട്ടും തലകുനിക്കുന്നവരെ അവിടുന്നു സന്തോഷത്തോടെ കാണുന്നു."66

നമ്മുടെ ആത്മീയജീവിതത്തിന് അടിസ്ഥാനമായ ശബ്ബത്തുമായി ആരാധന ബന്ധപ്പെട്ടിരിക്കുന്ന കാര്യം നിങ്ങൾ ശ്രദ്ധിക്കുന്നുണ്ടോ? ഇതുകൂടാതെ, നമ്മുടെ ജീവിതത്തിലേയ്ക്കു പരിശുദ്ധാത്മാവ് മുഖാന്തരം ദിവസേനയുള്ള സമർപ്പണത്തിലൂടെ മാത്രമേ യേശുക്രിസ്തുവിനെ നമ്മിലേക്കു ക്ഷണിക്കുവാൻ കഴികയുള്ളൂ എന്നു ഇതിലൂടെ വ്യക്തമായോ?

ഓരോ ദിവസവും എല്ലാ കാര്യത്തിനും ദൈവത്തിനു മുഖ്യസ്ഥാനം കൊടുക്കണം എന്ന പ്രധാനപ്പെട്ട ആത്മീയ തത്വം നിങ്ങളുടേതാക്കിയിട്ടുണ്ടോ? മലമുകളിലെ പ്രസംഗത്തിൽ യേശു ഇപ്രകാരം പറഞ്ഞു: "മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും" (മത്തായി 6:33).

ദൈവരാജ്യം എന്നുള്ളത് ഇപ്പോൾ നിങ്ങളുടെ ഹൃദയത്തിൽ ക്രിസ്തു ഉണ്ടായിരിക്കുന്നതാണ്. യേശു ദൈവരാജ്യത്തെ ജീവനുള്ളതായി ദൃഷ്ടാന്തീകരിക്കുന്നു (മർക്കൊസ് 10:15; ലൂക്കൊസ് 17:20,21). എല്ലാ ദിവസവും നമ്മുടെ ആരാധനാലയങ്ങളിൽ നമ്മെ പൂർണ്ണമായി സമർപ്പിക്കുകയും പരിശുദ്ധാത്മദാനത്തിനുവേണ്ടി യാചിക്കുകയും വേണം എന്നു പറയുന്നത് ഇതുകൊണ്ടാണ്. നാം ദൈവമുമ്പാകെ നിൽക്കുമ്പോൾ ആണ് തീരുമാനം എടുക്കുവാനുള്ള നിമിഷം ലഭിക്കുന്നത്: ക്രിസ്തുവും ആയി നമുക്കു രക്ഷാകരമായ വ്യക്തിബന്ധം ഉണ്ടോ? നാം യേശുവിൽ വസിക്കുന്നുണ്ടോ? (യോഹ. 15:1–17 വരെ കാണുക). നിങ്ങളുടെ വിശ്വാസജീവിതത്തിൽ കൂടുതൽ കാര്യങ്ങൾ നിവൃത്തിയാകുന്നതു കാണാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലേ?

ആരാധനയുടെ അല്പം സമയമോ അല്ലെങ്കിൽ നിശ്ശബ്ദസമയം ലഭിക്കാത്തവർ അല്ലെങ്കിൽ പരിമിതമായ സമയം മാത്രം ലഭിക്കുന്നവർ ഒരുപക്ഷേ ഒന്നോ രണ്ടോ തവണ മാത്രമേ ഒരാഴ്ചയിൽ ആരാധനയിലൂടെ ശക്തി പ്രാപിക്കുകയുള്ളൂ. ഒരാഴ്ചയിൽ ഒന്നോ രണ്ടോ തവണ മാത്രം ആഹാരം കഴിക്കുന്നവർ ഇതിനോടു സാദൃശ്യം ഉള്ളവർ ആണ്. ഒരു താരതമ്യം ചെയ്താൽ ആഴ്ചയിൽ ഒരിക്കൽ നിങ്ങളെ പോഷിപ്പി

ക്കുന്നതു പരിഹാസ്യമായ കാര്യം അല്ലേ? ആരാധന ഇല്ലാതിരിക്കുന്ന ക്രിസ്ത്യാനി ഒരു ജഡികനെന്നല്ലേ ഇതിന്റെ അർത്ഥം?

ഇപ്രകാരമുള്ള അവസ്ഥയിൽ ഒരാൾ കഴിഞ്ഞാൽ രക്ഷിക്കപ്പെടുകയില്ല എന്നാണല്ലോ ഇതിന്റെ അർത്ഥം. നാം ഒരു ജഡിക ക്രിസ്ത്യാനിയാണെങ്കിൽ ആരാധന നമുക്കു ഒരു കടം മാത്രമാണ്. എന്നാൽ നാം ഒരു ആത്മികൻ ആണെങ്കിൽ ആരാധന നമുക്കു ഒരു അത്യാവശ്യവും സന്തോഷവും ആണ്.

നമുക്കു ക്രിസ്തുവിന്റെ നീതി ലഭിക്കണമെങ്കിൽ, ദൈവിക സ്വഭാവത്തിന്റെ പങ്കാളിയായിത്തീരണമെങ്കിൽ നാം ദിവസേന പരിശുദ്ധാത്മാവിന്റെ സ്വാധീനത്താൽ രൂപാന്തരം പ്രാപിക്കേണ്ടത് ആവശ്യമാണ്. ഞാൻ വർഷങ്ങൾക്കു മുമ്പ് ജിംവോസിന്റെ പുസ്തകം വായിക്കുവാൻ ഇടയായി. ഞാൻ ഒരു ഭീകരസംഘത്തിൽപെട്ട ആളായിരുന്നു. അദ്ദേഹം രക്ഷിക്കപ്പെട്ട ഒരു കുറ്റവാളി ആയിരുന്നു. അദ്ദേഹം പൂർണ്ണഹൃദയത്തോടെ തന്റെ പാപങ്ങൾ ഏറ്റുപറഞ്ഞിരുന്നു. ഉദാഹരണമായി മോഷണം, കള്ളസാക്ഷ്യം തുടങ്ങിയ കുറ്റകൃത്യങ്ങൾ അദ്ദേഹം ചെയ്തിരുന്നു. ദൈവത്തിന്റെ അതിശക്തമായ ഇടപെടൽ അദ്ദേഹം അനുഭവിച്ചു. ഇത് എനിക്കു മതിപ്പ് ഉളവാക്കി, ഞാൻ എന്നോടുതന്നെ പറഞ്ഞു, എല്ലാ പ്രകാരത്തിലും എനിക്കു ഒരു കുഴപ്പവും ഇല്ല, എന്നാൽ അതുപോലെ ഒരനുഭവം എനിക്കില്ല. പിന്നെ ഞാൻ കർത്താവിനോടു ഇപ്രകാരം പ്രാർത്ഥിച്ചു: "സ്വർഗ്ഗസ്ഥനായ പിതാവേ, എന്റെ എല്ലാ പാപങ്ങളും അവിടുന്നു എന്നെ കാണിക്കുന്ന എന്റെ എല്ലാ പാപങ്ങളും അവിടുത്തോടു ഞാൻ ഏറ്റുപറയുന്നു. ഇതുകൂടാതെ ഞാൻ ഇപ്പോൾ എഴുന്നേല്ക്കുന്നതിനേക്കാൾ ഒരു മണിക്കൂർ നേരത്തേ എഴുന്നേറ്റു പ്രാർത്ഥിക്കുകയും വേദപുസ്തകം വായിക്കുകയും ചെയ്യുന്നതാണ്. അതിനുശേഷം അവിടുന്നു എന്റെ ജീവിതത്തിലും ഇടപെടുന്നതു കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു."

ദൈവത്തിനു സ്തുതി! അവിടുന്നു എന്റെ ജീവിതത്തിലും ഇടപെട്ടു. അതിനെ തുടർന്നു പ്രത്യേകിച്ചു ശബ്ബത്തിനെ ബന്ധപ്പെട്ടുള്ള പ്രഭാത ആരാധന എന്റെ ദൈവവും ആയിട്ടുള്ള ജീവിതത്തിന്റെ അടിസ്ഥാനമായിത്തീർന്നു.

ദിവസേനയുള്ള സമർപ്പണത്തിലൂടെയും ദിവസേന പരിശുദ്ധാത്മാവിനാൽ നിറവു പ്രാപിക്കുന്നതിലൂടെയും നമ്മുടെ ജീവിതങ്ങൾ പ്രയോ

ജനകരമായവിധത്തിൽ മാറ്റപ്പെടുന്നതാണ്. അതിന്റെ ഫലമായി "ക്രിസ്തുവിലൂടെയുള്ള" നമ്മുടെ പുതിയജീവിതം സംരക്ഷിക്കപ്പെടുകയും ഫലം കായിക്കുന്നതും ആണ്. നമ്മുടെ വ്യക്തിപരമായ പ്രാർത്ഥനാ സമയങ്ങളിൽ ആണ് ഇങ്ങനെ സംഭവിക്കുന്നത്.

## പാസ്റ്റർമാർ പറയുന്ന അഭിപ്രായങ്ങൾ എന്തെല്ലാം?

(ഒന്നാംഭാഗം)

ഒരു കാര്യം ഞങ്ങൾ ചെയ്യുന്നില്ല. എല്ലാ കാര്യങ്ങൾക്കും പരിഹാരമാർഗ്ഗം നാം ആഗ്രഹിക്കുന്നു, പക്ഷേ നാം ഒരു കാര്യം ചെയ്യുന്നില്ല: പരിശുദ്ധാത്മാവിന്റെ അധികാരം ലഭിക്കുന്നതിനുവേണ്ടി നാം പ്രാർത്ഥിക്കുന്നില്ല. സഭയുടെ ഫലക്ഷമതയെക്കുറിച്ചു നാം ബോധവാന്മാർ ആണ്, അതുപോലെ ജനത്തെക്കുറിച്ചുള്ള സഭയുടെ ബലഹീനമായ ധാരണയും നമുക്കറിയാം. സഭയുടെ യഥാർത്ഥമായ അധികാരം നഷ്ടപ്പെട്ടിരിക്കുന്നു എന്നു മനസ്സിലാക്കുന്നു. ഈ അധികാരം അന്വേഷിക്കുന്നതിലൂടെ സഭ ഏതു കാര്യങ്ങൾക്കു വേണ്ടി പരിശ്രമിക്കുന്നതിനും അതിനെ ചെയ്യുന്നതിനും ഒരുക്കമാണ്. പക്ഷേ സഭ ചെയ്യാത്ത ഒരു കാര്യം, പരിശുദ്ധാത്മാവിന്റെ അധികാരം അന്വേഷിക്കുന്നില്ല എന്നുള്ളതാണ്.

## ആദ്യസ്നേഹത്തിലേക്കു മടങ്ങിവരിക

പരിശുദ്ധാത്മാവിന്റെ നിറവിനാൽ യേശുവും ആയി ഒരുമിച്ചു നടക്കുന്നതിനു ഞാൻ നയിക്കപ്പെട്ടു, നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ ആദ്യസ്നേഹത്തിലേക്കു മടങ്ങിവരുന്നത് അനുഭവിച്ചറിഞ്ഞു. വ്യക്തിപരമായ മാറ്റങ്ങൾ എന്നിൽ സംഭവിച്ചു. ദൈവത്തിന്റെ പരിശുദ്ധാത്മാവ് എന്നിൽ വസിക്കുന്നതിനു അത് ആരംഭം കുറിക്കുകയുണ്ടായി. ഞാൻ ഇതുവരെ ദർശിക്കാത്തവിധം ഒരു ശക്തി എന്നിൽ വരുന്നതു ഞാൻ കണ്ടു. D.S.

## സ്വർഗ്ഗത്തിൽനിന്നും ഉള്ള ദാനം

"വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ" എന്ന നിങ്ങളുടെ കൈപ്പട യഥാർത്ഥത്തിൽ ആദ്യം നിങ്ങൾക്കും പിന്നീട് വായനക്കാർക്കും സ്വർഗ്ഗത്തിൽനിന്നും ലഭിക്കുന്ന ഒരു ദാനമാണ്. ഈയിടെയായി സഭയ്ക്കു ചില പ്രായോഗികവും ആഴമേറിയ ആദ്ധ്യാത്മികതയും നിറഞ്ഞ പുസ്തകങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിലും ഇത് അസാധാരണമായ

ഒരു പുസ്തകമാണ്. ഒതുക്കമുള്ളതും പക്ഷേ തികച്ചും സമഗ്രമായ വിധത്തിലും പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നത് എങ്ങനെയാണെന്നും അവതരിപ്പിക്കുന്നു, വായിക്കുന്നതുകൊണ്ടുമാത്രം അവരെ സഹായിക്കുകയില്ല, പക്ഷേ അവരുടെ ആത്മീയ കണക്കെടുപ്പു എടുത്തു ഒരു തീരുമാനം എടുക്കുവാൻ സഹായിക്കുന്നു. H.H. 010512

സ്പഷ്ടമായതും പ്രധാനപ്പെട്ടതും ആയത് എടുക്കുവാൻ ഞാൻ സമയം പാഴാക്കിക്കളഞ്ഞു. സ്പാനിഷ് ഭാഷയിലുള്ള വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ എന്ന പുസ്തകം ഞാൻ മൂന്നാം തവണയാണ് വായിക്കുന്നത്. വിഷയത്തിലേക്കു വരുവാൻ ഞാൻ ആഗ്രഹിക്കുന്നു, ഒരു സഭാവിശ്വാസി എന്ന നിലയിലും ഒരു പാസ്റ്റർ എന്ന നിലയിലും സ്പഷ്ടമായതും പ്രധാനപ്പെട്ടതുമായതു തിരഞ്ഞെടുക്കുവാൻ യേശുവും ആയിട്ടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ എന്റെ വിലപ്പെട്ട സമയം ഞാൻ നഷ്ടപ്പെടുത്തുകയായിരുന്നു. എന്റെ ജീവിതത്തിന്റെയും ശുശ്രൂഷയുടെയും ഒരു പ്രത്യേകസമയത്താണ് ഈ പുസ്തകം എന്റെ കയ്യിൽ കിട്ടുന്നത്. എന്റെ ജീവിതത്തിലെ വ്യത്യസ്തമായ സമീപനത്തിലും അനുഭവങ്ങളിലും പരിശുദ്ധാത്മാവിലൂടെയുള്ള അനുഗ്രഹം ഞാൻ ആസ്വദിക്കുകയാണ്, ഇതു മാത്രമേ എനിക്കു പറയുവാൻ ഉള്ളൂ. ഈ പുസ്തകത്തിന്റെ പ്രബന്ധം എന്റെ ജീവിതത്തിൽ ഒരു യാഥാർത്ഥ്യമായി EL, EE 300319 യു.എസ്.എ. യിൽനിന്നും # 92

"സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു" (സെഖ. 4:6).

## വ്യക്തിപരമായ ചിന്തകളും ചർച്ചയ്ക്കുള്ള വഴികാട്ടിയും

1. യേശുവിൽ വസിക്കുന്നതിന് ഏതു കാൽവയ്പാണ് പ്രധാനമായിരിക്കുന്നത്?

   ..........................................................................................................

   ..........................................................................................................

2. യേശുവിനു നമ്മെ ദിവസേന സമർപ്പിക്കുന്നതു എന്തുകൊണ്ട് ആവശ്യമായ കാര്യമാണ്?

   ..........................................................................................................

   ..........................................................................................................

3. പരിശുദ്ധാത്മാവിനാൽ വീണ്ടും നിറവു പ്രാപിക്കുന്നതിന് എന്തുകൊണ്ടു ദിവസവും പ്രാർത്ഥിക്കണം?

..............................................................................................................

..............................................................................................................

4. ദിവസേനയുള്ള പ്രാർത്ഥന/ദൈവവുമായിട്ടുള്ള ഏകാന്ത സമയം എന്തുകൊണ്ടു പ്രധാനപ്പെട്ടതാണ്?

..............................................................................................................

..............................................................................................................

## നമ്മുടെ പ്രാർത്ഥനാ സമയം

- നിങ്ങളുടെ പ്രാർത്ഥനാപങ്കാളിയുമായി ചേർന്നു ഈ വിഷയം ചർച്ചചെയ്യുക.
- നിങ്ങളുടെ പങ്കാളിയുമായി ചേർന്നു പ്രാർത്ഥിക്കുക.

1. നിങ്ങൾ പരിശുദ്ധാത്മാവിനാൽ നിറയപ്പെടുന്നതിനുവേണ്ടി.
2. ദിവസേനയുള്ള നിങ്ങളുടെ ആരാധനയിലെ സന്തോഷം വർദ്ധിപ്പിക്കുന്നതിന്.
3. യേശുവിന്റെ സ്വഭാവം നിങ്ങളിൽ വളരുന്നതിന് സ്നാനവും പരിശുദ്ധാത്മാവും തമ്മിലുള്ള ബന്ധം എന്താണ്?

## സ്നാനവും പരിശുദ്ധാത്മാവും തമ്മിലുള്ള ബന്ധം എന്താണ്?
## സത്യത്തിലും ആത്മാവിലും ആരാധിക്കുക

### ആറാം ദിവസം

പ്രധാന ഉദ്ദേശം ആരാധനയാണ്. മൃഗത്തെ നമസ്കരിക്കുന്നതിനു പകരം സൃഷ്ടിതാവിനെ ആരാധിക്കേണം, ഇതാണ് മനുഷ്യവർഗ്ഗത്തിനുള്ള ദൈവത്തിന്റെ അവസാന സന്ദേശം (വെളി. 14:6–12). ആരാധനയുടെ പുറമെയുള്ള അടയാളമാണ് ശബ്ബത്ത് (സൃഷ്ടിതാവിനെ ആരാധിക്കുക) ആരാധനയുടെ അകലെയുള്ള മനോഭാവത്തെക്കുറിച്ചു യോഹന്നാൻ 4:23,24 വാക്യങ്ങളിൽ പറയുന്നു: “സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക

വരുന്നു: ഇപ്പോൾ വന്നുമിരിക്കുന്നു. തന്നെ നമസ്കരിക്കുന്നവർ ഇങ്ങ നെയുള്ളവർ ആയിരിക്കേണം എന്നു പിതാവ് ഇച്ഛിക്കുന്നു. ദൈവം ആത്മാവ് ആകുന്നു. അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യ ത്തിലും നമസ്കരിക്കേണം."

ആത്മാവിൽ ആരാധിക്കുക എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം തീർച്ചയായും സുബോധത്തോടെ ആരാധിക്കേണം. എന്നാൽ ആത്മാ വിനാൽ നിറപ്പെടുകയും വേണം. സത്യത്തിൽ ആരാധിക്കുക എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം നമ്മെ സത്യത്തിന്റെ ആൾരൂപമായ യേശുവിനു പൂർണ്ണമായി സമർപ്പിച്ചുകൊണ്ടു ജീവിക്കേണം എന്നാണ്. യേശു പറഞ്ഞു: "ഞാൻ തന്നെ സത്യവും" (യോഹ. 14:6). ദൈവവചന ത്താലും അവിടുത്തെ നിർദ്ദേശങ്ങളിലും യേശു നമ്മുടെ ഉള്ളിൽ വസിക്കുന്നതിലൂടെ എന്നാണ് ഇതിന്റെ അർത്ഥം. കാരണം യേശു പറ ഞ്ഞിരിക്കുന്നത്: "നിന്റെ വചനം സത്യമാകുന്നു" എന്നാണ് (യോഹ. 17:17). സങ്കീർത്തനം 119:142 പറയുന്നത്: "നിന്റെ ന്യായപ്രമാണം സത്യ വുമാകുന്നു" എന്നാണ്. ഇപ്പോൾ നമുക്കു ശരിയായ ആരാധന ഇല്ലെ ങ്കിൽ നിർണ്ണായക നിമിഷത്തിൽ നാം വീണുപോകും എന്ന അപകട ത്തിൽ അല്ലേ നമ്മൾ. ജഡിക ക്രിസ്ത്യാനികൾക്ക് ഇതൊരു വലിയ പ്രശ്നമായിത്തീരും.

ദൈവസഹായത്താൽ അഭിവൃദ്ധി പ്രാപിക്കണം എന്നും പരി ജ്ഞാനത്തിൽ വളരണമെന്നും നാം എല്ലാവരും ആഗ്രഹിക്കുന്നതായി ഞാൻ ചിന്തിക്കുന്നു. ചിലപ്പോൾ താഴെപ്പറയുന്ന വ്യാജ ഉപദേശം ചിലർക്ക് മുമ്പോട്ടു പോകുന്നതിന് ഒരു തടസ്സമായിരിക്കും.

## സ്നാനവും പരിശുദ്ധാത്മാവും

തങ്ങൾ സ്നാനപ്പെട്ടിരിക്കുന്നതുകൊണ്ട് തങ്ങൾ പരിശുദ്ധാത്മാ വിനാൽ നിറയപ്പെട്ടിരിക്കുന്നു എന്നു ചിലർ ചിന്തിക്കുന്നു. അതു കൊണ്ടു എല്ലാം ശരി ആയെന്നും ഇനി തങ്ങൾക്ക് യാതൊന്നും ആവശ്യമില്ലെന്നും അവർ ചിന്തിക്കുന്നു. ഡി.എൽ. മൂഡി ഇതിനെക്കു റിച്ചു അഭിപ്രായപ്പെട്ടിരിക്കുന്നത് ഇപ്രകാരമാണ്: "ഒരിക്കൽ നിറവു പ്രാപിച്ചാൽ എന്നന്നേയ്ക്കുമായി നിറവു പ്രാപിച്ചിരിക്കുന്നു എന്നു ചിലർ ചിന്തിക്കുന്നു. ഓ! എന്റെ സഹോദരന്മാരേ, നാം സുഷിരമുള്ള പാത്രങ്ങൾ ആണ്. നാം പൂർണ്ണമായി നിറയപ്പെടുന്നതിന് നീരുറവിന്റെ കീഴിൽ നിരന്തരം കഴിയേണം എന്നുള്ളത് അത്യാവശ്യമാണ്."67

ജോസഫ് എച്ച്. വാഗ്ഗനർ പറഞ്ഞിരിക്കുന്നത്: "പരിശുദ്ധാത്മാവിന്റെ ദാനത്തിന്റെ തെളിവായി സ്നാനത്തെ കാണുന്നതായ എല്ലാ അവസ്ഥ കളിലും പാപി, ജഡിക സംരക്ഷണത്തിൽ സാന്ത്വനം കണ്ടെത്തുന്നു. ദൈവകൃപയുടെ അടയാളമായി അവൻ കേവലം തന്റെ സ്നാനത്തെ ആശ്രയിക്കുന്നു. അവന്റെ അടയാളവും സാക്ഷ്യവും തന്റെ ഹൃദയ ത്തിൽ ഉള്ള ആത്മാവല്ല, തന്റെ ജലസ്നാനം മാത്രമാണ്."68

തീർച്ചയായും സ്നാനം എന്നുള്ളതു ഒരു പ്രധാന തീരുമാനവും ദൈവ ഇഷ്ടത്തിനു യോജിച്ചതും ആണ്. അതിനു വലിയ അർത്ഥവു മുണ്ട് അതു നിലനിർത്തുകയും ചെയ്യും. പക്ഷേ നാം പരിശുദ്ധാത്മാ വിന്റെ നിറവു പ്രാപിച്ചവർ ആണെന്ന് തെളിയിക്കേണ്ടതിന് ഒരു കഴിഞ്ഞ കാല സംഭവത്തെ നോക്കാൻ പാടില്ല. അതിനുപകരം ഇപ്പോൾ നാം പരിശുദ്ധാത്മാവിനാൽ നിറവു പ്രാപിക്കേണ്ടതാണെന്നു അറിയുകയും ഇപ്പോൾ അതു അനുഭവിച്ചറിയുകയും വേണം.

ചില ആളുകൾ, അവർ സ്നാനപ്പെടുന്നതിനു മുമ്പുതന്നെ പരി ശുദ്ധാത്മാവിനെ പ്രാപിച്ചിട്ടുണ്ട് -- ഉദാഹരണത്തിന് കൊർന്നേ ല്യൊസും അവന്റെ കുടുംബവും അതല്ലെങ്കിൽ പൗലൊസ് എന്നു പേരുള്ള ശൗൽ. മറ്റുള്ളവർക്ക് പരിശുദ്ധാത്മാവിന്റെ അഭിഷേകം ലഭി ച്ചത് സ്നാനത്തിനുശേഷമാണ് – ഉദാഹരണത്തിനു ശമര്യരും എഫെ സൊസിലെ 12 പുരുഷന്മാരും. എന്നാൽ ഒരുവൻ സ്നാനത്തിനു മുമ്പാ ണെങ്കിലും ശേഷമാണെങ്കിലും പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതു ഒരുപോലെയാണ്. ഏതോ ഒരു സമയം നാം പരിശുദ്ധാത്മാവിനെ പ്രാപിച്ചു, പക്ഷേ ഇപ്പോഴും ആത്മാവ് നമ്മിൽ വസിക്കുന്നു എന്നു ള്ളതു പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. കഴിഞ്ഞകാലത്ത് എന്തു സംഭ വിച്ചു എന്നുള്ളത് നിർണ്ണായകമല്ല, പക്ഷേ ഇന്ന് ഇപ്പോൾ കാര്യങ്ങൾ എങ്ങനെയാണ് എന്നുള്ളത് ആണ് പ്രധാനം!

എക്കേഹാർട്ട് പറഞ്ഞിരിക്കുന്നത്: "ഒരു മനുഷ്യൻ തന്നെത്താൻ മുൻകൈയ്യെടുത്ത തീരുമാനപ്രകാരം തന്നെ പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കുമ്പോൾ വീണ്ടും ജനനവും പരിശുദ്ധാത്മാവിനാൽ ഉള്ള സ്നാനവും ഒരേ സമയത്തു സംഭവിക്കുന്നു. ഇതു കൂടാതെ നാം മന സ്സിൽ സൂക്ഷിക്കേണ്ട കാര്യം, വീണ്ടും ജനന അനുഭവത്തെ തുടർന്നു പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നു എന്നുള്ള കാര്യമാണ്. പക്ഷേ ഇത് സ്വതവേ ഉണ്ടാകുന്ന പ്രക്രിയ അല്ല. ആ ബന്ധം എല്ലാ ദിവ സവും പുതുക്കേണ്ടതാണ്."69

ഞാൻ നിങ്ങളെ വീണ്ടും ഓർമ്മപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു: നമ്മുടെ ഭൗതിക ശരീരം നമുക്കു ജനനത്തിൽ ലഭിച്ചതാണ്. നമ്മുടെ ജീവിതം നിലനിർത്തുന്നത് ഭക്ഷണം, ജലപാനം, വ്യായാമം, ഉറക്കം മുതലായ കാര്യങ്ങളാൽ ആണ്. അല്ലെങ്കിൽ നാം ദീർഘനാൾ ജീവിക്കുകയില്ലായിരുന്നു. ഈ നിയമങ്ങൾ നമ്മുടെ ആത്മിക ജീവിതത്തിനും ബാധകമാണ്. നമുക്കു പുതിയജീവിതം ലഭിച്ചത് പരിശുദ്ധാത്മാവിനാൽ ആണ്, അതായത് നമ്മെ പൂർണ്ണമായി ക്രിസ്തുവിനു സമർപ്പിച്ചപ്പോൾ മുതൽ. നമ്മുടെ ആത്മീയ ജീവിതം നിലനിർത്തുന്നതിന് പരിശുദ്ധാത്മാവ്, പ്രാർത്ഥന, ദൈവവചന പഠനം മുതലായവ ആവശ്യമാണ്. മിസ്സിസ് എലൻ ജി. വൈറ്റ് ഇപ്രകാരം പറഞ്ഞിരിക്കുന്നു: “നമ്മുടെ സ്വാഭാവികമായ ജീവിതം ഓരോ നിമിഷംതോറും നിലനിർത്തിക്കൊണ്ടു പോകുന്നത് ദൈവിക ശക്തിയാൽ ആണ്. എങ്കിലും അതു പരിപാലിക്കപ്പെടുന്നത് നേരിട്ടുള്ള ഒരു അത്ഭുതപ്രവൃത്തിയിലൂടെയല്ല. പക്ഷേ അതു നിലനിർത്തിക്കൊണ്ടുപോകുന്നത് നമുക്കു എത്തിപ്പിടിക്കാവുന്ന ദൂരത്തിൽ വെച്ചിരിക്കുന്ന അനുഗ്രഹങ്ങളാൽ ആണ്. സംരക്ഷിക്കുന്ന ദൈവം നൽകിയിരിക്കുന്ന ഉപാധികൾ ഉപയോഗിക്കുന്നതിലൂടെയാണ് ആത്മീയ ജീവിതം നിലനിർത്തിക്കൊണ്ടുപോകേണ്ടത്.”70

ഭൗതിക ജീവിതമോ അതല്ലെങ്കിൽ ആത്മീയ ജീവിതമോ നമ്മിൽ സ്വതവേ നിലനില്ക്കുകയില്ല. ദൈവം ക്രമീകരിച്ചിരിക്കുന്ന ഉപാധികൾ ഉപയോഗിക്കേണ്ടത് ആവശ്യമാണ്.

ഇതിന്റെ അർത്ഥം: നാം വീണ്ടും ജനിക്കുമ്പോൾ നമ്മിൽ വസിക്കുന്നതിനുവേണ്ടി പരിശുദ്ധാത്മാവിനെ നൽകുന്നതാണ്. ദൈവം നമുക്കു നൽകിയിരിക്കുന്ന ഉപാധികളെ നാം ദിവസേന ഉപയോഗിക്കുന്നതിനെ ആശ്രയിച്ചാണ് പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നത്. ഈ ഉപാധികളെ നാം ഉപയോഗിച്ചില്ലെങ്കിൽ എന്തു ഫലമാണ് നാം പ്രതീക്ഷിക്കുന്നത്?

എല്ലാ പോംവഴികളെക്കാളും പരിശുദ്ധാത്മാവാണ് പ്രധാനപ്പെട്ടത്. ഇതുകൂടാതെ പ്രാർത്ഥന വളരെ പ്രധാനപ്പെട്ടതാണ്. ദൈവത്തോടു ബന്ധപ്പെട്ടതുകൊണ്ടു ദൈവവചനം പ്രധാനപ്പെട്ടതാണ്. ആരാധനയിൽ പങ്കെടുക്കുന്നതും മറ്റു പലകാര്യങ്ങളും പ്രാധാന്യമുള്ളതാണ്.

അകമേയുള്ള മനുഷ്യനെ പരിപാലിക്കുന്നതു നിയമം അനുസരിച്ചു ആവശ്യമായ കാര്യമാണെന്ന് നാം അംഗീകരിക്കുന്നു എന്നു ഞാൻ ചിന്തിക്കുന്നു. നാം അതു ചെയ്തില്ലെങ്കിൽ വ്യസനിക്കേണ്ട, അനന്തര ഫലങ്ങൾ നാം അനുഭവിക്കുന്നതാണ്. നാം ഭക്ഷിക്കുന്ന ആഹാരം അതിനുമുമ്പ് ഭക്ഷിക്കുവാൻ കഴിയുകയില്ല. അതു പരിശുദ്ധാത്മാവിനെ ഭാവിയുടെ ആവശ്യത്തിനുവേണ്ടി ഇപ്പോഴേ കരുതിവെക്കുവാൻ കഴി കയില്ല. "നാളത്തേയ്ക്കുള്ള സഹായം ദൈവം ഇന്നു വർഷിപ്പിക്കു ന്നില്ല."71 ദിവസേനയുള്ള സമർപ്പണം ആവശ്യമാണെന്ന് നിങ്ങൾക്ക് യഥോചിതം വ്യക്തമായി എന്നു ഞാൻ മനസ്സിലാക്കുന്നു. അതുപോലെ പരിശുദ്ധാത്മാവിനെ നമ്മുടെ ജീവിതത്തിലേക്കു ദിവസവും ക്ഷണി ക്കേണ്ടതാണ്.

ഈ രണ്ടു കാര്യങ്ങളും ഒരേ കാര്യമാണ് നിവർത്തിക്കുന്നത്. ക്രിസ്തുവും ആയി ഒരു ഈടാർന്ന ബന്ധം സ്ഥാപിക്കുന്നതിനെ സഹായിക്കുവാൻ, അതു ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ ആണ്. സമർപ്പണത്തിലൂടെ ഞാൻ എന്നെ അവിടുത്തേക്കായി നൽകുന്നു, അതുപോലെ പരിശുദ്ധാത്മാവിനുവേണ്ടി ഞാൻ യാചിക്കുന്നതിലൂടെ ആത്മാവിനെ എന്റെ ഹൃദയത്തിലേക്കു ക്ഷണിച്ചുകൊള്ളുന്നു. യേശു പരിശുദ്ധാത്മാവിലൂടെ നമ്മിൽ വസിക്കുന്നു എന്നു മറ്റു വചനങ്ങളും ചൂണ്ടിക്കാണിക്കുന്നു. 1 യോഹ. 3:24 "അവൻ നമ്മിൽ വസിക്കുന്നു എന്ന് അവൻ നമുക്കു തന്ന ആത്മാവിനാൽ നാം അറിയുന്നു" (യോഹ. 14:17,23 ഉം കൂടെ കാണുക).

## പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ

പരിശുദ്ധാത്മാവ് എന്നിൽ വരുമ്പോൾ ക്രിസ്തു നിറവേറ്റിയത് എന്നിൽ പൂർത്തീകരിക്കുന്നു. റോമർ 8:2 ഇപ്രകാരം പറയുന്നു: "ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്കു പാപത്തിന്റെയും മരണ ത്തിന്റെയും പ്രമാണത്തിൽനിന്നു ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരു ത്തിയിരിക്കുന്നു." "ജഡത്തെയല്ല, ആത്മാവിനെ അത്രേ അനുസരിച്ചു നടക്കുന്ന നമ്മിൽ ന്യായപ്രമാണത്തിന്റെ നീതി നിവൃത്തിയാകേണ്ട തിനു തന്നേ." ഒരുവൻ തന്റെ ഹൃദയം പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കുമ്പോൾ, പരിശുദ്ധാത്മാവ് ആ ഹൃദയത്തിൽ പ്രവർത്തി ക്കുന്ന വിധത്തെയാണ് ആത്മാവിന്റെ പ്രമാണം എന്നു പറഞ്ഞിരിക്കു ന്നത്. ജീവൻ നൽകുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയെക്കുറിക്കുന്ന

കാര്യമാണിത്. ക്രിസ്തു കൈവരിച്ചത് എന്റെ ജീവിതത്തിൽ കൊണ്ടു വരുവാൻ പരിശുദ്ധാത്മാവിനു മാത്രമേ കഴിയു. മിസ്സിസ് എലൻ ജി. വൈറ്റ് ഇതിനെ നല്ലതുപോലെ വിശദീകരിക്കുന്നു. "നമ്മെ പുനർജീവിപ്പിക്കുന്ന കാരണഭൂതനായി ആത്മാവിനെ നൽകപ്പെടുന്നു, ഇല്ലെങ്കിൽ ക്രിസ്തുവിന്റെ യാഗത്തിനു യാതൊരു പ്രയോജനവും ഇല്ല. ലോകത്തിന്റെ രക്ഷിതാവ് രൂപകല്പന ചെയ്തതിനെ ഫലപ്രദമാക്കുന്നത് ആത്മാവാണ്. ആത്മാവിനാൽ ആണ് ഹൃദയത്തെ ശുദ്ധീകരിക്കുന്നത്. പരിശുദ്ധാത്മാവിലൂടെ ഒരു വിശ്വാസി ദൈവിക പ്രകൃതിയുടെ പങ്കാളിയായിത്തീരുന്നു... അവരുടെ ആവശ്യങ്ങൾക്കും സ്വീകരണത്തിനും വേണ്ടി ദൈവിക ശക്തി കാത്തിരിക്കുന്നു."72

ഈ പ്രക്രിയയെ തോമസ് എ. ഡേവിസ് വിശദീകരിക്കുന്നതു ഇപ്രകാരമാണ്: "ഇതിന്റെ അർത്ഥം, ജനത്തിനുവേണ്ടിയുള്ള ക്രിസ്തുവിന്റെ പ്രവർത്തനത്തിന്റെ ഫലപ്രാപ്തി പരിശുദ്ധാത്മാവിനെ ആശ്രയിച്ചിരിക്കുന്നു. ആത്മാവിനെ കൂടാതെ പ്രവർത്തിച്ചിരുന്നെങ്കിൽ യേശു ഈ ഭൂമിയിൽ ചെയ്തതൊക്കെയും – ഗെത്ത്ശെമന തോട്ടത്തിൽ കാൽവറി ക്രൂശിൽ, പുനരുത്ഥാനവും സ്വർഗ്ഗത്തിലെ പൗരോഹിത്യശുശ്രൂഷയും – മുതലായവ എല്ലാം പരാജയപ്പെടുമായിരുന്നു. യേശുക്രിസ്തുവിന്റെ പ്രവർത്തനത്തിന്റെ ആകത്തുക ചില ലോകമതങ്ങളെക്കാളും നീതിശാസ്ത്ര നേതാവിനേക്കാളും കൂടുതൽ പ്രയോജനകരമായിത്തീരുകയില്ലായിരുന്നു. ഇവയെക്കാളും ക്രിസ്തു വലിയവനായിരുന്നെങ്കിലും അവിടുത്തെ മാതൃകയാലും ഉപദേശത്താലും മാത്രം മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാൻ കഴിയുകയില്ലായിരുന്നു. മനുഷ്യരെ മാറ്റുന്നതിന് അവരിൽ പ്രവർത്തിക്കേണ്ടത് ആവശ്യമാണ്. ഇത് മനുഷ്യഹൃദയങ്ങളിൽ ചെയ്യുവാൻ ആത്മാവിനെ അയച്ചിരിക്കുന്നതുകൊണ്ട് ആത്മാവിനു മാത്രമേ ഈ പ്രവർത്തനം ചെയ്യാൻ കഴികയുള്ളൂ."73

നിങ്ങൾ ആത്മാവിനാൽ നിറയപ്പെടേണ്ടതിന് ഈ ഒരു കാരണം മാത്ര പോരേ? "ഒരുവന്റെ ഹൃദയത്തിന്റെ നിയന്ത്രണം പരിശുദ്ധാത്മാവ് ഏറ്റെടുക്കുമ്പോൾ, ആത്മാവു അവനെ രൂപാന്തരപ്പെടുത്തുന്നു. പാപകരമായ ചിന്തകൾ നീക്കിക്കളയുന്നു, ദുഷിച്ച പ്രവൃത്തികൾ പരിത്യജിക്കുന്നു; കോപം, അസൂയ, പിണക്കം എന്നിവയ്ക്കു പകരം സ്നേഹം, വിനയം, സമാധാനം എന്നിവ ഉണ്ടാകുന്നു. ദുഃഖത്തിനു പകരം സന്തോഷം ഉണ്ടാവുകയും സ്വർഗ്ഗത്തിലെ വെളിച്ചത്താൽ മുഖം പ്രകാശിക്കുകയും ചെയ്യുന്നു."74

പരിശുദ്ധാത്മാവ് നിറഞ്ഞ ജീവിതത്തിലൂടെ വിലയേറിയ മറ്റു ഫല ങ്ങളും ഉണ്ടാകുന്നതാണ്, പക്ഷേ ആത്മാവിനെ കൂടാതെ ജീവിച്ചാൽ വലിയ കുറവുകളും നഷ്ടങ്ങളും സംഭവിക്കുന്നതാണ്. പരിശുദ്ധാത്മാ വിനാൽ ലഭിക്കുന്ന ജീവിതവും കൂടാതെയുള്ള ജീവിതത്തെക്കുറിച്ചും 4-ാം അദ്ധ്യായത്തിൽ വിശദമായി കൈകാര്യം ചെയ്തിരിക്കുന്നു.

## ഞാൻ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടിട്ടുണ്ടോ?

പരിശുദ്ധാത്മാവിനാൽ നിറയപ്പെടുന്നതിനെക്കുറിച്ചു ദയവായി താഴെക്കാണുന്ന ചോദ്യങ്ങൾ നിങ്ങളോടു ചോദിക്കുക:75

- പരിശുദ്ധാത്മാവിന്റെ ശ്രദ്ധിക്കുന്ന ചില ഫലങ്ങൾ എങ്കിലും എന്നിൽ ഉണ്ടോ? ഉദാഹരണത്തിന് യേശു നിങ്ങളുടെ ജീവിത ത്തിൽ ഏറ്റവും വലിയവനും യാഥാർത്ഥ്യവും ആയിത്തീർന്നി ട്ടുണ്ടോ? (യോഹ. 15:16).
- പരിശുദ്ധാത്മാവിന്റെ ആന്തരിക ശബ്ദം കേൾക്കുവാനും അതു മനസ്സിലാക്കുവാനും തുടങ്ങിയിട്ടുണ്ടോ? എന്റെ ജീവിതത്തിലെ ചെറുതും വലുതും ആയ തീരുമാനങ്ങളിൽ ആത്മാവിനു സ്ഥാന മുണ്ടോ? (റോമർ 8:14).
- എന്റെ സഹമനുഷ്യരോടു എന്നിൽനിന്നും മഹാ സ്നേഹം (എഫെ. 2:5) ഉത്ഭവിക്കുന്നുണ്ടോ? പരിശുദ്ധാത്മാവ് എന്നിൽ നിന്നും മനുഷ്യരോട്, പ്രത്യേകിച്ച് ഞാൻ വെറുക്കുന്നവരോടു കരുണയും കരുതലും പ്രദർശിപ്പിക്കുവാൻ സഹായിക്കുന്നുവോ? (ഗലാ. 5:22; യാക്കോബ് 2:8,9).
- ഞാൻ എന്റെ സഹമനുഷ്യരോടു എപ്രകാരം ഇടപെടണം എന്നു പരിശുദ്ധാത്മാവ് എനിക്കു വീണ്ടും വീണ്ടും ബോദ്ധ്യപ്പെടുത്തു ന്നുവോ? മനക്ലേശങ്ങളും ഉൽകണ്ഠകളും ഉള്ള ഒരാളെ നേടുന്ന തിന് പരിശുദ്ധാത്മാവ് എനിക്കു ശരിയായ വാക്കുകൾ നൽകു ന്നുണ്ടോ?
- യേശുവിനെക്കുറിച്ചു മറ്റുള്ളവരോടു സംസാരിക്കുവാനും അവരെ ക്രിസ്തുവിങ്കലേക്കു നേടുവാനും പരിശുദ്ധാത്മാവ് എനിക്കു ശക്തി നൽകുന്നുണ്ടോ?
- എന്റെ പ്രാർത്ഥനാ ജീവിതത്തിൽ അവിടുന്നു എന്നെ എപ്രകാരം സഹായിക്കുന്നു എന്നു അനുഭവിച്ചറിയാൻ എനിക്കു കഴിയു

ന്നുണ്ടോ? അതുപോലെ എന്റെ ഹൃദയത്തിലെ ആഴമേറിയ കാര്യങ്ങൾ ദൈവത്തോടു പറയുവാൻ അവിടുന്നു എന്നെ സഹായിക്കുന്നുണ്ടോ?

ഈ ചോദ്യങ്ങളെക്കുറിച്ചു നാം ചിന്തിക്കുമ്പോൾ, പരിശുദ്ധാത്മാവിൽ വളരുന്നതിനും അവിടുത്തെക്കുറിച്ചും കൂടുതലായി അറിയുന്നതിനും അവിടുത്തോടു കൂടുതൽ സ്നേഹം പ്രകടിപ്പിക്കുന്നതിനും പരിശുദ്ധാത്മാവിന്റെ ആവശ്യം നമുക്കു എത്രമാത്രം ആവശ്യമാണെന്നു നാം അറിയുന്നു.

ഒരു സഹോദരൻ ഇപ്രകാരം എഴുതി: ഞാനും എന്റെ പിതാവും അനുരഞ്ജിപ്പിക്കപ്പെട്ടു, വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ എന്ന പുസ്തകവും നാല്പതു ദിവസം എന്ന പുസ്തകത്തിന്റെ ഒന്നും രണ്ടും ഭാഗങ്ങളും പഠിച്ചുകഴിഞ്ഞപ്പോൾ പരിശുദ്ധാത്മാവിനാൽ നിറയപ്പെടുവാനുള്ള അത്ഭുതകരമായ അനുഭവം എനിക്കുണ്ടായി. പരിശുദ്ധാത്മാവ് എന്നിൽ എപ്രകാരം പ്രവർത്തിക്കുന്നു, എന്റെ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും എപ്രകാരം പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നു എന്നും അനുഭവിച്ചറിഞ്ഞത് എനിക്കു പ്രത്യേകിച്ച് ആവേശമുണർത്തുന്ന ഒരു കാര്യമായിരുന്നു.

### പിതാവും മകനും തമ്മിൽ അനുരഞ്ജനം

എന്റെ പിതാവും ആയിട്ടുള്ള എന്റെ ബന്ധം ഏതാണ്ട് കുഴപ്പത്തിൽ ആയിരുന്നു. എന്റെ പിതാവും ആയി ഒരു നല്ല ബന്ധം സ്ഥാപിക്കണമെന്നായിരുന്നു എന്റെ കുട്ടിക്കാലത്തും യവ്വനകാലത്തും ഉണ്ടായിരുന്ന ആഗ്രഹവും പ്രാർത്ഥനകളും. പക്ഷേ അതു ക്രമേണ കൂടുതൽ വഷളായി. ഇങ്ങനെ ആറേഴു വർഷങ്ങൾ കടന്നുപോയി. ദൈവം വലിയ ശൂന്യത എന്റെ ഹൃദയത്തിൽ നിറച്ചു. പരിശുദ്ധാത്മാവിനുവേണ്ടി പ്രാർത്ഥിച്ചപ്പോൾ എനിക്കും എന്റെ ഭാര്യയ്ക്കും ദൈവവുമായി വലിയ അനുഭവങ്ങൾ ഉണ്ടായി. ഞങ്ങൾ ഞങ്ങളുടെ കുടുംബത്തിനു വേണ്ടി, പ്രത്യേകിച്ചു എന്റെ പിതാവിനുവേണ്ടി പ്രാർത്ഥിച്ചു. ഈ അവസരത്തിൽ എന്റെ പിതാവിനെ സ്നേഹിക്കുവാനുള്ള ഒരു പുതിയ ശക്തി എനിക്കു ലഭിച്ചു. എന്റെ കുട്ടിക്കാലം മുതൽ എന്റെ പിതാവും ആയിട്ടുള്ള ബന്ധത്തിൽ, എനിക്കു ഉണ്ടായ എല്ലാ ദുരനുഭവങ്ങൾക്കും ഞാൻ അദ്ദേഹത്തോടു ക്ഷമിച്ചു. ഞാനും എന്റെ പിതാവും ഇപ്പോൾ സ്നേഹിതർ ആയിത്തീർന്നു. അത് അദ്ദേഹത്തെ കൂടുതൽ ആത്മികനാക്കുവാൻ

തുടങ്ങി. അതുപോലെ ദൈവത്തെക്കുറിച്ചു മറ്റുള്ളവരോടു പറയുവാനും തുടങ്ങി. എന്നാൽ ഇപ്പോൾ രണ്ടുവർഷം കഴിഞ്ഞു, എന്റെ പിതാവു മായിട്ടുള്ള ബന്ധം വളരെ നല്ലതായി പോകുന്നു. ഈ അനുഭവത്തിനു വേണ്ടി ഞാൻ എന്റെ ദൈവത്തിനു നന്ദിപറയുന്നു. ഞാൻ പലപ്പോഴും ഏകാന്തതയും ശക്തിയില്ലായ്മയും അനുഭവിച്ചിരുന്നു. പക്ഷേ പരി ശുദ്ധാത്മാവിനുവേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങിയതു മുതൽ ഞാൻ പുതിയതും അത്ഭുതകരവുമായ ഒരു ജീവിതവും ദൈവവുമായി നല്ലൊരു ബന്ധവും അനുഭവിച്ചറിയുന്നു (എന്റെ പേർ പത്രാധിപർക്കു അറിയാം).

പ്രാർത്ഥന: കർത്താവായ യേശുവേ, പരിശുദ്ധാത്മാവിലൂടെ അവി ടുന്നു എന്നിൽ വസിക്കുവാൻ ആഗ്രഹിക്കുന്നതുകൊണ്ട് ഞാൻ അങ്ങേയ്ക്കു നന്ദി അർപ്പിക്കുന്നു. ദിവസവും ഉള്ള ഞങ്ങളുടെ സമർപ്പ ണത്തിലൂടെ ഞങ്ങളുടെ ആശ്രയവും സ്നേഹവും വളരുന്നതിൽ ഞങ്ങൾ അങ്ങേയ്ക്കു നന്ദി അർപ്പിക്കുന്നു. പരിശുദ്ധാത്മാവിനെക്കു റിച്ചും ആത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ചും കൂടുതൽ അറിയുവാൻ കർത്താവേ, ഞങ്ങളെ സഹായിക്കേണമേ. എന്നിൽ അവിടുത്തേയ്ക്കു എന്താണ് ചെയ്യാൻ ആഗ്രഹിക്കുന്നത് എന്നു അറിയുവാൻ ഞാൻ ആശി ക്കുന്നു, അതുപോലെ എന്റെ കുടുംബത്തെക്കുറിച്ചും എന്റെ സഭയെ ക്കുറിച്ചും ഉള്ള അവിടുത്തെ ഹിതം അറിയുവാൻ ആഗ്രഹിക്കുന്നു. ഞങ്ങൾ ദിവസവും അപേക്ഷിച്ചാൽ പരിശുദ്ധാത്മാവിനെ ലഭിക്കും എന്നു എങ്ങനെ ഞങ്ങൾക്കു ഉറപ്പാക്കുവാൻ കഴിയും. ഇതിനുവേണ്ടി അങ്ങേയ്ക്കു നന്ദി. ആമേൻ.

മിസ്സിസ് എലൻ ജി. വൈറ്റ് ഇപ്രകാരം പറഞ്ഞു: യാതൊരു അളവും ഇല്ലാതെയാണ് പരിശുദ്ധാത്മാവിനെ... യേശുവിനു നൽകിയത്. പരി ശുദ്ധാത്മാവ് നമ്മുടെ ഹൃദയത്തിൽ വസിക്കുന്നതിനുവേണ്ടി നമ്മെ പൂർണ്ണമായി സമർപ്പിക്കുമ്പോൾ ക്രിസ്തുവിന്റെ എല്ലാ അനുഗാമി കൾക്കും പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കുന്നതാണ്. നമ്മുടെ കർത്താവ് തന്നെ നൽകിയിരിക്കുന്ന കല്പന, “ആത്മാവ് നിറഞ്ഞവ രായി” (എഫെ. 5:18). വാഗ്ദത്ത നിവൃത്തിയുടെ പൂർത്തീകരണമാണ് ഈ കല്പന. ക്രിസ്തു നമ്മിൽ “ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും വേണം” എന്നുള്ളത് പിതാവിന്റെ ഗുണകരമായ അഭിലാഷമാണ്.76 “ദൈവത്തിന്റെ എല്ലാ നിറവിനോളം” യേശുവിന്റെ നാമത്തിൽ നമ്മെ നിറയ്ക്കുന്നത് പിതാവാണ് (എഫെ. 3:19).

## എഫെസ്യർ 5:18 ന്റെ അനുബന്ധം

"ആത്മാവ് നിറഞ്ഞവരായി" എഫെസ്യർ 5:18 ലെ അപേക്ഷ ആധികാരികമാണെന്ന് നമുക്കു മുൻകൂട്ടി അറിയുവാൻ കഴിയും. എല്ലാവരുടേയും നേരെയാണ് ഈ അഭ്യർത്ഥന നൽകിയിരിക്കുന്നത് എന്ന് നമുക്കു കൂടുതലായി അറിയാൻ കഴിയും. പരിശുദ്ധാത്മാവിന്റെ പൂർണ്ണത ആഗ്രഹിക്കുക എന്നുള്ളതു നമ്മുടെ ചുമതലയാണെന്ന് നമുക്കു വീണ്ടും കാണാൻ കഴിയും. പക്ഷേ മൂലഭാഷയായ ഗ്രീക്കിൽ ഈ വാക്യം കൂടുതൽ വ്യക്തമാണ്.

ഇതിനെക്കുറിച്ചു ജൊഹാൻസ് മെഗർ അഭിപ്രായപ്പെട്ടിരിക്കുന്നത്: ആത്മാവിനാൽ നിറയപ്പെടണം എന്നു പുതിയനിയമ ലേഖനങ്ങളിൽ നമ്മോടു നേരിട്ടു പറയുന്ന ഒറ്റ വേദഭാഗം മാത്രമേ ഉള്ളൂ. "ആത്മാവു നിറഞ്ഞവരായി" (എഫെ. 5:18). പരിശുദ്ധാത്മാവ് ഒരു ദാനമായി നമ്മിൽ വ്യാപരിക്കുമ്പോൾ ദാനം ചില പ്രത്യേക സന്ദർഭങ്ങളിൽ ശക്തമായ വിധത്തിൽ പ്രവർത്തിക്കുന്നതായി അപ്പൊസ്തലപ്രവൃത്തികളിൽ നമുക്കു കണ്ടെത്താൻ കഴിയും. എങ്കിലും ഒരു കല്പനയായി പരിശുദ്ധാത്മാവിനാൽ നിറവു പ്രാപിക്കുമ്പോൾ അതു ജീവിതസാഹചര്യങ്ങൾക്ക് കീഴ്പ്പെടാതെ യേശുവിന്റെ എല്ലാ അനുഗാമികൾക്കും പ്രയോജനകരമാണെന്ന് അപ്പൊസ്തലനായ പൗലൊസ് പ്രസ്താവിച്ചിട്ടുണ്ട്. ഈ ചെറിയ, പക്ഷേ പ്രധാനപ്പെട്ട കല്പനയിൽ 4 നിർണ്ണായകമായ കാഴ്ചപ്പാടുകൾ അടങ്ങിയിട്ടുണ്ട്.

1. "നിറയുക" (പ്ലെറെയിൻ) എന്ന ക്രിയാപദം ആജ്ഞാരൂപത്തിൽ ആണ് ഉപയോഗിച്ചിരിക്കുന്നത്. പൗലൊസ് ഇവിടെ ഒരു ശുപാർശയോ സൗഹൃദപരമായ ഒരു ഉപദേശമോ നൽകുന്നില്ല. ഒരു വ്യക്തിക്ക് വേണമെങ്കിൽ സ്വീകരിക്കാം അല്ലെങ്കിൽ തിരസ്കരിക്കാം എന്നുള്ള നിർദ്ദേശം അപ്പൊസ്തലൻ നൽകുന്നില്ല. അധികാരപ്പെട്ട അപ്പൊസ്തലനായിട്ടാണ് അദ്ദേഹം കല്പന നൽകുന്നത്. ഒരു മനുഷ്യന്റെ ഇഷ്ടത്തെ ആഹ്വാനം ചെയ്യുന്നതാണ് ഒരു കല്പന. ഒരു ക്രിസ്ത്യാനി പരിശുദ്ധാത്മാവിനാൽ നിറവു പ്രാപിക്കുകയാണെങ്കിൽ അതു ഒരു വലിയ അളവിൽ അവനെ സംബന്ധിക്കുന്ന കാര്യമാണ്. ക്രിസ്ത്യാനികൾ ഈ കല്പനയ്ക്കു വിധേയപ്പെട്ടു ആത്മാവിൽ നിറയപ്പെടുന്നതിനു വേണ്ടി പരിശ്രമിക്കേണ്ടതാണ്.

2. ഈ ക്രിയാപദം ബഹുവചനത്തിൽ ആണ് ഉപയോഗിച്ചിരിക്കുന്നത്. പ്രത്യേക ചുമതലകൾ നിർവ്വഹിക്കുന്ന സഭയിലെ ഏകവ്യക്തിയിലേക്ക് അല്ല ഈ കല്പന നേരിട്ടു നൽകിയിരിക്കുന്നത്. ആത്മാവിൽ നിറവു പ്രാപിക്കുക എന്ന കല്പന സൗമനസ്യം കാണിക്കുന്ന ചിലർക്കു നൽകുന്ന ഒരു വിശേഷമായ അവകാശമല്ല. സഭയിൽ ഉൾപ്പെട്ടിരിക്കുന്ന ഏവർക്കും ഈ ക്ഷണം ബാധകമാണ് – എപ്പോഴും എവിടെയും ഇതിന് യാതൊരു വ്യത്യാസവും ഇല്ല. എല്ലാ ക്രിസ്ത്യാനികളും ആത്മാവിനാൽ നിറയപ്പെടണം എന്നത് പൗലൊസിനെ സംബന്ധിച്ചിടത്തോളം അതു സാധാരണ നിലയിലുള്ള കാര്യമാണ്.

3. ക്രിയ കർമ്മണി പ്രയോഗത്തിൽ ആണ് നൽകിയിരിക്കുന്നത്. നിങ്ങൾ പരിശുദ്ധാത്മാവിനെ നിറയ്ക്കുക എന്നല്ല പറയുന്നത്, പക്ഷേ നിങ്ങൾ പരിശുദ്ധാത്മാവിനാൽ നിറയപ്പെടുക എന്നാണ് പറയുന്നത്. പരിശുദ്ധാത്മാവിനെ നിറയ്ക്കുവാൻ ഒരു വ്യക്തിക്കും സാദ്ധ്യമല്ല. ഇതു തികച്ചും പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. ഇതിൽ തികച്ചും പരിശുദ്ധാത്മാവിന്റെ പരമാധികാരം ഉണ്ട്. പക്ഷേ പരിശുദ്ധാത്മാവിനാൽ നിറയപ്പെടുന്നതിന് വ്യക്തികൾ അതിനുള്ള അവസ്ഥകൾ സൃഷ്ടിക്കണം. ഒരുവന്റെ സജീവമായ ഇടപെടൽ ഇല്ലാതെ പരിശുദ്ധാത്മാവ് അവനിൽ പ്രവർത്തിക്കുകയില്ല.

4. മൂലഭാഷയായ ഗ്രീക്കിൽ ആജ്ഞ വർത്തമാന കാലത്തിൽ ആണ്. ആജ്ഞാരൂപത്തിലുള്ള വർത്തമാനകാലത്തിലെ ഈ ക്രിയാപദം ഗ്രീക്കുഭാഷയിലെ ഭൂതകാല ആജ്ഞയിൽ വിശദീകരിക്കുന്ന ഒരേ സമയത്തെ പ്രവൃത്തിക്കു വിരുദ്ധമായി സ്ഥിരം ആവർത്തിച്ചിരിക്കുന്ന ഒരു സംഭവത്തെ വിശദീകരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആത്മാവിനാൽ നിറയപ്പെടുന്നത് ഒരിക്കലായുള്ള ഒരു അനുഭവമല്ല, മറിച്ച്, പുനരാവൃത്തിയായതും പടിപടിയായി വളരുന്നതുമായ ഒരു പ്രക്രിയയാണ്. എപ്പോഴത്തെയും ആവശ്യത്തിനായി ഒരിക്കൽ മാത്രം നിറച്ചുവച്ചിരിക്കുന്ന ഒരു പാത്രം പോലെയല്ല ഒരു ക്രിസ്ത്യാനി. എന്നാൽ ഏറെക്കുറെ നിരന്തരം നിറയപ്പെടേണ്ടതാണ്. ഈ പ്രസ്താവന ഇപ്രകാരം നമുക്കു പ്രകടിപ്പിക്കാം: “നിങ്ങൾ സ്ഥിരമായും ആവർത്തിച്ചും വീണ്ടും പരിശുദ്ധാത്മാവിനാൽ നിറവു പ്രാപിക്കുക”യാണ്. ആത്മാവിനാൽ നിറയപ്പെടുവാ

നുള്ള ദാനം സ്നാനത്തിലൂടെയാണ് നമുക്കു നൽകപ്പെടുന്നത് (ഒരു പൂർണ്ണമായ സമർപ്പണത്തോടെ വെള്ളത്താലും ആത്മാവിനാൽ സ്നാനം ഏല്ക്കുമ്പോൾ നൽകപ്പെടുന്നു). നമുക്കു നൽകിയ നിറവിനെ നിലനിർത്തിക്കൊണ്ടു പോയില്ലെങ്കിൽ അതു നഷ്ടപ്പെട്ടുപോകുന്നതാണ്. അതു നഷ്ടപ്പെട്ടുപോയാലും അതിനെ വീണ്ടും കണ്ടെത്താൻ കഴിയും. ആത്മാവിനാൽ നിറയപ്പെടുന്നതു ആവർത്തിക്കുമ്പോൾ, നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ആത്മാവ് കടന്നുവരുന്നതാണ്. അതിനുശേഷം നമ്മുടെ ആത്മീയ ജീവിതം ദുർബ്ബലമായി തളർന്നുപോകുകയില്ല. നാം പരിശുദ്ധാത്മാവിനാൽ നിറയപ്പെടുക എന്നു പറഞ്ഞാൽ അളവിൽ കൂടുതലായി നമുക്കു ആത്മാവിനെ ലഭിക്കും എന്നല്ല അർത്ഥമാക്കുന്നത്, പക്ഷേ നമ്മെ ഏറെക്കുറെ കൂടുതലായി ഉപയോഗിക്കുന്നതാണ്. അതുകൊണ്ടാണ് വിശ്വാസികൾ എല്ലായ്പ്പോഴും പരിശുദ്ധാത്മാവിനാൽ നിറയപ്പെടണം എന്നു അപ്പൊസ്തലനായ പൗലൊസ് കല്പിച്ചത്. ഇത് ഒരു ക്രിസ്ത്യാനിയുടെ സാധാരണ അവസ്ഥയാണ് ഒരു സ്നാനം, പക്ഷേ പല പ്രാവശ്യമായി നിറയപ്പെടുക."77

നിങ്ങൾ എല്ലായ്പ്പോഴും ആവർത്തിച്ചു പരിശുദ്ധാത്മാവിനാൽ നിറയപ്പെടണം എന്നുള്ള കല്പന യേശു നൽകിയിരിക്കുന്നു.

### വ്യക്തിപരമായ ചിന്തകളും ചർച്ചയ്ക്കുള്ള വഴികാട്ടിയും

1. ആത്മാവിലും സത്യത്തിലും ആരാധിക്കുക എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം എന്താണ്?

..............................................................................................................

..............................................................................................................

2. പരിശുദ്ധാത്മാവിനാൽ നിറയപ്പെടുന്നതിന് വേണ്ടി ജലസ്നാനത്തെ ബഹുമാനത്തോടെ ആശ്രയിക്കുന്നതിൽ എന്തു തെറ്റാണ് നാം ചെയ്യുന്നത്?

..............................................................................................................

..............................................................................................................

3. ഞാൻ പരിശുദ്ധാത്മാവിനാൽ നിറയപ്പെടാതിരിക്കുമ്പോൾ, എന്റെ ജീവിതത്തിൽ, യേശുവിന്റെ യാഗത്തിനു എന്തു പങ്കാളിത്വമാണുള്ളത്?

.....................................................................................................

.....................................................................................................

4. ആത്മാവിനാൽ നിറയപ്പെടുന്നതിന് (എഫെ. 5:18 ന്റെ അനുബന്ധം പരിശോധിക്കുക) അപ്പൊസ്തലനായ പൗലൊസിന്റെ അഭ്യർത്ഥന യിലൂടെ നാം കണ്ടെത്തുന്ന 4 പ്രധാന കാര്യങ്ങൾ എന്തെല്ലാം?

.....................................................................................................

.....................................................................................................

## നമ്മുടെ പ്രാർത്ഥനാ സമയം

- നിങ്ങളുടെ പ്രാർത്ഥനാപങ്കാളിയുമായി ചേർന്നു ഈ വിഷയം ചർച്ചചെയ്യുക.
- നിങ്ങളുടെ പങ്കാളിയുമായി ചേർന്നു പ്രാർത്ഥിക്കുക.

1. ഇന്ന് നിങ്ങളെ പരിശുദ്ധാത്മാവ് നിറയ്ക്കുന്നതിന് ആവശ്യമായ ദൈവസഹായത്തിനുവേണ്ടി.
2. മുമ്പേ അവിടുത്തെ രാജ്യം ദിവസവും അന്വേഷിപ്പിക്കേണ്ടതിന് — അതിന്റെ അർത്ഥം നാമും നമുക്കുള്ളതെല്ലാം യേശുവിനായ് സമർപ്പിക്കുക.
3. യേശു നമ്മുടെ ജീവിതത്തെ മാറ്റിമറിക്കുന്നതിന്.

അദ്ധ്യായം - 4

# നമുക്കു പ്രതീക്ഷിക്കുവാൻ കഴിയുന്ന വ്യത്യസ്തതകൾ എന്തെല്ലാം?

ഏഴാം ദിവസം

### നമ്മുടെ ജീവിതം പരിശുദ്ധാത്മാവിനാൽ നിറയപ്പെടുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ എന്തെല്ലാം?

ജഡികക്രിസ്ത്യാനിത്വവും ആത്മിക ക്രിസ്ത്യാനിത്വവും തമ്മിലുള്ള താരതമ്യം എന്താണ്?

വ്യക്തികൾക്കുവേണ്ടി ജഡിക ക്രിസ്ത്യാനിത്വത്തിന്റെ അനന്തര ഫലത്തെക്കുറിച്ചു നേരത്തേതന്നെ ഭാഗികമായി പട്ടിക തയ്യാറാക്കിയിരുന്നത് താഴെപ്പറയുന്നു:

- ഈ അവസ്ഥയിൽ ഒരു വ്യക്തി രക്ഷിക്കപ്പെടുകയില്ല (റോമർ 8:6-8; വെളി. 3:16).
- ദൈവസ്നേഹമായ അഗാപ്പെ സ്നേഹം അവനിൽ ഇല്ല (റോമർ 5:5; ഗലാ. 5:22). തങ്ങളുടെ മാനുഷിക സ്നേഹത്തിൽ അവർ പൂർണ്ണമായും ആശ്രയിക്കുന്നു; ജഡമോഹം തകർക്കപ്പെട്ടിട്ടില്ല (ഗലാ. 5:16).
- പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ഈ വ്യക്തി ഇതുവരെയും ശക്തി പ്രാപിച്ചിട്ടില്ല (എഫെ. 3:16,17).
- ഈ വ്യക്തിയിൽ ക്രിസ്തു വസിക്കുന്നില്ല (1 യോഹ. 3:24; എഫെ. 3:16,17).
- ക്രിസ്തുവിനെ സാക്ഷീകരിക്കുന്നതിനുവേണ്ടി ഈ വ്യക്തി ഇതുവരെയും ശക്തി പ്രാപിച്ചിട്ടില്ല (അ.പ്ര. 1:8).

- അവൻ സ്പർദ്ധ, മാനസിക സംഘർഷം മുതലായ ജഡിക വികാര ങ്ങൾക്ക് വേഗത്തിൽ വിധേയനായിത്തീരുന്നു (1 കൊരി. 3:3).
- സ്വാഭാവികാവസ്ഥ അനുസരിച്ചു ഉപദേശം കൈക്കൊള്ളുവാൻ അവനു ബുദ്ധിമുട്ടാണ്.
- അവരുടെ പ്രാർത്ഥനാ ജീവിതം ഒരുപക്ഷേ തൃപ്തികരമല്ല.
- ക്ഷമിക്കുന്നതിനും പക കരുതാതിരിക്കുന്നതിനും അവനു മാനു ഷിക കഴിവു മാത്രമേ ഉള്ളൂ.
- അവന്റെ സ്വഭാവത്തിൽ അടിസ്ഥാനപരമായ ഒരു മാറ്റം അവൻ അനുഭവിച്ചറിയുന്നില്ല (2 കൊരി. 5:17).
- യേശു പൂർത്തീകരിച്ചത് അവന് ഒരു ദൃഷ്ടാന്തം മാത്രമാണ്, അത് സജീവമായി അവന് അനുഭവപ്പെടുന്നില്ല (റോമർ 8:1-4).

ജഡിക ക്രിസ്ത്യാനി ചിലപ്പോൾ ഒരു പ്രാകൃതമനുഷ്യനെപ്പോലെ പ്രവർത്തിക്കുന്നു. അപ്പൊസ്തലനായ പൗലൊസ് ഇപ്രകാരം പറയുന്നു: “നിങ്ങളുടെ ഇടയിൽ ഈർഷ്യയും പിണക്കവും ഇരിക്കെ, നിങ്ങൾ ജഡി കന്മാരും ശേഷം മനുഷ്യരെപ്പോലെ നടക്കുന്നവരുമല്ലയോ? (1 കൊരി. 3:3). മറ്റവസരങ്ങളിൽ അവന്റെ പ്രവൃത്തികൾ മറ്റു ആത്മീയ മനുഷ്യരെപ്പോലെയാണ്, എങ്കിലും അവൻ തന്റെ സ്വന്തം ശക്തിയാൽ ജീവിക്കുകയും വളരെ ഭക്തനാണെന്ന് നടിക്കുകയും ചെയ്യുന്നു.

നേരേമറിച്ചു ആത്മിക ക്രിസ്ത്യാനി ദൈവിക സമ്പൂർണ്ണത അനു ഭവിച്ചറിയുന്നു: “അവൻ തന്റെ മഹത്വത്തിന്റെ ധനത്തിനു ഒത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ചു ശക്തിയോടെ ബലപ്പെടേണ്ടതിനും ക്രിസ്തു വിശ്വാസത്താൽ നിങ്ങ ളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും വരം നല്കേണം എന്നും നിങ്ങൾ വിശ്വാസത്താൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും നീളവും ഉയരവും ആഴവും എന്ത് എന്നു സകല വിശുദ്ധന്മാരോടും കൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൽ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറ വിനോളം നിറഞ്ഞുവരികയും വേണം എന്നും പ്രാർത്ഥിക്കുന്നു. എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പര മായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവനു

സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറ തലമുറയായും മഹത്വം ഉണ്ടാകട്ടെ. ആമേൻ" (എഫെ. 3:16-21).

## ജഡിക ക്രിസ്ത്യാനിത്വത്തിന്റെ ഫലങ്ങൾ

ഞാൻ പരിശുദ്ധാത്മാവിനെ കൂടാതെ പ്രവർത്തിച്ചതിന്റെ ഫലമായി എന്റെ കുടുംബത്തിലും സഭകളിലും ഉണ്ടായ നഷ്ടങ്ങൾക്ക് ഒരു പാസ്റ്റർ എന്ന നിലയിൽ ദുഃഖിക്കുന്നു. നമ്മളെക്കാൾ മെച്ചമായി നമുക്കു ആരേയും നയിക്കുവാൻ കഴിയുകയില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യ മായ കാര്യമാണ്. പരിശുദ്ധാത്മാവിനെ കൂടാതെയുള്ള ജീവിതത്തിൽ ഉണ്ടാകുന്ന കുറവുകൾ കുടുംബത്തിലും സഭയിലും ഉണ്ടാകുന്ന പോരാ യ്മകൾ കൂട്ടുകയും വർദ്ധിപ്പിക്കുകയും ചെയ്യും എന്നു നാം മനസ്സിലാ ക്കേണ്ടതാണ്.

## കുട്ടികളും യവ്വനക്കാരും

വിശാല ക്രൈസ്തവ ജീവിതം വളർത്തുന്ന ഒരു സ്ഥലമാണ് ജഡിക ക്രിസ്ത്യാനിത്വം. ജനം തങ്ങൾക്ക് ചെയ്യാൻ കഴിയാത്ത കാര്യ ങ്ങൾ നല്ല ഉദ്ദേശത്തോടുകൂടെ തങ്ങളുടെ അജ്ഞതയിൽ അതു ചെയ്യാൻ ശ്രമിക്കുകയും അതു സാദ്ധ്യമാകാതെ വരുമ്പോൾ പുറത്തു കടക്കുവാനുള്ള വഴി അന്വേഷിക്കുകയും ചെയ്യുന്നു. നമ്മുടെ അജ്ഞത നിമിത്തമോ മറ്റു കാരണങ്ങളാലോ നാം കുഞ്ഞുങ്ങൾക്കും യവ്വന ക്കാർക്കും തെറ്റായ മാതൃക നൽകി അവരെ ജഡിക ക്രിസ്ത്യാനികൾ ആക്കുന്നുണ്ടോ? അതിന്റെ ഫലമായി അവർ ജഡിക ക്രിസ്ത്യാനികൾ ആയി നിരാശപ്പെട്ടു പ്രയാസം അനുഭവിക്കുന്നുവോ? ഈ വിഷയം ഗൗരവമായി എടുക്കാത്തതിനും അവർ സഭയിൽ കടന്നുവരാത്തതിനും സഭ വിട്ടു പോകുന്നതിനും ഉള്ള കാരണം ഇതല്ലേ?

ചില നാളുകൾക്കു മുമ്പ് ഒരു മുതിർന്ന സഹോദരൻ തന്റെ സഭ യോടു പറഞ്ഞത് ഇപ്രകാരമാണ്: "നമ്മുടെ വ്യക്തിപരമായ ജീവിത ത്തിലും യവ്വനക്കാരുടെ ജീവിതത്തിലും ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് ഒരു കാരണമുണ്ട്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ചും ആത്മാവിനാൽ നിറവു പ്രാപിക്കുന്നതിനെക്കുറിച്ചും മനസിലാക്കുന്ന തിന് നമ്മുടെ മുതിർന്ന തലമുറ പരാജയപ്പെട്ടിരിക്കുകയാണ്."78

"ക്രിസ്തുവിന്റെ സാധനപാഠങ്ങൾ" എന്ന പുസ്തകത്തിൽ നാം വായിക്കുന്നത്, "ദൈവവചനം പ്രസംഗിക്കുന്നതു കേൾക്കുമ്പോൾ

പലരും തങ്ങളുടെ ഭവനത്തിൽ അതിനെ വിമർശിക്കുന്നതിന് ഒരു വിഷയമാക്കുന്നു... പലപ്പോഴും മാതാപിതാക്കളുടെ ഈ വിമർശനങ്ങൾ തങ്ങളുടെ കുഞ്ഞുങ്ങൾ കേൾക്കുന്നു. തന്മൂലം നാമധേയ (ജഡിക) ക്രിസ്ത്യാനികളുടെ ഭവനങ്ങളിൽ ഉള്ള പല യവ്വനക്കാരും അവിശ്വാസി കളായിത്തീരുന്നതിന് അറിവു ലഭിക്കുന്നു."79

ശീതോഷ്ണാവസ്ഥയുടെ പരിണിതഫലങ്ങളെക്കുറിച്ചു നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുവാൻ ഞാൻ ആഗ്രഹിക്കുന്നു. (ക്രിസ്തുവിന് അപൂർണ്ണമായ സമർപ്പണം നൽകുന്നു): "പകുതി മനസ്സോടുകൂടെയുള്ള ക്രിസ്ത്യാനികൾ അവിശ്വാസികളെക്കാൾ മോശമാണ്. അവരുടെ വഞ്ചനാപരമായ വാക്കുകളാലും പ്രതിജ്ഞ എടുക്കാതെയുള്ള സ്ഥാന ലബ്ധിയാലും പലരേയും തെറ്റിച്ചുകളയുന്നു. അവിശ്വാസി അവന്റെ തനിനിറം കാണിക്കുന്നു. ശീതോഷ്ണാവസ്ഥയിലുള്ള ക്രിസ്ത്യാനി രണ്ടുകൂട്ടരേയും വഞ്ചിക്കുന്നു. അവൻ നല്ലൊരു ലൗകികനും അല്ല, നല്ലൊരു ക്രിസ്ത്യാനിയും അല്ല. ആർക്കും ചെയ്യാൻ കഴിയാത്ത വേല സാത്താൻ അവനെക്കൊണ്ടു ചെയ്യിക്കുന്നു."80

നാം ആത്മികമായി ജീവിക്കുകയാണെങ്കിൽ ദൈവത്തിന്റെ ശക്തിയും സഹായവും എങ്ങനെ നേടാൻ കഴിയും എന്നു നമ്മുടെ കുഞ്ഞുങ്ങളെ കാണിക്കാൻ കഴിയും. മിസ്സിസ് വൈറ്റ് പറയുന്ന കാര്യ ങ്ങൾ യഥാർത്ഥത്തിൽ ഒരളവിൽ വിസ്മയകരമാണ്. "എല്ലാ ദിവസവും പരിശുദ്ധാത്മാവിനെ പ്രാപിക്കുക എന്നുള്ളത് തങ്ങളുടെ അവകാശ മാണെന്ന് നിങ്ങളുടെ മക്കളെ പഠിപ്പിക്കുക. അവിടുത്തെ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന് അവിടുത്തെ സഹായഹസ്തമായി ക്രിസ്തു നിങ്ങളെ കണ്ടെത്തട്ടെ. കുഞ്ഞുങ്ങൾക്ക് വേണ്ടിയുള്ള ശുശ്രൂഷ പരി പൂർണ്ണമായും വിജയിക്കുന്നതിനു നിങ്ങളുടെ പ്രാർത്ഥന ഒരു അനു ഭവമായി മുന്നേറട്ടെ."81

നാം നമ്മുടെ മക്കളെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്നു. പക്ഷേ പരിശുദ്ധാത്മാവിനുവേണ്ടി പ്രാർത്ഥിക്കുവാൻ അവരെ പഠിപ്പിച്ചി ട്ടുണ്ടോ? അതല്ലെങ്കിൽ നമ്മുടെ കാര്യവും നാം അറിഞ്ഞിരുന്നില്ലല്ലോ? ആ സമയം ഞാനും എന്റെ ഭാര്യയും അതിനെക്കുറിച്ചു അറിഞ്ഞിരു ന്നില്ല. ഞങ്ങൾക്ക് അറിവില്ലാതിരുന്ന സമയം ദൈവം അവഗണിച്ചു കളഞ്ഞതുകൊണ്ടു ഞാൻ അവിടുത്തോടു നന്ദി പറയുന്നു. പക്ഷേ അനന്തരഫലമായി എന്തുംമാത്രം നഷ്ടമാണ് സംഭവിച്ചത്?

കുഞ്ഞുങ്ങൾ തങ്ങളെ ദിവസവും സമർപ്പിച്ചു പരിശുദ്ധാത്മാവിനു വേണ്ടി യേശുവിനോടു പ്രാർത്ഥിക്കുമ്പോൾ എന്തു അത്ഭുതമാണ് മാതാപിതാക്കൾക്ക് ലഭിക്കുന്നത്?

## അന്തരീക്ഷം - ദൈവികസ്നേഹമോ അതോ അന്യോന്യം ഹൃദ്യമായിരിക്കുന്നതു മാത്രമോ?

നാം ഇപ്പോൾ ജഡിക ക്രിസ്ത്യാനിയോ അഥവാ ആത്മിക ക്രിസ്ത്യാനിയോ ആയിരുന്നാൽ നമ്മുടെ വിവാഹം, കുടുംബം, സഭ, കൂട്ടായ്മ എന്നിവയുടെ അന്തരീക്ഷത്തിനു എന്തു വ്യത്യാസമാണുണ്ടാകുന്നത്? ചിട്ടയായ ജീവിതത്തിൽ ദൈവത്തിന്റെ ശക്തി നഷ്ടമായാൽ, ദൈവസ്നേഹം നഷ്ടമായാൽ, അഥവാ പാപത്തിന്റെ ശക്തി ഭേദിക്കപ്പെടാതിരുന്നാൽ അതു എന്തിനോടു സദൃശ്യമാണ്? ഇതെല്ലാം ദൈവകൃപയാൽ നഷ്ടപ്പെടാതിരുന്നാൽ എന്തു വ്യത്യസ്തതയാണ് ഉണ്ടാകാൻ പോകുന്നത്?

യാഥാസ്ഥിതികരമായ ജഡിക ക്രിസ്ത്യാനികൾ വിമർശനം നടത്തുന്നവർ ആണ്. അതു നല്ലതല്ല. ദൈവത്തിന്റെ നല്ല ആലോചനകളെക്കുറിച്ചു നാം സംസാരിക്കേണ്ടതാണെങ്കിലും നമ്മുടെ ഉള്ളിൽ മാറ്റം വന്നാൽ മാത്രമേ ആവശ്യമായ മാറ്റം സംഭവിക്കുകയുള്ളൂ എന്നു നാം തിരിച്ചറിയണം.

വിശാലമനസ്കൻ കാര്യങ്ങൾ ഗൗരവമായി എടുക്കുന്നില്ല, അതുപോലെ അവർ ലൗകികമായ രീതികൾ കൈക്കൊള്ളുന്നു. ഒരുവിധത്തിലും ഈ കാര്യത്തിൽ ദൈവത്തിനു അനുഗ്രഹിക്കുവാൻ കഴിയുകയില്ല.

താഴെപ്പറയുന്ന പ്രകാരം ഇന്നത്തെ സഭയുടെ പൊതുവായ അവസ്ഥ ജോസഫ് കിഡ്ഡർ കണ്ടെത്തുണ്ടായി: "മന്ദത, ഉപരിപ്ലവത്വം, ലൗകികത, ദാനശീലം, ഇല്ലായ്മ, ശുശ്രൂഷകന്മാർ തങ്ങളുടെ ശുശ്രൂഷകളിൽ കാണിക്കുന്ന മടുപ്പ്, കൗമാരപ്രായക്കാർ സഭവിട്ടു പോകുന്നത്, അച്ചടക്കം ഇല്ലായ്മ, ശരിയായ പശ്ചാത്തലമോ ഫലമോ ഇല്ലാത്ത പദ്ധതികൾ ശക്തന്മാരും സമർപ്പിക്കപ്പെട്ടവരും ഇല്ലാത്ത ദാരുണമായ അവസ്ഥ."82

നമുക്കു യേശുവും ആയി ബന്ധമില്ലാത്തതാണ് നമ്മുടെ പ്രശ്നങ്ങൾക്കു കാരണം (യോഹ. 15:1-5). അതുപോലെ മനുഷ്യന്റെ പരി

ശ്രമങ്ങളിൽ കൂടുതൽ ആശ്രയിക്കുന്നതും (സെഖ. 4:6) പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട ജീവിതത്തിലൂടെ പരിഹാരമാർഗ്ഗവും കിഡ്ഡർ കാണുന്നുണ്ട് (അ.പ്ര. 1:8).

യേശു നമുക്കു ഒരു പുതിയ കല്പന നൽകിയിട്ടുണ്ട്. "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്ന് പുതിയൊരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നുതന്നെ. നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും" (യോഹ. 13:34,35).

യേശു സ്നേഹിച്ചതുപോലെ സ്നേഹിക്കുക എന്നു പറഞ്ഞാൽ, ദൈവസ്നേഹത്താൽ (അഗാപ്പെ) മറ്റുള്ളവരെ സ്നേഹിക്കുക എന്നർത്ഥം.

"ദൈവത്തോടു മഹത്തായ സ്നേഹവും അന്യോന്യം സ്വാർത്ഥത യില്ലാത്ത സ്നേഹവും ഇതാണ് നമ്മുടെ സ്വർഗ്ഗീയ പിതാവിനു നമ്മുടെ മേൽ വർഷിക്കുവാൻ കഴിയുന്ന ഏറ്റവും വലിയ ദാനം. ഈ സ്നേഹം ഒരു വികാരമല്ല, അത് ഒരു ആത്മിക തത്വമാണ്, ഒരു പുതിയ സുസ്ഥിരമായ ശക്തിയാണ്. സമർപ്പിക്കപ്പെടാത്ത ഹൃദയം (പുരിശുദ്ധാത്മാവിനാൽ നിറയപ്പെടാത്ത ഓരോ വ്യക്തികളും) ഉള്ളവർക്ക് അത് രൂപപ്പെടുത്തുവാനോ ഉണ്ടാക്കുവാനോ കഴികയില്ല. യേശു ഹൃദയങ്ങളിൽ വാഴുന്നവരിൽ മാത്രമേ നമുക്കു അതു കണ്ടെത്താൻ കഴിയു."83

അന്യോന്യം ഹൃദ്യമായിരിക്കുക, അല്ലെങ്കിൽ അതിനപ്പുറം പോയി ദൈവസ്നേഹം കൊണ്ടു മറ്റുള്ളവരെ സ്നേഹിക്കുക, ഇതു തമ്മിൽ വലിയ വ്യത്യാസമുണ്ടെന്ന് ഞാൻ കരുതുന്നു. മിസ്സിസ് എലൻ ജി. വൈറ്റ് നമുക്കു പ്രധാനപ്പെട്ട ഒരു സൂചന നൽകുന്നുണ്ട്: "വിനയത്തിന്റെയും സൗമ്യതയുടെയും ആത്മാവിനെ ധരിക്കുന്നതിലൂടെ നമുക്കുണ്ടാകുന്ന നൂറിൽ തൊണ്ണൂറ്റൊമ്പതു പ്രശ്നങ്ങളെയും, നമ്മുടെ ജീവിതത്തെ അതിദാരുണമായി കലുഷിതമാക്കുന്ന കാര്യങ്ങളിൽ നിന്നും നമുക്കു മുക്തി നേടുവാൻ കഴിയും."84

1 തെസ്സ. 4:3-8 വരെ വിവാഹ ജീവിതത്തെപ്പോലുള്ള കാര്യങ്ങൾ ആണ് സൂചിപ്പിക്കുന്നത്. മറ്റു കാര്യങ്ങളുടെ കൂട്ടത്തിൽ ഈ വാക്യങ്ങൾ വിശുദ്ധീകരണ ജീവിതത്തെക്കുറിച്ചും വിവാഹത്തിൽ ഉണ്ടായിരിക്കേണ്ട ബഹുമാനത്തെക്കുറിച്ചും പറയുന്നു. ഇതു ജാതികളുടെ തീവ്ര

മായ കാമവികാരങ്ങൾക്ക് വ്യത്യസ്തമായി സംസാരിക്കുന്നു. മൂന്നു പ്രാവശ്യം ജീവിതവിശുദ്ധിയെക്കുറിച്ചും പരിശുദ്ധാത്മാവിനെക്കുറിച്ചും സൂചിപ്പിക്കുന്നതുകൊണ്ടു പരിശുദ്ധാത്മാവും ആയിട്ടുള്ള ജീവിതത്താൽ തീർച്ചയായും വിവാഹജിവിത ബന്ധങ്ങളിലും മാറ്റങ്ങൾ ഉണ്ടാകും എന്നു നാം മനസ്സിലാക്കുന്നു. നമ്മുടെ വിവാഹജീവിതത്തിൽ വലിയ സന്തോഷവും പൂർത്തീകരണവും ദൈവം അർത്ഥമാക്കുന്നു. കാമവികാരത്തോടെയല്ല, സ്നേഹതാല്പര്യങ്ങളോടുകൂടിയായിരിക്കണം വിവാഹജീവിതത്തെ വീക്ഷിക്കേണ്ടത് എന്നു കാണിക്കാനല്ലേ ദൈവം ആഗ്രഹിക്കുന്നത്?

ശിഷ്യന്മാരുടെ ഇടയിൽ ഐക്യം ഉണ്ടാകുവാൻ വേണ്ടി യേശു പ്രാർത്ഥിച്ചു. "അവർ എല്ലാവരും ഒന്നാകേണ്ടതിന് പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതു പോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നെ" (യോഹ. 17:21).

വില്യം ജി. ജോൺസൺ ഇപ്രകാരം പ്രസ്താവിക്കുന്നു: "ക്രിസ്തുവിൽ ഒന്നായിരിക്കുക എന്നു പറഞ്ഞാൽ, അതിന്റെ അർത്ഥമെന്താണെന്ന് പല അഡ്വന്റിസ്റ്റുകാരും ഒരിക്കൽകൂടി മനസ്സിലാക്കേണ്ടതാണ്. കഴിഞ്ഞകാലങ്ങളിൽ നാം അതിനുവേണ്ട പ്രാധാന്യം കൊടുത്തിരുന്നില്ല, അല്ലെങ്കിൽ തെറ്റായ അറ്റത്ത് കുതിരയെ കെട്ടിയിരുന്നു."85

നാം പരിശുദ്ധാത്മാവിനാൽ നിറയപ്പെടുമ്പോൾ ക്രിസ്തു നമ്മിലുണ്ട്. കർത്താവിനാൽ നമ്മുടെ പ്രാർത്ഥനകൾക്കു മറുപടി ലഭിക്കുന്നതായി ആത്മീയ ക്രിസ്ത്യാനിത്വം സഹായം ചെയ്യുന്നു. മിസ്സിസ് എലൻ ജി. വൈറ്റ് ഇപ്രകാരം പ്രസ്താവിക്കുന്നു: "ദൈവജനം ആത്മാവിൽ ഒന്നായിരിക്കുമ്പോൾ യെഹൂദാരാജ്യത്തിന്റെ പാപമായിരുന്ന പരീശപാരമ്പര്യവും സ്വയനീതികരണവും നമ്മുടെ ഹൃദയങ്ങളിൽ നിന്നു പുറത്താക്കപ്പെടും. യുഗങ്ങളായി മറച്ചുവച്ചിരുന്നു മർമ്മം ദൈവം അറിയിച്ചുതരും. ജാതികളുടെ മഹത്വത്തിന്റെ ധനമായ മർമ്മം എന്താണെന്ന് അവിടുന്നു നമുക്കു അറിയിച്ചുതരും. മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ വസിക്കുന്നതാണ് മഹത്വത്തിന്റെ ധനം" (കൊലൊ. 1:21).86

## ക്ഷമയും ഉപദ്രവങ്ങളിൽനിന്നും രക്ഷപ്പെടുന്നതും തമ്മിലുള്ള വ്യത്യാസം

താഴെക്കാണുന്ന എഴുത്ത് എനിക്കു ലഭിക്കുകയുണ്ടായി. "എന്റെ പിതാവിനോടു യഥാർത്ഥത്തിൽ ക്ഷമിക്കുന്നതിനുള്ള പ്രക്രിയയിൽ

ആയിരുന്നു ഞാൻ, ഞാൻ ഈ കാര്യത്തിൽ പുരോഗതി പ്രാപിക്കുകയാണെന്ന് ഞാൻ ചിന്തിച്ചു. എന്റെ വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ എന്ന പുസ്തകം ഞാൻ വായിച്ചപ്പോൾ, കീഴടക്കി എന്നു കരുതിയതും ആഴത്തിൽ വേരൂന്നിയിരുന്നതുമായ വിദ്വേഷം എന്ന തിന്മ പരിശുദ്ധാത്മാവ് എനിക്കു കാണിച്ചുതന്നു. മറ്റുള്ളവർ നമ്മോടു തെറ്റ് ചെയ്തിരുന്നതുകൊണ്ട് അവരോടു വിദ്വേഷം പുലർത്തുകയും സ്വയനീതീകരണം കൊണ്ടു പലപ്പോഴും അതിൽ പറ്റിച്ചേർന്നു ഇരിക്കുകയും ചെയ്തിരുന്നു. എന്നാൽ നമുക്കു പരിശുദ്ധാത്മാവിന്റെ പൂർണ്ണ അളവു പ്രാപിക്കണമെങ്കിൽ ഇപ്രകാരമുള്ള ചേതോവികാരങ്ങൾ നമ്മിൽ നിന്നും വിട്ടുപോകേണ്ടതാണെന്ന് ഞാൻ മനസ്സിലാക്കി. ഈ വക കാര്യങ്ങൾ എന്നിൽനിന്നും നീങ്ങിപ്പോകുവാൻ ഞാൻ തീരുമാനം എടുക്കേണ്ടതാണ്. ഒരു നഷ്ടപ്പെട്ട വ്യക്തി എന്ന നിലയിൽ ദൈവകൃപയാൽ എന്റെ ഹൃദയത്തിൽ പിതാവിനോടു മനസ്സലിവ് ഉണ്ടായി, അങ്ങനെ അദ്ദേഹത്തിന്റെ രക്ഷയ്ക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുവാൻ തുടങ്ങി. ചില നാളുകൾ കഴിഞ്ഞശേഷം പിതാവ് എന്റെ സഹോദരിയെ വിളിച്ചു കണ്ണുനീരോടെ ഇപ്രകാരം പറഞ്ഞു: "യേശു എന്നെ സ്നേഹിക്കുന്നു യേശു എന്നെ സ്നേഹിക്കുന്നു" താൻ യോഹന്നാന്റെ സുവിശേഷം വായിച്ച കാര്യം സഹോദരിയും ആയി പങ്കുവെച്ചു. യേശു തനിക്കുവേണ്ടി മരിച്ചകാര്യം അദ്ദേഹത്തിന്റെ മനസ്സിൽ അഗാധമായ മതിപ്പു ഉളവാക്കി. അദ്ദേഹത്തെ അറിയാവുന്ന പലരും പറഞ്ഞു: "ഇത് അദ്ദേഹമേ അല്ല.'' സവിശേഷമായ വിധത്തിൽ ദൈവം എന്റെ പ്രാർത്ഥന കേട്ടു."

"ദൈവജനം ഐക്യമത്യപ്പെട്ടു ഒരേ ആത്മാവിൽ പ്രാർത്ഥിക്കുമ്പോൾ യെഹൂദാരാജ്യത്തിന്റെ പാപമായിരുന്ന പരീശപാരമ്പര്യവും സ്വയനീതിയും എല്ലാ ഹൃദയങ്ങളിൽ നിന്നും പുറത്താക്കപ്പെടുന്നതാണ്."

"പരിശുദ്ധാത്മാവിനെ വേണ്ടതുപോലെ പ്രാപിക്കാത്ത ജഡിക ക്രിസ്ത്യാനിക്കു ക്ഷമിക്കുന്നതിനും വെറുപ്പ് അകറ്റുന്നതിനും വെറും മാനുഷിക കഴിവ് മാത്രമേയുള്ളൂ. നമ്മെ ഉപദ്രവിക്കുന്നവരെ സ്നേഹിക്കുവാനുള്ള കഴിവുതരുന്നതുപോലെ പരിശുദ്ധാത്മാവു നമുക്കു പൂർണമായ ക്ഷമയും സ്വാതന്ത്ര്യവും നൽകുന്നതാണ്."87

## തിരുത്തൽ വരുത്തുന്ന ഉപദേശം

ദൈവസ്നേഹത്താൽ നിർവ്വഹിക്കപ്പെടാത്ത തിരുത്തൽ ഉപദേശം കൊണ്ടു എന്തെങ്കിലും പ്രയോജനം ഉണ്ടോ? ഒരു സഭയിൽ അധികം ആളുകളും ജഡിക ക്രിസ്ത്യാനികളായാൽ, പാസ്റ്ററും പ്രസിഡന്റും ജഡികരായിരുന്നാൽ എന്തു തീരുമാനങ്ങൾ അവർക്കു എടുക്കാൻ കഴിയും? ഒരു പാസ്റ്റർ എന്ന നിലയിൽ ഞാൻ പുറകോട്ടു നോക്കുമ്പോൾ, ആത്മീയ ക്രിസ്ത്യാനികൾ വീണുപോയ വിശ്വാസികളെ വിവേചനശക്തിയിലേക്കു മടക്കിക്കൊണ്ടു വരുന്നതായി ഞാൻ ധരിച്ചിരുന്നു. അതുകൊണ്ടു ഒരു മനുഷ്യൻ അനുതപിച്ചു പാപം ഏറ്റുപറയുമ്പോൾ ഉപദേശത്തിന്റെ ലക്ഷ്യം പൂർത്തീകരിച്ചിരിക്കുന്നു. ചിലപ്പോൾ ജഡികക്രിസ്ത്യാനികൾ ഉപദേശത്തെ ഒരു ശിക്ഷയായി കണ്ടു അധികാരം നടപ്പിലാക്കുന്നതിനു അതിനെ തെറ്റായി ഉപയോഗിക്കുന്നു (മത്തായി 18:15–17; 1 കൊരി. 3:1–4; 2 കൊരി. 10:3; യൂദാവാക്യം 19).

## അന്ത്യകാലത്തേയ്ക്കു ദൈവത്തിന്റെ പ്രവചനശബ്ദം

“പ്രധാനപ്പെട്ട സംഭവവികാസങ്ങൾ അവിടുത്തെ പ്രവാചകന്മാരിലൂടെ വെളിപ്പെടുത്തുക, എന്നുള്ളതു ദൈവത്തിന്റെ രീതിയായിരുന്നു” (ആമോസ് 3:7). അതുപോലെ അന്ത്യകാലത്തേയ്ക്കു ആവശ്യമായ പ്രവചന ദൂതുകൾ അവിടുന്നു മിസ്സിസ് എലെൻ ജി. വൈറ്റിലൂടെ നല്കപ്പെടുകയുണ്ടായി. കഴിഞ്ഞ കാലത്തെ അപേക്ഷിച്ചു പലകാര്യങ്ങളും പൂർണ്ണമായും വ്യത്യസ്തമായിരുന്നതുകൊണ്ട് വളരെ പ്രധാനപ്പെട്ടതും ഈ കാലത്തേയ്ക്കു യോജിച്ചതുമായ കൂടുതൽ വിവരങ്ങൾ ദൈവത്തിൽനിന്നും ലഭിക്കേണ്ടത് ആവശ്യമായിത്തീർന്നു. “സമകാലിക വിവരങ്ങൾ” എന്നു നാം അതിനെ വിളിക്കുന്നു. യേശു വീണ്ടും വരുന്നതുവരെയും മിസ്സിസ് എലൻ ജി. വൈറ്റിന്റെ ദൂതുകൾ ആനുകാലിക സന്ദേശങ്ങൾ ആണ്. അവരുടെ ദൂതുകൾ ജീവിതശൈലി മാറ്റങ്ങളും ശാസനകളും ഉപദേശങ്ങളും മറ്റുകാര്യങ്ങളും ഉൾപ്പെട്ടിരുന്നതുകൊണ്ട്, ഒരു ജഡികമനുഷ്യനെ വേഗത്തിൽ ഒരു ആത്മിക മനുഷ്യനു സ്വീകരിക്കുവാൻ കഴിയുമായിരുന്നു. (അതുകൊണ്ടു ചിലർ ഈ ഉപദേശങ്ങളെ ഗൗരവമുള്ളതായി എടുക്കുന്നതുകൊണ്ടു അവ സ്വതവേ ആത്മീയമായിത്തീരും എന്നു അർത്ഥമാക്കരുത്?) ആവർത്തനം 18:19 ലെ വാക്കുകൾ ചിന്തിക്കുന്നത് വിജ്ഞാനപ്രദമാണ്: “അവൻ എന്റെ നാമത്തിൽ പറയുന്ന എന്റെ വചനങ്ങൾ യാതൊരുത്തനെങ്കിലും കേൾക്കാതിരുന്നാൽ അവനോടു ഞാൻ ചോദിക്കും.”

ഒരു യഥാർത്ഥ പ്രവാചകന്റെ ദൂത് അതു നല്കിയ വ്യക്തിയെ സംബന്ധിച്ചല്ല, ദൈവത്തെ സംബന്ധിക്കുന്നതാണെന്ന് ഇത് വ്യക്തമാക്കുന്നു. ഒരാൾ യഥാർത്ഥ പ്രവാചകനാണെന്ന് എങ്ങനെ അറിയാം? അവരെ പരിശോധിക്കുവാനുള്ള അഞ്ചു കാര്യങ്ങൾ ദൈവവചനം നല്കുന്നുണ്ട്. ഒരു യഥാർത്ഥ പ്രവാചകൻ ഈ അഞ്ചു കാര്യങ്ങൾ അനുസരിച്ചു പ്രവർത്തിക്കുന്നതാണ്.

1. അവരുടെ ജീവിത രീതി – "ആകയാൽ അവരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും" (മത്തായി 7:15–20).
2. "പ്രവചനങ്ങളുടെ നിറവേറൽ" (ആവ. 18:21–22). (യോനയുടെ പ്രവചനം പോലുള്ള നിബന്ധനകൾ ഉള്ള പ്രവചനങ്ങൾ ഒഴികെ)
3. "ദൈവത്തോടു (വചനത്തോടു) വിശ്വസ്തർ ആയിരിക്കുവാൻ വിളിക്കപ്പെടുന്നു" (ആവ. 13:1–5).
4. "യേശു പൂർണ്ണമനുഷ്യനും സത്യദൈവവും ആണെന്ന് അംഗീകരിക്കുക" (1 യോഹ. 4:1–3).
5. "വേദപുസ്തക ഉപദേശങ്ങളെ അംഗീകരിക്കുക" (യോഹ. 17:17).
6. ദൈവത്തിന്റെ സകലകല്പനകളും പ്രവാചകന്മാരുടെ ഉപദേശങ്ങളും ഉൾപ്പെടെ നമ്മുടെ നന്മയ്ക്കുവേണ്ടി നല്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് അവ വിശേഷാൽ വിലയേറിയതായിരിക്കുന്നത്. ആത്മീയ മനുഷ്യർക്കു ദൈവിക ശക്തിയോടും സന്തോഷത്തോടും കൂടെ ദൈവകല്പന അനുസരിക്കുവാൻ സാധിക്കും. അതുപോലെ അത് ജീവിതവിജയത്തിന് സംഭാവന നല്കുന്നതായി അവർ അറിയുന്നു. "നിങ്ങളുടെ ദൈവമായ യഹോവയിൽ വിശ്വസിപ്പിൻ; എന്നാൽ നിങ്ങൾ ഉറച്ചു നില്ക്കും; അവന്റെ പ്രവാചകന്മാരെയും വിശ്വസിപ്പിൻ; എന്നാൽ നിങ്ങൾ കൃതാർത്ഥരാകും" (2 ദിന. 20:20).

പരിശുദ്ധാത്മാവിലൂടെ ലഭിക്കുന്ന ജീവിതവും യഥാർത്ഥ പ്രവാചകന്മാരുടെ വാക്കുകളും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു നമ്മുടെ ശബ്ബത്ത് സ്കൂൾ വഴികാട്ടി താഴെപറയുന്ന കാര്യങ്ങൾ രേഖപ്പെടുത്തുന്നു; "പ്രവചന വാക്കുകളെ നിരസിക്കുന്ന ഓരോ വ്യക്തിയും പരിശുദ്ധാത്മാവിന്റെ ഉപദേശങ്ങൾക്ക് വാതിൽ അടച്ചുകളയുന്നു. അന്ന് ഉണ്ടായ ഫലങ്ങൾക്ക് വ്യത്യസ്തമല്ല ഇന്നത്തെ ഫലങ്ങൾ – ദൈവവും

ആയിട്ടുള്ള ബന്ധം നഷ്ടപ്പെടുന്നു, അതുപോലെ നിഷേധാത്മകമായ സ്വാധീനങ്ങൾക്ക് തങ്ങളെത്തന്നെ തുറന്നു കൊടുക്കുന്നു."88

എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു? പരിശുദ്ധാത്മാവിന്റെ ഒരു ദാനം നാം നിഷേധിച്ചുകളയുമ്പോൾ കർത്താവ് നമുക്കു ആത്മാവിനെ നല്കുമോ? പ്രവാചകന്മാരുടെ വാക്കുകളെ നല്കുമോ?

### ആസൂത്രണം / തന്ത്രം

സഭയുടെ കർത്തവ്യങ്ങളും മിഷൻ വേലയും നിർവ്വഹിക്കുവാൻ ആവശ്യമായ നല്ല പരിഹാരമാർഗ്ഗങ്ങളും പദ്ധതികളും അന്വേഷിക്കുക എന്നുള്ളതാണ് നമ്മുടെ പ്രധാനപ്പെട്ട വേല. നമ്മുടെ ആസൂത്രണങ്ങളും തന്ത്രങ്ങളും ഒരു ചോദ്യചിഹ്നമായി മാറുന്നു. നമ്മുടെ സഭയെ ആത്മീയമായി ശക്തിപ്പെടുത്തുകയും ആത്മാക്കളെ നേടുകയും ചെയ്യുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഉദ്ദേശം.

ഞാൻ സ്നാനപ്പെട്ടിട്ടു 65 വർഷം കഴിഞ്ഞു. അതുപോലെ, 43 വർഷമായി ഒരു ശുശ്രൂഷകനായി വേല ചെയ്യുന്നു. ഞങ്ങളുടെ കാര്യ പരിപാടികളും പദ്ധതികളും ധാരാളമായി വികസിപ്പിച്ചിട്ടുണ്ട്. ഞങ്ങൾ വളരെ അദ്ധ്വാനശീലരാണ്. 2005 ലെ ജനറൽ കോൺഫറൻസ് സമ്മേളനത്തിൽ ഡെയിറ്റ് നെൽസൺ ചെയ്ത പ്രസംഗത്തിലെ വാക്കുകൾ ഈ പശ്ചാത്തലത്തിൽ ഒരിക്കൽകൂടി ചിന്തിക്കുവാൻ ഞാൻ ആലോചിക്കുന്നു. പ്രശംസനീയമായ രൂപത്തിലും ഭാവത്തിലും പദ്ധതികളിലും കാര്യപരിപാടികളിലും നമ്മുടെ സഭ പുരോഗതി പ്രാപിച്ചിട്ടുണ്ട്. പക്ഷേ നമ്മുടെ പല ശുശ്രൂഷകരെയും നേതാക്കന്മാരെയും വരിഞ്ഞു മുറുക്കിയിരിക്കുന്ന ആത്മിക പാപ്പരത്വം നാം ഒടുവിൽ അംഗീകരിക്കുന്നില്ലായെങ്കിൽ (പരിശുദ്ധാത്മാവിന്റെ കുറവ്) നമ്മുടെ ബാഹ്യമായ ക്രിസ്ത്യാനിത്വത്തിൽനിന്നും നമുക്ക് ഒരിക്കലും മുമ്പോട്ടു പോകുവാൻ കഴിയുകയില്ല."89

ഇതേ ഉദ്ദേശ്യത്തോടുകൂടി ഡെന്നീസ് സ്മിത്ത് താഴെപ്പറയുന്ന കാര്യങ്ങൾ പ്രസ്താവിച്ചിരിക്കുന്നു. "എനിക്കു പദ്ധതികളെക്കുറിച്ചോ കാര്യപരിപാടികളെക്കുറിച്ചോ രീതികളെക്കുറിച്ചോ യാതൊരു എതിർപ്പും ഇല്ല. പക്ഷേ ദൈവവേല മുമ്പോട്ടു കൊണ്ടുപോകുവാൻ പലപ്പോഴും നാം ഇപ്രകാരമുള്ള കാര്യങ്ങളെ ആശ്രയിക്കുന്നതിൽ ഞാൻ ഖേദിക്കുന്നു. പദ്ധതികൾക്കും കാര്യപരിപാടികൾക്കും രീതികൾക്കും

ദൈവവേല ചെയ്തു പൂർത്തീകരിക്കുവാൻ കഴിയുകയില്ല. വലിയ പ്രസംഗകർ, അത്ഭുതകരമായ ക്രിസ്ത്രീയ സംഗീത സദസ്സുകൾ, ഉപഗ്രഹ പ്രക്ഷേപണങ്ങൾ എന്നിവയ്ക്കു ദൈവവേല പൂർത്തീകരിക്കുവാൻ കഴിയുകയില്ല. ദൈവത്തിന്റെ ആത്മാവിനു മാത്രമേ വേല പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. ദൈവത്തിന്റെ ആത്മാവ് സംസാരിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നു."90

## സ്നാനം / ആത്മാക്കളെ നേടുക

ക്രിസ്തുവിനായ് ആത്മാക്കളെ നേടുന്നതിന് പരിശുദ്ധാത്മാവ് എന്ന ദാനം നിർണ്ണായകമായ ഒരു മുൻ ഉപാധിയാണെന്ന് ബൈബിൾ നമുക്കു കാണിച്ചു തരുന്നു. (അപ്പൊസ്തല പ്രവൃത്തികൾ പരിശോധിക്കുക.) ജർമ്മനിയിൽ നമ്മുടെ ഒരു കയ്യിൽ വളരുന്ന സഭകളും മറ്റേ കയ്യിൽ പുരോഗതി മുരടിച്ച അഥവാ സങ്കോചിച്ചു കൊണ്ടിരിക്കുന്ന സഭകളും ആണ്. ലോകമെങ്ങും കഴിഞ്ഞ 60 വർഷക്കാലമായി നമ്മുടെ സഭയുടെ അംഗസഖ്യ 20 ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. തീർച്ചയായും ജർമ്മനിയിലുള്ള ഈ സാഹചര്യത്തിന് പലകാരണങ്ങൾ നമുക്കു രേഖപ്പെടുത്തുവാൻ സാധിക്കും. പക്ഷേ, ഒരു കാര്യം എനിക്കു വ്യക്തമാണ്. ഇതിനുള്ള പ്രധാന കാരണം പരിശുദ്ധാത്മാവിന്റെ അഭാവമാണ്. സ്വാഭാവികമായി ഈ പ്രശ്നം നേരത്തേതന്നെ നമ്മെ അത്യധികമായി ഭാരപ്പെടുത്തിയിട്ടുണ്ട്. നാം പല പദ്ധതികളും കാര്യപരിപാടികളും വികസിപ്പിക്കുകയോ ഉൾക്കൊള്ളുകയോ ചെയ്തിട്ടുണ്ട്. നാം ആവശ്യമില്ലാത്തതും പരാജയപ്പെടുന്നതുമായ മാർഗ്ഗങ്ങളുടെ പിറകെ പോയതു കൊണ്ട് ഈ വലിയ പരിശ്രമത്തിൽ പരിശുദ്ധാത്മാവിന്റെ അഭാവം നാം മനസ്സിലാക്കുന്നു, ഇതു നിമിത്തം നമ്മുടെ വളരെയധികം ധനവും സമയവും നഷ്ടപ്പെടുത്തുവാൻ ഇടയാകുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തെ മിസ്സിസ് എലൻ ജി. വൈറ്റിന്റെ രണ്ടു ഉദ്ധരണികൾ കൊണ്ടു നമുക്കു വിശദീകരിക്കുവാൻ കഴിയും: "സഭാവിശ്വാസികൾ മാനസാന്തരപ്പെടാത്തതുകൊണ്ടും ഒരിക്കൽ മാനസാന്തരപ്പെട്ടവർ പിൻമാറ്റത്തിൽ പോയതു കൊണ്ടും, സത്യത്തിലേയ്ക്കു അനേകം ആത്മാക്കളെ കൊണ്ടുവരുന്നതിനുവേണ്ടി കർത്താവ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. സമർപ്പിക്കപ്പെടാത്ത ഈ വിശ്വാസികൾ (ജഡിക ക്രിസ്ത്യാനികൾ) മുഖേന എന്തു സ്വാധീനമാണ് പുതിയതായി മാനസാന്തരപ്പെട്ടു വരുന്നവരുടെ മേൽ നല്കുന്നത്."91

“നാം നമ്മെ ദൈവസന്നിധിയിൽ താഴ്ത്തി നാം കരുണയും മര്യാദയും മൃദുഹൃദയവും അനുകമ്പയും ഉള്ളവർ ആണെങ്കിൽ, ഇന്ന് ഒരാൾ മാനസാന്തരപ്പെട്ടു കടന്നുവരുന്ന സ്ഥാനത്ത് 100 പേർ മാനസാന്തരപ്പെട്ടു സത്യത്തിലേയ്ക്കു കടന്നു വരുമായിരുന്നു.”92

പ്രത്യേകിച്ച് വേണ്ടവണ്ണം ഒരുങ്ങാത്തവരെയാണ് നാം സ്നാനപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. മിസ്സിസ് എലൻ ജി. വൈറ്റ് ഇപ്രകാരം പറയുന്നു: “ലോകത്തിന്റെ ഈ യുഗത്തിൽ വീണ്ടും ജനനം എന്നുള്ളതു വിരളമായി മാത്രം കാണുന്ന ഒരു അനുഭവമാണ്. ഇതു കാരണമാണ് സഭയിൽ ധാരാളം ആശയക്കുഴപ്പങ്ങൾ നമുക്കു കാണാൻ കഴിയുന്നത്. ക്രിസ്തുവിന്റെ നാമം ഏറ്റെടുക്കുന്ന അനേകം പേർ സമർപ്പണം ഇല്ലാത്തവരും അശുദ്ധരും ആണ്. അവർ സ്നാനപ്പെട്ടവർ ആണ്, പക്ഷേ ജീവനോടെ കുഴിച്ചിടപ്പെട്ടവർ ആണ്. സ്വാർത്ഥത മരിച്ചിട്ടില്ല, അതുകൊണ്ട് ക്രിസ്തുവിലൂടെ ലഭിക്കുന്ന പുതുക്കപ്പെട്ട ജീവിതത്തിലേക്കു അവർ എത്തപ്പെട്ടിട്ടില്ല.”93

ഇത് 1897 ൽ എഴുതപ്പെട്ടതാണ്. ഇതുപോലെയുള്ള സാഹചര്യമാണോ ഇന്നുള്ളത്? വീണ്ടും ജനനം പ്രാപിക്കാത്തവർ പരിശുദ്ധാത്മാവിനാൽ നിറവ് പ്രാപിച്ചിട്ടില്ല, ഇതൊരു പ്രശ്നമാണ്. യേശു ഇപ്രകാരം പറഞ്ഞു: “വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല” (യോഹ. 3:5). നാം എല്ലാ മേഖലകളിലും പരിശുദ്ധാത്മാവിന്റെ കുറവ് കണ്ടെത്തുന്നു എന്നുള്ളത് യാഥാർത്ഥ്യമായ കാര്യമല്ലേ?

## പരിശുദ്ധാത്മാവും വചനശുശ്രൂഷയും

പരിശുദ്ധാത്മാവിനെക്കുറിച്ചും വചനശുശ്രൂഷയെക്കുറിച്ചും ദൈവം പറയുന്ന അർത്ഥം ഇപ്രകാരമാണ്; “പരിശുദ്ധാത്മാവിന്റെ നിരന്തരമായ സാന്നിദ്ധ്യവും സഹായവും ഇല്ലെങ്കിൽ വചനം പ്രസംഗിക്കുന്നതിനു യാതൊരു നേട്ടവും ഇല്ല. ദൈവിക സത്യത്തിന്റെ ഫലപ്രമായ അദ്ധ്യാപകൻ പരിശുദ്ധാത്മാവ് മാത്രമാണ്. നമ്മുടെ മനഃസാക്ഷിയെ ഉണർത്തി ജീവിതത്തെ രൂപാന്തരപ്പെടുത്തുന്നത് നമ്മുടെ ഹൃദയങ്ങളിലേക്ക് പരിശുദ്ധാത്മാവിനാൽ സത്യം കടന്നുവരുമ്പോൾ മാത്രമാണ്. ദൈവവചനത്തിലെ എഴുത്തുകളെ ഒരുവന് അവതരിപ്പിക്കുവാൻ കഴിയും. വചനത്തിലെ സകല കല്പനകളും വാഗ്ദത്തങ്ങളും അവന് സുപരിചയമായിരിക്കും, പക്ഷേ, വചനത്തിനുവേണ്ടി പരിശുദ്ധാത്മാവ് ഭവനത്തെ

ക്രമപ്പെടുത്തുന്നില്ലെങ്കിൽ, ക്രിസ്തുവാകുന്ന പാറമേൽ യാതൊരു ആത്മാവും വീണു തകർക്കപ്പെടുവാൻ കഴിയുകയില്ല. പരിശുദ്ധാത്മാവിന്റെ സഹകരണം ഇല്ലെങ്കിൽ എത്ര വിദ്യാഭ്യാസം ഉണ്ടെങ്കിലും എത്ര ആനുകൂല്യം ലഭിച്ചാലും എത്ര മഹാനായാലും യാതൊരു തരത്തിലും അവർക്ക് വെളിച്ചത്തിന്റെ ഒരു നീർച്ചാൽ ആയിരിക്കുവാൻ കഴിയുകയില്ല."94

പ്രസംഗം മാത്രമല്ല വചനശുശ്രൂഷ, പ്രഭാഷണങ്ങളിലും ബൈബിൾ പഠനങ്ങളിലും പരിപാലന കൂട്ടങ്ങളിലും മറ്റു മുഖാന്തരങ്ങളിലും അതു ഉൾപ്പെട്ടിരിക്കുന്നു.

റാൻഡി മാക്സ്വെൽ ഇപ്രകാരം പറയുന്നു: "സത്യത്തിനുവേണ്ടി ദാഹിച്ചു മരിക്കുന്നതിലൂടെയാണ് ജീവനുള്ള ദൈവവുമായി നമുക്കു സമ്പർക്കം പുലർത്തുവാൻ കഴിയുന്നത്."95

പരിശുദ്ധാത്മാവിന്റെ അഭാവം നമുക്കു ഭയം ഉണ്ടാക്കുന്നുണ്ടോ? എമിലോ നെക്ക് ലെ പറയുന്നതു സത്യമായിരിക്കുമോ? ദുഷിച്ച ഈ ലോകത്തെ കീഴ്മേൽ മറിക്കുന്നതിൽ നാം എന്താണ് വിജയം പ്രാപിക്കാത്തത്? നമ്മുടെ വിശ്വാസങ്ങളിൽ എന്തോ തെറ്റ് സംഭവിച്ചിട്ടുണ്ട്. വേഗത്തിൽ നടക്കുവാൻ നാം ഭയപ്പെടുന്നു. പ്രയാസങ്ങൾ നിമിത്തം നാം ഭയപ്പെടുന്നു. ജോലി നഷ്ടപ്പെടുന്നതുകൊണ്ടു നാം ഭയപ്പെടുന്നു, നമ്മുടെ പ്രശസ്തി നഷ്ടപ്പെടും എന്നോർത്തു നാം ഭയപ്പെടുന്നു. നമ്മുടെ ജീവിതം നഷ്ടപ്പെടും എന്നോർത്തു നാം ഭയപ്പെടുന്നു. അതുകൊണ്ടു നാം മൗനം പാലിച്ചു ഒളിച്ചിരിക്കുന്നു. അതുകൊണ്ടു സ്നേഹത്തോടും ശക്തിയോടും കൂടെ ലോകത്തോടു സുവിശേഷം വിളിച്ചുപറയുവാൻ നാം ഭയപ്പെടുന്നു."96

ഇതിനുള്ള പരിഹാരമാർഗ്ഗം അപ്പൊസ്തലപ്രവൃത്തികൾ 4:31 ൽ നമുക്കു കണ്ടെത്താൻ കഴിയും: "ഇങ്ങനെ പ്രാർത്ഥിച്ചപ്പോൾ അവർ കൂടിയിരുന്ന സ്ഥലം കുലുങ്ങി; എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ദൈവവചനം ധൈര്യത്തോടെ പ്രസ്താവിച്ചു."

## പരിശുദ്ധാത്മാവും നമ്മുടെ സാഹിത്യവും

നമ്മുടെ സാഹിത്യത്തെക്കുറിച്ചു താഴെ പറഞ്ഞിരിക്കുന്നത്: "പേപ്പറിൽ എഴുതുന്ന വ്യക്തിയോടൊപ്പം ദൈവത്തിന്റെ രക്ഷ ഉണ്ടെങ്കിൽ, വായിക്കുന്ന വ്യക്തിയ്ക്കും അതേ ആത്മാവിനെ അനുഭവിച്ചറിയാൻ സാധിക്കും. ദൈവത്തിന്റെ ആത്മാവിനാൽ എഴുതപ്പെടുന്ന ഒരു രചന

ദൈവദൂതന്മാർ അംഗീകരിക്കുകയും വായനക്കാർക്ക് അതിൽ മതിപ്പു ളവാക്കുകയും ചെയ്യുന്നു. ഒരു എഴുത്തുകാരൻ ദൈവമഹത്വത്തിനായി പൂർണ്ണമായി ജീവിക്കാതിരുന്നാൽ, പൂർണ്ണമായി സമർപ്പിക്കാതിരുന്നാൽ രചന നിമിത്തം ദൂതന്മാർ നിരന്തരം ദുഃഖം അനുഭവിക്കുന്നു. എഴുത്തു നിമിത്തം വായനക്കാരനെ ഉണർത്താതെ ദൂതന്മാർ മാറിപ്പോകുന്നു, കാരണം ദൈവത്തെയും അവിടുത്തെ ആത്മാവിനെയും ആ എഴു ത്തിൽ കാണാൻ കഴിയുകയില്ല. എഴുത്തു നല്ലതാണ്, പക്ഷേ ദൈവാ ത്മാവിന്റെ ഊഷ്മളമായ സ്വാധീനം അതിൽ ഇല്ല."97

## ലഘുലേഖ വിതരണത്തിൽ ഈ ഉൾക്കാഴ്ചക്കു എന്തു അർത്ഥമാണു ള്ളത്?

ഞാൻ ഒരിക്കൽകൂടി ഊന്നിപ്പറയുവാൻ ആഗ്രഹിക്കുന്നത്, സ്വാഭാ വികമായി നാം ചെയ്തതെല്ലാം തെറ്റല്ല. ഒരിക്കലും അല്ല. നല്ലതും വളരെ നല്ലതുമായ കാര്യങ്ങൾ ആണ് നാം അഭിവൃദ്ധിപ്പെടുത്തിയിട്ടുള്ളത്. തീർച്ചയായും കഴിയുന്നിടത്തോളം നമ്മുടെ മാനുഷിക പരിശ്രമങ്ങളെ ദൈവം അനുഗ്രഹിച്ചിട്ടുണ്ട്. പക്ഷേ പ്രധാനപ്പെട്ട ചോദ്യം:

ഈ ചുമതലകളെ നാം സമീപിക്കുന്നത് ആത്മീയ ക്രിസ്ത്യാനി യായിട്ടാണോ അതോ ജഡിക ക്രിസ്ത്യാനിയായിട്ടാണോ? ഒരു കാര്യം തീർച്ചയാണ്; ജഡികാടിസ്ഥാനത്തിൽ പരിഹാരം കണ്ടെത്തുവാൻ നാം പ്രയാസപ്പെടുമ്പോൾ, വ്യർത്ഥമായി നമ്മുടെ ധാരാളം സമയം നാം നിക്ഷേപിക്കുകയാണ്. നാം പല പ്രവർത്തനങ്ങളും നിർവഹിക്കും, പക്ഷേ അതിനു ഒന്നിനും യാതൊരു പ്രയോജനവും ഇല്ല.

## വ്യക്തിപരമായ ചിന്തകളും ചർച്ചയ്ക്കുള്ള വഴികാട്ടിയും

1. ജഡിക ക്രിസ്ത്യാനിത്വത്തിന്റെ പരിണിത ഫലമെന്താണ്?

   ..............................................................................................................

   ..............................................................................................................

2. പകുതി ഹൃദയത്തോടുകൂടിയ പരിശ്രമം എന്തുകൊണ്ടു ഒരു വലിയ പ്രശ്നമാണ്?

   ..............................................................................................................

   ..............................................................................................................

3. ഒരു യഥാർത്ഥ പ്രവാചകന്റെ ദൂതുകളെ നാം ഗൗരവമായി എടുക്കാതിരുന്നാൽ എന്തു നഷ്ടമാണ് നാം സഹിക്കുവാൻ പോകുന്നത്?

.................................................................................................

.................................................................................................

4. നമ്മുടെ വചനശുശ്രൂഷയിലും സാഹിത്യരചനയിലും ദൃശ്യമാധ്യമ സാങ്കേതിക ഉപകരണങ്ങളിലും പരിശുദ്ധാത്മാവിന്റെ ഇടപെടൽ എന്തുകൊണ്ടു പ്രധാനപ്പെട്ട കാര്യമാണ്?

.................................................................................................

.................................................................................................

**നമ്മുടെ പ്രാർത്ഥനാസമയം**

- നിങ്ങളുടെ പ്രാർത്ഥനാ പങ്കാളിയെ സമീപിച്ചു ഈ വിഷയം ചർച്ച ചെയ്യുക.
- നിങ്ങളുടെ പങ്കാളിയും ആയിച്ചേർന്നു പ്രാർത്ഥിക്കുക.

1. കർത്താവ് ഇന്ന് നിങ്ങളെ പരിശുദ്ധാത്മാവിനാൽ നിറയ്ക്കുന്നതിന്
2. സത്യം പ്രവാചകന്മാരിലൂടെ ദൈവം നമ്മോടു വ്യക്തിപരമായി സംസാരിക്കുന്നു എന്ന യാഥാർത്ഥ്യത്തെക്കുറിച്ചു നാം പൂർണ്ണമായും ബോധവാന്മാർ ആണോ?
3. പരിശുദ്ധാത്മാവ് ഇല്ലാതെ പ്രസംഗിച്ചാൽ മാനുഷിക ഫലങ്ങൾ മാത്രമേ ഉണ്ടാവുകയുള്ളൂ.

**എട്ടാം ദിവസം**

പരിശുദ്ധാത്മാവിനു വേണ്ടി നാം പ്രാർത്ഥിക്കാതിരുന്നാൽ നമുക്കു എന്താണ് നഷ്ടപ്പെടുന്നത്?

**പരിശുദ്ധാത്മാവ് : മുൻമഴയും ഇല്ല; പിൻമഴയും ഇല്ല**

“പരിശുദ്ധാത്മാവിനാൽ നിറവു പ്രാപിക്കുന്ന മുൻമഴ നമുക്കു ആവശ്യമായ ആത്മീയ പക്വത കൊണ്ടുവരുന്നു, പിൻമഴയുടെ പ്രയോജനം ലഭിക്കുന്നതിന് ഇത് നമുക്ക് അത്യന്താപേക്ഷിതമാണ്.”98

ഭൂമിയുടെ കൊയ്ത്തിന് വേണ്ടി വിളവ് പാകമാക്കുന്നത് പിൻമഴയാണ്, മനുഷ്യപുത്രന്റെ വരവിനുവേണ്ടി സഭയെ ഒരുക്കുന്നതിനു ആവശ്യമായ ദൈവകൃപയെ ഇത് സാദൃശീകരിക്കുന്നു. മുൻമഴ ലഭിച്ചില്ലെങ്കിൽ ജീവൻ ഉണ്ടാവുകയില്ല, പച്ച ദളങ്ങൾ മുളച്ചു വരികയില്ല. പ്രാരംഭത്തിൽ പെയ്യുന്ന മഴ അതിന്റെ ജോലി നിർവഹിച്ചില്ലെങ്കിൽ, പിൻമഴയ്ക്കു സമ്പൂർത്തിയുടെ അടയാളമായ വിത്തു പാകപ്പെടുത്തുവാൻ കഴിയുകയില്ല."99

## പരിശുദ്ധാത്മാവും ബൈബിൾ പ്രകാരമുള്ള വിശുദ്ധീകരണവും

"ഈ വേല (ബൈബിൾ പ്രകാരമുള്ള വിശുദ്ധീകരണം) ക്രിസ്തുവിലുള്ള വിശ്വാസത്താൽ ഉള്ളിൽ വസിക്കുന്ന ദൈവാത്മാവിനാൽ മാത്രമേ പൂർത്തീകരിക്കുവാൻ കഴിയൂ."100

## പരിശുദ്ധാത്മാവിനെ കൂടാതെയാണോ വലിയ മിഷൻ പ്രവർത്തനം ചെയ്യുന്നത്?

വലിയ സ്ഥാപനങ്ങൾ, വിജയിച്ച സുവിശേഷീകരണ കാര്യപരിപാടികൾ, അതുപോലെ ശക്തമായ മിഷൻ തന്ത്രങ്ങൾ പുരോഗതിപ്രാപിച്ചത് പരിശുദ്ധാത്മാവിന്റെ സഹായം ഇല്ലാതെയാണോ? ഈ സാഹചര്യം സാധ്യമാണെന്നും ക്രിസ്തീയ ലോകത്ത് തീർച്ചയായും ഇതു സാധ്യമാണെന്നും പറയുന്നത് സൗത്ത് ആഫ്രിക്കയിൽ വലിയ മിഷണറിയായി പ്രവർത്തിച്ചിരുന്ന അൻഡ്രു മുറേയാണ്. അദ്ദേഹം ഇപ്രകാരം എഴുതി: "പ്രസംഗിക്കുന്നതിനും എഴുതുന്നതിനും ധ്യാനിക്കുന്നതിനും ദൈവത്തിന്റെ പുസ്തകത്തിലെ കാര്യങ്ങളിലും ദൈവരാജ്യത്തിലും സന്തോഷത്തോടെ മുഴുകിയിരിക്കുവാൻ നമുക്കു കഴിയും" എന്ന് സൗത്ത് ആഫ്രിക്കയിൽ വലിയ മിഷനറിയായിരുന്ന ആൻഡ്രു മുറാ മനസ്സിലാക്കിയിരുന്നു. എങ്കിലും പരിശുദ്ധാത്മാവിന്റെ ശക്തി വ്യക്തമായിട്ടും നിലവിൽ ഇല്ലായിരുന്നു. നിങ്ങൾ ക്രിസ്തുവിന്റെ സഭയിൽ എല്ലായിടവും പ്രസംഗിച്ചിട്ടും അയ്യോ കഷ്ടം! ഞാൻ ഭയപ്പെട്ടുപോയി, ദൈവവചനം പ്രസംഗിക്കുന്നതിൽ വളരെ കുറച്ചു മാനസാന്തരം മാത്രം, എന്തു കൊണ്ട്? വളരെയധികം പ്രവർത്തനം, പക്ഷേ, നിത്യതയ്ക്കുവേണ്ടി വളരെ കുറച്ചു വിജയം മാത്രം, എന്തുകൊണ്ട്? ജനത്തെ സമർപ്പണത്തിലും വിശുദ്ധിയിൽ പണിയുന്നതിനും വചനത്തിൽനിന്നും അല്പം ശക്തിമാത്രം, എന്തുകൊണ്ട്? ഇതിന്റെ ഉത്തരം

ലഭിക്കുന്നതാണ്; പരിശുദ്ധാത്മാശക്തിയുടെ അഭാവമാണ് ഇതിനു കാരണം. ആകയാൽ എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു? ഇതിനു മറ്റു യാതൊരു കാരണവും ഇല്ല, കാരണം, ജഡവും (ഗലാത്യർ 3:3 കാണുക) മാനുഷിക പ്രവർത്തന ശക്തിയും പരിശുദ്ധാത്മാവിന്റെ സ്ഥാനം എടുത്തതു കൊണ്ടാണ്."101

## പരിശുദ്ധാത്മാവും ആരോഗ്യവും

"സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർമ്മിപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നത്: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദ വുമുള്ള യാഗമായി സമർപ്പിക്കുവിൻ" (റോമർ 12:1).

"നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും; ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ. നിങ്ങളും അങ്ങനെ തന്നെ" (1 കൊരി. 3:16,17).

"ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാ വിന്റെ മന്ദിരമാകുന്നു. നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലെക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറി യുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ടു ദൈവത്തെ മഹ ത്വപ്പെടുത്തുവിൻ" (1 കൊരി. 6:19,20; പുറ. 15:26).

ദൈവത്തിന്റെ ആത്മാവിനാൽ നിറവു പ്രാപിച്ചവർ ദൈവത്തിന്റെ മന്ദിരമാണ്. ഇതിന് നിങ്ങളുടെ ജീവിതത്തിൽ എന്തു അർത്ഥമാണു ള്ളത് എന്നു നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? മന്ദിരം ദൈവ ത്തിന്റെ വാസസ്ഥലമാണ്. ദൈവം മോശെയോടു പറഞ്ഞത്: "ഞാൻ അവരുടെ നടുവിൽ വസിപ്പാൻ അവർ എനിക്കു ഒരു വിശുദ്ധ മന്ദിരം ഉണ്ടാക്കണം" (പുറ. 25:8) എന്നാണ്.

ഈ പ്രസ്താവന നാം ഗൗരവമായി എടുക്കുകയാണെങ്കിൽ നമ്മുടെ ആരോഗ്യം സംരക്ഷിക്കുന്നതും നമ്മുടെ ജീവിതശൈലികളും നമ്മുടെ ശിഷ്യത്വത്തിന്റെ മനഃപൂർവ്വമായ ഭാഗമായിമാറുന്നതാണ്. നമ്മുടെ ശരീരം ദൈവത്തിന്റെ സ്വത്താണ്. ദൈവത്തിന്റെ സ്വത്ത് ശ്രദ്ധയോടെ കൈകാര്യം ചെയ്യുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? അതെ, ഞങ്ങ ളുടെ ശരീരം ശ്രദ്ധയോടെ കൈകാര്യം ചെയ്യുവാനും ദൈവിക

നിർദ്ദേശം അനുസരിച്ചു സംരക്ഷിക്കുവാനും ഞങ്ങൾ ആഗ്രഹിക്കുന്നു! ഇതിന് നിശ്ചിത അളവിലുള്ള അച്ചടക്കം ആവശ്യമാണ്. ദൈവത്തിന്റെ ആത്മാവിനാൽ നിറവു പ്രാപിക്കുന്നവർക്ക് ഈ അച്ചടക്കം പതിവായി സന്തോഷത്തോടെ നടപ്പിലാക്കാൻ കഴിയും. ശരീരത്തിനും ദേഹിക്കും ആത്മാവിനും നല്ല ആരോഗ്യം ലഭിക്കും എന്നുള്ളതാണ് പ്രതിഫലം. ദൈവത്തിന്റെ ആത്മാവിനാൽ നിറയപ്പെടാത്തവർ പ്രതികൂലങ്ങൾ നിമിത്തം പ്രയാസപ്പെടുകയും ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യും. ദൈവമഹത്വത്തിനും അവിടുത്തെ സേവനത്തിനും നമ്മുടെ സന്തോഷ ത്തിനും വേണ്ടി നമ്മുടെ ശരീരത്തിനും ആത്മാവിനും ലഭിക്കാവുന്ന തിൽ ഏറ്റവും നല്ല ആരോഗ്യം നാം പ്രാപിച്ചു അതിനെ നിലനിർത്തി പ്പോരേണം എന്നു ദൈവം പ്രതീക്ഷിക്കുന്നു. പരിശുദ്ധാത്മാവിന്റെ നിറ വിനുവേണ്ടി ഈ മേഖലയിൽ മറ്റു യാതൊന്നും പകരം വയ്ക്കാൻ ഇല്ല. പരിശുദ്ധാത്മാവിലൂടെ യേശു നമ്മിൽ ജീവിക്കുമ്പോൾ അവി ടുന്നു "നമ്മെ സൗഖ്യമാക്കുന്ന യഹോവയും കൂടെയാണ്" (പുറ. 15:26). ബന്ധപ്പെട്ട വ്യക്തിക്ക് ഏറ്റവും മെച്ചമായ വിധത്തിലും ദൈവമഹത്വ ത്തിനും വേണ്ടിയാണ് ആരോഗ്യം എല്ലായ്പ്പോഴും വെളിപ്പെടുത്തുന്നത്. ഇത് ഒരു ചോദ്യം ഉയർത്തുവാൻ ഇടയാക്കും. "സ്വർഗ്ഗീയ ഡോക്ടർ എല്ലാവരെയും സൗഖ്യമാക്കുമോ?"

"തായ്‌ലാന്റിലെ ഒരു അഭയാർത്ഥി ക്യാമ്പിലുള്ള മിഷൻ ആശു പത്രിയിൽ പ്രായം ചെന്ന കമ്പോഡിയാക്കാരിയായ ഒരു അഭയാർത്ഥി കടന്നു വന്നു. അവർ ധരിച്ചിരുന്നത് ഒരു ബുദ്ധമത സന്യാസിനിയുടെ വേഷമായിരുന്നു. യേശുവിനാൽ ചികിത്സിക്കപ്പെടണം എന്നവൾ ആവശ്യപ്പെട്ടു. അതുകൊണ്ട് അവളോടു യേശുവിനെക്കുറിച്ച് സംസാ രിച്ചു. അവളുടെ ആശ്രയം യേശുവിൽ വച്ചു. അതുകൊണ്ടു അവളുടെ, ദേഹവും ദേഹിയും സൗഖ്യം പ്രാപിച്ചു. അവർ കമ്പോഡിയായിലേക്കു മടങ്ങിപ്പോകുവാനുള്ള ആരോഗ്യം പ്രാപിച്ചപ്പോൾ, ആ സമയംകൊണ്ടു അവൾ 37 പേരെ ക്രിസ്തുവിനായ് നേടിയിരുന്നു."102

വിശ്വസ്തനായ ഹിസ്കീയാ രാജാവ് രോഗബാധിതനായി കഴിഞ്ഞപ്പോൾ യഹോവ അവന് ഒരു സന്ദേശം അയച്ചു: "ഞാൻ നിന്നെ സൗഖ്യമാക്കും" (2 രാജാ. 20:5). യഹോവ ഒരു വാക്ക് കല്പിക്കാതെ, ഒരു അത്തിപ്പഴക്കട്ട കൊണ്ടുവന്നു പരുവിന്മേൽ ഇടണം എന്നുള്ള ദൗത്യം എന്തുകൊണ്ടാണ് നൽകിയത്? പ്രകൃതിദത്തമായ ചികിത്സാ

രീതികൾ ഉപയോഗിക്കണം അഥവാ നമ്മുടെ ആഹാര കാര്യങ്ങളിൽ മാറ്റം വരുത്തണം. അതുപോലെ വ്യായാമം, വിശ്രമം, മുതലായവ സ്വീകരിച്ചു നമ്മുടെ വ്യക്തിപരമായ പങ്കാളിത്തം വേണം എന്നല്ലേ ദൈവം നമ്മെക്കുറിച്ചു പ്രതീക്ഷിക്കുന്നത്? ദൈവം പൗലൊസ് അപ്പൊസ്തലനെ സൗഖ്യമാക്കാതെ എന്തിനാണ് ജഡത്തിൽ ഒരു ശൂലം അദ്ദേഹത്തിനു നല്കിയത്? അപ്പൊസ്തലനായ പൗലൊസ് ഇപ്രകാരം പറഞ്ഞിരിക്കുന്നു: "വെളിപ്പാടുകളുടെ ആധിക്യത്താൽ ഞാൻ അതിയായി നിഗളിച്ചു പോകാതിരിപ്പാൻ എനിക്കു ജഡത്തിൽ ഒരു ശൂലം തന്നിരിക്കുന്നു" (2 കൊരി. 12:7). എങ്കിലും മിസ്സിസ് എലൻ ജി. വൈറ്റ് നമ്മോടു ഇപ്രകാരം പറയുന്നു: "രോഗിയായ ഒരു സ്ത്രീയ്ക്കും പുരുഷനും, ലഭിക്കാവുന്ന ഏറ്റവും നല്ല ഔഷധം പരിശുദ്ധാത്മാവാണ്. സ്വർഗ്ഗം മുഴുവനും സുഖകരമാണ്. സ്വർഗ്ഗീയ സ്വാധീനം എത്രത്തോളം ബോധ്യമാകുന്നുവോ, വിശ്വസിക്കുന്ന രോഗിക്കു സൗഖ്യം അത്രത്തോളം ഉറപ്പാണ്."103

"ഒരു വ്യാപാരി എഴുതിയിരിക്കുന്നത് ശ്രദ്ധേയവും പ്രധാനപ്പെട്ടതുമായ കാര്യം അല്ലേ? ആരോഗ്യ സെമിനാറുകൾക്കൊന്നിനും അദ്ദേഹത്തിനു യാതൊരു ഗുണവും ചെയ്തില്ല എന്നദ്ദേഹം പങ്കുവച്ചിരിക്കുകയാണ്. പക്ഷേ, അദ്ദേഹം പരിശുദ്ധാത്മാവിനുവേണ്ടി ദിവസവും പ്രാർത്ഥിക്കുവാൻ തുടങ്ങിയപ്പോൾ മുതൽ ആരോഗ്യപരമായ ഒരു ജീവിത ശൈലിയിലേക്കു അദ്ദേഹം പൂർണ്ണമായും മാറുകയും സസ്യാഹാരക്രമം കൈക്കൊള്ളുകയും ചെയ്തു."104 പരിശുദ്ധാത്മാവിനാൽ നിറയപ്പെടുന്നതു മുഖാന്തരം നമ്മെ ഉത്സാഹഭരിതരാക്കുന്നു, അതുപോലെ ആരോഗ്യപരമായ ജീവിതശൈലി സ്വീകരിക്കുന്നതിലൂടെ സന്തോഷത്തിനു പുറമേ ശക്തിയും പകർന്നു നല്കുന്നു എന്നല്ലേ ഇത് കാണിക്കുന്നത്?.

ഈ അനുഭവം ഒരു സഹോദരി എഴുതിയിരിക്കുന്നു, അവൾ ഇപ്രകാരം എഴുതി: ഞാൻ എന്നെത്തന്നെ പൂർണ്ണമായി യേശുവിനു സമർപ്പിച്ചപ്പോൾ, ഒരു നിമിഷം കൊണ്ടു ദൈവം എന്റെ ജീവിതത്തെ മാറ്റുകയുണ്ടായി. ഞാൻ എന്റെ സമർപ്പണപ്രാർത്ഥന നടത്തിയശേഷം അടുത്ത പ്രഭാതത്തിൽ ഞാൻ അടുക്കളയിലേക്കു പോയി, കാപ്പി ഉണ്ടാക്കുന്ന യന്ത്രത്തിന്റെ അടുക്കൽ പോയി നിന്നിട്ടു നിഷേധാർത്ഥത്തിൽ തലകുലുക്കിക്കൊണ്ടു എന്നോടു തന്നെ പറഞ്ഞു: ഇല്ല, ഞാൻ ഇനി

ഒരിക്കലും കാപ്പി കുടിക്കുകയില്ല. പക്ഷേ, മുമ്പാണെങ്കിൽ ഇത് ചിന്തിക്കാൻപോലും കഴിയാത്ത കാര്യമായിരുന്നു, കാരണം ഞാൻ കാപ്പി കുടി നിറുത്തുവാൻ ശ്രമിച്ച സമയങ്ങളിൽ എനിക്കു കഠിനമായ തലവേദന അഞ്ചുദിവസക്കാലം അനുഭവപ്പെട്ടിരുന്നു. ഇത് ശക്തമായ പിൻവലിക്കലിന്റെ ലക്ഷണങ്ങൾ ആയിരുന്നു. പക്ഷേ ഇപ്പോൾ അനന്തരഫലത്തെക്കുറിച്ചു ഞാൻ ചിന്തിക്കുകപോലും ചെയ്തില്ല. ഞാൻ ഇനി ഒരിക്കലും കാപ്പി കുടിക്കുകയില്ല. ഈ ഒരു കാര്യം മാത്രമേ എനിക്കറിയാവൂ. ഇന്ന് എനിക്കു കാപ്പികുടിക്കുവാൻ യാതൊരു ആഗ്രഹവും ഇല്ല."105 ഇത് അവളുടെ ജീവിതത്തിൽ സംഭവിച്ച മാറ്റങ്ങളിൽ ഒന്നു മാത്രമാണ് (പുകവലിയുടെയും മദ്യപാനത്തിന്റെയും ആസക്തികളിൽനിന്നും വിടുതൽ പ്രാപിച്ചു വിജയം നേടുവാൻ ആഗ്രഹിക്കുന്ന ഏവർക്കും അഞ്ചാമത്തെ ആൻഡ്രിയാസ് ബ്രീഫ് (andreabrief) അഥവാ ആൻഡ്രു ലെറ്റർ (Andrew Letter) ഞാൻ ശുപാർശ ചെയ്യുന്നു. പ്രാർത്ഥനയിലൂടെയും വാഗ്ദത്തങ്ങളിലൂടെയും വിടുതൽ പ്രാപിപ്പാനുള്ള മാർഗ്ഗം വളരെ വിശദമായി ഇതിൽ വിശദീകരിക്കുന്നു (ജർമ്മൻ ഭാഷയിലും ഇംഗ്ലീഷിലും ഇത് ലഭ്യമാണ്).106

പരിശുദ്ധാത്മാവിലൂടെയുള്ള ജീവിതത്തിലൂടെയാണ് ആരോഗ്യനവീകരണം ഏറ്റവും കൂടുതലായി പ്രോത്സാഹിപ്പിക്കപ്പെടുന്നത്. അത് മാറ്റത്തിനുള്ള ശക്തിയ്ക്കുവേണ്ടിയുള്ള ആരോഗ്യവിവരങ്ങളുടെ കാര്യമാണ്. വെയ്മർ സി.എ.യിലുള്ള ന്യൂസ്റ്റാർട്ട് ഗ്ലോബലിന്റെ ഡയറക്ടറായ ഡോൺ മാക്കിൻ ടോഷ് ഇപ്രകാരം പറയുന്നു: "നമ്മുടെ ഈ കാലത്തേയ്ക്കുള്ള ആവശ്യം നമുക്കു മികച്ച വിവരങ്ങൾ നല്കുന്ന വെറും ആരോഗ്യ വിദ്യാഭ്യാസം മാത്രമല്ല. ആരോഗ്യ വിവരങ്ങൾ പ്രവൃത്തി പഥത്തിൽ കൊണ്ടുവരുവാനുള്ള ശക്തി അഥവാ മാറ്റപ്പെടുവാനുള്ള ശക്തിയാണ് നമുക്കു ഇന്നു ആവശ്യം."107

ഡോക്ടർ ടിംവേ ഇപ്രകാരം പറയുന്നു: "മെഡിക്കൽ മിഷനറി പ്രവർത്തനം എന്നുള്ളതു ആരോഗ്യ വിദ്യാഭ്യാസം മാത്രമല്ല. ദൈവത്തിന്റെ ന്യായപ്രമാണത്തിനു നമ്മെ രക്ഷിക്കുവാൻ സാധ്യമല്ലാത്തതുപോലെ, ആരോഗ്യ വിദ്യാഭ്യാസം നമുക്കു സൗഖ്യം പകരുകയില്ല. ദൈവത്തിന്റെ രൂപാന്തരപ്പെടുത്തുന്ന ശക്തി നാം അനുഭവിച്ചറിയുന്നതിലൂടെയാണ് ആരോഗ്യവും രക്ഷയും എന്താണെന്ന് നാം മനസ്സിലാക്കുന്നത്."108

അവസാനമായി, നിങ്ങളോടു ചോദിക്കുവാൻ ആഗ്രഹിക്കുന്ന ചോദ്യം: വിശ്വാസത്താലുള്ള സൗഖ്യങ്ങളെക്കുറിച്ചു എന്താണ് പറയാനുള്ളത്? ദൈവത്തിന്റെ ആത്മാവിനാൽ നിറയപ്പെടാതെ ആർക്കെങ്കിലും അതു പ്രതീക്ഷിക്കുവാൻ കഴിയുമോ? (മർക്കൊസ് 16:17–18; യാക്കോബ് 5:14–16 വരെ കാണുക)

## യേശുവിന്റെ വീണ്ടും വരവിന്റെ ഒരുക്കം

വീണ്ടും വരവിന്റെ ഒരുക്കത്തിനുവേണ്ടി പരിശുദ്ധാത്മാവിൽകൂടെ യേശുവും ആയി ഈടാർന്ന ബന്ധം സ്ഥാപിക്കുന്നതിനു യാതൊരു പ്രതിവിധിയും ഇല്ല. പരിശുദ്ധാത്മാവിലൂടെ ക്രിസ്തു എന്നിൽ ജീവിക്കുമ്പോൾ, അവിടുത്തെ കൃപയാൽ ഞാൻ ഒരുങ്ങുകയാണ്. താഴെ പറയുന്ന മൂന്നു മേഖലകളിലൂടെ നമുക്കു ഇത് കാണിച്ചു തരുന്നു. (ഡെന്നീസ് സ്മിത്ത് എഴുതിയ ആത്മാവിന്റെ സ്നാനവും അന്ത്യകാല സംഭവങ്ങളും എന്ന പുസ്തകത്തിൽ ഇതിനെക്കുറിച്ചു വിശദമായി പരാമർശിച്ചിരിക്കുന്നു).

## ക്രിസ്തുവും ആയിട്ടുള്ള വ്യക്തിപരമായ ബന്ധം

യേശു ഇപ്രകാരം പറഞ്ഞു: “ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നേ നിത്യജീവൻ ആകുന്നു” (യോഹ. 17:3).

“അറിയുക’ എന്ന വാക്കിനു ഇപ്പോഴത്തെ ഇംഗ്ലീഷ് ഭാഷയിൽ കാണുന്ന അർത്ഥത്തെക്കാൾ ആഴമേറിയ അർത്ഥമാണ് ബൈബിളിൽ കാണാൻ കഴിയുന്നത്. അതിന്റെ അർത്ഥം പൂർണ്ണവും അന്യോന്യം സ്നേഹത്തോടെയുള്ള സമർപ്പണം എന്നാണ്. പരിശുദ്ധാത്മാവിലൂടെ മാത്രമേ അതു നമ്മിൽ യാഥാർത്ഥ്യമാവുകയുള്ളൂ. ഈ ചിന്ത താഴെപ്പറയുന്ന ഉദ്ധരണിയിൽ പ്രകടിപ്പിച്ചിരിക്കുന്നു: “ദൈവവുമായി നമുക്കു നിലനില്ക്കുന്ന ഒരു ബന്ധം ഉണ്ടായിരിക്കണം. നാം ഉയർന്ന നിലവാരത്തിൽ എത്തിച്ചേരുന്നതിന്, ഉയരത്തിൽനിന്നും ഉള്ള പരിശുദ്ധാത്മാവിന്റെ സ്നാനം പ്രാപിച്ചു അവിടുത്തെ ശക്തി ധരിക്കണം, നമുക്കു മറ്റൊരു വിധത്തിലും സഹായം ലഭിക്കുകയില്ല.”109 പത്തു കന്യകമാരുടെ ഉപമയിൽ യേശു ബുദ്ധിയില്ലാത്ത കന്യകമാരോടു പറഞ്ഞത് ഇപ്രകാരമാണ്: “ഞാൻ നിങ്ങളെ അറിയുന്നില്ല.” എന്താണ് കാരണം? പരിശുദ്ധാത്മാവിന്റെ ദൃഷ്ടാന്തമായ എണ്ണയുടെ കുറവുണ്ടായിരുന്നു”

(മത്തായി 25:1–13). യേശുവിനെ ക്രൂശിച്ച പുരുഷാരത്തിനു പഴയനിയമത്തിൽ അഗാധമായ അറിവുണ്ടായിരുന്നു. പക്ഷേ, അവരുടെ തെറ്റായ വ്യാഖ്യാനം മൂലം യേശുവും ആയി ഒരു വ്യക്തിപരമായ ബന്ധം സ്ഥാപിക്കുന്നതിനെക്കുറിച്ചു അന്വേഷിച്ചിരുന്നില്ല.

അവസാനകാലത്തെ തലമുറയെക്കുറിച്ചു നാം ബോധവാന്മാർ ആണോ? അന്ത്യകാലത്തെ സാഹചര്യം അനുസരിച്ചു നാം ദൈവവുമായി ഒരു ഈടാർന്ന ബന്ധം സ്ഥാപിക്കണ്ടേ?

## വിശ്വാസത്താലുള്ള നീതീകരണം

മനുഷ്യവർഗ്ഗത്തിനു വേണ്ടിയുള്ള മൂന്നുദൂതന്മാരുടെ ദൂതുകളിൽ ദൈവത്തിന്റെ അന്ത്യദൂത് അടങ്ങിയിട്ടുണ്ട്, "നിത്യസുവിശേഷം" ഘോഷിക്കുന്നതിനെക്കുറിച്ചുള്ള ചോദ്യം ഈ ദൂതിൽ ഉൾപ്പെട്ടിരിക്കുന്നു" (വെളി. 14:6–7).

സർവ്വലോകവും നിശ്ചയമായി കേൾക്കേണ്ട ഈ ദൂതിന്റെ സാരാംശം എന്താണ്? കൃപയാൽ യേശുക്രിസ്തുവിലൂടെ മാത്രം ലഭിക്കുന്ന വിശ്വാസത്താലുള്ള നീതീകരണത്തെക്കുറിച്ചാണ് അതു പറയുന്നത് (എഫെ. 2:8–9) വളരെ ശക്തിയോടെ അന്ത്യകാലദൂത് അറിയിക്കുന്നവർ, ഈ ദൂതിന്റെ ശക്തി അവർ സ്വയം തിരിച്ചറിയണം. യേശുക്രിസ്തുവിലൂടെയുള്ള വിശ്വാസത്താലുള്ള നീതീകരണം അവർ മനസ്സിലാക്കി അതിനെ അനുഭവിച്ചറിയണം, നമ്മുടെ പാപം പോക്കി നമ്മെ വീണ്ടെടുക്കുന്നത് യേശുവാണെന്ന് അവർ അറിയണം. നമ്മുടെ അനുസരണത്തെ സാധ്യമാക്കുന്ന ക്രിസ്തുവിലൂടെ ലഭിക്കുന്ന പരിശുദ്ധാത്മാവിൽ നിറയപ്പെട്ട ജീവിതത്തിലൂടെ മാത്രമേ ഇതു പ്രാപിക്കുവാൻ കഴിയുകയുള്ളൂ. യേശു നമ്മുടെ ഉള്ളിൽ വസിക്കുമ്പോൾ, നമുക്കു ദൈവത്തിന്റെ എല്ലാ കല്പനകളും അനുസരിക്കുവാൻ കഴിയും എന്നാണ് അതു തെളിയിക്കുന്നത്. ഈ ദൂതിനാൽ ലോകം പ്രകാശിക്കുന്നതാണ്" (വെളി. 18:1).

## സത്യത്തോടുള്ള സ്നേഹം

സത്യത്തോടുള്ള സ്നേഹം, ദൈവവചനപഠനം, സത്യത്തെ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നത്, മുതലായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടതോ അല്ലാത്തതോ ആയ ഇന്നത്തെ നമ്മുടെ ജീവിതം എന്തു സ്വാധീനമാണ്

നമുക്കു സമ്മാനിക്കുന്നത്? 2 തെസ്സ. 2:10 ൽ ഇപ്രകാരം പറയുന്നു: ''അവർ രക്ഷിക്കപ്പെടുവാൻതക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നെ അങ്ങനെ ഭവിക്കും.'' തെറ്റിൽ, വീണുപോകാത്തവരുടെ ഹൃദയങ്ങളിൽ സത്യത്തെക്കുറിച്ചുള്ള സ്നേഹം ഉണ്ടായിരിക്കും. ഈ സ്നേഹം നമുക്കു എങ്ങനെ ലഭിക്കും? പരിശുദ്ധാത്മാവിലൂടെ യേശുക്രിസ്തു നമ്മിൽ വസിക്കുന്നതിലൂടെ മാത്രമേ നമുക്കു ഇതു ലഭിക്കുകയുള്ളൂ. നമ്മുടെ ഹൃദയത്തിലെ സ്നേഹം പരിശുദ്ധാത്മാവിൽനിന്നും വരുന്നു എന്ന് റോമർ 5:5 ൽ പറയുന്നു: "നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി" എന്നു എഫെ. 3:17 ൽ പറയുന്നു. ഇത് പരിശുദ്ധാത്മാവിലൂടെയാണ് സാധ്യമാകുന്നത്. യോഹ. 16:13 ൽ പരിശുദ്ധാത്മാവിനെ "സത്യത്തിന്റെ ആത്മാവ്" എന്നു വിളിക്കുന്നു. നമുക്കു സത്യത്തോടു സ്നേഹം ഉണ്ടാവണമെങ്കിൽ നാം ഒരു ആത്മിക ക്രിസ്ത്യാനിയായിരിക്കണം എന്നാണ് ഇത് വ്യക്തമായി കാണിച്ചു തരുന്നത്. സത്യത്തോടു സ്നേഹം പ്രദർശിപ്പിക്കുന്നതിനും ദൈവവചനത്തോടും പ്രവാചക എഴുത്തുകളോടും നമുക്കു ഇന്ന് എന്തെങ്കിലും പ്രശ്നമുണ്ടോ? നമ്മുടെ മുമ്പിലുള്ള സമയത്തെ പരിഗണിക്കുക. ''തിരുവെഴുത്തുകളോടു ഏകാഗ്രത പുലർത്തുന്ന വിദ്യാർത്ഥികൾക്കും സത്യത്തോടുള്ള സ്നേഹം ലഭിച്ചവർക്കും മാത്രമേ ഈ ലോകത്തെ അടിമപ്പെടുത്തുന്ന ശക്തമായ വഞ്ചനയിൽ നിന്നും പരിരക്ഷ ലഭിക്കുകയുള്ളൂ... തങ്ങളുടെ ഇന്ദ്രിയങ്ങളുടെ സാക്ഷ്യത്തിനു തങ്ങൾ കീഴ്പ്പെടുകയില്ല എന്നു പറയുവാൻതക്കവണ്ണം ദൈവജനം അവിടുത്തെ വചനത്തിൽ ഉറപ്പായി അടിസ്ഥാനപ്പെട്ടവർ ആണോ?110

എല്ലാ സത്യങ്ങളും നാം കണ്ടെത്തിയോ എന്നു ദൈവം നമ്മോടു ചോദിക്കുകയില്ല, പക്ഷേ, നാം സത്യത്തെ സ്നേഹിക്കുന്നുവോ എന്നു മാത്രമേ അവിടുന്നു നമ്മോടു ചോദിക്കുകയുള്ളൂ.

## ആത്മാവിന്റെ ഫലം അഥവാ ജഡത്തിന്റെ പ്രവൃത്തികൾ

"ഒരു ദേഹിയിൽ കാണുന്ന ക്രിസ്തുവിന്റെ ജീവിതമാണ് പരിശുദ്ധാത്മാവിന്റെ സ്വാധീനം. നാം ക്രിസ്തുവിനെയോ ക്രിസ്തുവിനോടു സംസാരിക്കുന്നതായോ കാണുന്നില്ല. പക്ഷേ, പരിശുദ്ധാത്മാവ് ഒരു സ്ഥലത്തോ, അല്ലെങ്കിൽ മറ്റൊരു സ്ഥലത്തോ നമ്മുടെ സമീപത്തോ ആണെന്ന് നാം അറിയുന്നു. ക്രിസ്തുവിനെ പ്രാപിക്കുന്ന ഓരോ വ്യക്തി

കളിലൂടെയും ആത്മാവ് പ്രവർത്തിക്കുന്നു. പരിശുദ്ധാത്മാവ് ഉള്ളിൽ വസിക്കുന്നത് അറിയുന്നവർ ആത്മാവിന്റെ ഫലങ്ങളെ വെളിപ്പെടുത്തുന്നു."111

"ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം" (ഗലാത്യർ 5:22, 23). (എഫെ. 5:10) "സകല സൽഗുണവും നീതിയും സത്യവുമല്ലോ വെളിച്ചത്തിന്റെ ഫലം."

നമ്മിലുള്ള പാപത്തിന്റെ ശക്തി പരിശുദ്ധാത്മാവിനാൽ തകർക്കപ്പെടും എന്നു ഗലാത്യർ 5:19-21 വരെ പറയുന്നു: "ആത്മാവിനെ അനുസരിച്ചു നടപ്പിൻ; എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല എന്നു ഞാൻ പറയുന്നു. ജഡാഭിലാഷം ആത്മാവിനും ആത്മാഭിലാഷം ജഡത്തിനും വിരോധമായിരിക്കുന്നു. നിങ്ങൾ ഇച്ഛിക്കുന്നതു ചെയ്യാതവണ്ണം അവ തമ്മിൽ പ്രതികൂലമല്ലോ. ആത്മാവിനെ അനുസരിച്ചു നടക്കുന്നു എങ്കിൽ നിങ്ങൾ ന്യായപ്രമാണത്തിൻ കീഴുള്ളവരല്ല. ജഡത്തിന്റെ പ്രവൃത്തികളോ ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ എന്നു വെളിവാകുന്നു; ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു ഞാൻ മുമ്പേ പറഞ്ഞതുപോലെ ഇപ്പോഴും നിങ്ങളോടു മുൻകൂട്ടി പറയുന്നു." (റോമർ 7:23; 8:1 എന്നീ വാക്യങ്ങളും കാണുക)

## ആത്മീയ ദാനങ്ങൾ

ആത്മീയ ദാനങ്ങൾ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ലഭിക്കുന്ന വരങ്ങൾ ആണ്. ഇതിന്റെ പട്ടിക 1 കൊരി. 12:28 ലും എഫെ. 4:11 ലും നല്കുന്നുണ്ട്. "അപ്പൊസ്തലന്മാർ, പ്രവാചകന്മാർ, സുവിശേഷകർ, ഇടയന്മാർ, അദ്ധ്യാപകർ, വീര്യപ്രവൃത്തി ചെയ്യുന്നവർ, രോഗശാന്തി ശുശ്രൂഷക്കാർ, സഹായം ചെയ്യുന്നവർ, ഉപദേഷ്ടാക്കന്മാർ, വിവിധ ഭാഷാവരങ്ങൾ ഇതാണ് ആത്മീയ ദാനങ്ങൾ. ദൈവിക ശുശ്രൂഷയ്ക്കു വേണ്ടി വിശുദ്ധന്മാരെ സജ്ജമാക്കുന്നതിന് ഈ ദാനങ്ങൾ വളരെ പങ്കുവഹിക്കുന്നു... സഭയുടെ സാക്ഷ്യത്തെ അതു സാധൂകരിക്കുകയും അതിന് നേതൃത്വവും സഹായവും ചെയ്യുന്നു."112 പ്രത്യേക ഉദ്ദേശ്യങ്ങൾക്കുവേണ്ടി മറ്റു ചില താലന്തുകളും പരിശുദ്ധാത്മാവ്

സഭയ്ക്കു നല്കുന്നു. "ഞാൻ അവനെ ദിവ്യാത്മാവിനാൽ ജ്ഞാനവും ബുദ്ധിയും അറിവും സകലവിധ സാമർത്ഥ്യവും കൊണ്ടു നിറച്ചിരിക്കുന്നു" (പുറ. 31:5). "ഈ മാതൃകയുടെ എല്ലാ പണികളും" (1 ദിന. 28:19) അഥവാ ശില്പകല.

യേശുവിന്റെ ശിഷ്യന്മാർ ആയിത്തീരുവാൻ നാം ആഗ്രഹിക്കുമ്പോൾ നമ്മെയും നമുക്കുള്ളതും എല്ലാം യേശുവിനായ് സമർപ്പിക്കുന്നു. അതുകൊണ്ട് നമ്മുടെ സകലതാലന്തുകളും കഴിവുകളും അവ ജന്മസിദ്ധമായാലും അഭ്യസിച്ചതാണെങ്കിലും അവിടുത്തെ നടത്തിപ്പിനായ് സമർപ്പിക്കണം. നമുക്കു കൂടുതൽ താലന്തുകൾ തരുവാൻ കർത്താവിനു സാധിക്കും, അഥവാ അവിടുത്തേക്ക് നമ്മുടെ പ്രകൃതിദത്തമായ കഴിവുകളെ പുതുക്കുന്നതിനും ശുദ്ധീകരിക്കുന്നതിനും കഴിയുന്നതാണ്. നമുക്കു പരിശുദ്ധാത്മാവ് ഇല്ലെങ്കിൽ ആത്മീയ ദാനങ്ങൾ ലഭിക്കുമോ?

## ദൈവത്തിന്റെ തിരഞ്ഞെടുപ്പ് അഥവാ ജനത്തിന്റെ തിരഞ്ഞെടുപ്പ്?

ലോകവ്യാപകമായി ഒരു ജനാധിപത്യരീതിയിലുള്ള ചട്ടക്കൂട് നമ്മുടെ സഭയ്ക്കുണ്ട്. പക്ഷേ അതു ബഹുജനത്തിന്റെ അഭിപ്രായ പ്രകാരമുള്ള ജനാധിപത്യം അല്ല. ഓരോരുത്തരും വ്യക്തിപരമായി ദൈവത്തിന്റെ ശബ്ദം ശ്രദ്ധിച്ചു അതിൻപ്രകാരം വോട്ട് രേഖപ്പെടുത്തണം എന്നുള്ളതാണ് നാം വോട്ട് രേഖപ്പെടുത്തുന്നതിന്റെ പ്രധാനലക്ഷ്യം. ദൈവിക ശബ്ദം കേൾക്കുന്നതിലൂടെ ദൈവഹിതം എന്താണെന്ന് മനസ്സിലാക്കിയാണ് വോട്ട് രേഖപ്പെടുത്തുന്നത്. ഏതൊരു ബോർഡ് മീറ്റിങ് തുടങ്ങുന്നതിനും മുമ്പ് നാം തീർച്ചയായും പ്രാർത്ഥിക്കാറുണ്ട്. വ്യക്തിപരമായ പ്രാർത്ഥനയ്ക്കുവേണ്ടി വോട്ട് രേഖപ്പെടുത്തുന്നതിനു മുമ്പ് ഇതിനുള്ള അവസരം നൽകാറുണ്ട്, അവർ എപ്രകാരം വോട്ട് രേഖപ്പെടുത്തണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത് എന്ന് ഓരോ വ്യക്തിയ്ക്കും വ്യക്തമാക്കപ്പെടുന്നുണ്ട്. നെഹെമ്യാവ് ഇപ്രകാരം പറഞ്ഞിരിക്കുന്നു: "എന്റെ ദൈവം എന്റെ മനസ്സിൽ തോന്നിച്ചു" (നെഹെമ്യാവ് 7:5) നെഹെമ്യാവിന്റെ ഒന്നാം അദ്ധ്യായത്തെക്കുറിച്ചും മിസ്സിസ് എലൻ ജി. വൈറ്റ് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: അപ്രകാരം അദ്ദേഹം പ്രാർത്ഥിച്ചപ്പോൾ ഒരു വിശുദ്ധ ഉദ്ദേശ്യം അദ്ദേഹത്തിന്റെ മനസ്സിൽ രൂപപ്പെട്ടു."113

"ഒരു ജഡികക്രിസ്ത്യാനി ദൈവശബ്ദം കേൾക്കുമോ? അവൻ ബോധപൂർവ്വവും പൂർണ്ണമായും കർത്താവിനായി സമർപ്പിച്ചില്ലെങ്കിൽ

അവന് തീർച്ചയായും ഉത്തരം ലഭിക്കുകയില്ല" (സങ്കീ. 66:18; സങ്കീ. 25:12). ഒരു ജഡിക ക്രിസ്ത്യാനി അവന് ലഭിച്ച ഏറ്റവും നല്ല അറിവ് അനുസരിച്ചു അവൻ ആത്മാർത്ഥമായി വോട്ട് രേഖപ്പെടുത്തുകയാണെങ്കിൽ, അതു മാനുഷിക ഭാഷയിൽ ശരിയാണ്. പക്ഷേ, ആ നിമിഷത്തിൽ മാനുഷികമായ സമ്മതപ്രകാരം ചെയ്യുകയാണെങ്കിൽ, അതു കൃത്രിമപ്പണിയും പാപവും ആണ്.

ദൈവവേലയിൽ നേതാക്കന്മാർക്ക് ഒരു വലിയ സ്വാധീനശക്തി ഉണ്ട്. നേതൃപദവിയിലേക്കു കടന്നുവരുന്ന സഹോദരിസഹോദരന്മാർ ദൈവത്താൽ ആണോ വിളിക്കപ്പെട്ടത് അഥവാ മാനുഷികമായി ആണോ തിരഞ്ഞെടുക്കപ്പെട്ടത്, ഇതിനെ ആശ്രയിച്ചു തീർച്ചയായും ഒരു വലിയ വ്യത്യാസം കാണാൻ കഴിയും, മാനുഷികമായി തിരഞ്ഞെടുക്കപ്പെട്ടതാണെങ്കിൽ വലിയ പ്രത്യാഘാതം ഉണ്ടാകും.

ഞാൻ പ്രാർത്ഥനയെക്കുറിച്ചുള്ള ഒരു പുസ്തകം വായിച്ചു കൊണ്ടിരുന്നപ്പോൾ എനിക്കു ബോധ്യപ്പെട്ടത് ഇപ്രകാരമാണ്, നാം പോകേണ്ടുന്ന പാത കാണിച്ചു തരുവാൻ ദൈവത്തോടു ആവശ്യപ്പെടണം (സങ്കീ. 32:8). ഞാൻ ശാന്തമായി ദൈവശബ്ദം കേൾക്കുവാൻ തുടങ്ങിയപ്പോൾ മുതൽ എന്റെ ജീവിതത്തെ പൂർണ്ണമായി മാറ്റി.

"ഒരു വ്യവസായ പ്രതിനിധിയിൽനിന്നും ഒരു പാസ്റ്ററിലേക്ക്" എന്ന ലേഖനത്തിലൂടെ ഞാൻ എന്റെ അനുഭവം പറയുന്നുണ്ട്. (ഇത് ജർമ്മൻ ഭാഷയിൽ മാത്രം ലഭ്യമാണ്).114 കുർട്ട് ഹെസലിൽ നിന്നും നല്ലൊരു പ്രസംഗം നമുക്കു കേൾക്കുവാൻ കഴിയും. "ശരിയായ തീരുമാനങ്ങൾ എനിക്കു എപ്രകാരം എടുക്കുവാൻ സാധിക്കും?" (ഇതും ജർമ്മൻ ഭാഷയിൽ മാത്രം ലഭിക്കും)115. ഹെൻറി ഡ്രുമണ്ട് വർഷങ്ങൾക്ക് മുമ്പ് നല്കിയ അസാമാന്യ ഉൾക്കാഴ്ചയുള്ള ഒരു പ്രസംഗം നമുക്കു വായിക്കുവാൻ കഴിയും! "ദൈവ ഇഷ്ടം തിരിച്ചറിയുവാൻ എനിക്കു എങ്ങനെ സാധിക്കും?" (ജർമ്മൻ ഭാഷയിൽ മാത്രം ലഭ്യം).116

ഈ അന്ത്യകാലത്ത് നാം കൂടുതലായി ദൈവത്തിന്റെ ആലോചന നേരിട്ട് അന്വേഷിക്കണമെന്ന് എനിക്കു ബോധ്യപ്പെട്ടു.

യോവേൽ 2:28–29 വരെ ഇത് സൂചിപ്പിക്കുന്നുണ്ട്. മിസ്സിസ് എലൻ ജി. വൈറ്റ് അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നതു ഇപ്രകാരമാണ്: "അവിടുന്നു നമ്മുടെ ഹൃദയത്തോടു സംസാരിക്കുന്നത് നാം വ്യക്തിപരമായി കേൾക്കണം. മറ്റു ശബ്ദങ്ങൾ നിശ്ശബ്ദമാകുമ്പോൾ നാം മൗന

മായി കർത്താവിനായ് കാത്തിരിക്കണം. ഒരു ആത്മാവ് ശന്തനായിരിക്കുമ്പോൾ ദൈവശബ്ദം വ്യക്തമായി കേൾക്കാൻ കഴിയും. അവിടുന്നു നമ്മെ ക്ഷണിക്കുന്നു: "മിണ്ടാതിരുന്നു ഞാൻ ദൈവമെന്നു അറിഞ്ഞു കൊൾവിൻ" (സങ്കീ. 46:10).117

**പണം**

പണം സമ്പാദിക്കുന്നതിലും കൈകാര്യം ചെയ്യുന്ന കാര്യത്തിലും ആത്മീയ ക്രിസ്ത്യാനികളും ജഡിക ക്രിസ്ത്യാനികളും തമ്മിലുള്ള വ്യത്യാസം എന്താണ്? നമ്മുടെ സമ്പത്തിന്റെ ഉടമസ്ഥരായിട്ടാണോ അതോ ദൈവത്തിന്റെ കാര്യവിചാരകന്മാരായിട്ടാണോ നമ്മെ നാം കാണുന്നത്? "പണത്തോടുള്ള സ്നേഹവും ആഡംബര ജീവിതത്തോടുള്ള ആസക്തിയും ഈ ലോകത്തെ കള്ളന്മാരുടെയും കൊള്ളക്കാരുടെയും സങ്കേതമാക്കിയിരിക്കുകയാണ്. ക്രിസ്തുവിന്റെ വീണ്ടും വരവിനു മുമ്പ് അതിമോഹവും പീഡനവും ഈ ഭൂമിയിൽ നിലനില്ക്കും" എന്ന് തിരുവെഴുത്തുകൾ ചിത്രീകരിക്കുന്നു."118

**ദൈവഭയം ഉള്ള ജനത്തെ ദൈവദൂതന്മാർ സംരക്ഷിക്കുന്നു**

ദൈവഭയം ഉള്ള ജനത്തെ ദൈവദൂതന്മാർ സംരക്ഷിക്കുന്നു. "യഹോവയുടെ ദൂതൻ അവന്റെ ഭക്തമാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു" (സങ്കീ. 34:7). "ക്രിസ്തുവിന്റെ ഓരോ അനുഗാമിക്കും ഓരോ സംരക്ഷണ ദൂതൻ നിയമിക്കപ്പെട്ടിരിക്കുന്നു. സ്വർഗ്ഗത്തിലെ ഈ കാവൽക്കാർ നീതിമാന്മാർക്ക് ദുഷ്ടജനത്തിന്റെ ശക്തിയിൽനിന്നു വിടുവിക്കപ്പെടുന്നതിന് സംരക്ഷണ കവചം ഒരുക്കുന്നു."119 ദൈവഭയം ഉള്ള ജനം, ക്രിസ്തുവിന്റെ അനുഗാമികൾ, വിശുദ്ധജനം എന്നു ബൈബിൾ സംസാരിക്കുമ്പോൾ അവർ ദൈവത്തിന്റ സംരക്ഷണത്തിൻ കീഴിൽ ആണ്. തങ്ങൾ ക്രിസ്ത്യാനികൾ ആണെന്ന് കാണുന്ന എല്ലാവർക്കും ഇതു ബാധകമാകുന്നു എന്നാണോ ഇതിന്റെ അർത്ഥം? തങ്ങളെ പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കപ്പെടാത്തവരും ഇതിൽ ഉൾപ്പെടുമോ? കുഞ്ഞുങ്ങളെ സംബന്ധിച്ചിടത്തോളം ഇത് ശരിയാണ്. കാരണം മത്തായി 18:10, 11 ൽ യേശു പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്: "ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ. സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു എന്നു ഞാൻ

നിങ്ങളോടു പറയുന്നു.” തന്റെ ജീവിതം പൂർണ്ണമായി ദൈവത്തിനു ഭരമേല്പിച്ചു കൊടുത്ത ദാവീദ്, തനിക്ക് ഭയപ്പെടുവാൻ യാതൊരു കാരണവും ഇല്ല എന്നു മനസ്സിലാക്കി, അദ്ദേഹം പറഞ്ഞിരിക്കുന്നത്, “യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു; ഞാൻ ആരെ ഭയപ്പെടും? യഹോവ എന്റെ ജീവന്റെ ബലം; ഞാൻ ആരെ പേടിക്കും” (സങ്കീ. 27:1).

(നല്ല ദൂതന്മാരുടെ ശുശ്രൂഷയെക്കുറിച്ചുള്ള ഭാഗം നിങ്ങൾ വായിക്കണം എന്നു ഞാൻ ശുപാർശ ചെയ്യുന്നു. വൻപോരാട്ടം എന്ന പുസ്തകത്തിന്റെ 31-ാം അദ്ധ്യായത്തിൽ അതിനെക്കുറിച്ചു പറഞ്ഞിരിക്കുന്നു). ദൈവത്തിന്റെ എല്ലാ കുഞ്ഞുങ്ങൾക്കും ഇത് സന്തോഷകരമായ കാര്യമാണ്.

## പരിസമാപ്തിയിലെ അഭിപ്രായം

ചില മേഖലകൾ മാത്രമേ നാം സ്പർശിച്ചിട്ടുള്ളൂ. ഇനിയും ചേർക്കേണ്ട ജീവിതത്തിലെയും വിശ്വാസത്തിലെയും പല മേഖലകൾ ഉണ്ട്. എല്ലാകാര്യങ്ങൾക്കും താഴെപ്പറയുന്ന കാര്യങ്ങൾ സത്യമാണ്. ഈ വ്യത്യാസങ്ങൾ നാം ഇപ്പോൾ വിശകലനം ചെയ്യുകയാണെങ്കിൽ പരിശുദ്ധാത്മാവിലൂടെ ലഭിക്കുന്ന ജീവിതത്തിൽ വലിയ പ്രയോജനം ലഭിക്കാത്ത യാതൊരു മേഖലകളും ഇല്ല. എന്നാൽ നമുക്കു ചുറ്റും ഉള്ള മറ്റു വഴിയിൽ, പരിശുദ്ധാത്മാവിനെ കൂടാതെ ജീവിച്ചാൽ വലിയ പ്രതികൂലങ്ങൾ ഇല്ലാത്ത യാതൊരു മേഖലയും ഇല്ല. നമ്മുടെ ജീവിതം ദിവസവും ദൈവത്തിനായി സമർപ്പിക്കുന്നതും പരിശുദ്ധാത്മാവിനാൽ നിറയപ്പെടുന്നതിന് വേണ്ടി യാചിക്കുന്നതും നമുക്കു വലിയ പ്രചോദനമല്ലേ നല്കുന്നത്?

‘‘കുറച്ചു നാളുകൾക്ക് മുമ്പ് ബോയിംഗ് 707 ടോക്കിയോ എയർപോർട്ടിൽ നിന്നും ലണ്ടനിലേയ്ക്ക് പോകുവാൻ തീരുമാനിച്ചു. ഗംഭീരമായി വിമാനം പറന്നുയർന്നു. ആകാശം വളരെ വ്യക്തവും പ്രസന്നവും ആയിരുന്നു. പെട്ടെന്നു തന്നെ യാത്രക്കാർക്ക് ജപ്പാനിൽ പ്രസിദ്ധമായ ഫുജി പർവ്വതം കാണാൻ സാധിച്ചു. വിരളമായി മാത്രം കാണുന്ന പ്രകൃതി ഭംഗി കാണിച്ചു യാത്രക്കാരെ സന്തോഷിപ്പിക്കുന്നതിന് വേണ്ടി പർവ്വതത്തിനു ചുറ്റും വിമാനം പറത്തുവാനുള്ള ഒരു ആശയം പൈലറ്റിന്റെ മനസ്സിൽ ഉദിച്ചു. നേരത്തെ തയ്യാറാക്കിയിരുന്ന

ആകാശപാത അദ്ദേഹം ഒഴിവാക്കി തനിക്കു അപ്പോൾ ദൃശ്യമായ ആകാശപാത തിരഞ്ഞെടുത്തു. ദൃശ്യമായ ആകാശയാത്രയിൽ വിമാന നിയന്ത്രണകേന്ദ്രത്തിലെ ജീവനക്കാരുമായി പൈലറ്റ് വിവരങ്ങൾ കൈമാറി, താൻ കാണുന്നതിനെ ആശ്രയിച്ചു മാത്രമാണ് വിവരങ്ങൾ ലഭിച്ചിരുന്നത്. പർവ്വതം വളരെ അടുത്തു താഴെയായി കണ്ടു. വിമാനം 4000 മീറ്റർ ഉയരത്തിലാണെന്ന് തന്റെ ഉയരം അളക്കുന്ന യന്ത്രം പറഞ്ഞു. പക്ഷേ പർവ്വതത്തിനു ചുറ്റും താഴോട്ടു തീവ്രമായി വീശിയ ടിക്കുന്ന കാറ്റും കൊടുങ്കാറ്റും അദ്ദേഹം കണ്ടില്ല. കാറ്റിനുമുമ്പിൽ ബോയിംഗ് 707 നു പിടിച്ചു നില്ക്കാൻ കഴിഞ്ഞില്ല. ആകാശത്തിൽ വച്ചു തന്നെ വിമാനം തകർന്നു താഴേയ്ക്കു വീണു, വിമാനത്തിൽ ഉണ്ടാ യിരുന്ന എല്ലാ യാത്രക്കാരും മരിച്ചു."120

ജഡിക ക്രിസ്ത്യാനി "ദൃശ്യ ആകാശപാതയുടെ രീതി" അനുസ രിച്ചു ജീവിക്കുന്നു. അവൻ സ്വയമായി എല്ലാ തീരുമാനങ്ങളും എടു ക്കുന്നു. അവന്റെ ഉദ്ദേശ്യങ്ങൾ എത്ര നല്ലതായാലും അവൻ പരാജയ പ്പെടും. ആത്മീയ ക്രിസ്ത്യാനി കർത്താവുമായി സ്നേഹത്തിലും ആശ്രയത്തിലും ഉള്ള ബന്ധത്താലും പരിശുദ്ധാത്മാവിനാലും ജീവി ക്കുന്നു. ഇത് അവനെ സുരക്ഷിതമായ ലക്ഷ്യത്തിൽ എത്തുവാൻ സഹാ യിക്കുന്നു.

പ്രാർത്ഥന: സ്വർഗ്ഗസ്ഥ പിതാവേ, പരിശുദ്ധാത്മാവിൽ യേശു ഞങ്ങ ളിൽ വസിക്കുന്നതിലൂടെയും ഞങ്ങളുടെ ജീവിതത്തിൽ ചെയ്തതായ സുനിശ്ചിതമായ മാറ്റത്തിനുമായി ഞങ്ങൾ അങ്ങേയ്ക്കു നന്ദി അർപ്പി ക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെ കാണുവാൻ എന്റെ കണ്ണുകൾ അവിടുന്നു കൂടുതലായി തുറക്കേണമേ. കർത്താവായ യേശുവേ, ഞങ്ങൾക്കു തരുവാൻ ആഗ്രഹിക്കുന്ന ജീവിതത്തിന്റെ നിറവ് കൃപ തോന്നി ഞങ്ങൾക്ക് നൽകേണമേ. ഞങ്ങളുടെ പ്രശ്നങ്ങൾ പരി ഹരിക്കുവാനുള്ള താക്കോൽ അടുത്ത അദ്ധ്യായത്തിലൂടെ കണ്ടെത്തി അതു പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാൻ ഞങ്ങളെ സഹായിക്കേ ണമെ. എല്ലാത്തിനും നന്ദി കർത്താവേ. ആമേൻ.

"ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു. അത് ഇപ്പോഴേ കത്തിയെങ്കിൽ കൊള്ളാമായിരുന്നു എന്നല്ലാതെ ഞാൻ മറ്റെന്ത് ഇച്ഛിക്കേണ്ടു?" (ലൂക്കൊസ് 12:49).

## വ്യക്തിപരമായ ചിന്തകളും ചർച്ചയ്ക്കുള്ള വഴികാട്ടിയും

1. വലിയ മിഷൻ പ്രവർത്തനങ്ങൾ പരിശുദ്ധാത്മാവിന്റെ സഹായം ഇല്ലാതെ നടക്കുന്നില്ലേ? അതു എത്രമാത്രം ഫലപ്രദമാണ്?

.....................................................................................................................

.....................................................................................................................

2. എന്റെ ജീവിതശൈലി ക്രമീകരിക്കുന്നതിന് പരിശുദ്ധാത്മാവിന് എന്തു സ്വാധീനമാണുള്ളത്? (ദിനചര്യകൾ, ആരോഗ്യം, വസ്ത്രധാരണം, ബന്ധങ്ങൾ)

.....................................................................................................................

.....................................................................................................................

3. സത്യപ്രകാരമുള്ള സ്നേഹത്തിനു എന്റെ ജീവിതത്തിൽ എന്തു അർത്ഥമാണുള്ളത്?

.....................................................................................................................

.....................................................................................................................

4. എന്താണ് ആത്മീയ ദാനങ്ങൾ?

.....................................................................................................................

.....................................................................................................................

## നമ്മുടെ പ്രാർത്ഥനാസമയം

- നിങ്ങളുടെ പ്രാർത്ഥനാ സഹായിയെ സമീപിച്ചു ഈ വിഷയം ചർച്ച ചെയ്യുക.
- നിങ്ങളുടെ പങ്കാളിയും ആയി ചേർന്നു പ്രാർത്ഥിക്കുക.

1. കർത്താവ് നിങ്ങളെ പരിശുദ്ധാത്മാവിനാൽ നിറയ്ക്കുന്നതിന്.
2. അന്ത്യകാല തലമുറയ്ക്കു എന്തുകൊണ്ട് പരിശുദ്ധാത്മാവിന്റെ ഒരു പ്രത്യേക അളവ് ആവശ്യമാണെന്ന് നിങ്ങൾ ഗ്രഹിക്കുന്നതിന്.
3. ഏതുപ്രകാരം നാം പണം കൈകാര്യം ചെയ്യുമ്പോൾ ആണ് നാം അനുഗ്രഹിക്കപ്പെടുന്നത്?

അദ്ധ്യായം 5

# പ്രായോഗിക അനുഭവത്തിലേയ്ക്കുള്ള താക്കോൽ: വാഗ്ദത്വങ്ങൾക്കായി പ്രാർത്ഥിക്കുക

**ഒമ്പതാം ദിവസം**

## പ്രാർത്ഥിക്കുകയും ആത്മാവിൽ നിറയപ്പെടുകയും ചെയ്യുക

ഈ വഴിയിൽ നാം വിശ്വാസത്തോടെ യാത്ര ചെയ്യണം എന്നുള്ളതു പ്രധാനപ്പെട്ട കാര്യമാണ്, അതുപോലെ വിശ്വാസത്തോടുകൂടി പരിശുദ്ധാത്മാവിനു വേണ്ടി പ്രാർത്ഥിക്കണം. ഇതിന്റെ അർത്ഥം നാം പ്രാർത്ഥിക്കുമ്പോൾ തന്നെ കർത്താവു നമ്മുടെ പ്രാർത്ഥനയ്ക്കു മറുപടി നൽകുകയും നാം യാചിക്കുമ്പോൾ തന്നെ പരിശുദ്ധാത്മാവിനെ അയച്ചു തരികയും ചെയ്യുന്നതുകൊണ്ടു നാം കർത്താവിൽ ആശ്രയിക്കുകയും ഉറപ്പു പ്രാപിക്കുകയും വേണം.

ഗലാത്യർ 3:14 പറയുന്നത്: "നാം ആത്മാവെന്ന വാഗ്ദത്വ വിഷയം വിശ്വാസത്താൽ പ്രാപിപ്പാൻ തന്നെ." മറ്റൊരു പരിഭാഷ പറയുന്നത്: "നമ്മുടെ ക്രിസ്തുവിലുള്ള വിശ്വാസത്താൽ നാം പരിശുദ്ധാത്മാവിന്റെ വാഗ്ദത്വം പ്രാപിക്കേണ്ടതിനു തന്നെ."

നാം സ്വർഗ്ഗീയ പിതാവിൽ വേഗം ആശ്രയിക്കുന്നതിനുവേണ്ടി ദൈവം നമുക്കു വലിയ സഹായം ചെയ്തിരിക്കുന്നു. നാം അതിനെ വാഗ്ദത്വങ്ങൾക്കായി പ്രാർത്ഥിക്കുക എന്നു വിളിക്കുന്നു. "ദൈവത്തിന്റെ വാഗ്ദത്വങ്ങളെ വചനത്തിൽനിന്നും മായിച്ചു കളയുന്നതിനു തുല്യമാണ് ആകാശത്തിൽ നിന്നും സൂര്യനെ നീക്കിക്കളയുന്നത്. നാം ദൈവത്തിൽ വിശ്വസിക്കുന്നതിനു നടത്തപ്പെടേണ്ടതിനു വേണ്ടിയാണ് അവിടുത്തെ വാഗ്ദത്വങ്ങൾ തിരുവചനത്തിൽ നൽകിയിരിക്കുന്നത്."[121]

## വാഗ്ദത്വങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുക

ആദ്യമായി സഹായകരമായ ഒരു ഉദാഹരണം ഇവിടെ ഉണ്ട്. സ്കൂളിൽ ഫ്രഞ്ച് പഠിക്കുന്നതിൽ എന്റെ കുട്ടി അത്ര പോരാ എന്നു നമുക്കു ഊഹിക്കാം. ഫ്രഞ്ച് പഠിക്കുന്നതിനു കഠിനമായി പരിശ്രമിക്കുന്നതിനുവേണ്ടി എന്റെ കുഞ്ഞിനെ പ്രോത്സാഹിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവന്റെ പ്രോഗ്രസ് കാർഡിൽ ഫ്രഞ്ചിനു നല്ല ഗ്രേഡ് വാങ്ങിക്കാമെങ്കിൽ അവനു 20 ഡോളർ നൽകാമെന്ന് ഞാൻ അവനു വാക്കു കൊടുക്കുന്നു. കുട്ടി വളരെ കഠിനമായി പഠിക്കുവാൻ തുടങ്ങി. ഫ്രഞ്ചു പഠിക്കുന്ന കാര്യത്തിൽ ഞാനും അവനെ സഹായിച്ചു, വാസ്തവത്തിൽ അവന് നല്ല ഗ്രേഡ് ലഭിക്കുന്നു. ഇപ്പോൾ എന്തു സംഭവിക്കുന്നു? അവൻ സ്കൂളിൽനിന്നും വീട്ടിലേയ്ക്കു വരുമ്പോൾ മുൻവശത്തെ വാതിൽ വഴി വന്നിട്ടു ഡാഡി എനിക്കു "20 ഡോളർ" തരിക എന്നു ഉറക്കെ വിളിക്കുന്നു. അവന് 20 ഡോളർ കിട്ടും എന്ന് എന്താണ് ഉറപ്പ്? കാരണം ഒരു പ്രതിജ്ഞ ചെയ്തിരുന്നു; അവൻ ആ നിബന്ധന പൂർത്തീകരിച്ചു. യഥാർത്ഥത്തിൽ ഇന്നു പലർക്കും ഇതു ഒരു സാധാരണ കാര്യമാണ്.

പക്ഷേ ആ നിമിഷം എന്റെ കയ്യിൽ 20 ഡോളർ ഇല്ലെങ്കിൽ ഉള്ള അവസ്ഥ എന്താണ്. ദൈവം വാഗ്ദത്വം ചെയ്തത് എന്തെങ്കിലും ഇല്ലാതിരിക്കുമോ? ഒരിക്കലും ഇല്ല!

അല്ലെങ്കിൽ ഞാൻ എന്റെ പ്രതിജ്ഞ പിൻവലിച്ചു ഇപ്രകാരം പറയുമായിരിക്കും: "കുഞ്ഞുങ്ങളെ പഠിപ്പിച്ചു അവരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നിങ്ങൾ കാശ് ഒന്നും മുടക്കരുത് എന്ന് വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഒരു പുസ്തകത്തിൽ ഞാൻ വായിച്ചു. അതുകൊണ്ടു 20 ഡോളർ തരുവാൻ എനിക്കു കഴിയുകയില്ല." ദൈവത്തിന്റെ മനസ്സു അവിടുന്ന് പിന്നീട് മാറ്റുമോ? ഒരിക്കലും ഇല്ല!

നമുക്കു കാണാൻ കഴിയുന്നത്, ദൈവത്തിൽനിന്നും ഒരു വാഗ്ദത്വം നമുക്കു ലഭിച്ചുകഴിഞ്ഞാൽ, അതിന്റെ നിബന്ധനകൾ നിറവേറ്റി കഴിഞ്ഞാൽ ഒറ്റ സാധ്യത മാത്രമേയുള്ളൂ. നമ്മുടെ വാഗ്ദത്വം നിറവേറപ്പെടും!

ദൈവം അവിടുത്തെ വാഗ്ദത്വങ്ങളിലൂടെ നാം ഒരു പ്രത്യേക ദിശയിൽ സഞ്ചരിക്കുവാൻ അവിടുന്നു നമ്മെ പ്രോത്സാഹിപ്പിക്കുന്നു. ദൈവ

ത്തിന്റെ ശക്തി നമുക്കു പകരപ്പെടുന്നതിനുവേണ്ടി അവിടുത്തെ ആത്മാവിനെ പ്രാപിക്കുവാൻ നമ്മെ ക്ഷണിക്കുന്നു. അതു നമുക്കു എളുപ്പമാക്കുന്നതിന് ദൈവത്തിൽ ആശ്രയിപ്പാൻ അവിടുന്നു ആവശ്യപ്പെടുന്നു. വിശ്വസിക്കുന്ന ഹൃദയത്തിൽനിന്നും ആണ് ആശ്രയം വരുന്നത്.

ഇപ്പോൾ ചില പ്രധാനപ്പെട്ട ബൈബിൾ വാക്യങ്ങൾ വായിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. വാഗ്ദത്വം ഏറ്റെടുത്തു പ്രാർത്ഥിക്കുന്നതിനെക്കുറിച്ചു 1 യോഹന്നാൻ 5:14-ാം വാക്യം ഇപ്രകാരം പറയുന്നു: “അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളതു നമുക്കു അവനോടുള്ള ധൈര്യം ആകുന്നു.”

ദൈവത്തിന്റെ ഇഷ്ടപ്രകാരം കഴിക്കുന്ന പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കും എന്നുള്ളത് പൊതുവെ നൽകുന്ന വാഗ്ദത്വമാണ്. ദൈവ ഇഷ്ടം പ്രകടിപ്പിച്ചിരിക്കുന്നതു അവിടുത്തെ കല്പനകളിലും വാഗ്ദത്വങ്ങളിലും ആണ്. നാം അവയെ നമ്മുടെ പ്രാർത്ഥനയിലൂടെ വിശ്വസിക്കുന്നു. 15-ാം വാക്യത്തിൽ തുടർന്നു പറയുന്നത് ഇപ്രകാരമാണ്: “നാം എന്തു അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നുവെങ്കിൽ അവനോടു കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്നും അറിയുന്നു.”

മറ്റൊരു പരിഭാഷ ഇപ്രകാരം പറയുന്നു: “നാം യാചിക്കുന്നതു എന്തെന്ന് ദൈവം അറിയുന്നുവെങ്കിൽ, നമുക്കു അതു ലഭിക്കും എന്നു നാം അറിയുന്നു.”

ഇതിന്റെ അർത്ഥം എന്താണ്? ദൈവത്തിന്റെ ഇഷ്ടപ്രകാരം കഴിക്കുന്ന പ്രാർത്ഥനയ്ക്കു ആ ക്ഷണത്തിൽ തന്നെ ഉത്തരം ലഭിക്കുന്നതാണ്. പക്ഷേ പലപ്പോഴും നാം വികാരത്തിനു കീഴ്പ്പെടുന്നതുകൊണ്ട്, നമുക്കു ഒന്നും ശ്രദ്ധിക്കുവാൻ കഴിയുകയില്ല. നമ്മുടെ വികാരത്തിന്റെ അടിസ്ഥാനത്തിൽ അല്ല, നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ആണ് പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കുന്നത്. മനോഭാവങ്ങൾ പിന്നീട് ഉണ്ടാകുന്നതാണ്.

പുകവലി, മദ്യപാനം തുടങ്ങിയ ആസക്തികൾ ഉള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ ഞാൻ മനസ്സിലാക്കിയ കാര്യം: അവരുടെ വിടുതലിനുവേണ്ടി പ്രാർത്ഥിക്കുന്ന നിമിഷത്തിൽ അവർക്ക് യാതൊന്നും

ശ്രദ്ധിക്കുവാൻ കഴിയുകയില്ല. വിശ്വാസത്താലാണ് അവർക്ക് മറുപടി ലഭിക്കുന്നത്. എന്നാൽ ചില മണിക്കൂറുകൾ കഴിയുമ്പോൾ തങ്ങൾക്ക് പുകവലിയോടോ മദ്യപാനത്തോടോ യാതൊരു ആസക്തിയും ഇല്ലെന്ന് അവർ ശ്രദ്ധിക്കുന്നു. ഈ നിമിഷത്തിൽ അവരുടെ പ്രാർത്ഥനയ്ക്കു പ്രായോഗികമായ മറുപടി ലഭിച്ചു കഴിഞ്ഞു.

മർക്കൊസ് 11:24 ൽ യേശു പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്: "അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ: എന്നാൽ അത് നിങ്ങൾക്കു ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു."

മിസ്സിസ് എലൻ ജി. വൈറ്റ് ഇപ്രകാരം പറയുന്നു: "പുറമെയുള്ള അനുഗ്രഹത്തിന്റെ തെളിവിനുവേണ്ടി നാം അന്വേഷിക്കരുത്. വാഗ്ദാനത്തിൽ തന്നെ ദാനവും ഉണ്ട്. വാഗ്ദത്വം നിറവേറ്റുവാൻ ദൈവത്തിനു കഴിയും എന്നുള്ള ഉറപ്പോടുകൂടി നാം ചെയ്തുകൊണ്ടിരിക്കുന്ന ജോലി നാം ചെയ്തുകൊണ്ടിരിക്കണം. നാം പ്രാപിച്ചിരിക്കുന്ന ദാനം നമുക്കു ഏറ്റവും ആവശ്യമുള്ളതാണെന്ന് ആവശ്യമായ ഘട്ടം വരുമ്പോൾ നമുക്കു ബോദ്ധ്യപ്പെടും."122

അതുകൊണ്ടു നാം പുറമെയുള്ള തെളിവോ വികാരപരമായ അനുഭവമോ അന്വേഷിക്കരുത്. റോഗർ ജെ. മൊർണിയോ ഇപ്രകാരം പറയുന്നു: "ക്രിസ്തുവിന്റെ വചനത്തിനും അവിടുത്തെ പ്രവാചകന്മാർക്കും പകരം തങ്ങളുടെ വികാരങ്ങളെ ശ്രദ്ധിക്കുവാൻ ആത്മാക്കൾ (പിശാചുക്കൾ) മനുഷ്യരെ പ്രോത്സാഹിപ്പിക്കുന്നു. തങ്ങളുടെ ജീവിതത്തിൽ എന്തു സംഭവിക്കുന്നു എന്നു തിരിച്ചറിയാതിരിക്കുന്നവരിൽ പ്രവർത്തിപ്പാൻ, പിശാചിനു മറ്റു യാതൊരു എളുപ്പമാർഗ്ഗവും ഇല്ല."123

വാഗ്ദത്വങ്ങൾ ഏറ്റെടുത്തു നാം പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ ഭണ്ഡാരം നമുക്കുവേണ്ടി തുറക്കപ്പെടുന്നതാണ്. ചിലവഴിച്ചു തീർക്കുവാൻ കഴിയാത്തവിധത്തിലുള്ള അക്കൗണ്ട് സ്വർഗ്ഗപിതാവ് നമുക്കു വേണ്ടി തുറക്കുന്നതാണ്. "അവിടുത്തെ വാഗ്ദത്വങ്ങളിൽ വിശ്വസിക്കുകയാണെങ്കിൽ അവർക്ക് (ശിഷ്യന്മാർക്ക്) ധാരാളം കാര്യങ്ങൾ പ്രതീക്ഷിക്കുവാൻ കഴിയും."124

മിസ്സിസ് എലൻ ജി. വൈറ്റ് ഇപ്രകാരം പറയുന്നു: "പരിശുദ്ധാത്മാവിനു വേണ്ടി അപേക്ഷിക്കുക. ദൈവം വാഗ്ദത്വം ചെയ്തിട്ടുള്ള ഓരോ

വാഗ്ദത്വങ്ങളുടെയും പിറകിൽ അവിടുന്നു നില്ക്കുന്നു. നിങ്ങളുടെ കയ്യിൽ ബൈബിൾ പിടിച്ചുകൊണ്ടു ഇപ്രകാരം പറയുക: "അവിടുന്നു എന്നോടു കല്പിച്ചതുപോലെ ഞാൻ ചെയ്തിരിക്കുന്നു." "യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ എന്നാൽ നിങ്ങൾക്ക് തുറക്കും." അവിടുത്തെ ഈ വാഗ്ദത്വം ഞാൻ സമർപ്പിക്കുന്നു. ക്രിസ്തു ഇപ്രകാരം പ്രഖ്യാപിക്കുന്നു: "അതുകൊണ്ടു നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ; എന്നാൽ അതു നിങ്ങൾക്കു ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു." "നിങ്ങൾ എന്റെ നാമത്തിൽ എന്നോടു അപേക്ഷിക്കുന്നതൊക്കെയും ഞാൻ ചെയ്തു തരും" (മത്തായി 7:7; മർക്കൊസ് 11:24; യോഹ. 14:13).125

### രണ്ടു തരത്തിലുള്ള വാഗ്ദത്വങ്ങൾ

അതേസമയം ബൈബിളിലെ വാഗ്ദത്വങ്ങൾ തമ്മിലുള്ള വ്യത്യാസം നാം ശ്രദ്ധയോടെ നോക്കേണ്ടത് പ്രധാനപ്പെട്ട കാര്യമാണ്. "പാപക്ഷമ, പരിശുദ്ധാത്മാവിനെ പ്രാപിക്കുക, ദൈവവേല ചെയ്യാനുള്ള ശക്തി തുടങ്ങിയ ആത്മീയ വാഗ്ദത്വങ്ങൾ എല്ലായ്പ്പോഴും ലഭ്യമാണ് (അ.പ്ര. 2:38,39 കാണുക). എന്നാൽ ജീവിതത്തിനു വേണ്ടുന്ന താല്ക്കാലിക അനുഗ്രഹങ്ങൾക്കുള്ള വാഗ്ദാനങ്ങൾ അവിടുത്തെ ഹിതത്തിനു ഏറ്റവും നല്ലതായി തോന്നുന്നതനുസരിച്ചു ചില സന്ദർഭങ്ങളിൽ നൽകപ്പെടുകയും ചില സന്ദർഭങ്ങളിൽ പിടിച്ചുവയ്ക്കുകയും ചെയ്യുന്നു." 126

ഇവിടെ ഒരു ഉദാഹരണം ഉണ്ട്. യെശയ്യാവ് 43:2 "നീ വെള്ളത്തിൽ കൂടി കടക്കുമ്പോൾ ഞാൻ നിന്നോടുകൂടെ ഇരിക്കും. നീ നദികളിൽകൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവികയില്ല." തീച്ചൂളയിൽ ഇട്ട മൂന്നു സുഹൃത്തുക്കൾക്ക് വേണ്ടി ദൈവം ഈ വാഗ്ദത്വം വളരെ അത്ഭുതകരമായ വിധത്തിൽ പാലിച്ചു (ദാനീയേൽ 3-ാം അദ്ധ്യായം). ഇതിനു നേരെവിപരീതമായി പറഞ്ഞാൽ, ഹസ്സും ജെറോമും എന്ന നവീകരണക്കാരെ കോൺസ്റ്റാൻസിൽ വച്ചു ജീവനോടെ ചുട്ടുകൊന്നു. ഒരു പക്ഷേ അവരുടെ പ്രാർത്ഥന ദൈവം കേട്ടില്ലെന്ന് നമുക്കു പറയാം. ഒരിക്കലും അല്ല, നമുക്കു പരിചയമില്ലാത്ത ഒരു പുതിയ രീതിയിൽ അവരുടെ പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കുകയല്ലേ ഉണ്ടായത്? എന്തുകൊണ്ട്? ഈ രക്തസാക്ഷികളുടെ മരണം ഒരു പാപ്പാത്വ എഴുത്തുകാ

രൻ ഇപ്രകാരം വിശദീകരിച്ചിരിക്കുന്നു: “രണ്ടുപേരും അവരുടെ അന്ത്യ നാഴിക വളരെ ധൈര്യത്തോടെ അഭിമുഖീകരിച്ചു. ഒരു വിവാഹസദ്യയിൽ പ്രവേശിക്കുന്നതുപോലെ വളരെ സന്തോഷത്തോടുകൂടെ അഗ്നിക്കുവേണ്ടി തങ്ങളെ ഒരുക്കി. വേദനിക്കുന്നവരെപ്പോലെ അവർ കരഞ്ഞില്ല. തീജ്വാല ഉയർന്നപ്പോൾ അവർ പാട്ടുകൾ പാടുവാൻ തുടങ്ങി.”127 ആർക്കെങ്കിലും പൊള്ളലേറ്റാൽ അവർ അലമുറയിട്ടു കരയും. നമുക്കു പെട്ടെന്ന് ദൃശ്യമാകുന്ന രീതിയിൽ അല്ല, ദൈവം അവരുടെ കാര്യത്തിൽ ഇടപെട്ടതുപോലെയാണ് അവരുടെ പെരുമാറ്റം കാണിക്കുന്നത്. അതുകൊണ്ടു താല്ക്കാലികമായ വാഗ്ദത്വങ്ങൾക്കും എന്റെ ജീവിതത്തിൽ അർത്ഥം ഉണ്ട് എന്നാണ് ഇത് കാണിക്കുന്നത്.

### ഉത്തരം ലഭിക്കുന്നതിനുവേണ്ടി നന്ദിപറയുക

ഇപ്പോൾ മറ്റൊരു പ്രധാന കാര്യമാണ്. നമ്മുടെ യാചനകൾ അർപ്പിക്കുന്ന സമയത്തു തന്നെ മറുപടി ലഭിക്കുന്നതുകൊണ്ട് അടുത്ത യാചനയുടെ മറുപടിയ്ക്കുവേണ്ടി ദൈവത്തിനു നന്ദി അർപ്പിക്കുന്നതു ശരിയായ കാര്യമാണ്. ഈ നിമിഷത്തിൽ നന്ദി അർപ്പിക്കുന്നത് നമ്മുടെ ദൈവത്തോടുള്ള ആശ്രയമാണ് നാം പ്രകടമാക്കുന്നത്. കാരണം അവിടുന്നു നമ്മുടെ പ്രാർത്ഥനയ്ക്കു മറുപടി നൽകുകയുണ്ടായി. നമുക്കു ഏറ്റവും ആവശ്യമായ സന്ദർഭത്തിൽ അതിനു പൂർത്തീകരണം ഉണ്ടാകും എന്നു നാം പ്രതീക്ഷിക്കുന്നു. ചില വിശ്വാസികൾ പ്രാർത്ഥിച്ചു കഴിഞ്ഞ ഉടനെ തന്നെ ചിലത് അവർ ശ്രദ്ധിക്കുന്നു. പക്ഷേ, ഭൂരിപക്ഷം വരുന്ന മറ്റു വിശ്വാസികൾക്ക് അത് ഏലീയാവിന്റെ അനുഭവം പോലെയാണ്. കർത്താവ് കൊടുംകാറ്റിൽ ഇല്ലായിരുന്നു, ഭൂകമ്പത്തിലും തീയിലും ഇല്ലായിരുന്നു, എന്നാൽ ശാന്തവും മൃദുവായ സ്വരത്തിൽ കർത്താവുണ്ടായിരുന്നു (1 രാജാ. 19:11,12) ഇത് എന്റെയും അനുഭവമാണ്.

വളരെ നാൾ കഴിഞ്ഞിട്ടും ഒന്നും സംഭവിച്ചില്ലല്ലോ എന്നു ഞാൻ ചിന്തിച്ചു; എനിക്കു ബോദ്ധ്യമായില്ലെങ്കിലും പല കാര്യങ്ങൾ പെട്ടെന്നു തന്നെ എന്റെ ജീവിതത്തിൽ നടക്കുന്നതായി ഞാൻ ശ്രദ്ധിച്ചു.

### എന്റെ ചിന്താശക്തിയുടെ മാറ്റം

ഈ നിമിഷത്തിൽ തന്നെ എന്റെ ചിന്തയ്ക്കു മാറ്റം വരുത്തണം എന്നുള്ളതു ആവശ്യമായിത്തീർന്നിരിക്കുന്നു, ഇതാണ് ഇതിന്റെ അർത്ഥം... “മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ” (റോമർ 12:2).

ഇപ്പോൾ അതു ശരിയാണെന്ന് പറയാൻ കഴിയും. അവിടുന്നു എന്റെ പ്രാർത്ഥന കേട്ടതിന് നന്ദി. എന്റെ അപേക്ഷ നേരത്തെത്തന്നെ അനുവദിച്ചതിന് നന്ദി. ശരിയായ സമയത്തു പ്രാർത്ഥനയ്ക്കുള്ള മറുപടി ഒരു അനുഭവമായിത്തീരും എന്നറിഞ്ഞു ഞാൻ നന്ദി അർപ്പിക്കുന്നു.

ഇത് യാഥാർത്ഥമായ താല്പര്യമല്ല. എന്റെ സ്വന്തം താല്പര്യത്തിനു വേണ്ടി ഞാൻ എന്നെ പാട്ടിലാക്കാൻ ശ്രമിക്കുന്നു. ഒരു വാഗ്ദത്വനിവൃത്തിക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുമ്പോൾ, എന്റെ മാറ്റപ്പെട്ട ചിന്താഗതിക്കുവേണ്ടി ഒരു ദൈവിക അടിസ്ഥാനമുണ്ട്, കാരണം വിശ്വാസം ഹേതുവായി എന്റെ പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കുകയുണ്ടായി. എന്നാൽ ഈ കാര്യത്തിൽ ഞാൻ എന്റെ ചിന്താഗതിയ്ക്കു മാറ്റം വരുത്തുന്നില്ലെങ്കിൽ, ദൈവത്തിൽ ആശ്രയിക്കുന്നില്ല എന്നാണ് കാണിക്കുന്നത്. എന്നാൽ എന്റെ വികാരം അനുസരിച്ചുള്ള മറുപടി ലഭിക്കുന്നതാണ്. ഈ മനോഭാവത്താൽ ഞാൻ ദൈവത്തെ ഒരു കള്ളനായി ചിത്രീകരിക്കുന്നു, അതുകൊണ്ട് എനിക്ക് യാതൊന്നും ലഭിക്കുകയില്ല.

എനിക്കു യാതൊന്നും ശ്രദ്ധിക്കുവാൻ കഴിയുന്നില്ലെങ്കിലും അതനുസരിച്ചു ഞാൻ പ്രവർത്തിക്കണം എന്നുള്ളതു പ്രധാനപ്പെട്ട കാര്യമാണ്. വിശ്വസിപ്പാനുള്ള ആവശ്യകതയിലേക്കു ദൈവം എപ്പോഴും ഇതിനെ സമന്വയിപ്പിക്കുന്നു. നാം അവിടുത്തെ നാമത്തിൽ ആശ്രയിപ്പാൻ അവിടുന്നു ആഗ്രഹിക്കുന്നു. യോർദ്ദാൻ നദി മുറിച്ചു കടക്കുന്നതിനെക്കുറിച്ചു ചിന്തിക്കുക. പുരോഹിതന്മാർ ആദ്യമായി തങ്ങളുടെ കാലുകൾ വെള്ളത്തിൽ വച്ചാൽ മാത്രമേ, നദി രണ്ടായി വിഭാഗിക്കപ്പെടുമായിരുന്നുള്ളൂ. നയമാൻ സൗഖ്യം പ്രാപിക്കുന്നതിനു മുമ്പ് അവൻ യോർദ്ദാൻ നദിയിലെ വെള്ളത്തിൽ 7 പ്രാവശ്യം മുങ്ങണമായിരുന്നു.

ഒരു പക്ഷേ നിങ്ങൾ ഇപ്രകാരം പറയുമായിരിക്കും. "എനിക്കു ഇപ്രകാരം ചെയ്യാൻ കഴിയുകയില്ല. അപ്രകാരം ചെയ്യുന്നതു എനിക്കു ചിന്തിക്കുവാൻ പോലും കഴിയുകയില്ല." നമുക്കു വിശദീകരിക്കാൻ കഴിയാത്ത ധാരാളം കാര്യങ്ങൾ ഉണ്ടെന്ന് ദയവായി ഓർക്കുക. നാം എല്ലാവരും ഉപയോഗിക്കുന്നതാണെങ്കിലും വൈദ്യുതി എന്താണെന്ന് ഈ ദിവസം വരെ കണ്ടിട്ടില്ല. കുഞ്ഞുങ്ങൾ സംസാരിക്കുവാൻ തുടങ്ങുന്നത് എങ്ങനെയാണെന്നും നമുക്കറിയില്ല. പക്ഷേ, അവർ എല്ലാവരും ആശയവിനിമയം ചെയ്യാൻ പഠിക്കുന്നു. "ഈ ഭൗതിക ലോകത്തിൽ നമുക്കു ഗ്രഹിക്കുവാൻ കഴിയാത്തവിധം നാം നിരന്തരം അത്ഭുതങ്ങളാൽ ചുറ്റ

പ്പെട്ടു കഴിയുന്നു. ആത്മീയ രംഗത്തും നമുക്കു ഗ്രഹിക്കുവാൻ കഴിയാത്ത നിഗൂഢ കാര്യങ്ങൾ കണ്ടെത്തുവാൻ കഴിയുന്നതിൽ നാം ആശ്ചര്യപ്പെടേണ്ടേ."128

സദൃശവാക്യം 3:5,6 വരെ നമുക്കു ചിന്തിക്കാം. "പൂർണ്ണ ഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്തവിവേകത്തിൽ ഉന്നരുത്. നിന്റെ എല്ലാ വഴികളിലും അവനെ നിനച്ചുകൊൾക. അവൻ നിന്റെ പാതകളെ നേരെയാക്കും." നമ്മുടെ വഴികളെ നേരെയാക്കുന്നതിനു വേണ്ടുന്ന ഈ വാഗ്ദത്വം ലഭിക്കുന്നതിനു ആവശ്യമായ വ്യക്തമായ മുൻ ഉപാധികൾ ദൈവത്തിൽനിന്നു ഉണ്ടാകും എന്നു നാം ഇവിടെ കണ്ടെത്തുന്നു. ഓരോ മുൻവിധിയും ഓരോ കല്പനയാണ്. മുൻ ഉപാധികൾ നാം പൂർത്തീകരിച്ചു എന്നു നമുക്കു ഉറപ്പില്ലെങ്കിൽ കർത്താവു എത്രയും വേഗം നമ്മുടെ പ്രാർത്ഥനയ്ക്കു മറുപടി നൽകും എന്ന ഉറപ്പോടും മനസ്സൊരുക്കത്തോടും കൂടെ നാം പ്രാർത്ഥിക്കണം." നിങ്ങളുടെ ഭാഗത്തുനിന്നും മനസ്സൊരുക്കം ഉണ്ടായാൽ നിങ്ങൾക്കു വേണ്ടിയുള്ള പ്രവർത്തനം ദൈവം നിറവേറ്റിത്തരും."129

വളരെ ചെറുതായ കാര്യങ്ങളിലും ചിലപ്പോൾ സഹായിക്കും; നാം ദൈവത്തിന്റെ വാഗ്ദത്വത്തിനുവേണ്ടി പ്രാർത്ഥിച്ചശേഷം ഇപ്പോൾ എന്തു ചെയ്യുകയാണെന്ന് നമുക്കറിയാമോ? നിബന്ധന പാലിച്ചു പ്രാർത്ഥനയ്ക്കു മറുപടി ലഭിച്ചശേഷം നാം വീണ്ടും സംശയിക്കുകയാണോ? നാം ദൈവത്തെ കള്ളനാക്കാൻ ശ്രമിക്കുകയാണ്. ഒരു പ്രകാരത്തിലും നാം അങ്ങനെ ചെയ്യാൻ പാടില്ല. ഈ വിഷയത്തിൽ കർത്താവിനോടു ഇപ്രകാരം പ്രാർത്ഥിക്കുക. യേശുവേ ഞാൻ വിശ്വസിക്കുന്നു, എന്റെ അവിശ്വാസം നീങ്ങിപ്പോകുന്നതിനു, എനിക്കു വേണ്ടി പ്രാർത്ഥിക്കേണമേ. പിന്നീട് വിശ്വസിക്കുക.

(മറ്റൊരു വായനാ ശുപാർശ: മിസ്സിസ് എലൻ ജി. വൈറ്റ് രചിച്ച വിദ്യാഭ്യാസം എന്ന പുസ്തകത്തിലെ "വിശ്വാസവും പ്രാർത്ഥനയും എന്ന അദ്ധ്യായത്തിൽ വാഗ്ദത്വങ്ങളിൽ വിശ്വസിച്ചു പ്രാർത്ഥിക്കുന്നതിന്റെ ധാരാളം വിലയേറിയ ഉപദേശങ്ങൾ ഉണ്ട്.)

## പരിശുദ്ധാത്മാവിനു വേണ്ടി പ്രാർത്ഥിക്കുക

പരിശുദ്ധാത്മാവിനാൽ നിറയപ്പെടുന്നതിനുവേണ്ടി പ്രാർത്ഥിക്കുവാനുള്ള ഏറ്റവും വലിയ യോഗ്യതകൾ നമുക്കുണ്ടെന്ന് ഞാൻ ചിന്തി

ക്കുന്നു. പക്ഷേ, ദൈവത്തിന്റെ വാഗ്ദത്വങ്ങളെ വിശ്വസിക്കുകയും അവിടുത്തെ ആശ്രയം വിലയേറിയതുമായി സ്വീകരിക്കുന്നതിനു പകരം ദൈവം നമ്മുടെ ഇഷ്ടം ചെയ്തുതരണം എന്നു പറയുന്നതു ശരിയല്ല എന്നു നാം ഓർക്കണം.

## പരിശുദ്ധാത്മാവിനെ പ്രാപിക്കുവാനുള്ള വാഗ്ദത്വം

പരിശുദ്ധാത്മാവിനെ പ്രാപിക്കുവാൻ ഉള്ള അത്ഭുതകരമായ വാഗ്ദാനങ്ങൾ കർത്താവ് നമുക്ക് നൽകിയിട്ടുണ്ട്. ലൂക്കൊസ് 11:13 "അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും." നമ്മുടെ സ്വർഗ്ഗസ്ഥപിതാവ് നമ്മെ ദൈവത്തോടു ബന്ധിപ്പിക്കുന്ന ഒരു പ്രതിജ്ഞയല്ലേ ഇവിടെ നൽകിയിരിക്കുന്നത്? ഈ അത്ഭുതകരമായ വാഗ്ദത്വത്തിലുള്ള നിബന്ധന ചോദിക്കുക എന്നുള്ളതാണ്, നാം ഒരു വട്ടം മാത്രം ചോദിക്കണം എന്നു അർത്ഥമാക്കുന്നില്ല. പക്ഷേ, നാം നിരന്തരം അഭ്യർത്ഥന നടത്തികൊണ്ടിരിക്കണം.

എങ്കിലും ഇതിന്റെ ഉള്ളടക്കം പരിശോധിക്കുന്നത് പ്രധാനമാണ്. എന്നാൽ നാം ഇതേ കാര്യത്തെക്കുറിച്ചു പറയുന്ന മറ്റു വാക്യങ്ങളും വായിക്കേണ്ടതാണ്. ഉദാഹരണത്തിന് അപ്പൊസ്തല പ്രവൃത്തികൾ 5:32 "ഈ വസ്തുതയ്ക്കു ഞങ്ങളും ദൈവം, തന്നെ അനുസരിക്കുന്നവർക്കു നല്കിയ പരിശുദ്ധാത്മാവും സാക്ഷികൾ ആകുന്നു."

ഇവിടെ നൽകുന്ന നിബന്ധന: അനുസരണം മാത്രമാണ്! നമ്മെ പിൻതാങ്ങുന്നതിനു ഒരു വാക്യം മാത്രം പോര എന്നുള്ള കാര്യം നാം ഇവിടെ മനസ്സിലാക്കണം. വാഗ്ദത്വത്തിന്റെ ഉള്ളടക്കവും നാം പരിഗണിക്കേണ്ടതാണ്. നമുക്കു ഇഷ്ടപ്പെട്ട ഏതെങ്കിലും ഒരു കാര്യം ഒരിക്കൽ മാത്രം അനുസരിക്കണം എന്നല്ല ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. നേരെ മറിച്ചു നമ്മുടെ അത്ഭുതവാനായ രക്ഷിതാവും സ്നേഹിതനും ആയ യേശുവിനെ അനുസരിക്കണം എന്നാണ് ഇതുകൊണ്ടു ഉദ്ദേശിക്കുന്നത്. അനുസരണം സന്തോഷം ഉണ്ടാക്കുന്നു. അനുസരണം ഉള്ള ഒരു ഹൃദയം ലഭിക്കുന്നതിനുവേണ്ടി ഓരോ പ്രഭാതത്തിലും പ്രാർത്ഥിക്കുക. അവിടുന്ന് ആഗ്രഹിക്കുന്ന എല്ലാ കാര്യങ്ങളും ചെയ്യുന്നതിന് നിങ്ങളെ പ്രാപ്തരാക്കുന്നതിന് വേണ്ടി കർത്താവിനോടു പ്രാർത്ഥി

ക്കുക, തീർച്ചയായും അത് പൂർത്തീകരിക്കുന്നതിന് വേണ്ടി യേശു നിങ്ങളെ സഹായിക്കുന്നതാണ്. ഇത് നല്ലൊരു മുൻ ഉപാധി ഉണ്ടാക്കുന്നു.

യോഹന്നാന്റെ സുവിശേഷം 7:37 ഇപ്രകാരം പറയുന്നു: “ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ.” പരിശുദ്ധാത്മാവിനെ ആഗ്രഹിക്കുന്നതിനെക്കുറിച്ചാണ് ഇവിടെ പറയുന്നത്. നിങ്ങൾക്ക് ആഗ്രഹം ഇല്ലെങ്കിൽ ഒരു പക്ഷേ നിങ്ങളുടെ ആഗ്രഹം നാമമാത്രമാണെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടെങ്കിൽ, നിങ്ങൾക്കു ആഗ്രഹം ഉണ്ടാകുന്നതിനു വേണ്ടി പ്രാർത്ഥിക്കുക. ദൈവ ഇഷ്ടപ്രകാരമുള്ള ഒരു അപേക്ഷയാണത്; തീർച്ചയായും അതിനു ഉടൻ മറുപടി ലഭിക്കുന്നതാണ്. നാം യാചിക്കുമ്പോൾ നമ്മുടെ അത്ഭുതവാനായ ദൈവം ഒരു ആഗ്രഹം നമ്മിൽ സൃഷ്ടിക്കുകയും അതു പൂർത്തീകരിക്കുന്നതും ആണ്. ദൈവവുമായി ഒരു ഈടാർന്ന ബന്ധം സ്ഥാപിക്കുന്നതിനുള്ള ആഗ്രഹത്തിനുവേണ്ടി പൂർണ്ണഹൃദയത്തോടുകൂടി കർത്താവിനെ സ്നേഹിക്കുന്നതിന്, സന്തോഷത്തോടെ അവിടുത്തെ സേവിക്കുന്നതിന് യേശുവിനോടുള്ള നമ്മുടെ ആഗ്രഹം വർദ്ധിപ്പിക്കുന്നതിനും അവിടുത്തെ വീണ്ടും വരവിൽ ദൈവരാജ്യത്തിൽ പുനഃസമാഗമനം ലഭിക്കുന്നതിനും ദൈവവചനം വായിക്കുവാനുള്ള ആഗ്രഹത്തിനും അതു മനസ്സിലാക്കുന്നതിനും ഇതുകൂടാതെ മറ്റുള്ളവരെ സഹായിക്കുന്നതിനും നഷ്ടപ്പെട്ടവരെ സഹായിക്കുവാൻ നാം സന്നദ്ധരായിത്തീരുന്നതിനും നാം പ്രാർത്ഥിക്കേണ്ടതാണ്.

യോഹന്നാന്റെ സുവിശേഷം 7:38,39 വാക്യങ്ങൾ ഇപ്രകാരം പ്രസ്താവിക്കുന്നു: “എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്നും തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും” എന്നു വിളിച്ചു പറഞ്ഞു. അവൻ ഇതു തന്നിൽ വിശ്വസിക്കുന്നവർക്കു ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചു ആകുന്നു പറഞ്ഞത്.” ഇവിടെ വ്യവസ്ഥ വിശ്വാസമാണ്: യേശുക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസവും ദൈവത്തിലുള്ള നമ്മുടെ ആശ്രയവും പരിശുദ്ധാത്മാവിനെ പ്രാപിക്കുവാനുള്ള പ്രധാന മുൻ ഉപാധിയാണെന്ന് നാം ഇവിടെ കാണുന്നു. പക്ഷേ നാം വാഗ്ദത്വങ്ങളിൽ ആശ്രയിച്ചു പ്രാർത്ഥിക്കുമ്പോൾ വിശ്വസിക്കുക എന്നുള്ളതു എളുപ്പമായിത്തീരും.

ഗലാത്യർ 5:16 ഇപ്രകാരം പറയുന്നു: "ആത്മാവിനെ അനുസരിച്ചു നടപ്പിൻ; എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല എന്നു ഞാൻ പറയുന്നു."

യഥാർത്ഥത്തിൽ നമുക്കു ഇവിടെ ഒരു വാഗ്ദത്വം ഉണ്ട്, അത് ഒരു കല്പനയായി പ്രകടിപ്പിച്ചിരിക്കുന്നു. ഞാൻ ആത്മാവിൽ നടക്കുവാൻ ദൈവം ആഗ്രഹിക്കുമ്പോൾ, അവിടുന്നു എന്നെ ആത്മാവിൽ നിറയ്ക്കുവാൻ ആഗ്രഹിക്കുന്നു എന്നാണ് ഇതിന്റെ വ്യക്തമായ അർത്ഥം. നാം ആത്മാവിനാൽ നിറയപ്പെടുമ്പോൾ മോഹത്തിന്റെ കരുണയ്ക്കു ഒരിക്കലും അടിമയല്ല എന്നാണ് ഇതിലൂടെ അവിടുന്നു നമ്മെ കാണിക്കുവാൻ ആഗ്രഹിക്കുന്നത്. നമ്മിലുള്ള പാപത്തിന്റെ ശക്തിയെ പരിശുദ്ധാത്മാവ് തകർത്തു കളയുന്നു (റോമർ 8:1-17 പ്രത്യേകിച്ചും രണ്ടാം വാക്യം). പരിശുദ്ധാത്മാവിനാൽ ജഡത്തിന്റെ പ്രവൃത്തികളെ മരണത്തിനു ഏല്പിക്കുന്നു (റോമർ 8:13). "ഞാൻ ദിവസേന മരിക്കുന്നു" എന്നു പറഞ്ഞ അപ്പൊസ്തലനായ പൗലൊസിനെക്കുറിച്ചു ചിന്തിക്കുക. ജഡത്തിന്റെ പ്രവൃത്തികളുടെ കാരുണ്യത്തിൽ നാം ആയിരിക്കരുത് എന്നുള്ളത് എന്തോ അതിശക്തവും വിലയേറിയതും ആണ് (ഗലാത്യർ 5:18-21) പക്ഷേ അതിനു പകരം ആത്മാവിന്റെ ഫലങ്ങൾ കായ്ക്കണം (ഗലാത്യർ 5:22).

ഇരട്ടക്കുഴൽ ദൂരദർശിനിയുടെ സംയോജനത്തെ തുടർന്നു അനുഭവപ്പെടുന്ന വലിയ സമ്മർദ്ദത്താൽ ആ മുറിയിലെ ദൂരദർശനിലെ ലെൻസിൽ പറ്റിയിരുന്ന പൊടിപടലങ്ങൾ നീക്കം ചെയ്യുന്നതിനെ നമ്മുടെ ജീവിതത്തെ നശിപ്പിക്കുന്ന പാപത്തെ ഉന്മൂലനം ചെയ്യുന്നതിനോടു താരതമ്യം ചെയ്തിരിക്കുന്നു. കതകു തുറക്കുമ്പോൾ ആ മുറിയിലെ വായു പുറംതള്ളപ്പെടുകയാണ്. പിന്നീട് യാതൊരു പൊടിപടലങ്ങൾക്കും പ്രവേശിക്കുവാൻ കഴിയുകയില്ല, ഇതാണ് ഇതിന്റെ അർത്ഥം. ഇതേപോലെ നാം പരിശുദ്ധാത്മാവിനാൽ നിറയപ്പെടുമ്പോൾ നാം "ജഡത്തിന്റെ മോഹം നിവർത്തിക്കുകയില്ല." (ഇതിനെക്കുറിച്ചു കൂടുതൽ വിവരങ്ങൾ അറിയുവാൻ, അവസാന അദ്ധ്യായത്തിലെ "ഒരു മനുഷ്യനു ആത്മികനായി കഴിയുവാൻ സാദ്ധ്യമാണോ?" എന്ന സെക്ഷനിൽ ഈ വിഷയത്തെക്കുറിച്ചു നോക്കുക). എഫെസ്യർ 3:16-17,19 എന്നീ വാക്യങ്ങൾ ഇപ്രകാരം പറയുന്നു: "അവൻ തന്റെ മഹത്വത്തിന്റെ ധനത്തിനു ഒത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ

സംബന്ധിച്ചു ശക്തിയോടെ ബലപ്പെടേണ്ടതിനും ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും വരം നല്കേണം എന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി... ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും വേണം എന്നും പ്രാർത്ഥിക്കുന്നു.

ചിലപ്പോൾ ഒരു വലിയ കാലയളവിൽ യാതൊരു ശക്തിയും നമുക്കു മനസ്സിലാക്കുവാൻ കഴിയുകയില്ല. അതു പ്രകൃതിയിലെ പ്രതിഭാസങ്ങൾ പോലെയാണ്. ശൈത്യകാലത്ത് വൃക്ഷങ്ങളിലെ ഇലകൾ പൊഴിഞ്ഞു പോയിരുന്നതുകൊണ്ടു വൃക്ഷങ്ങൾ ശൂന്യമാണ്. എന്നാൽ വസന്തകാലത്തു ഇലകൾ തളിർത്തു വൃക്ഷങ്ങൾ പച്ച ഉടുക്കുന്നു. അവ പുതുജീവൻ പ്രാപിക്കുന്ന സമയം ഘോരമായ ശക്തികൾ പ്രവൃത്തിപഥത്തിൽ ആണ്. ആ ശക്തികളെ കാണുവാനോ കേൾക്കുവാനോ കഴികയില്ല. പക്ഷേ, പിന്നീട് നമുക്കു അതിന്റെ പരിണിതഫലം കാണാം. എന്റെ ആത്മീയ ജീവിതത്തിലും ഇതുപോലെയാണ്. എനിക്കു ധാരാളമായ ശക്തി പകർന്നു നൽകുന്നതിന് ദൈവത്തിന് ഞാൻ നന്ദി അർപ്പിക്കുന്നു.

മറ്റൊരു ഉദാഹരണം: നമ്മുടെ ശരീരത്തിൽ വിദ്യുച്ഛക്തിയുണ്ടെന്ന് ഏതാനും ദശവർഷങ്ങൾക്ക് മുമ്പാണ് നാം മനസ്സിലാക്കിയത്. പക്ഷേ അത് അവിടെ ഉണ്ടായിരുന്നു. പക്ഷേ നാം അതിനെക്കുറിച്ചു ബോധവാന്മാർ ആയിരുന്നില്ല.

എഫെസ്യർ 5:18 പറയുന്നത്: “ആത്മാവു നിറഞ്ഞവരായി” അഥവാ “നിങ്ങൾ തുടർന്നും നിരന്തരവും പരിശുദ്ധാത്മാവിനാൽ വീണ്ടും നിറവു പ്രാപിക്കണം.”130

അപ്പൊസ്തല പ്രവൃത്തികൾ 1:8 “എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട്... എന്റെ സാക്ഷികൾ ആകും.”

ശിഷ്യന്മാരുടെ മേൽ ശക്തി പകരപ്പെടുന്നതുവരെ കാത്തിരിക്കുവാൻ അവരോടു കല്പിച്ചു. അവർ അലസമായി കാത്തിരുന്നില്ല. ദിവസവും മനുഷ്യരുമായുള്ള ബന്ധത്തിൽ അവരെ കണ്ടെത്തി പാപികളെ ക്രിസ്തുവിങ്കലേയ്ക്കു നയിക്കുന്നതിന് യുക്തമായ വാക്കുകൾ സംസാരിക്കുന്നതിനും തങ്ങളെ സജ്ജരാക്കുന്നതിനും വേണ്ടി ശിഷ്യന്മാർ തീവ്ര

മായ ആത്മാർത്ഥതയോടെ പ്രാർത്ഥിച്ചു എല്ലാ ഭിന്നതകളും മേല്ക്കോയ്മ നടത്തുവാനുള്ള എല്ലാ ആഗ്രഹങ്ങളും നീക്കിക്കളഞ്ഞു ക്രിസ്തീയ കൂട്ടായ്മയിൽ ഒരുമിച്ചു വന്നു."131 ഇതേ വാഗ്ദത്വം ഏറ്റെടുത്ത് നാമും പ്രാർത്ഥിക്കണം.

## എന്താണ് പാസ്റ്റർമാർ പറയുന്നത്? (രണ്ടാംഭാഗം)

### എന്റെ സമ്പൂർണ്ണമായ ശുശ്രൂഷ തികച്ചു

ഈ വിസ്മയകരമായ പുസ്തകത്തിലൂടെ ദൈവം ഞങ്ങൾക്ക് നല്ലവനായിരുന്നു, ഞങ്ങളെ അനുഗ്രഹിച്ചു. ഞാൻ ശുശ്രൂഷയിൽനിന്നും വിരമിച്ച ഒരു പാസ്റ്റർ ആണ്. ഞാൻ ഈ പുസ്തകം ആദ്യം വായിക്കുവാൻ തുടങ്ങിയപ്പോൾ, എന്റെ ജീവിതത്തെ മാറ്റിമറിച്ചു. ഞാൻ ഈ പുസ്തകം നാലു പ്രാവശ്യം വായിച്ചു, അതുപോലെ 'വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ' എന്ന പുസ്തകത്തെ ആധാരമാക്കി മൂന്നു സെമിനാറുകൾ നടത്തി. രണ്ടാമത്തെ സെമിനാർ പരമ്പര നടത്തിക്കഴിഞ്ഞപ്പോൾ എന്റെ ശുശ്രൂഷ ഇപ്പോൾ പൂർണ്ണമായി. തികച്ചു എന്ന ബോദ്ധ്യം എനിക്കുണ്ടായി. P.J. 261118 പാപ്പുവാ ന്യൂഗുനിയായിൽ നിന്നും.

പടികളുടെ പുസ്തകം ജനറൽ കോൺഫറൻസിന്റെ വെബ്സൈറ്റിൽ കണ്ടെത്താൻ കഴിയും. www.revivalandreformation.org

'വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ' എന്ന പുസ്തകത്താൽ ഞാൻ അനുഗ്രഹിക്കപ്പെടുകയുണ്ടായി. ഈ പുസ്തകം വായിക്കുവാൻ കഴിഞ്ഞത് എന്നെ സ്പർശിച്ച ഒരു അനുഭവമായിരുന്നു. എന്റെ ജീവിതം മാറ്റപ്പെട്ടു, മൂന്നു മാസം കൊണ്ടു ഈ പുസ്തകം പലപ്രാവശ്യം വായിച്ചതിന് ശേഷം ഞാൻ ഇതിലെ ദൂത് പല സഭകളുമായി പങ്കുവച്ചു. കോൺഫറൻസ് പാസ്റ്റേഴ്സ് മീറ്റിംഗിൽ ഈ പുസ്തകത്തിന്റെ കമ്പ്യൂട്ടർ പകർപ്പ് എല്ലാ പാസ്റ്റേഴ്സിനും അവരുടെ കമ്പ്യൂട്ടറിലേക്ക് അയച്ചുകൊടുത്തു. (കോൺഫറൻസിൽ 80,000 വിശ്വാസികൾ ഉണ്ട്). ഞാൻ ഈ പുസ്തകം ജനറൽ കോൺഫറൻസിന്റെ ഉണർവ്വും നവീകരണവും എന്ന വെബ്സൈറ്റിൽ ആണ് കണ്ടെത്തിയത്. അത് എനിക്കു ഒരു വലിയ അനുഗ്രഹമായിരുന്നു. എല്ലാ നേതാക്കന്മാർക്കും പാസ്റ്റേഴ്സിനും വിശ്വാസികൾക്കും ഇതേ തീ ലഭിക്കുമാറാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

L.M.08072019 കിഴക്കൻ ആഫ്രിക്കയിലെ ടാൻസാനിയായിൽ നിന്നും ചുരുക്കിയിരിക്കുന്നു. # 140

അത് എനിക്കു നല്ലവണ്ണം അറിയാം എന്നു ചിന്തിച്ചു ഞാൻ വായന നിർത്തി. ഞാൻ വളരെ തെറ്റിപ്പോയി.

'വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ' എന്ന പുസ്തകത്തിനു ഞാൻ കർത്താവിനെ സ്തുതിക്കുന്നു... ഈ പുസ്തകം ജനുവരിയിൽ ലഭിച്ചിരുന്നതായി ഞാൻ ഓർക്കുന്നു. എനിക്കു അതിനെക്കുറിച്ചു കൂടുതൽ ആയി അറിയാം എന്നു ചിന്തിച്ചു ഞാൻ വായിക്കുന്നതു നിർത്തിക്കളഞ്ഞു. ഞാൻ വളരെ തെറ്റിപ്പോയി. മൂന്നുനാല് മാസങ്ങൾക്ക് മുമ്പ് പരിശുദ്ധാത്മാവിന്റെ സ്നാനത്തെക്കുറിച്ചു ഞാൻ വീണ്ടും അന്വേഷിച്ചപ്പോൾ ഈ പുസ്തകത്തിന്റെ ഒരു പിഡിഎഫ് പകർപ്പ് എന്റെ ഒരു സഹപ്രവർത്തകൻ എനിക്കു അയച്ചു തന്നു. എനിക്കു ഏറ്റവും ആവശ്യമായ ഘട്ടത്തിൽ അതു ലഭിച്ചതുകൊണ്ടു എനിക്കു വളരെ പ്രചോദനം ലഭിച്ചു. പുസ്തകം വായിച്ചുകൊണ്ടിരിക്കുമ്പോൾ എന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഈ ഭാഗത്തെ അവഗണിക്കുവാൻ എന്തുകൊണ്ടു ഞാൻ എന്നെ അനുവദിച്ചു എന്നോർത്തു ഞാൻ മുട്ടിൻമേൽ നിന്ന് പാപക്ഷമയ്ക്കുവേണ്ടി കർത്താവിനോടു പ്രാർത്ഥിച്ചു. ഇന്നലെ ശബ്ബത്തിൽ ഞാൻ ഉപവസിക്കുകയും പ്രാർത്ഥിക്കുകയും എന്റെ ജീവിതത്തെ ദൈവത്തിനായി വീണ്ടും സമർപ്പിക്കുകയും ചെയ്തു. ഞാൻ അവിടുത്തേയ്ക്കു ചെയ്യുവാൻ ആഗ്രഹിക്കുന്ന പ്രത്യേക ശുശ്രൂഷ എന്നെ വ്യക്തമായി കാണിച്ചു തരണമേ എന്നും അതിനായി എന്നെ ഉപയോഗിക്കണമെ എന്നും ഞാൻ പ്രാർത്ഥിച്ചു. എല്ലാ മാസവും വിവിധങ്ങളാകുന്ന രാജ്യങ്ങളിൽ സഞ്ചരിച്ചു വേല ചെയ്യുന്നതായിരുന്നു എന്നിൽനിന്നും ആവശ്യപ്പെട്ടിരുന്നത്... പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നമ്മുടെ സഹോദരീസഹോദരന്മാർക്ക് ഇത്ര പ്രധാനപ്പെട്ടതായ ദൂത് പകർന്നുകൊടുക്കുവാൻ സാധിച്ചതു ഒരു വലിയ അവസരമായി ഞാൻ വിശ്വസിക്കുന്നു.

M.A.EE130518 ഫിലിപ്പൈൻസിൽനിന്നും, # 109

## വ്യക്തിപരമായ ചിന്തകളും ചർച്ചയ്ക്കുള്ള വഴികാട്ടിയും

1. പ്രാർത്ഥനയിലെ വാഗ്ദത്വങ്ങൾ നാം അവകാശപ്പെടുമ്പോൾ ഈ പ്രാർത്ഥനയ്ക്കു മറുപടി എന്തുകൊണ്ടു നാം പ്രതീക്ഷിക്കുന്നു?

.....................................................................................................................

.....................................................................................................................

2. പ്രാർത്ഥനയിലുള്ള ഒരു വാഗ്ദത്വം അവകാശപ്പെടുകയും അതിനു മറുപടി പ്രതീക്ഷിക്കാതിരിക്കുകയും ചെയ്യുമ്പോൾ ഞാൻ എന്താണ് ദൈവത്തോടു സംസാരിച്ചത്?

.....................................................................................................................

.....................................................................................................................

3. വാഗ്ദത്വങ്ങളുടെ രണ്ടു വിഭാഗങ്ങൾ ഏതെല്ലാം? ഈ രണ്ടു വിഭാഗങ്ങളും തമ്മിലുള്ള വ്യത്യാസം എന്താണ്?

.....................................................................................................................

.....................................................................................................................

4. പരിശുദ്ധാത്മാവിനെ സംബന്ധിക്കുന്ന ചില വാഗ്ദത്വങ്ങളുടെ പട്ടിക തയ്യാറാക്കുക

.....................................................................................................................

.....................................................................................................................

**നമ്മുടെ പ്രാർത്ഥനാസമയം**

- നിങ്ങളുടെ പ്രാർത്ഥനാപങ്കാളിയെ സമീപിച്ച് ഈ വിഷയത്തെക്കുറിച്ചു ചർച്ച ചെയ്യുക.
- നിങ്ങളുടെ പങ്കാളിയും ആയി ചേർന്നു പ്രാർത്ഥിക്കുക...

1. നിങ്ങളെ കർത്താവ് പരിശുദ്ധാത്മാവിനാൽ നിറയ്ക്കുന്നതിനു വേണ്ടി.
2. വാഗ്ദത്വങ്ങളെ അവകാശപ്പെടുന്നതിലൂടെ നിങ്ങളുടെ പ്രാർത്ഥന ശക്തിപ്രാപിക്കുന്നതിന്.
3. ദൈവവചനം വെറും കയ്യായി മടങ്ങിവരാതിരിക്കുവാൻ ദൈവത്തിനു നന്ദി അർപ്പിക്കുക.

ഞാൻ പരിശുദ്ധാത്മാവിന്റെ നിറവ് പ്രാപിക്കുന്നതു ഉറപ്പാക്കുവാൻ എങ്ങനെ പ്രാർത്ഥിക്കണം?

## ഞാൻ പരിശുദ്ധാത്മാവിനാൽ നിറപ്പെടും എന്നുള്ള ഉറപ്പോടെ പ്രാർത്ഥിക്കുന്നത് എങ്ങനെയാണ്?

**പത്താം ദിവസം**

### സുനിശ്ചിതമായ ഫലം ഇല്ല...?

ഒരു യൗവ്വനക്കാരൻ പരിശുദ്ധാത്മാവിന്റെ നിറവു പ്രാപിപ്പാൻ ആഗ്രഹിച്ചതുകൊണ്ടു അവൻ അഭിപ്രായം ആരാഞ്ഞു. യഥാർത്ഥത്തിൽ അവൻ ബുദ്ധിമുട്ടുകയായിരുന്നു. "നിങ്ങൾ പൂർണ്ണമായി നിങ്ങളെ ദൈവത്തിനു സമർപ്പിച്ചുവോ" എന്നു പാസ്റ്റർ അവനോടു ചോദിച്ചു. "പൂർണ്ണമായി സമർപ്പിച്ചു എന്നു ഞാൻ ചിന്തിക്കുന്നില്ല" എന്നവൻ പറഞ്ഞു. "കൊള്ളാം" എന്നു പാസ്റ്റർ മറുപടി പറഞ്ഞു. നിങ്ങളുടെ ഹിതം പൂർണ്ണമായി സമർപ്പിച്ചില്ല എങ്കിൽ പ്രാർത്ഥിക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവും ഇല്ല എന്നവൻ പറഞ്ഞു (പരിശുദ്ധാത്മാവിന്റെ നിറവു പ്രാപിക്കുന്നതിന്) "ഇപ്പോൾ നിങ്ങളുടെ ഹിതം ദൈവത്തിനായ് സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നുവോ" "എനിക്കു സാദ്ധ്യമല്ല" എന്നവൻ പറഞ്ഞു. "നിങ്ങൾക്കു വേണ്ടി ദൈവം അതു ചെയ്തുതരുവാൻ ആഗ്രഹിക്കുന്നുവോ?" അതെ എന്നവൻ ഉത്തരം പറഞ്ഞു. "എങ്കിൽ അതു ചെയ്തു തരുവാൻ അവിടുത്തോടു പ്രാർത്ഥിക്കൂ." അവൻ പ്രാർത്ഥിച്ചു: "ദൈവമേ എന്റെ ഇഷ്ടം എന്നിൽ നിന്നും നീക്കിത്തരേണമേ. അവിടുത്തെ ഇഷ്ടത്തിനു പൂർണ്ണമായി കീഴടങ്ങുന്നതിന് എന്നെ കൊണ്ടുവരേണമേ. എനിക്കു വേണ്ടി എന്റെ ഇഷ്ടത്തെ ബലികഴിക്കണമേ. യേശുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നു. പിന്നീട് പാസ്റ്റർ ചോദിച്ചത് ഇപ്രകാരമായിരുന്നു: അത് സംഭവിച്ചുവോ? അതു സംഭവിച്ചു കാണും എന്നവൻ പറഞ്ഞു. "ഞാൻ ചില കാര്യങ്ങൾ അവിടുത്തെ ഇഷ്ടപ്രകാരമാണ് ചോദിച്ചത്, അവിടുന്നു എനിക്കു ഉത്തരം അരുളി എന്നു ഞാൻ അറിയുന്നു, ഞാൻ പ്രാർത്ഥിച്ച കാര്യം ഇപ്പോൾ എനിക്കു ലഭിച്ചിരിക്കുന്നു (1 യോഹ. 5:14,15). അതെ, അതു സംഭവിച്ചു, എന്റെ ഇഷ്ടം താഴെ ഇട്ടു കളഞ്ഞു. പിന്നീട് പാസ്റ്റർ പറഞ്ഞത്: "ഇപ്പോൾ പരിശുദ്ധാത്മാവിന്റെ സ്നാനത്തിനുവേണ്ടി പ്രാർത്ഥിക്കുക (പരിശുദ്ധാത്മാവിന്റെ നിറവു പ്രാപിക്കുക) അവൻ പ്രാർത്ഥിച്ചു: ഇപ്പോൾ തന്നെ എന്നെ അവിടുത്തെ ആത്മാവിനാൽ സ്നാനപ്പെടുത്തേണമേ. യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നു. അവന്റെ ഇഷ്ടത്തെ അവൻ വെടിഞ്ഞപ്പോൾ ഉടൻ അപ്രകാരം സംഭവിച്ചു."[132]

## നേരത്തെയുള്ളതും പിന്നീടുള്ളതുമായ വലിയ വ്യത്യാസങ്ങൾ

നീണ്ടകാലം വാഗ്ദത്വങ്ങൾ ഏറ്റെടുത്തു പ്രാർത്ഥിക്കുവാൻ അറിയാമായിരുന്നെങ്കിലും അതു പ്രത്യേക സാഹചര്യങ്ങൾക്ക് വേണ്ടി ഏറ്റെടുത്തു പ്രാർത്ഥനയുടെ അത്ഭുതകരമായ അനുഭവങ്ങൾ പ്രാപിക്കുകയും ചെയ്തിരുന്നു. പക്ഷേ പ്രത്യേക വാഗ്ദത്വങ്ങളിൽ ആശ്രയിക്കാതെ സാധാരണ പ്രാർത്ഥിക്കുന്നതുപോലെ പ്രാർത്ഥിച്ചാൽ പരിശുദ്ധാത്മാവിനെ ലഭിക്കും എന്നു അനേകം വർഷങ്ങൾ ഞാൻ ചിന്തിച്ചിരുന്നു. ഇതുപോലെയുള്ള അഭിപ്രായമാണ് പലർക്കും ഉണ്ടായിരുന്നത് എന്ന് എനിക്കറിയാമായിരുന്നു. അത് തെറ്റ് ആണെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ എന്റെ വ്യക്തിപരമായ അനുഭവം ഞാൻ പിന്തിരിഞ്ഞു നോക്കുമ്പോൾ, ഞാൻ ആ വിധത്തിൽ പ്രാർത്ഥിച്ചത് വാഗ്ദത്വങ്ങൾ ഏറ്റെടുക്കാതെ ആയിരുന്നു. എന്നാൽ കുറച്ചുവർഷങ്ങളായി ഇപ്പോൾ ഞാൻ ദിവസവും പ്രാർത്ഥിക്കുന്നത് പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വാഗ്ദത്വങ്ങൾ ഏറ്റെടുത്തുകൊണ്ടാണ്. ആയതിനാൽ എന്റെ പ്രാർത്ഥനയ്ക്കു ശേഷം ഇപ്പോൾ ഞാൻ ആത്മാവിന്റെ നിറവു പ്രാപിച്ചിരിക്കുകയാണെന്നുള്ള ഉറപ്പ് എനിക്കു ലഭിക്കുകയുണ്ടായി. 2011 ഒക്ടോബർ 28-ാം തീയതിയിൽ ഉണ്ടായ അനുഭവത്തിലൂടെ എന്റെ ജീവിതത്തിൽ ഉണ്ടായ വലിയ വ്യത്യാസം ഞാൻ മനസ്സിലാക്കി; നേരത്തെയും ഇപ്പോഴും ഉള്ള വ്യത്യാസം എനിക്കു മനസ്സിലായി. (108-ാമത്തെ പേജിൽ കൂടുതൽ കാര്യങ്ങൾ)

വാഗ്ദത്വങ്ങൾ ഏറ്റെടുത്തു പ്രാർത്ഥിക്കുവാൻ തുടങ്ങിയതു മുതൽ ദൈവവുമായുള്ള എന്റെ ബന്ധം കൂടുതൽ ദൃഢവും യേശു എനിക്കു സമീപസ്ഥനും വലിയവനും ആയിത്തീർന്നു. ഇതു വെറും മാനസികമായ ഒരു വികാരമായിരുന്നില്ല. താഴെപ്പറയുന്ന കാര്യങ്ങളും ആയി എനിക്കു അതിനെ ബന്ധിക്കാൻ കഴിയും.

- വേദപുസ്തകം ഞാൻ വായിച്ചപ്പോൾ എനിക്കു പുതിയതും ധൈര്യപ്പെടുത്തുന്നതുമായ ഉൾക്കാഴ്ചകൾ ലഭിച്ചു.
- ജീവിതപരീക്ഷയാകുന്ന പോരാട്ടത്തിൽ ഞാൻ വിജയം പ്രാപിച്ചു.
- എന്റെ പ്രാർത്ഥനാ സമയം എനിക്കു വിലയേറിയതായിത്തീരുകയും അതു എനിക്കു സന്തോഷം പകരുകയും ചെയ്തു.
- ദൈവം എന്റെ അനേകം പ്രാർത്ഥനകൾക്ക് മറുപടി അയച്ചു.

- യേശുവിനെക്കുറിച്ചു മറ്റുള്ളവരോടു പറയുവാൻ എനിക്കു കൂടുതൽ സന്തോഷവും ധൈര്യവും ലഭിച്ചു (അപ്പൊസ്തല പ്രവൃത്തികൾ 4:31).
- എന്റെ സ്വന്തം സുഹൃത്തുക്കളുമായി ഞാൻ കൂടുതൽ സ്നേഹത്തിൽ ആയി.
- ദൈവകൃപയാൽ ഞാൻ സന്തോഷത്തോടെ ജീവിക്കുന്നു, അവിടുത്തെ കരങ്ങളിൽ ഞാൻ സുരക്ഷിതൻ ആണ്.
- ഒരു വിഷമഘട്ടത്തിൽ – എന്റെ പ്രിയപ്പെട്ട ഭാര്യ രോഗബാധിതയായി 4 വർഷക്കാലം ചലനശേഷി നഷ്ടപ്പെട്ടവളായി കഴിഞ്ഞു, ഒടുവിൽ മരണപ്പെട്ടു – നമ്മുടെ കർത്താവ് എന്നെ അത്ഭുതകരമായി പുലർത്തുകയും ആ സമയം എന്നെ ധൈര്യപ്പെടുത്തുകയും ചെയ്തു.
- കർത്താവ് എനിക്കു നൽകിയ ആത്മീയ ദാനങ്ങൾ എന്താണെന്ന് എനിക്കു ബോദ്ധ്യമായി.
- മറ്റുള്ളവർ എന്നെ വിമർശിച്ചപ്പോൾ എനിക്കു അസ്വസ്ഥത അനുഭവപ്പെട്ടിരുന്നു. ആ വിമർശനങ്ങൾ നിന്നുപോയി.

ഈ മാറ്റങ്ങൾ ഉണ്ടായത് വളരെ ശാന്തമായാണ്. ബൈബിളിലെ വാഗ്ദത്വങ്ങൾ ഏറ്റെടുത്തു ദിവസവും പരിശുദ്ധാത്മാവിനു വേണ്ടി അല്പം സമയം പ്രാർത്ഥിക്കുവാൻ തുടങ്ങിയതു മുതൽ ഈ മാറ്റം ഞാൻ ആദ്യമായി ശ്രദ്ധിക്കുവാൻ തുടങ്ങി. ആ സമയം മുതൽ വ്യത്യസ്ത രീതിയിലുള്ള ഒരു ക്രിസ്ത്യാനിത്വം ഞാൻ അനുഭവിക്കുവാൻ തുടങ്ങി. മുമ്പെ ദൈവവും ആയിട്ടുള്ള എന്റെ ജീവിതം കഠിനവും പ്രയാസകരവും ആയിരുന്നു. ഇപ്പോൾ ഞാൻ സന്തോഷവും ശക്തിയും അനുഭവിക്കുന്നു.

പരിശുദ്ധാത്മാവിന്റെ അസാന്നിദ്ധ്യം കൊണ്ടു എന്റെ ജീവിതത്തിൽ ഉണ്ടായ നഷ്ടങ്ങൾ നിമിത്തം ഞാൻ ദുഃഖിക്കുന്നു. അതുപോലെ എന്റെ വിവാഹജീവിതത്തിലും കുടുംബജീവിതത്തിലും ഞാൻ പാസ്റ്റർ ആയി സേവനം അനുഷ്ഠിച്ച സഭകളിലും ഉണ്ടായ നഷ്ടങ്ങൾ നിമിത്തം ഞാൻ ദുഃഖിക്കുന്നു. ഞാൻ ഇതിനെക്കുറിച്ചു മനസ്സിലാക്കിയപ്പോൾ എന്റെ കർത്താവിനോടു ഞാൻ ക്ഷമ ചോദിച്ചു.

നമുക്കു കഴിയാത്ത ഒരു മേഖലയിലേയ്ക്കു ആരെയും നയിക്കുവാൻ കഴിയുകയില്ല എന്നുള്ള കാര്യം ദൗർഭാഗ്യവശാൽ സത്യമായ കാര്യമാണ്. കുടുംബത്തിലെ വ്യക്തികളിലും സഭയിലും കാണുന്ന കുറവുകൾ അതിനെ കൂട്ടുകയും വർദ്ധിപ്പിക്കുകയും ചെയ്യും എന്നുള്ള കാര്യം നാം ഓർക്കുവാൻ ആഗ്രഹിക്കുന്നതും ആണ്. മറ്റുള്ളവരുടെ ജീവിതത്തിലും ഇതേ തെറ്റുകൾ ആവർത്തിച്ചു ദുഃഖിക്കാതിരിക്കേണ്ടതിന് ചില ആലോചനകൾ കൂട്ടിച്ചേർക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

2 പത്രൊസ് 1:4-ാം വാക്യം പറയുന്നത്: യേശുക്രിസ്തുവും ആയിട്ടുള്ള ഒരു ഈടാർന്ന ബന്ധത്തിലൂടെ നമുക്ക്: "അവയാൽ അവൻ നമുക്കു വിലയേറിയതും അതിമഹത്വവുമായ വാഗ്ദത്വങ്ങളും നൽകിയിരിക്കുന്നു. ഇവയാൽ നിങ്ങൾ... ദിവ്യസ്വഭാവത്തിനു കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു."

പരിശുദ്ധാത്മാവിനെ എനിക്ക് നൽകപ്പെട്ടത് വാഗ്ദത്വങ്ങളിലൂടെയാണെന്നും ഇതിനർത്ഥമുണ്ട്. വാഗ്ദാനങ്ങളെ നിങ്ങൾക്ക് ബാങ്ക് ചെക്കിനോടു താരതമ്യം ചെയ്യാം. അക്കൗണ്ട് വഹിക്കുന്നയാളിന്റെ ഒപ്പിട്ട ഒരു ചെക്ക് നാം ബാങ്കിൽ കൊടുക്കുമ്പോൾ മറ്റൊരാളിന്റെ അക്കൗണ്ടിൽനിന്നും നമുക്കു പണം പിൻവലിക്കാൻ സാധിക്കും (യോഹ. 1:12). ദൈവത്തിന്റെ മക്കൾ എന്ന നിലയിൽ നമുക്കു യേശു ഒപ്പിട്ട ചെക്ക് (വാഗ്ദത്വങ്ങൾ) നൽകി ഇതുപോലെ പിൻവലിക്കാൻ കഴിയും. ഒരു കലാകാരൻ നിർമ്മിച്ചതാണെങ്കിലും നമ്മുടെ സ്വന്തം ചെക്കുകൾ ഒരു ഗുണവും ചെയ്യുകയില്ല. അക്കൗണ്ട് വഹിക്കുന്നയാളിന്റെ ഒപ്പിട്ട ചെക്കുകൾ ആണ് നമുക്കു ആവശ്യം.

വാഗ്ദത്വം ഏറ്റെടുത്തു പ്രാർത്ഥിക്കുന്നതിന് നമുക്കു ധൈര്യം പകരുന്ന മറ്റൊരു കാരണം കൂടി ഉണ്ട്. ദൈവവചനത്തിന് ശക്തി ഉണ്ട്. സങ്കീർത്തനത്തിലെ വാക്കുകൾ ഉച്ചരിച്ചു യേശു എന്തിനാണ് ക്രൂശിൽ കിടന്നുകൊണ്ടു മൂന്നുപ്രാവശ്യം പ്രാർത്ഥിച്ചത്. സാത്താൻ മരുഭൂമിയിൽ യേശുവിനെ പരീക്ഷിച്ചപ്പോൾ കർത്താവിനെ പ്രതിരോധിക്കുന്നതിനും സാത്താനെ തോൽപ്പിക്കുന്നതിനും എന്തിനാണ് വേദവാക്യങ്ങൾ ഉപയോഗിച്ചത്? (മത്തായി 4:4,7,10). യേശു ഇപ്രകാരം പറഞ്ഞു: "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ദൈവത്തിൻ വായിൽക്കൂടി വരുന്ന സകലവചനം കൊണ്ടും ജീവിക്കുന്നു."

വചനത്തിനു ശക്തിയുണ്ടെന്ന് സൃഷ്ടിതാവായ യേശു അറിഞ്ഞിരുന്നു. "ദൈവവചനത്തിന്റെ എല്ലാ കല്പനകളിലും വാഗ്ദത്വങ്ങളിലും ദൈവത്തിന്റെ ജീവൻ നൽകുന്ന ശക്തിയുണ്ട്, അതിലൂടെ കല്പന നിറവേറപ്പെടുകയും വാഗ്ദത്വം യാഥാർത്ഥ്യമായിത്തീരുകയും ചെയ്യും."133 എത്ര അത്ഭുതകരമായ പ്രസ്താവന! എല്ലാ വാഗ്ദത്വങ്ങളിലും ദൈവത്തിന്റെ ശക്തിയും അവിടുത്തെ ജീവനും ഉണ്ട്. നാം വാഗ്ദത്വങ്ങൾ ഏറ്റെടുത്തു പ്രാർത്ഥിക്കുമ്പോൾ, നമ്മുടെ പ്രാർത്ഥനയിൽ നാം ദൈവവചനം ഉപയോഗിക്കുകയാണ്. ദൈവവചനത്തെക്കുറിച്ചു ഇപ്രകാരം പറയുന്നു: "എന്റെ വായിൽനിന്നു പുറപ്പെടുന്ന എന്റെ വചനം ആയിരിക്കും: അത് വെറുതെ എന്റെ അടുക്കലേക്കു മടങ്ങിവരാതെ എനിക്കു ഇഷ്ടമുള്ളതു നിവർത്തിക്കയും ഞാൻ അയച്ച കാര്യം സാധിപ്പിക്കയും ചെയ്യും" (യെശ. 55:11).

വാഗ്ദത്വങ്ങൾ ഏറ്റെടുത്തു പരിശുദ്ധാത്മാവിനുവേണ്ടി പ്രാർത്ഥിക്കുവാൻ മാത്രമേ ഞാൻ തീരുമാനിച്ചിരുന്നുള്ളൂ. വാഗ്ദത്വങ്ങൾ ഏറ്റെടുത്തു പരിശുദ്ധാത്മാവിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുമ്പോൾ എനിക്കു ആത്മാവിനെ ലഭിച്ചത് വചനപ്രകാരമുള്ള വാഗ്ദത്വം ഏറ്റെടുത്തതു കൊണ്ടാണെന്ന് എനിക്കറിയാമായിരുന്നു. 1 യോഹ. 5:15 ൽ ഇപ്രകാരം പറയുന്നു: "നാം എന്തു അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നുവെങ്കിൽ അവനോടു കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്നു അറിയുന്നു." വാഗ്ദത്വം ഏറ്റെടുക്കാതെ ഞാൻ പ്രാർത്ഥിച്ചപ്പോൾ എന്റെ പ്രാർത്ഥനയ്ക്കു മറുപടി ലഭിക്കും എന്നു ഞാൻ പ്രത്യാശിച്ചു. വൈകുന്നേരം നമ്മുടെ പരാജയങ്ങളെക്കുറിച്ചുള്ള പരാതി പറയാതെ ഇപ്രകാരം സമയം എടുത്തു പ്രാർത്ഥിച്ചു ഒരു അനുഗ്രഹിക്കപ്പെട്ട ദിവസം അനുഭവിച്ചറിയുന്നതു നല്ലതാണ്.

വളരെ സന്തോഷത്തോടെ എഴുതിയിരുന്ന ഒരു ഈമെയിൽ സന്ദേശം എനിക്കു ലഭിച്ചു: "എന്റെ സ്വന്തം വാക്കുകളിൽ ദിവസം മുഴുവനും ദൈവത്തിന്റെ നടത്തിപ്പ് ഉണ്ടാകുവാൻ പ്രാർത്ഥിച്ചാലും, അല്ലെങ്കിൽ വേദപുസ്തകത്തിലെ വാഗ്ദത്വങ്ങൾ ഏറ്റെടുത്തു പ്രാർത്ഥിച്ചാലും ഇപ്രകാരമുള്ള ഒരു വലിയ വ്യത്യാസം ഉണ്ടാകും എന്നു ഞാൻ ഒരിക്കലും ചിന്തിച്ചിരുന്നില്ല! വാഗ്ദത്വങ്ങൾ എനിക്കു എപ്പോഴും പ്രധാനപ്പെട്ടതായിരുന്നു. ഞാൻ അതിൽ എപ്പോഴും വിശ്വസിച്ചു. പക്ഷേ അതു അവകാശപ്പെടുന്നതിനു ഞാൻ പരാജയപ്പെട്ടിരുന്നു. യേശുവുമായിട്ടുള്ള

എന്റെ ജീവിതം മുഖാന്തരം കൂടുതൽ ആഴവും സന്തോഷവും ഉറപ്പും ശാന്തതയും ഉള്ള ജീവിതപരിണാമം നേടിയെടുക്കുവാൻ എനിക്കു സാധിച്ചു."134

പരിശുദ്ധാത്മാവിനുവേണ്ടി വാഗ്ദത്വങ്ങൾ ഏറ്റെടുത്തുകൊണ്ടുള്ള പ്രാർത്ഥനയുടെ ഒരു ഉദാഹരണം ഈ കാരണത്താൽ പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സ്വാഭാവികമായും ഇതു ചുരുക്കിയിരിക്കുകയാണ്. നാം പ്രാർത്ഥിക്കേണ്ടത് എങ്ങനെയാണെന്ന് ബൈബിളിൽ നിന്നു നേരിട്ടു പഠിക്കുന്നത് സുപ്രധാനമായ കാര്യമാണ്. എന്നാൽ നാം പ്രാർത്ഥിക്കേണ്ടതുപോലെ പ്രാർത്ഥിക്കുമ്പോൾ നമ്മുടെ വിശ്വാസം ശക്തിപ്പെടും എന്നുള്ളതു മുഖ്യമായ ഒരു കാര്യമാണ്, നാം പ്രാർത്ഥിച്ചു കഴിയുമ്പോൾ നമുക്കു പരിശുദ്ധാത്മാവിനെ ലഭിച്ചു എന്നുള്ള ഉറപ്പാണ് നല്കപ്പെടുന്നത്. നാം വിശ്വസിച്ചുകൊണ്ടു പ്രാർത്ഥിക്കുമ്പോൾ നമുക്കു പരിശുദ്ധാത്മാവിനെ ലഭിക്കുന്നതാണ്.

പരിശുദ്ധാത്മാവിലൂടെ നമ്മിൽ വസിക്കുവാൻ യേശു ആഗ്രഹിക്കുന്നു (1 യോഹ. 3:24; യോഹ. 14:23). മിസ്സിസ് എലൻ ജി. വൈറ്റ് ഇപ്രകാരം പറഞ്ഞിരിക്കുന്നു. "പരിശുദ്ധാത്മാവിന്റെ സ്വാധീനം എന്നുള്ളത് ക്രിസ്തു ദേഹിയിൽ ജീവിക്കുന്നു എന്നുള്ളതാണ്."135 പത്രൊസിനെയും പൗലൊസിനെയും മറ്റനേകം ജനത്തെയും മാറ്റിയ ശക്തി നമ്മിലും ഉണ്ട്. ഇപ്രകാരം ഒരു വചനം അവിടുന്നു നമുക്കു നൽകുന്നു: "അവൻ തന്റെ മഹത്വത്തിന്റെ ധനത്തിനു ഒത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ചു ശക്തിയോടെ ബലപ്പെടേണ്ടതിനും" (എഫെ. 3:16). പരിശുദ്ധാത്മാവിനാൽ നിറയപ്പെടുന്ന ജീവിതം: വിശ്വാസം, സന്തോഷം, ശക്തി, സ്നേഹം, പാപത്തിന്മേലുള്ള ജയം എന്നിവയ്ക്കു താക്കോലായി പ്രവർത്തിക്കുന്നു: "കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവുള്ളേടത്തു സ്വാതന്ത്ര്യം ഉണ്ട്" (2 കൊരി. 3:17).

എനിക്കു ലഭിച്ച സന്ദേശം ഇപ്രകാരം പറയുന്നു: "നിർദ്ദേശിച്ച പ്രാർത്ഥന പല വിശ്വാസികളും ഈരണ്ടുപേരായി എല്ലാ ദിവസവും പ്രാർത്ഥിക്കുന്നുണ്ട്. കഴിഞ്ഞ അഞ്ചുമാസം ഞാനും എന്റെ പെൺ സുഹൃത്തും ചേർന്നു പ്രാർത്ഥിക്കുകയായിരുന്നു. വ്യക്തിപരമായ മേഖലകളിൽ മാത്രമല്ല, ഭവനത്തിലും പരസ്പരമുള്ള ബന്ധത്തിലും വിവാഹജീവിതത്തിലും ആത്മീയ ജീവിതത്തിലും സഭയിലും എല്ലാ

കാര്യത്തിലും പുരോഗതി പ്രാപിച്ചിരുന്നു. വലിയ വഴക്കുകൾ ഉടലെടുക്കുന്ന വിധത്തിൽ അല്ല, വളരെ ശാന്തവും സ്വാഭാവികമായ വിധത്തിൽ പുരോഗതി സംഭവിക്കുന്നു. ദൈവത്തിന്റെ വിശദീകരണ പ്രക്രിയ അനുസരിച്ചു വളരെ വിസ്മയത്തോടെ ഞങ്ങൾക്ക് ഇത് കാണാൻ സാധിച്ചു, ദൈവത്തിന്റെ സാമീപ്യം നാം കൂടുതലായി അനുഭവിച്ചറിയുന്നതുകൊണ്ട് ജീവിതത്തെ എല്ലാ വിധത്തിലും ലഘൂകരിക്കുന്നു."136

## ഒരു വ്യക്തിക്കു ആത്മീയനായി കഴിയുവാൻ സാധിക്കുമോ?

അതെ! അവിശ്വാസത്തിന്റെ മനോഭാവം പുരോഗതി പ്രാപിക്കുവാൻ നാം അനുവദിക്കാതിരുന്നാൽ നമ്മൾ ആത്മീയമായി ശ്വസിക്കുന്നതാണ്. നമ്മുടെ പാപങ്ങൾ ഏറ്റുപറയുന്നതിലൂടെ 'ശ്വാസം പുറത്തേയ്ക്കു വിടുക' അതുപോലെ ദൈവസ്നേഹവും ക്ഷമയും പരിശുദ്ധാത്മാവിന്റെ നിറവിനാൽ വിശ്വാസത്താൽ കഴിക്കുന്ന പ്രാർത്ഥനയാൽ പുതുക്കുന്നതിലൂടെ "ശ്വാസം അകത്തേയ്ക്കു എടുക്കുക."137

നമ്മുടെ കുഞ്ഞുങ്ങളുമായിട്ടുള്ള ബന്ധം പോലെയാണിത്. ഒരു കുട്ടി ആണായാലും പെണ്ണായാലും അവർ അനുസരണക്കേട് കാണിക്കുമ്പോഴും നമ്മുടെ കുട്ടിയാണ്. പക്ഷേ ബന്ധത്തിൽ ഒരു തടസ്സം നാം അനുഭവിക്കുന്നു. നമ്മുടെ കണ്ണിൽ നോക്കുവാൻ ഒരു പക്ഷേ ആ കുട്ടിക്കു കഴിയാതെ വരാം. ഏറ്റുപറച്ചിലിൽ കൂടെ ഈ തടസ്സം നാം തിരുത്തുന്നു.

## ദിവസവും പരിശുദ്ധാത്മാവിനാൽ പുതുക്കപ്പെടുന്നതിന് വാഗ്ദത്വങ്ങളോടുകൂടിയ പ്രാർത്ഥനയുടെ ഒരു മാതൃക

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, രക്ഷിതാവായ യേശുവിന്റെ നാമത്തിൽ ഞങ്ങൾ അങ്ങയുടെ അടുക്കലേക്കു കടന്നുവരുന്നു. അവിടുന്നു പറഞ്ഞല്ലോ: "നിന്റെ ഹൃദയം എനിക്കു തരിക" എന്ന് (സദൃശ. 23:26).

ഞാനും എനിക്കുള്ളതെല്ലാമായി ഇപ്പോൾ തന്നെ അങ്ങേയ്ക്കായി സമർപ്പിക്കുന്നതിലൂടെ അതു ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു! അവിടുത്തെ ഇഷ്ടപ്രകാരം ഈ പ്രാർത്ഥനയ്ക്കു നേരത്തെ തന്നെ മറുപടി നൽകിയതിൽ നന്ദി അർപ്പിക്കുന്നു. കാരണം അവിടുത്തെ വചനം പറയുന്നത്, അവിടുത്തെ ഇഷ്ടപ്രകാരം പ്രാർത്ഥിക്കുന്നുവെങ്കിൽ അതു

നമുക്കു ലഭിച്ചു എന്നാണ് (1 യോഹ. 5:15). അതുപോലെ അവിടുത്തെ അരികിലേയ്ക്കു വരുന്ന ആരെയും ഒരു വിധത്തിലും ഉപേക്ഷിച്ചുകള കയില്ല എന്നു അവിടുന്നു പറഞ്ഞിട്ടുണ്ടല്ലോ (യോഹ. 6:37).

യേശുവേ, അവിടുന്നു ഇപ്രകാരം പറഞ്ഞിട്ടുണ്ടല്ലോ: "അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടു പ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു യാചി ക്കുന്നവർക്കു പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും" (ലൂക്കൊസ് 11:13).

അവിടുത്തെ നാമത്തിൽ വിശ്വസിക്കുന്നവർക്ക് (യോഹ. 7:38,39) അങ്ങയെ അനുസരിക്കുന്നവർക്ക് (അ.പ്ര. 5:32) പരിശുദ്ധാത്മാവിനാൽ പുതുക്കം പ്രാപിക്കുന്നവർക്ക് (എഫെ. 5:18) ആത്മാവിൽ നടക്കുന്ന വർക്ക് (ഗലാ. 5:16) പരിശുദ്ധാത്മാവിനെ നൽകും എന്നു അവിടുന്നു പിന്നെയും പറഞ്ഞിട്ടുണ്ടല്ലോ. ഇതാണ് എന്റെ ആഗ്രഹം. ഇതു എന്നിൽ പൂർത്തീകരിക്കേണമേ. ഈ കാരണത്താൽ ആണല്ലോ പിതാവേ ഞാൻ അങ്ങയോടു ആത്മാർത്ഥമായി അപേക്ഷിക്കുന്നത്, പരിശുദ്ധാത്മാ വിനെ ഇന്ന് എനിക്ക് തരേണമെ എന്ന്. ഈ അപേക്ഷ കഴിച്ചിരിക്കു ന്നത് അങ്ങയുടെ ഹിതപ്രകാരമായതു കൊണ്ട് ആത്മാവിനെ ഇപ്പോൾ എനിക്കു നൽകിത്തന്നതിന് ഞാൻ അവിടുത്തേക്കു നന്ദി അർപ്പിക്കുന്നു (1 യോഹ. 5:15).

ഇതേസമയത്ത് അവിടുത്തെ ദിവ്യസ്നേഹം എനിക്കു നൽകിയ തിന് ഞാൻ അവിടുത്തേയ്ക്കു നന്ദി അർപ്പിക്കുന്നു, കാരണം അവി ടുത്തെ വചനം പറയുന്നത്: "ദൈവത്തിന്റെ സ്നേഹം നമുക്കു നല്ക പ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കു ന്നുവല്ലോ" (റോമർ 5:5; എഫെ. 3:17). സങ്കീർത്തനക്കാരനോടു ചേർന്നു ഇപ്രകാരം പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. "എന്റെ ബലമായ യഹോവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു" (സങ്കീ. 18:1) എന്റെ സഹ മനുഷ്യവർഗ്ഗത്തെ അവിടുത്തെ ദിവ്യസ്നേഹത്താൽ സ്നേഹിക്കുവാൻ കഴിയും എന്നുള്ളതിന് അവിടുത്തേയ്ക്ക് നന്ദി അർപ്പിക്കുന്നു.

അവിടുത്തെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ എന്നിലുള്ള പാപ ത്തിന്റെ ശക്തിയെ തകർത്തുകളഞ്ഞതിന് ഞാൻ അവിടുത്തേയ്ക്കു നന്ദി അർപ്പിക്കുന്നു (റോമർ 8:13; ഗലാത്യർ 5:16). പാപത്തിൽനിന്നും ഈ ലോകഗതിയിൽ നിന്നും ഇന്നു തന്നെ എന്നെ രക്ഷിക്കുകയും

സംരക്ഷിക്കുകയും ചെയ്യേണമേ; വീണുപോയ ദൂതന്മാരിൽനിന്നും എന്നെ സംരക്ഷിക്കേണമെ. എന്റെ പരീക്ഷകളിൽ നിന്നും എന്നെ രക്ഷിക്കേണമെ, ആവശ്യമായ ഘട്ടത്തിൽ എന്റെ പഴയ ദുഷിച്ച പ്രകൃതത്തിൽനിന്നും ബലം പ്രയോഗിച്ചു എന്നെ രക്ഷിക്കേണമേ (1 യോഹ. 5:18).

വാക്കിലും പ്രവൃത്തിയിലും അവിടുത്തെ ഒരു സാക്ഷിയായിരിക്കുവാൻ എന്നെ സഹായിക്കേണമെ (അ.പ്ര. 1:8).

എന്റെ പ്രാർത്ഥന കേട്ടതിന് അങ്ങയെ സ്തുതിക്കുകയും അവിടുത്തേയ്ക്കു നന്ദി അർപ്പിക്കുകയും ചെയ്യുന്നു. ആമേൻ.

*1. "ക്രിസ്തുവിന്റെ സഹപ്രവർത്തകർ ആയിത്തീരുന്നവർ മാത്രം, ഞാനും എനിക്കുള്ളതെല്ലാം അവിടുത്തേതാണ്, കർത്താവേ എന്നു പറയുന്നവർ മാത്രമേ ദൈവത്തിന്റെ പുത്രീപുത്രന്മാരായി അംഗീകരിക്കപ്പെടുകയുള്ളൂ." (എലൻ ജി. വൈറ്റ്, യുഗങ്ങളുടെ പ്രത്യാശ (1898) P. 523.1*

നീണ്ട ഓട്ടത്തിനിടെ ഒരു വ്യക്തിക്കു സ്വാഭാവികമായി വീണ്ടും ജഡികനായിത്തീരാൻ കഴിയും. "ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ എല്ലായ്പ്പോഴും രക്ഷിക്കപ്പെട്ടിരിക്കുന്നു" എന്നു ബൈബിൾ പറയുന്നില്ല. നമ്മുടെ പാപപ്രകൃതി പിന്നെയും നിലനില്ക്കുന്നു. തങ്ങൾക്കു പാപമില്ല എന്നു അപ്പൊസ്തലന്മാരിലും പ്രവാചകന്മാരിലും ആരും തന്നെ പറഞ്ഞിട്ടില്ല.138

പരിശുദ്ധാത്മാവിലൂടെയുള്ള ജീവിതത്താലും യേശു നമ്മുടെ ഹൃദയങ്ങളിൽ വസിക്കുന്നതിലൂടെയും പാപത്തിന്റെ ശക്തി തകർക്കപ്പെടുകയും സന്തോഷവും ശക്തവും ആയ ക്രിസ്തീയ ജീവിതം നയിക്കുന്നതിന് സാധിക്കുകയും ചെയ്യും. നമ്മുടെ നീതി യേശുക്രിസ്തുവിലൂടെ മാത്രം ആണ്. "അവൻ നമുക്കു ദൈവത്തിങ്കൽ നിന്നു ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായിത്തീർന്നു" (1 കൊരി. 1:30). ഈ പ്രധാനപ്പെട്ട വിഷയത്തെക്കുറിച്ചു "യേശുവിൽ വസിക്കുക" എന്ന പുസ്തകത്തിൽ "യേശു നിങ്ങളിൽ വസിക്കുന്നു" എന്ന മൂന്നാം അദ്ധ്യായത്തിൽ വളരെ വിശദമായി പറഞ്ഞിരിക്കുന്നു.

ആത്മീയ ജീവിതത്തെ ദീർഘകാലം അവഗണിക്കുകയോ ആത്മീയമായി ശ്വസിക്കുന്നതിനു പരാജയപ്പെടുകയോ ചെയ്യുന്നതി

ലൂടെ നാം വീണ്ടും ജഡികരായിത്തീർന്നാൽ ആർദ്രതയുള്ള ഒരു രക്ഷകൻ നമുക്കായി കാത്തിരിക്കുന്നു.

ദൈവകൃപയാൽ നാം പുതുക്കം പ്രാപിക്കുവാനുള്ള വഴി നാം അറിഞ്ഞിരിക്കണം എന്നുള്ളതു വളരെ പ്രധാനപ്പെട്ട കാര്യമാണ്, അതുപോലെ പ്രത്യാശയോടെ എന്നന്നേയ്ക്കുമായി നാം ഒരു ആത്മീയ ജീവിതം നയിക്കേണ്ടതാണ്. ആരും ജഡികരായി കഴിയേണ്ട ആവശ്യമില്ല.

അതുകൊണ്ടു വ്യക്തിപരമായും പൊതുവിലും റാൻടി മാക്സ്‌വെൽ പറഞ്ഞതു ഓർക്കുക: "അടുത്തു തന്നെ സഭയ്ക്കു സംഭവിക്കാവുന്ന ആത്മീയ മരണത്തിൽ നിന്നും പുനർജ്ജീവിക്കുന്നതു സാദ്ധ്യമാക്കാൻ യാതൊരു പരിശ്രമവും വേണ്ട എന്നു നാം ചിന്തിക്കുന്നുണ്ടോ?"139

ഇവിടെ നമുക്കു ലഭിക്കുന്ന സമൃദ്ധമായ ജീവിതവും ഭാവിയിൽ ഉണ്ടാകാൻ പോകുന്ന നിത്യജീവനും അനേകം ജനത്തിന്റെ രക്ഷയും യേശുവിന്റെ വലിയ യാഗത്തിനുള്ള നമ്മുടെ നന്ദി അർപ്പണവും നമ്മുടെ പ്രയത്നത്തിനു അർഹമായതാണ്. രാവിലെയുള്ള ആരാധനയിൽ നമ്മുടെ കർത്താവിനെ കണ്ടുമുട്ടുന്നതാണ് ഏറ്റവും പ്രധാന കാര്യം. ഇവിടെയാണ് അവിടുന്നു നമ്മെ ശക്തികൊണ്ടു സന്നദ്ധരാക്കുന്നത്.

## അപ്പൊസ്തലനായ യോഹന്നാനെക്കുറിച്ചു നാം ഇപ്രകാരം വായിക്കുന്നു

"ഗുരുവിനോടുള്ള സ്നേഹം നിമിത്തം സ്വാർത്ഥത കണ്ണിൽനിന്നും മറയുന്നതുവരെ ഓരോ ദിവസവും തന്റെ ഹൃദയത്തെ ക്രിസ്തുവിങ്കലേയ്ക്കു തുറക്കപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ വെറുപ്പും അതിമോഹം നിറഞ്ഞ മനോഭാവവും ക്രിസ്തുവിന്റെ രൂപാന്തരം വരുത്തുന്ന ശക്തിക്ക് കീഴ്പ്പെട്ടിരുന്നു. പുനർജീവിപ്പിക്കുന്ന പരിശുദ്ധാത്മാവിന്റെ സ്വാധീനത്താൽ അദ്ദേഹത്തിന്റെ ഹൃദയത്തെ പുതുതാക്കി. ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ശക്തിയാൽ അദ്ദേഹത്തിന്റെ സ്വഭാവത്തെ രൂപാന്തരപ്പെടുത്തി. യേശുവും ആയിട്ടുള്ള ഐക്യതയുടെ ഭദ്രമായ ഫലമായിരുന്നു ഇത്. ക്രിസ്തു ഹൃദയത്തിൽ വസിക്കുമ്പോൾ മുഴുവൻ പ്രകൃതിയും രൂപാന്തരപ്പെടുത്തുന്നതാണ്."140

"നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിന് എന്റെ കണ്ണുകളെ തുറക്കേണമെ" (സങ്കീ. 119:18). അവിടുന്നു എന്നെ

നടത്തുന്നതിന് നന്ദി അർപ്പിക്കുന്നു. എനിക്കു ഇങ്ങനെ പറയാൻ സാധിക്കും: "വലിയ കൊള്ള കണ്ടുകിട്ടിയവനെപ്പോലെ ഞാൻ നിന്റെ വചനത്തിൽ ആനന്ദിക്കുന്നു" (സങ്കീ. 119:162).

"ദൈവവാഗ്ദത്വങ്ങളെ വിശ്വസിക്കുകയും അവകാശപ്പെടുകയും ചെയ്യുന്ന സൗമ്യതയും താഴ്മയും ഉള്ളവരെ വെളിച്ചത്തിന്റെയും ശക്തി യുടെയും അദൃശ്യ സൈന്യം ശുശ്രൂഷിക്കുന്നതാണ്" (മിസ്സിസ് എലൻ ജി. വൈറ്റ് രചിച്ച "ക്രിസ്തുവിന്റെ സാധന പാഠങ്ങൾ" എന്ന പുസ്തകം പേജ് 176).

## വ്യക്തിപരമായ ചിന്തകളും ചർച്ചയ്ക്കുള്ള വഴികാട്ടിയും

പ്രാർത്ഥനയുടെ മാതൃക അച്ചടിച്ചു പ്രചരിപ്പിക്കുന്നതിന് ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. നിങ്ങളുടെ പ്രഭാത പ്രാർത്ഥന നടക്കുന്ന സ്ഥലത്ത് അതിനെ സ്ഥാപിക്കുക. എഴുതിവച്ച ഒരു പ്രാർത്ഥന പ്രാർത്ഥിക്കുന്നതിന് ആദ്യം ഒരു വിചിത്ര അനുഭവമായി തോന്നും. ഈ പ്രാർത്ഥന വായിക്കുക, ഈ പ്രാർത്ഥന പ്രാർത്ഥിക്കുക, കുറച്ചു സമയം കഴിയുമ്പോൾ നിങ്ങൾക്ക് ഇതു കൂടുതൽ സ്വാഭാവികമായി ത്തീരും.

1. എഴുതിവെച്ച ഒരു പ്രാർത്ഥന ചെയ്യുന്നതിന് നമുക്കു വൈമനസ്യം തോന്നേണ്ട ആവശ്യം ഇല്ലാത്തത് എന്തുകൊണ്ട്?

   ..........................................................................................................

   ..........................................................................................................

2. പ്രാർത്ഥനയിൽ വാഗ്ദത്വങ്ങൾ അവകാശപ്പെടുമ്പോൾ എന്തു ഫല മാണ് നമുക്കു ലഭിക്കുന്നത്?

   ..........................................................................................................

   ..........................................................................................................

3. ഒരു നിർദ്ദേശം: പ്രാർത്ഥനയിൽ വാഗ്ദത്വങ്ങൾ ഏറ്റെടുത്തു അവ കാശപ്പെടുന്നതിന് അനുയോജ്യമായ രണ്ടു പ്രധാനപ്പെട്ട തിരുവചന ഭാഗങ്ങൾ (1 യോഹ. 1:14,15; 2 പത്രൊസ് 1:3,4).

   ..........................................................................................................

   ..........................................................................................................

4. ദൈവത്തിന്റെ സംരക്ഷണത്തിനുവേണ്ടി നിങ്ങളെ ദിവസവും സമർപ്പിക്കുമ്പോൾ എന്തുകൊണ്ടു അത് സഹായകരമാണ്?

.....................................................................................................................

.....................................................................................................................

5. നമുക്കു ആത്മീയ ക്രിസ്ത്യാനികളായിരിക്കാൻ എങ്ങനെ സാധിക്കും?

.....................................................................................................................

.....................................................................................................................

## നമ്മുടെ പ്രാർത്ഥനാസമയം

- നിങ്ങളുടെ പ്രാർത്ഥനാ പങ്കാളിയെ സമീപിച്ചു വിഷയം ചർച്ച ചെയ്യുക.
- നിങ്ങളുടെ പങ്കാളിയും ആയി ചേർന്നു പ്രാർത്ഥിക്കുക.

1. കർത്താവ് അവിടുത്തെ ആത്മാവിനാൽ ഇന്നു നമ്മെ നിറയ്ക്കുന്നതിനു വേണ്ടി.
2. ദൈവത്തിന്റെ പ്രത്യേക സംരക്ഷണത്തിനുവേണ്ടി നമ്മെ ദിവസവും സമർപ്പിക്കുന്നതിനുവേണ്ടി.
3. നാം ഉറച്ച ആത്മീയ ക്രിസ്ത്യാനികളായി നിലനില്ക്കുന്നതിനു വേണ്ടി.

### അദ്ധ്യായം 6

# നമ്മുടെ മുമ്പിൽ എന്തു അനുഭവങ്ങൾ ആണ് കിടക്കുന്നത്?

**പതിനൊന്നാം ദിവസം**

വ്യക്തിപരമായ അനുഭവങ്ങളും സഭകളുടെയും കോൺഫറൻസിന്റെയും യൂണിയന്റെയും അനുഭവങ്ങളും

**ഒരു സഹോദരന്റെ അനുഭവം**

എന്റെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ വർഷം ഉണ്ടാകുന്നതിനു വേണ്ടി കഴിഞ്ഞ രണ്ടു വർഷമായി ഞാൻ ദിവസേന പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഓരോ ദിവസവും യേശു എന്റെ ജീവിതത്തിൽ സമൃദ്ധിയായി വാഴേണമേ എന്നായിരുന്നു എന്റെ പ്രാർത്ഥന. ദൈവത്തോടുകൂടെ ഞാൻ നടന്നത് (ഈ സമയം) അവിശ്വസനീയമായിരുന്നു. അവിടുത്തെ ഇഷ്ടം പ്രവർത്തിക്കുന്നതിനും പരിശുദ്ധാത്മാവിനാൽ എന്നെ ദിവസവും പുതുക്കേണമെ എന്നും ഞാൻ യേശുവിനോടു യാചിച്ചപ്പോൾ ഗലാത്യർ 5-ാം അദ്ധ്യായത്തിൽ പറയുന്ന ആത്മാവിന്റെ ഫലം എന്റെ ജീവിതത്തിൽ കൂടുതൽ ദൃശ്യമായിത്തീർന്നു. വേദപുസ്തകം വായിക്കുന്നതിലും ക്രിസ്തുവിനെ മറ്റുള്ളവർക്ക് പങ്കുവയ്ക്കുന്നതിലും എനിക്കു വലിയ സന്തോഷമായി, അതുപോലെ മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ എനിക്കു ശക്തമായ ആഗ്രഹം ഉണ്ടായി, ഇതുകൂടാതെ എന്റെ ജീവിതശൈലി നാടകീയമായ വിധത്തിൽ മാറ്റപ്പെട്ടു. ഞാൻ ദിവസവും ദൈവത്തെ അന്വേഷിച്ചതിന്റെയും ദിവസവും പരിശുദ്ധാത്മാവിനു വേണ്ടി യാചിച്ചതിന്റെയും ഉറപ്പായി ഞാൻ ഇതിനെ കാണുന്നു" C.H.

അദ്ദേഹം കൂടുതലായി പങ്കുവച്ചിരിക്കുന്നത്: "ആറു ആഴ്ചക്കാലം എല്ലാദിവസവും നിങ്ങൾ പരിശുദ്ധാത്മാവിനാൽ നിറയപ്പെടുന്നതിനു വേണ്ടി പ്രാർത്ഥിക്കുവാൻ ഞാൻ നിങ്ങളെ വെല്ലുവിളിക്കുന്നു, എന്തു സംഭവിക്കുന്നു എന്നു നമുക്കു നോക്കാം.

## ഡെയിറ്റ് നെൽസന്റെ വ്യക്തിപരമായ സാക്ഷ്യം

ഒരു വ്യക്തിപരമായ സാക്ഷ്യം പങ്കുവയ്ക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ആൻഡ്രൂസ് യൂണിവേഴ്സിറ്റിയുടെ പയനിയർ മെമ്മോറിയൽ ചർച്ചിന്റെ സീനിയർ പാസ്റ്ററായ ഡെയിറ്റ് നെൽസന്റെ സാക്ഷ്യമാണിത്. ജനറൽ കോൺഫറൻസിലെ പ്രാർത്ഥനാ ശുശ്രൂഷാവിഭാഗം 40,000 വരിക്കാർക്ക് പ്രാർത്ഥനാലെറ്റർ അയച്ചു.

## 'വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ' എന്ന പുസ്തകം എങ്ങനെയാണ് എന്റെ ജീവിതം മാറ്റിമറിച്ചത്?

ഈ പുസ്തകം എപ്രകാരം എന്റെ ജീവിതത്തെ നാടകീയമായി മറ്റും എന്നു ഞാൻ ആശങ്കപ്പെട്ടിരുന്നില്ല - ഞാൻ എങ്ങനെ പ്രാർത്ഥിക്കും, എങ്ങനെ പ്രസംഗിക്കും, മറ്റുള്ളവരെ ഞാൻ എങ്ങനെ സത്കരിക്കും – ഇതിനെക്കുറിച്ചൊന്നും വിചാരപ്പെട്ടിരുന്നില്ല. എന്നാൽ ഈ പുസ്തക വായനയിലൂടെ എന്റെ ശുശ്രൂഷയെ മാറ്റി മറിച്ചു. ഇതു വരെയുള്ള എന്റെ ജീവിതകാലയളവിൽ എന്റെ സ്കൂളിലെ പഠനം, പ്രസംഗം, അധ്യാപകവൃത്തി എന്നിവ ആയിരുന്നു, എന്നാൽ പരിശുദ്ധാത്മാവിനാൽ ഉള്ള പുതിയ സ്നാനത്തിനുവേണ്ടി ദിവസവും പ്രാർത്ഥിക്കുന്നതിന് ബൈബിളും മിസ്സിസ് എലൻ ജി. വൈറ്റും നമ്മെ ക്ഷണിക്കുന്നതായി ആരും ഇതുവരെ എന്നോടു പറഞ്ഞിട്ടില്ല. ഈ പരമമായ സത്യം മനസ്സിലാക്കാതെ എനിക്കു എങ്ങനെ നീണ്ടവർഷങ്ങൾ ഒരു പാസ്റ്റർ എന്ന നിലയിൽ പ്രവർത്തിക്കാനും പ്രസംഗിക്കാനും കഴിഞ്ഞു!

പക്ഷേ, ഹെൽമുട്ട് ഹോബെയിലിന്റെ പുസ്തകമായ 'വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ' അങ്ങനെ തന്നെയാണ് എന്നെ പഠിപ്പിച്ചത്. ഞാൻ വീട്ടിൽ എത്തിച്ചേരുന്നതിനു മുമ്പു തന്നെ ആ പുസ്തകം വായിച്ചിരുന്നു. ഈ ദിവസം വരെ നാലു പ്രാവശ്യം ഞാൻ ഈ പുസ്തകം വായിച്ചിട്ടുണ്ട്, എന്റെ ജീവിതം മാറി. സംശയമുണ്ടെങ്കിൽ എന്റെ ഭാര്യയോടോ സഭയിലെ വിശ്വാസികളോടോ ചോദിക്കാം. ചില വർഷങ്ങളായി പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതിനെക്കുറിച്ചാണ്

ഞാൻ പ്രസംഗം ചെയ്തുകൊണ്ടിരിക്കുന്നത് അതുപോലെ ഈ പ്രധാനപ്പെട്ട വിഷയത്തെക്കുറിച്ചുള്ള പ്രസംഗപരമ്പരകൾ ഞാൻ നടത്താറുണ്ട്. എന്നാൽ ഇപ്പോൾ എല്ലാ പ്രഭാതത്തിലും യേശുവിനെ കാണുവാൻ ഒരു വഴി ഞാൻ കണ്ടെത്തിയിട്ടുണ്ട്. അതുപോലെ ഒരു മനുഷ്യനായിരുന്നപ്പോൾ യേശു പ്രവർത്തിച്ചതുപോലെ ചെയ്യാനും ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. അവിടുത്തെ പരിശുദ്ധാത്മാവിലൂടെയുള്ള പുതിയ സ്നാനത്തിനായി പ്രാർത്ഥിച്ചിട്ടുണ്ട്.

എന്റെ പ്രാർത്ഥനാ ജീവിതത്തിനുള്ള കമ്പി സന്ദേശം വളരെ ഉയരത്തിൽ ആണ് ദൈവം സ്ഥാപിച്ചത് എന്ന് വളരെ താഴ്മയോടെ ഞാൻ ഏറ്റുപറയുന്നു. വേദപുസ്തകം വായിക്കുവാൻ ഞാൻ കൂടുതൽ സമയം ചിലവഴിച്ചിരുന്നു. എന്നാൽ പ്രാർത്ഥിക്കുന്നതിന് താരതമ്യേന വളരെ കുറച്ചു സമയം മാത്രം. ഇപ്പോൾ കാര്യങ്ങൾ നേരെ വിപരീതമാണ്. എന്റെ രഹസ്യമുറിയിൽ മുട്ടിന്മേൽനിന്നു ദൈവത്തോടു സംസാരിക്കുവാൻ കൂടുതൽ സമയം ചിലവഴിക്കുന്നു, അതിനുശേഷമാണ് അവിടുത്തെ ശബ്ദം കേൾക്കുവാൻ ദൈവവചനം കയ്യിൽ എടുക്കുന്നത്.

എന്റെ പ്രസംഗം ഒരു പുതിയ സ്വാതന്ത്ര്യവും തീവ്രതയും സമ്പാദിക്കുകയുണ്ടായി. എന്റെ കൂട്ടത്തിലും സഭയിലും ഉള്ള എന്റെ നേതൃത്വം ഒരു വലിയ പ്രതലത്തിലേയ്ക്കു ഉയർത്തപ്പെടുകയുണ്ടായി. എന്നാൽ പെട്ടെന്ന് യാദൃച്ഛികമായി കൂടുതൽ കാര്യങ്ങൾ എനിക്കു അനുഭവപ്പെട്ടിരുന്നു. (ഏകകാല സംഭവം എന്നു ചിലപ്പോൾ വിളിച്ചിരുന്നു) അതായത് ആരോ ചിലർ എന്റെ രാത്രികളും പകലുകളും ആകസ്മികമായ മീറ്റിംഗുകളും കൺവെൻഷനുകളും ഈമെയിലുകളും ആസൂത്രണം ചെയ്യുന്നതായി തോന്നി. ഞാൻ ഉണർന്നിരിക്കുന്ന മണിക്കൂറുകൾ പരിശുദ്ധാത്മാവ് വ്യക്തിപരമായി നിയന്ത്രിക്കുന്നതുപോലെ ആയിരുന്നു. (ഉറക്കത്തിൽ ആയിരിക്കുന്ന മണിക്കൂറുകളും അതുപോലെ തന്നെ) ദൈവം എന്റെ വ്യക്തിപരവും സത്യസന്ധവും പ്രിയപ്പെട്ടവനുമായ കൂട്ടുകാരൻ ആണെന്ന് യഥാർത്ഥത്തിൽ എനിക്കു അറിവ് ലഭിച്ചു.

ഞാൻ ഇത് എന്തിനാണ് നിങ്ങളോടു പറയുന്നത്? ഇതിൽ നിന്നും എനിക്കു യാതൊരു ലാഭവും ഇല്ല. യേശു വേഗം വരുന്നു. നാം നിത്യസുവിശേഷത്താൽ ലോകത്തെ മുഴുവനും തലമുറകളെ മുഴുവനും നേടണം. ഈ ആജ്ഞ നമുക്കു ഒറ്റയ്ക്കു ചെയ്തുതീർക്കുവാൻ കഴി

യുകയില്ല. യേശു അറിഞ്ഞിരുന്ന കാര്യങ്ങൾ നമുക്കു മനസ്സിലാക്കാൻ കഴിയും എന്നു പ്രത്യാശിക്കാൻ മാത്രമേ നമുക്കു കഴിയൂ. അപ്പൊസ്തലനായ പൗലൊസും ആദിമശിഷ്യന്മാരും ചെയ്തതാണ് നാം പ്രായോഗിക ജീവിതത്തിൽ നടത്തുന്നത്. നമ്മുടെ ജീവിതവിജയത്തിനും ശുശ്രൂഷയ്ക്കും വേണ്ടി ദിവസേന സ്നാനം ഏൽക്കേണ്ടതാണ്. നാം നമ്മെത്തന്നെ താഴ്ത്തി അപേക്ഷിക്കുമ്പോൾ മാത്രമേ ലഭിക്കുകയുള്ളൂ.

നിങ്ങൾ ആരാണെന്ന് എനിക്കറിയില്ല, പക്ഷേ ഇതു ഞാൻ എഴുതുന്നതിലൂടെ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. യാചിച്ചാൽ മാത്രമേ വാഗ്ദത്വം ചെയ്ത അനുഗ്രഹം നമുക്കു ലഭിക്കുകയുള്ളൂ. യേശു വാഗ്ദത്വം ചെയ്തിരിക്കുന്നത്! "അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും" (ലൂക്കൊസ് 11:13). ദിവസവും പരിശുദ്ധാത്മാവിനെ ചോദിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലേ?

## സേർബിയായിൽ 40 ദിവസത്തെ പ്രാർത്ഥന

2010 സെപ്തംബറിൽ "രണ്ടാം വരവിന്റെ ഒരുക്കത്തിനുവേണ്ടിയുള്ള പ്രാർത്ഥനകളും ഭക്തിയും - 40 ദിവസം" എന്ന പുസ്തകം പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചത് ഞങ്ങളുടെ യൂണിയനിൽ ഉള്ള എല്ലാ സഭാവിശ്വാസികൾക്കും ലഭിച്ചു. അതിനുശേഷം ഞങ്ങൾ പ്രാദേശിക സഭകളിലും ഭവനങ്ങളിലും ഓരോ ആഴ്ചയിലും എല്ലാ ദിവസങ്ങളിലും പ്രാർത്ഥനായോഗങ്ങൾ 40 ദിവസക്കാലത്തേയ്ക്ക് സംഘടിപ്പിച്ചു. അവിടെ വിശ്വാസികൾ പരിശുദ്ധാത്മാവിന്റെ വർഷത്തിനുവേണ്ടി ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

ഇത് ഇങ്ങനെ സംഭവിച്ചപ്പോൾ തീർത്തും വ്യത്യസ്തമായ ഒരു പുതിയ അന്തരീക്ഷം പ്രാദേശിക സഭകളിൽ രൂപപ്പെടുവാൻ തുടങ്ങി. നിഷ്ക്രിയരായ വിശ്വാസികൾ സജീവമായിത്തീർന്നു. അവർ താല്പര്യത്തോടെ മറ്റുള്ളവരെ സേവിക്കുവാൻ തുടങ്ങി. പല കാര്യത്തിൽ അന്യോന്യം മല്ലടിച്ചു കഴിഞ്ഞിരുന്നവർ (തമ്മിൽ സംസാരിക്കുകപോലും ചെയ്യാത്തവർ) അനുരഞ്ജനപ്പെട്ടു സമൂഹങ്ങളെ സഹായിക്കുവാനുള്ള പദ്ധതികൾ ഒരുമിച്ചു തയ്യാറാക്കി.

2010 ഒക്ടോബറിൽ നടത്തപ്പെട്ട വാർഷിക ആലോചനായോഗത്തിൽ "ഉണർവ്വും നവീകരണവും എന്ന സംരംഭം" നടപ്പിലാക്കി. ഞങ്ങൾ നേരത്തെ യൂണിയനിൽ തുടങ്ങിയ പ്രവർത്തനത്തിന്റെ തുടർച്ച ആയിരുന്നതുകൊണ്ടു അതിനെ സന്തോഷത്തോടെ അംഗീകരിച്ചു.

"ഈ പ്രാർത്ഥനായോഗങ്ങൾ മുഖാന്തരം പെട്ടെന്ന് വലിയ മാറ്റങ്ങൾ ഉണ്ടായി. യൂണിയൻ അധികാരികൾ തമ്മിൽ യോജിച്ചുള്ള കൂട്ടായ്മകൾ വലിയ ഐക്യത, തമ്മിൽ പരസ്പരം ഉള്ള ധാരണകൾ എന്നിവ വർദ്ധിച്ചു."141

## സ്വിറ്റ്സർലൻഡിലെ സൂറിച്ചിൽ 40 ദിവസ പ്രാർത്ഥന

"എനിക്കും ഞങ്ങളുടെ പാസ്റ്റർക്കും, ഉള്ളടക്കം ആവേശഭരിതരാക്കിയ ഒരു പുസ്തകം, ഞങ്ങൾ രണ്ടു പേർക്കും ലഭിച്ചു. അതിന്റെ ശീർഷകം," രണ്ടാം വരവിന്റെ ഒരുക്കത്തിനു വേണ്ടിയുള്ള പ്രാർത്ഥനകളും ഭക്തിയും - 40 ദിവസം എന്നാണ്. റിവ്യു ആൻഡ് ഹെറാൾഡ് പബ്ലിഷിങ്ങ് അസോസിയേഷന്റെ ഡെന്നീസ് സ്മിത്താണ് എഴുത്തുകാരൻ. വായിച്ചിട്ടു മാറ്റിവയ്ക്കുന്ന പുസ്തകം അല്ല ഇത്. അതിലെ ഉള്ളടക്കം എന്റെ ജീവിതത്തെ മാറ്റി.

സൂറിച്ചിൽ വുൾഫ് വിൽഗിളിലെ സഭയിൽ ഏകദേശം 100 വിശ്വാസികൾ ഉണ്ട്. ഉണർവ്വിന്റെയും പ്രാർത്ഥനയുടെയും ഒരു വലിയ ആവശ്യം അവർ മനസ്സിലാക്കി, സെപ്റ്റംബർ 21 നുശേഷം 40 ദിവസക്കാലത്തെ ഒരു പ്രാർത്ഥനായോഗം നടത്തുന്നതിനു ഞങ്ങൾ പദ്ധതി തയ്യാറാക്കി. ഈ പുസ്തകം വിശദമായ വിലപ്പെട്ട വിവരങ്ങൾ ഇതിനെക്കുറിച്ചു നൽകുന്നുണ്ട്, അതു കൂടാതെ എല്ലാ ദിവസവും ഉചിതമായ ആരാധനകളും നടത്തി.

പരിശുദ്ധാത്മാവിനാൽ ശക്തിപ്രാപിക്കുക, പ്രാർത്ഥന, പ്രസംഗം, യേശുവിന്റെ ജീവിതം ആത്മീയ കൂട്ടായ്മ മുതലായവ ആയിരുന്നു കൈകാര്യം ചെയ്യാൻ ഉദ്ദേശിച്ചിരുന്ന വിഷയങ്ങൾ.

അതുകൊണ്ടു ഞങ്ങളുടെ 40 ദിവസത്തെ പ്രാർത്ഥന 2011 ഒക്ടോബർ 1 നു വളരെ പ്രതീക്ഷയോടും ആലോചനയോടുംകൂടെ ആരംഭിച്ചു. ഭാഗ്യവശാൽ ഭൂരിപക്ഷം വിശ്വാസികളും ഇതിൽ പങ്കെടുത്തു. എല്ലാ ദിവസത്തെയും പ്രാർത്ഥനയ്ക്കുവേണ്ടി പ്രാർത്ഥനാപങ്കാളികൾ കൂടി വന്നു. വചന സന്ദേശങ്ങൾ എല്ലാം ദിവസവും അയച്ചു, ജനങ്ങൾ എല്ലാ

ദിവസവും ഫോണിൽ പ്രാർത്ഥിച്ചു. എല്ലാ ദിവസവും പ്രഭാതം 6 മണിക്ക് ഒരു കൂട്ടം ആളുകൾ ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും വേണ്ടി കടന്നുവന്നു.

ഞങ്ങളുടെ 40 ദിവസത്തെ പ്രാർത്ഥന മറക്കാൻ കഴിയാത്ത ഒരു അനുഭവമായിരുന്നു; ദൈവം ഞങ്ങളുടെ മിക്കവാറും എല്ലാ പ്രാർത്ഥനകൾക്കും മറുപടി നൽകി. അതുപോലെ പ്രത്യേകിച്ച് ബൈബിൾ പ്രവചനങ്ങളെ ആധാരമാക്കിയുള്ള പ്രഭാഷണ പരമ്പരകളും ഇതിനോടൊപ്പം അതേസമയത്തു നടത്തി. ഈ പ്രഭാഷണങ്ങൾ വളരെ അനുഗ്രഹപ്രദമായിരുന്നു. ധാരാളം സന്ദർശകർ ഈ മീറ്റിംഗുകളിൽ സംബന്ധിച്ചിരുന്നു, തുടർന്നു പ്രവചന സെമിനാറുകൾ നടത്തുന്നതിനുവേണ്ടി 20 പേർ രജിസ്റ്റർ ചെയ്തു (തുടർ മീറ്റിംഗ് 2013 മാർച്ചിൽ നടത്തി. ഏതാണ്ട് 60 ഓളം ക്ഷണിതാക്കൾ സംബന്ധിച്ചു, സൂറിച്ചിൽ ഇത് സംഭവിച്ചത് കഴിഞ്ഞ 20 വർഷത്തിനു ശേഷമാണ്).

സഭയിൽ കൂടുതൽ മാറ്റങ്ങൾ ഉണ്ടാകുവാൻ ദൈവത്തിന്റെ ആത്മാവ് സഹായിച്ചു, ചെറിയ കൂട്ടങ്ങൾ വളരുവാൻ തുടങ്ങിയതും, സഭാവിശ്വാസികൾ താല്പര്യം ഉള്ളവരെ കണ്ടെത്തി അവർക്കു ആകാംക്ഷയോടെ ബൈബിൾ പഠനങ്ങൾ നൽകുവാൻ തുടങ്ങിയതും വളരെ സന്തോഷത്തോടെ കാണേണ്ട കാര്യമായിരുന്നു. ദൈവാത്മാവിന്റെ പ്രവർത്തനത്തിന്റെ തുടർച്ച ഉണ്ടായിക്കാണാൻ പങ്കെടുത്തവർ ഇപ്പോൾ ശക്തമായി ആഗ്രഹിച്ചു. ഞങ്ങൾ കർത്താവിനു പൂർണ്ണഹൃദയത്തോടെ നന്ദി അർപ്പിക്കുകയും അവിടുത്തേയ്ക്കു മഹത്വമുണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ബീട്രീസ് എഗ്ഗർ, സൂറിച്ചിലുള്ള വുൾഫ്സ് വിൻഗേൽ അഡ്വന്റിസ്റ്റ് സഭാ പാസ്റ്റർ.

## നാല്പതു ദിവസത്തെ പ്രാർത്ഥനയും സുവിശേഷീകരണവും ജർമ്മനിയിലെ കൊളൊണിയിൽ

പാസ്റ്റർ ജോവോ ലോറ്റ്സേ ഒരു ബ്രസീൽക്കാരനും ഇപ്പോൾ ജർമ്മനിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയും ആണ്. അദ്ദേഹം 38 വർഷക്കാലം ബ്രസീലിലെ സഭകളിലും ആശുപത്രികളിലും യൂണിയനിലും സൗത്ത് അമേരിക്കൻ ഡിവിഷനിലും പ്രവർത്തിച്ചിരുന്നു. 2012 മാർച്ച് മാസത്തിൽ അദ്ദേഹം ജോലിയിൽ നിന്നും വിരമിച്ചു. അദ്ദേഹവും തന്റെ ഭാര്യയും “ദൈവത്തിന്റെ കരങ്ങളിലെ മിഷനറിമാരായി” കൊളോ

ണിയിലെ പോർച്ചുഗീസും സ്പാനിഷും സംസാരിക്കുന്നവരുടെ ഇട യിൽ പ്രവർത്തിപ്പാൻ സമ്മതിച്ചു കടന്നുവന്നു.

“സഭാവിശ്വാസികളെ ധൈര്യപ്പെടുത്തുന്നതിനും സന്ദർശകരെ ക്ഷണിക്കുന്നതിനുവേണ്ടി കൊളോണിയിൽ ഞങ്ങൾ ചെറിയ സംര ക്ഷണകൂട്ടങ്ങൾ ആരംഭിച്ചു. ബ്രസീലിൽ ഞങ്ങൾക്കുണ്ടായ അനുഭ വത്തെ അടിസ്ഥാനപ്പെടുത്തി കൊളൊണിയിൽ 40 ദിവസത്തെ പ്രാർത്ഥനായോഗങ്ങൾ ആരംഭിച്ചു. പോർച്ചുഗീസ് ഭാഷയിൽ പഠനോ പാധികൾ ലഭ്യമായിരുന്നു.

പോർച്ചുഗീസ്, സ്പാനിഷ്, ജർമ്മൻ ഭാഷകൾ സംസാരിക്കുന്ന വിശ്വാസികൾ വളരെ സന്തോഷത്തോടെ 40 ദിവസപ്രാർത്ഥന ആരം ഭിച്ചു. ഞങ്ങൾ എല്ലാ ദിവസവും 100 സ്നേഹിതർക്കും പരിചയ ക്കാർക്കും വേണ്ടി പ്രാർത്ഥിച്ചു. സഭയിലെ ഒരു ബ്ലാക്ക് ബോർഡിൽ ഇവരുടെ പേരുകൾ എഴുതിയിരുന്നു. 30-35 ദിവസത്തെ പ്രാർത്ഥന കൾ നടക്കുന്നതുവരെ ഞങ്ങൾ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന വിവരം അവരെ അറിയിച്ചിരുന്നില്ല. അതുപോലെ അതിഥികൾക്കു വേണ്ടി നടത്തപ്പെട്ട പ്രത്യേക ശബ്ബത്തിൽ സംബന്ധിക്കുവാൻ അവരെ ക്ഷണിക്കുകയും ചെയ്തു. ഈ പ്രത്യേക സഭാരാധനയിൽ 120 പേർ സംബന്ധിച്ചു. നേർഡ് റെയിൽ - വെസ്റ്റു ഫാളനിലെ വ്യക്തിപരമായ ശുശ്രൂഷാഡയറക്ടറായിരുന്ന ക്രിസ്ത്യൻ ബാഡോറെക് ആയിരുന്നു വചനശുശ്രൂഷ നൽകിയത്. ബോർഡിൽ തങ്ങളുടെ പേരുകൾ കണ്ട പ്പോൾ ചില അതിഥികൾ സന്തോഷം കൊണ്ടു നിലവിളിച്ചു.

അതിനുശേഷം ബ്രസീലിലെ ഒരു സുവിശേഷകനായിരുന്ന അന്റോ ണിയോ ഗോൺകാൽവീസ് 15 ദിവസക്കാലത്തെ ഒരു സുവിശേഷ പര മ്പര നടത്തി. ഓരോ വൈകുന്നേരവും അദ്ദേഹം ഒന്നരമണിക്കൂറോളം പ്രസംഗിച്ചു. (പ്രസംഗം പരിഭാഷപ്പെടുത്തിയിരുന്നു) പ്രസംഗം പരമ്പര യുടെ തലവാചകം: “ബൈബിൾ നിങ്ങളെ ആശ്ചര്യപ്പെടുത്തുന്നു.” പ്രതി പാദ്യവിഷയം രണ്ടാംവരവിനെക്കുറിച്ചായിരുന്നു, അതുപോലെ ദാനീ യേൽ, വെളിപ്പാട് പ്രവചനങ്ങൾ ആയിരുന്നു വിഷയങ്ങൾ. പ്രഭാഷണ ങ്ങളും പാട്ടുകളും പോർച്ചുഗീസ് ഭാഷയിൽ നിന്നും ജർമ്മൻ ഭാഷയി ലേക്കു പരിഭാഷപ്പെടുത്തിയിരുന്നു. ചെറിയ ഗായകസംഘങ്ങളും നല്ല സംഗീത വിരുന്നുകളും എല്ലാ വൈകുന്നേരങ്ങളിലും ഉണ്ടായിരുന്നു. എല്ലാ ദിവസവും പ്രസംഗം കഴിഞ്ഞിട്ടു ജനത്തെ മുമ്പോട്ടു ക്ഷണി

ക്കുമായിരുന്നു. ജനത്തിന്റെ നല്ല പ്രതികരണങ്ങൾക്ക് ഞങ്ങൾ നന്ദി പറയുന്നു. സഭാവിശ്വാസികൾ തീവ്രമായി പ്രാർത്ഥിച്ചു. പ്രത്യേകിച്ച് 40 ദിവസത്തെ പ്രാർത്ഥനയിൽ സംബന്ധിച്ചവർക്കു വേണ്ടി പ്രാർത്ഥിച്ചു.

ഞങ്ങളുടെ സഭ മന്ദിരത്തിൽ 80 പേർക്കു ഇരിക്കുവാനുള്ള ഇരിപ്പിടം മാത്രമേ ഉണ്ടായിരുന്നുള്ളൂ. പക്ഷേ, 100 ൽ അധികം പേർ സംബന്ധിച്ചു. ഓരോ ആഴ്ച അവസാനിക്കുമ്പോഴും സഭ നിറഞ്ഞു കവിഞ്ഞിരുന്നു, ഇടദിവസങ്ങളിൽ 60 വിശ്വാസികളും 32 അതിഥികളും മുടക്കം കൂടാതെ സംബന്ധിച്ചു. 8 പേരുടെ സ്നാനത്തിനും 14 പേർ ബൈബിൾ ക്ലാസിനു ചേരുന്നതിനും ഇത് അവസരം ഒരുക്കി. വർഷാവസാനം 13 പേർ സ്നാനപ്പെട്ടു.

അമ്പരപ്പിക്കുന്ന പല അനുഭവങ്ങളും ഞങ്ങൾക്കുണ്ടായി. ഒരു പരിഭാഷകനെ കണ്ടെത്തുക എന്നുള്ളതു ദുഷ്കരമായ കാര്യം ആയിരുന്നു. ഒരു കത്തോലിക്കാ അദ്ധ്യാപിക ഞങ്ങളെ സഹായിക്കാമെന്നേറ്റു. പക്ഷേ, അവർക്ക് ബൈബിളും ആയി വലിയ അനുഭവം ഒന്നും ഇല്ലായിരുന്നു. അതിനുശേഷം ഒരു പ്രൊട്ടസ്റ്റന്റ് പരിഭാഷകനെ കിട്ടുന്നതിനുവേണ്ടി പ്രാർത്ഥിച്ചു. ഒരു ഭക്ഷണശാല നടത്തിയിരുന്ന ഒരു സ്ത്രീയെക്കുറിച്ചു അതുകഴിഞ്ഞ ഉടനെ ഞങ്ങൾ കേട്ടിരുന്നു. അവൾ ഒരു പെന്തെക്കൊസ്തു സഭയിൽ വച്ചു പോർച്ചുഗീസ് ഭാഷയിൽ നിന്നും ജർമ്മൻ ഭാഷയിലേക്കു പ്രസംഗം ഭാഷാന്തരം ചെയ്തിട്ടുണ്ട് എന്ന് സന്തോഷത്തോടെ ഞങ്ങളെ അറിയിച്ചു. സുവിശേഷീകരണ പരമ്പരയിൽ അവൾ ആയിരുന്നു പ്രസംഗം പരിഭാഷപ്പെടുത്തിയത്, അവളും സ്നാനം സ്വീകരിച്ചു.

മറിയ എന്ന ഭാഷാന്തരക്കാരി തന്റെ സ്നേഹിതയായ എലിസബത്തിനെ ക്ഷണിച്ചുകൊണ്ടു വരട്ടെ എന്നു ചോദിച്ചു. കൊളൊണിയിൽ 13 വിശ്വാസികൾ ഉള്ള ഒരു ചെറിയ കൊളമ്പിയൻ ചർച്ചിന്റെ നേതാവായിരുന്നു എലിസബത്ത്. അവൾ തന്റെ വിശ്വാസികളും ആയി കടന്നു വന്നു. അതുകൊണ്ടു അവളുടെ കൂട്ടത്തിൽപ്പെട്ട രണ്ടുപേർ സ്നാനപ്പെട്ടു. എലിസബത്തിനും അവളുടെ കുടുംബത്തിനും ഇപ്പോൾ ബൈബിൾ പഠനം നൽകികൊണ്ടിരിക്കുകയാണ്.

ഹോപ് ചാനലുമായി ബന്ധപ്പെട്ടതാണ് മറ്റൊരു അനുഭവം. ഒരു ജർമ്മൻ യുവതി യാദൃച്ഛികമായി ഹോപ് ചാനൽ കണ്ടെത്തി. അവൾ

കേട്ട കാര്യങ്ങളെക്കുറിച്ചു വലിയ മതിപ്പുണ്ടായി, ശബ്ബത്തും അവൾ കേട്ടതിൽ ഉൾപ്പെട്ടിരുന്നു. അവളോടൊപ്പം അതു ശ്രദ്ധിക്കുന്നതിന് തന്റെ ഭർത്താവിനെയും ക്ഷണിച്ചു. ദൂതുകൾ കേട്ടപ്പോൾ അദ്ദേഹത്തിനും സന്തോഷം ഉണ്ടായി. ഒരു ദിവസം അവൾ തന്റെ അമ്മയെ കാണാൻ പോയപ്പോൾ മറ്റൊരു റൂട്ടിൽ വണ്ടി ഓടിച്ചു പോകുവാൻ ഉള്ള പ്രചോദനം ഉണ്ടായി. അവർ പോയ വഴിയിൽ ഒരു സെവന്ത് -ഡേ അഡ്വന്റിസ്റ്റ് സഭയുടെ ബോർഡ് കണ്ടു. അവർ ഹോപ് ചാനലിൽനിന്നുള്ള സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാരാണെന്ന് ബോദ്ധ്യപ്പെട്ടു. ശബ്ബത്തിൽ അവൾ സഭാരാധനയിൽ സംബന്ധിച്ചു. പിന്നീട് അവൾ തന്റെ ഭർത്താവിനെയും, പിന്നീട് അമ്മയെയും തന്റെ കൂടെ കൂടുവാൻ ക്ഷണിച്ചു. അതിനുശേഷം അവർ മൂന്നുപേരും ഒരുമിച്ചു സ്നാനപ്പെട്ടു.

ഒരു റഷ്യൻ-ജർമ്മൻ സഹോദരി ഉൾപ്പെട്ടതാണ് മറ്റൊരു അനുഭവം. അവൾ 40 ദിവസത്തെ ആരാധനയിൽ പങ്കെടുത്തിരുന്നു, അങ്ങനെ അവൾ തന്റെ റഷ്യൻ അയൽക്കാർക്കു വേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങി. അവർക്കു വേണ്ടി താൻ പ്രാർത്ഥിക്കുന്നുണ്ട് എന്നു അയൽക്കാരിൽ ഒരാളോടു പറഞ്ഞപ്പോൾ വേദപുസ്തക ശബ്ബത്ത് അനുസരിക്കുന്ന സഭ തങ്ങൾ അന്വേഷിച്ചു കൊണ്ടിരിക്കുകയാണെന്ന് അവർ പറഞ്ഞു. ആ സ്ത്രീയും അവളുടെ മറ്റു അയൽക്കാരും സുവിശേഷയോഗ പരമ്പരയിൽ സംബന്ധിക്കുവാൻ കടന്നുവന്നു. അവരിൽ രണ്ടുപേർ സ്നാനപ്പെട്ടു.

ജീന്നെ എന്ന സ്ത്രീ ഉൾപ്പെട്ടതാണ് മറ്റൊരു അനുഭവം. അവർ ബ്രസീലിൽ ഉള്ള ബാപ്റ്റിസ്റ്റ് സഭയുടെ അംഗമാണ്. അവൾ ഇപ്പോൾ കൊളൊണിയിൽ പോർച്ചുഗീസ് ഭാഷ സംസാരിക്കുന്ന ഒരു സഭയെ തിരഞ്ഞുകൊണ്ടിരിക്കുകയാണ്. അഡ്വന്റിസ്റ്റു സഭയും ആയി അവർ ബന്ധപ്പെട്ടു അവൾക്ക് വേദപഠനങ്ങൾ ലഭിച്ചു, സ്നാനം സ്വീകരിച്ചു. അവളുടെ മാനസാന്തരത്തിനു ശേഷം ബ്രസീലിൽ ഉള്ള അവളുടെ അമ്മാവനെ ഫോണിൽ വിളിച്ചു. അദ്ദേഹവും ഒരു അഡ്വന്റിസ്റ്റുകാരനാണ്. അവൾ ഇപ്പോൾ ഒരു അഡ്വന്റിസ്റ്റുകാരിയായിത്തീർന്നിരിക്കുകയാണ്. അവളുടെ അമ്മയ്ക്കും സഹോദരങ്ങൾക്കും അവൾ അംഗമായിരുന്ന ബ്രസീലിലെ ബാപ്റ്റിസ്റ്റ് സഭയ്ക്കും വിസ്മയം തോന്നി. അതിനെത്തുടർന്നു ബ്രസീലിൽ ഉള്ള അവളുടെ കുടുംബം ശബ്ബത്തിനെക്കുറിച്ചു അറിയുവാൻ അവിടെയുള്ള ഒരു അഡ്വന്റിസ്റ്റു സഭ സന്ദർശിച്ചു.

ബ്രസീലിൽ 5 പേർ ഇതിനെ തുടർന്നു സ്നാനപ്പെടുവാൻ ഇടയായി: അവളുടെ അമ്മ, രണ്ടു സഹോദരിമാർ, മറ്റു രണ്ടു ബന്ധുക്കൾ. അർജന്റീനയിലുള്ള അവളുടെ മറ്റൊരു സഹോദരിയും മാനസാന്തരപ്പെടുവാൻ വേണ്ടി അവൾ ഇപ്പോൾ പ്രാർത്ഥിക്കുന്നു. അവരോടു ഒരുമിച്ചു ദൈവരാജ്യത്തിൽ കാണുവാൻ അവൾ ആഗ്രഹിക്കുന്നു.

ദൈവത്തിന്റെ നടത്തിപ്പിനാൽ നമുക്കു മറ്റനേകം അനുഭവങ്ങൾ ഉണ്ട്. ആദ്യത്തെ സ്നാനത്തിൽ 8 പേർ സ്നാനപ്പെട്ടു – ഇറ്റലി, ജർമ്മനി, പെറു, ബ്രസീൽ, യുക്രെയിൻ, വെനിസ്യുല, കൊളംമ്പിയ, റഷ്യ എന്നീ രാജ്യങ്ങളിൽ നിന്ന് ഓരോ ആൾവീതം സ്നാനപ്പെട്ടു.

വർഷത്തിന്റെ മദ്ധ്യത്തിൽ 40 ദിവസ പ്രാർത്ഥനയോടു ബന്ധപ്പെട്ടു വീണ്ടും ഒരു സുവിശേഷീകരണ പരമ്പര നടത്തപ്പെട്ടു. ബ്രസീലിൽ ജനിച്ചുവളർന്നു ഇപ്പോൾ യു.എസ്.എയിൽ കഴിയുന്ന ജിമ്മി കർഡൊസൊയും അദ്ദേഹത്തിന്റെ ഭാര്യയും ചേർന്നു ഒരു സുവിശേഷീകരണ പരമ്പര നടത്തി. പരമ്പര ഒരാഴ്ച മാത്രമേ നീണ്ടുനിന്നുള്ളു എങ്കിലും, മീറ്റിംഗിനു ഒടുവിൽ 4 പ്രിയപ്പെട്ടവരെ സ്നാനപ്പെടുത്തുവാൻ ഞങ്ങൾക്കു സാധിച്ചു. ബൈബിൾ പഠനങ്ങൾ അവർക്ക് നേരത്തെ നൽകിയിരുന്നു, അവരിൽ മൂന്നു ജർമ്മൻകാരും ഒരു ഇറ്റലിക്കാരനും ആയിരുന്നു.

രണ്ടു സ്നാനങ്ങളും കൊളൊണിയിലെ പ്രധാന ദൈവാലയത്തിൽ വച്ചാണ് നടത്തപ്പെട്ടത്. ആ സഭയിൽ 400 വിശ്വാസികൾ ഉണ്ട്, സ്നാനം നടത്തുവാൻ അവിടെ നല്ല സൗകര്യങ്ങൾ ഉണ്ടായിരുന്നു.

ഒരു വലിയ വിധത്തിൽ ദൈവം ഞങ്ങളെ അതിശയിപ്പിച്ചതിൽ ഞങ്ങൾ ദൈവത്തിനു നന്ദി പറയുന്നു. വലിയ അനുഭവങ്ങൾ ഞങ്ങൾക്കുവേണ്ടി കാത്തിരിപ്പുണ്ട് എന്ന് ഞങ്ങൾക്ക് ഉത്തമബോദ്ധ്യമുണ്ട്. നിങ്ങളുടെ പ്രാർത്ഥനയിൽ ഞങ്ങളെയും വഹിക്കണമെ.

ജാവോ ലോറ്റ്സേ, കൊളൊണി, ജർമ്മനി

## നിർണ്ണായകമായ മദ്ധ്യസ്ഥത

"40 ദിവസ പ്രാർത്ഥന" എന്ന പുസ്തകം ആദ്യം ഞാൻ വെറുതെ ഒന്നു വായിച്ചു. ആദ്യത്തെ പേജ് മുതൽ എനിക്ക് വളരെ മതിപ്പ് തോന്നി. നാം മറ്റൊരാൾക്ക് വേണ്ടി പ്രാർത്ഥിച്ചാൽ മാത്രം പോരാ, എന്നാൽ വാത്സല്യത്തോടെ അവരെ കരുതുകയും വേണം. മദ്ധ്യസ്ഥത ജീവ

നുള്ളതായിത്തീരാൻ ഇതു സഹായിക്കും. ദൗർഭാഗ്യവശാൽ, ഇതു പോലുള്ള മദ്ധ്യസ്ഥത ഞാൻ ഇതുവരെ കണ്ടിട്ടില്ല. നിങ്ങളുടെ വിശ്വാസ പ്രകാരം ജീവിക്കണം! പ്രാർത്ഥിക്കുന്ന വ്യക്തിയും പ്രാർത്ഥന ആവ ശ്യമായ വ്യക്തിയും ഒരു പോലെ പ്രധാനമാണ്. എന്ന് എനിക്കു ബോദ്ധ്യപ്പെട്ടു. ഇത് സഭയിലെ കൂട്ടായ്മയെ വർദ്ധിപ്പിക്കും എന്ന് എനിക്കു ആദ്യമേ ബോദ്ധ്യപ്പെട്ട കാര്യമാണ്. ഈ പുസ്തകത്തിലെ അവസാന അദ്ധ്യായത്തിൽ വിവരിക്കുന്നതുപോലെയുള്ള കൂട്ടായ്മ സഭ കളിൽ സംഭവിക്കും എന്നു ഞാൻ പ്രത്യാശിക്കുന്നു. സത്യസന്ധമായി പറഞ്ഞാൽ, ഞാൻ കരയേണ്ടതാണ്, കാരണം ഇപ്രകാരമുള്ള ഒരു കൂട്ടാ യ്മയ്ക്കു വേണ്ടി ഞാൻ വളരെക്കാലമായി കൊതിക്കുകയായിരുന്നു. "ക്രിസ്തു എന്നിൽ" എന്ന പുസ്തകം നമ്മെ പരിപോഷിപ്പിക്കുകയും നമ്മുടെ നേട്ടങ്ങളിൽ നിന്നെല്ലാം നമ്മെ സ്വതന്ത്രരാക്കുകയും ചെയ്യുന്നു. "ക്രിസ്തു എന്നിൽ" എന്ന പുസ്തകത്തെക്കുറിച്ചു എഴുതിയ പല പുസ്തകങ്ങളും ഞാൻ വായിച്ചിട്ടുണ്ട്. പക്ഷേ, ഈ പുസ്തകം ഏറ്റവും സഹായകരമായി എനിക്കു തോന്നുന്നു. ഈ പുസ്തകം മുഖേന നിങ്ങ ളുടെ പ്രാർത്ഥനാ ജീവിതം ശക്തിപ്പെടുത്തും എന്നു ഞാൻ വിശ്വസി ക്കുന്നു. അതുപോലെ സഭയിലെ കൂട്ടായ്മകൾ പരിപോഷിപ്പിക്കപ്പെടു കയും മദ്ധ്യസ്ഥത കൂടുതൽ ജീവനുള്ളതാക്കി തീർക്കുകയും ചെയ്യുന്നു. ഈ പുസ്തകം എനിക്കും സഭയ്ക്കും ലോകത്തിനും പ്രത്യാശ പക രുന്നു. ഈ പുസ്തകത്തിനുവേണ്ടി ഞാൻ ദൈവത്തോടു നന്ദി പറ യുന്നു. അടുത്തതായി 40 ദിവസപ്രാർത്ഥനയുടെ സഹായി പഠിക്കു വാൻ ഞാൻ പദ്ധതി തയ്യാറാക്കുന്നു. അതിനുവേണ്ടി പ്രാർത്ഥിക്കുക, ദൈവം എന്നെ കാണിച്ചു തരുന്ന എല്ലായിടത്തും ഞാൻ അതു കൂടെ കൊണ്ടു പോകുന്നതാണ്."

ഈ സഹോദരിയിൽനിന്നും ചില ആഴ്ചകൾ കഴിഞ്ഞിട്ടു മറ്റൊരു ഇമെയിൽ സന്ദേശം എനിക്കു ലഭിച്ചു. "നിങ്ങൾക്ക് അറിയാവുന്നതു പോലെ ഈ പുസ്തകം ആദ്യം ഞാൻ വെറുതെ ഒന്നു വായിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. പക്ഷേ, എന്റെ പ്രാർത്ഥനാ പങ്കാളിയും ആയി ച്ചേർന്നു ആരാധനയെക്കുറിച്ചു പഠിക്കുവാൻ ആരംഭിച്ചപ്പോൾ ഞാൻ ആദ്യം വിചാരിച്ചതുപോലെ അല്ല, അതു വളരെ വിലയേറിയതാണെന്ന് കണ്ടെത്തുവാൻ എനിക്കു സാധിച്ചു. എനിക്കു സ്വന്തമായി കണ്ടുപിടി ക്കുവാൻ കഴിയാത്ത പല ചോദ്യങ്ങളുടെയും ഉത്തരം എനിക്കു കണ്ടെ ത്തുവാൻ സാധിച്ചു. വളരെ തീവ്രമായും സജീവമായും പങ്കെടുത്തു

കൊണ്ടിരിക്കുന്ന എന്റെ പ്രാർത്ഥനാ പങ്കാളിയ്ക്കുവേണ്ടി ദൈവത്തോടു നന്ദി പറയുന്നു.” H.K.

ഇനി യാതൊരു ഉറപ്പും ഇല്ല. “വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ'' എന്ന പുസ്തകം എന്നെ അസാധാരണമായ വിധത്തിൽ സ്പർശിച്ചു... ഒരു അഡ്വന്റിസ്റ്റു കുടുംബത്തിൽ ജനിച്ചതുകൊണ്ടു ഞാൻ ശരിയായ പാതയിലാണെന്ന് വിശ്വസിച്ചു. പത്തുകന്യകമാരുടെ അദ്ധ്യായവും പ്രത്യേകിച്ച് “ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല” എന്ന റോമർ 8:9-ാം വാക്യവും എന്നെ യഥാർത്ഥത്തിൽ ഞെട്ടിച്ചുകളഞ്ഞു: പരിശുദ്ധാത്മാവ് എന്നിൽ ഉണ്ടോ, ആത്മാവ് എന്നിൽ പ്രവർത്തിക്കുന്നുണ്ടോ എന്നുള്ള കാര്യത്തിൽ പെട്ടെന്ന് എനിക്കു യാതൊരു ഉറപ്പും ഇല്ലാതായിത്തീർന്നു. കാരണം അതിനുതക്കഫലങ്ങൾ ഒന്നും എന്നിൽ ഇല്ലായിരുന്നു എന്നുള്ളത് എന്നെ വേദനപ്പെടുത്തുന്നു. ഈ ശബ്ബത്ത് ഉച്ചകഴിഞ്ഞു; ഞാൻ പുസ്തകം വായിച്ചുതീർന്നു, എനിക്കു അഗാധവും നിലകാണാത്തതുമായ ഒരു വലിയ ദുഃഖം അനുഭവപ്പെട്ടു. പിന്നീട് പുസ്തകത്തിന്റെ അവസാനം രേഖപ്പെടുത്തിയിരിക്കുന്ന പ്രാർത്ഥന ഞാൻ വായിച്ചു അപ്പോൾ പരിശുദ്ധാത്മാവിനെ പ്രാപിക്കുവാനുള്ള ഒരു അഗാധമായ ആഗ്രഹം എന്നിൽനിന്നും ഉണ്ടായി. അവിടുന്നു എന്റെ ഹൃദയത്തെ മാറ്റേണമെ, ദൈവമേ അവിടുത്തെ ഇഷ്ടപ്രകാരം എന്നെ മെനയണമെ എന്നു പ്രാർത്ഥിച്ചു.” A.P.

അവിടുത്തെ നാമത്തെ അറിയുക: ചില നാളുകൾക്കുമുമ്പ് ഉണർവിനെക്കുറിച്ചുള്ള ഒരു ലേഖനം ഞാൻ വായിക്കുകയുണ്ടായി. മൂന്നു വർഷങ്ങൾക്കുമുമ്പ്, ഈ വിഷയവുമായി ഞാൻ പൊരുത്തപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ ഞാൻ “വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ” എന്ന പുസ്തകം വായിക്കുവാൻ തുടങ്ങി. എനിക്കു ആമേൻ എന്നു മാത്രമേ ഇതിനെക്കുറിച്ചു പറയാൻ ഉള്ളൂ! ഈ പേജുകളിൽ “എന്റെ പല ചിന്തകളും” കണ്ടെത്താൻ കഴിഞ്ഞു. നമ്മുടെ സഭ ലക്ഷ്യത്തിൽനിന്നും ഒരു ഇഞ്ച് അകലെയാണെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. നമ്മുടെ അടിസ്ഥാനമായ കാര്യങ്ങളെ നമുക്കു കാണാൻ കഴിയാത്ത വിധത്തിൽ നാം നഷ്ടപ്പെടുത്തിയിരിക്കുകയാണെന്നുള്ള മനോഭാവം കുടഞ്ഞു കളയുവാൻ എനിക്കു സാദ്ധ്യമല്ല! പലപ്പോഴും അതു “എന്താണ് സത്യം”, “നാം എപ്രകാരം ജീവിക്കണം”, അല്ലെങ്കിൽ “പ്രവചനം എത്ര പ്രധാനമാണ്” എന്നുള്ള വിഷയങ്ങൾ ആണ്,

ഇതു തെറ്റാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഇവയൊക്കെയും നമുക്കു നൽകപ്പെട്ടിരിക്കുന്നതു എന്തിനാണെന്നുള്ള കാര്യം നാം അവ ഗണിച്ചു കളയുന്നു! ദൈവവുമായിട്ടു ഒരു പൂർണ്ണമായ കൂട്ടായ്മ അല്ലേ സത്യവചനം ലക്ഷ്യമാക്കുന്നത്? അതിനു പകരം ദൈവത്തെ യഥാർത്ഥ മായി അറിയുന്നതിന് ഈ മേഖലകൾ നമ്മെ സഹായിക്കുന്നുണ്ടോ? ദൈവത്തിന്റെ മഹത്വവും സർവ്വശക്തിയും നാം അംഗീകരിക്കുക എന്ന തല്ലേ പ്രവചനം നൽകിയതിന്റെ ഉദ്ദേശ്യം, ദൈവം അവിടുത്തെ കര ങ്ങളിൽ ഈ മുഴുലോകത്തെ വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യു ന്നതിലൂടെ അവിടുത്തേയ്ക്കു നമ്മെ നയിക്കുന്നതിനും നമ്മുടെ ജീവിത ങ്ങളെ കരുപ്പിടിപ്പിക്കുന്നതിനും കഴിയുകയില്ലേ? എന്താണ് നിത്യജീവൻ? (യോഹന്നാൻ 17:3) "ഏക സത്യദൈവമായ നിന്നെയും നീ അയച്ചിരി ക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നെ നിത്യജീവൻ ആകുന്നു" പത്തുകന്യകമാരുടെ ഉപമയിൽ അഞ്ചു ബുദ്ധിയില്ലാത്ത കന്യകമാരോടു സാധാരണരീതിയിൽ പറയുന്നത്, "ഞാൻ നിങ്ങളെ അറിയുന്നില്ല" എന്നു മാത്രമാണ്. നമ്മുടെ വിശ്വാസത്തിന്റെ ഏക ലക്ഷ്യം ദൈവത്തെ അറിയുകയും അവിടുത്തോടു കൂട്ടായ്മ ആചരി ക്കുകയും ചെയ്യുക എന്നുള്ളതാണ്, കഴിഞ്ഞ കാലത്ത് ദൈവാലയത്തെ നിറച്ചതുപോലെ നമ്മെയും നിറയ്ക്കുന്നതാണ് (2 ദിന. 5:13,14). പരി ശുദ്ധാത്മാവിന്റെ ശക്തി നമ്മിലൂടെ വ്യാപരിക്കുമ്പോൾ, നമ്മെ മുഴുവ നായി നിറയ്ക്കുന്നതാണ്, അപ്പോൾ നാമല്ല ജീവിക്കുന്നത്, ക്രിസ്തു വാണ് നമ്മിൽ ജീവിക്കുന്നത്" (പത്രാധിപർക്ക് ലേഖകനെ അറിയാം).

## മദ്ധ്യസ്ഥതയ്ക്കുള്ള വിസ്മയകരമായ ഉത്തരങ്ങൾ

ഡി. സ്മിത്ത് എഴുതിയ 40 ദിവസം എന്ന രണ്ടാം പുസ്തകം അവി ശ്വസനീയമായ വിധത്തിൽ എനിക്കു ഒരു അനുഗ്രഹമായിരുന്നു. ഞാൻ പ്രാർത്ഥിച്ച പലരും അവരുടെ ജീവിതത്തിൽ 180° മാറ്റം അനുഭവിച്ചറി ഞ്ഞിരിക്കുകയാണ്.

'40 ദിവസം' വായിച്ചുകൊണ്ടിരുന്ന സമയത്ത് എന്റെ ഒരു സ്നേഹി തനുമായി ആഴമേറിയ ഒരു ആത്മീയ സംഭാഷണം നടത്തി. കഴിഞ്ഞ ചില ആഴ്ചകളായി തന്റെ ജീവിതം വ്യത്യസ്തമായ ഒരു സഞ്ചാരത്തിൽ ആണെന്ന് അദ്ദേഹം എന്നോടു പറഞ്ഞു. അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിക്കേണ്ടത് ഒരു വലിയ ആവശ്യമായിത്തീർന്നു. നാം സഞ്ചരി ക്കേണ്ട പാത നമുക്കു മനസ്സിലാക്കിത്തരുന്നത് തിരുവചനമാണ്. അവൻ

നേരത്തേ വിലയേറിയതും ആകർഷണീയമായും കണ്ട കാര്യങ്ങൾ വിട്ടു കളയേണ്ടതാണ്. ഞാൻ ധൈര്യം സംഭരിച്ചു '40 ദിവസം' എന്ന പുസ്തകത്തെക്കുറിച്ചു അവനോടു പറഞ്ഞു. ഞാൻ ഇപ്പോൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന അഞ്ചു പേരിൽ അവൻ ഒരാളാണെന്ന് പറഞ്ഞു. അതിനുശേഷം അവൻ സ്പഷ്ടവും വിസ്മയിപ്പിക്കുന്നതുമായ വിധത്തിൽ പ്രതികരിച്ചു. "എല്ലാ കാര്യങ്ങളും നിങ്ങൾ നിമിത്തമാണ്."

ഒരു പെൺകുട്ടി അവളുടെ ജീവിതം 100% ദൈവത്തിനു സമർപ്പിക്കുവാൻ തീരുമാനിച്ചു. ഒരു കുട്ടി ആയിരിക്കുമ്പോൾ മുതൽ അവൾ ഒരു വിശ്വാസി ആയിരുന്നെങ്കിലും അവൾ ദൈവത്തെ കൂടാതെ ജീവിക്കുകയായിരുന്നു. അവൾക്ക് വിശ്വാസകാര്യങ്ങളിൽ താല്പര്യമില്ലായിരുന്നു, അവൾ ലൗകിക ജീവിതത്തിന്റെ പിടിയിൽ ആയിരുന്നു. അവളിൽ ഇപ്പോൾ വലിയ മാറ്റം സംഭവിച്ചു. അവളെ കാണുന്നവരും അറിയുന്നവരും ഇപ്പോൾ അതിശയിച്ചു. അവൾ ഇപ്പോൾ എന്നോടൊപ്പം ബൈബിൾ പഠിക്കുകയും ഞങ്ങളുടെ സഭയിൽ വച്ചു നടത്തപ്പെടുന്ന 40 ദിവസ പ്രോഗ്രാമിൽ പങ്കെടുക്കുകയും ചെയ്യുന്നു, മറ്റുള്ളവർക്ക് കാര്യമായ ഒരു വിശ്വാസജീവിതം ഉണ്ടാകുന്നതിനുവേണ്ടി അവരെ ധൈര്യപ്പെടുത്തുവാനും ആഗ്രഹിക്കുന്നു.

ഒരാഴ്ചത്തെ ഒരു പരിശീലന പാഠ്യക്രമത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ഒരു യൗവ്വനക്കാരിക്കു വേണ്ടിയും പ്രാർത്ഥിക്കേണ്ടതാണ്, പങ്കെടുക്കുന്ന മറ്റുള്ളവരോടൊപ്പമാണ് അവളുടെ താമസസൗകര്യം ക്രമീകരിച്ചിരിക്കുന്നത്. ഈ അപരിചിതരോടൊപ്പം സമയം ചിലവഴിക്കുന്ന കാര്യത്തിൽ അവൾ വിഷമിക്കുന്നു. അവൾ പുറപ്പെടുന്നതിനു ഒരു ദിവസം മുമ്പ് ഞാൻ അവളെ പ്രാർത്ഥനയിലൂടെ ധൈര്യപ്പെടുത്തി, അല്പം സമയത്തിനുമുമ്പ് ഞാൻ അവൾക്ക് വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു എന്നു പറഞ്ഞു. ദൈവം ഈ സാഹചര്യത്തിൽ അവൾക്ക് സമാധാനം പകരുന്നതിനുവേണ്ടിയും ഈ അനുഭവം പ്രാർത്ഥനയുടെ മറുപടിയായിത്തീരുന്നതിനു വേണ്ടിയും ഞങ്ങൾ പ്രാർത്ഥിച്ചു. അവളുടെ പരിശീലന പാഠ്യക്രമം നടന്നുകൊണ്ടിരിക്കുമ്പോൾ അവൾ എനിക്ക് ആശ്ചര്യത്തോടെ വിളിച്ചുപറഞ്ഞത്, "ദൈവം ചില അവിശ്വസനീയമായ കാര്യങ്ങൾ ചെയ്തിരിക്കുന്നു" എന്നാണ്. കർത്താവ് അവൾക്ക് പൂർണ്ണമായ സമാധാനം നൽകുക മാത്രമല്ല, വൈകുന്നേരം നടക്കുന്ന ഉല്ലാസങ്ങളിൽ ഡിസ്കോ ഡാൻസു

കളും മദ്യപാനവും മറ്റു കാര്യങ്ങളും ഉൾപ്പെട്ടിരിക്കുന്നതുകൊണ്ടു അതിൽ പങ്കെടുക്കാതിരിക്കുവാൻ ആവശ്യമായ ധൈര്യവും നൽകി. ദൈവം വലിയ വിധത്തിൽ പ്രാർത്ഥനയ്ക്കു മറുപടി അയയ്ക്കുന്നതു കേട്ടതുകൊണ്ടും കണ്ടതുകൊണ്ടും 40 ദിവസ പ്രാർത്ഥനയ്ക്കു ശേഷവും ഇതുപോലുള്ള ആളുകൾക്ക് വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു." A.M. (ചെറുതാക്കപ്പെട്ട പതിപ്പ്).

## മദ്ധ്യസ്ഥതയിലൂടെ ദൈവം എങ്ങനെയാണ് പ്രവർത്തിക്കുന്നത്

കഴിഞ്ഞ അഞ്ചുവർഷമായി എനിക്ക് വേണ്ടപ്പെട്ട വ്യക്തിയെക്കുറിച്ചു യാതൊരു വിവരവും ഇല്ലാതിരിക്കുകയായിരുന്നു. അദ്ദേഹം എന്റെ സന്ദേശങ്ങൾ അവഗണിച്ചതായി തോന്നി. കഴിഞ്ഞ മൂന്നുവർഷമായി അദ്ദേഹം പള്ളിയിൽ പോകുന്നില്ല എന്നുള്ള വിവരം ഞാൻ അറിഞ്ഞു (അദ്ദേഹം സഭയിൽ വളർന്ന ഒരു വ്യക്തിയായിരുന്നു). അദ്ദേഹത്തിനു ഒരു അക്രൈസ്തവസ്ത്രീയുമായി ബന്ധമുണ്ടായിരുന്നു. അദ്ദേഹത്തെ കണ്ടുമുട്ടുവാൻ കഴിയും എന്നു ഞാൻ പ്രതീക്ഷിച്ചിരുന്നില്ല, എങ്കിലും എന്റെ പ്രാർത്ഥന പട്ടികയിൽ അദ്ദേഹത്തെയും ഞാൻ ഉൾപ്പെടുത്തിയിരുന്നു, അദ്ദേഹം 600 കി.മീ. അകലത്തിൽ താമസിച്ചിരുന്നതുകൊണ്ട് എനിക്കു മറുപടി നൽകിയിരുന്നില്ല. എങ്കിലും അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരു സൂചന ലഭിക്കുന്നതിനുവേണ്ടി ഞാൻ പ്രാർത്ഥിച്ചു.

ഉടൻ തന്നെ, ഞാൻ താമസിക്കുന്ന സ്ഥലത്തിനടുത്തു നടന്നുകൊണ്ടിരിക്കുന്ന 40 ദിവസ പ്രാർത്ഥനയിലൂടെ അദ്ദേഹത്തിന്റെ സഹോദരൻ സ്നാനപ്പെടാൻ പോകുന്ന വിവരം അല്പം മുമ്പ് ഞാൻ അറിഞ്ഞു (മറ്റൊരു ദിവസത്തിൽ ആയിരുന്നു നേരത്തേ നിശ്ചയിച്ചിരുന്നത്) അതിൽ സംബന്ധിച്ചു അദ്ദേഹത്തെ കണ്ടുമുട്ടുവാൻ ഞാൻ തീരുമാനിച്ചു. അവർ തമ്മിൽ ഗഹനമായ ചർച്ച നടത്തി, കുറച്ചു നാളുകളായി ദൈവത്തിങ്കലേക്കു മടങ്ങിവരുന്നതിന് തനിക്കു വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ ഉണ്ടായി എന്നദ്ദേഹം പറഞ്ഞു, പക്ഷേ, തന്റെ ജീവിത ശൈലി മാറ്റുന്നതിനുള്ള ധൈര്യം തനിക്കില്ലായിരുന്നു. എന്നാൽ താൻ അദ്ദേഹത്തിനു വേണ്ടി തീവ്രമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണെന്നും അതിനുമുമ്പ് തന്റെ പ്രാർത്ഥനാ പട്ടികയിൽ ചേർത്തിരുന്നെന്നും പറഞ്ഞു. അവൻ മിണ്ടാട്ടമില്ലാത്തതായി തീർന്നു, തന്നിൽ ദൈവം പ്രവർത്തിച്ചുതുടങ്ങിയത് കൃത്യമായും ഈ കാലയളവിൽ ആയിരുന്നു.

ആത്മീയമായ ആ സ്നാനസമയത്ത്, അവന്റെ മനസ്സ് വളരെ വ്യാകുലപ്പെട്ടു. പാസ്റ്റർ അഭ്യർത്ഥന നടത്തിയപ്പോൾ, അവനിൽ യുദ്ധം നേരിട്ടതു എനിക്കു മനസ്സിലാക്കുവാൻ സാധിച്ചു. അവസാനം ഒരു വലിയ പോരാട്ടത്തിനുശേഷം, അവൻ മുട്ടിന്മേൽ നിന്നു കരയാൻ തുടങ്ങി. അവൻ തന്നെ വീണ്ടും ദൈവത്തിനായി സമർപ്പിച്ചു! താൻ സഭാരാധനയ്ക്കു മുടങ്ങാതെ പോകുമെന്നും തന്റെ ജീവിതശൈലി പൂർണ്ണമായി മാറ്റുമെന്നും അന്നു വൈകുന്നേരം എന്നോടു പറഞ്ഞു. ഈ ഒരാഴ്ച ഇങ്ങനെ പര്യവസാനിക്കുമെന്ന് അവൻ ഒരിക്കൽ പോലും പ്രതീക്ഷിച്ചിരുന്നില്ല.

കുറെ ആഴ്ചകൾ കഴിഞ്ഞതിനുശേഷം അവനെ ഒരു യുവജന മിഷൻ കോൺഫറൻസിൽവച്ചു കണ്ടു, അവനെ ശക്തീകരിക്കുന്നതിനും പണിയുന്നതിനും വീണ്ടും സഹായിച്ചു. വളരെ പ്രിയപ്പെട്ടവനായ ഒരു വ്യക്തിയുടെ മാനസാന്തരത്തിനുവേണ്ടി ഞാൻ ദൈവത്തിനു നന്ദി അർപ്പിക്കുന്നു. M.H.

മദ്ധ്യസ്ഥ പ്രാർത്ഥനയെക്കുറിച്ചു കൂടുതൽ കാര്യങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്ന ഏവർക്കും റോഗർ മൊർന്നേയു എഴുതിയ പുസ്തക ങ്ങൾ ഞാൻ ശുപാർശ ചെയ്യുന്നു. (1) പ്രാർത്ഥനയുടെ അവിശ്വസനീയ ശക്തി, (2) നിങ്ങൾക്ക് അവിശ്വസനീയമായ വിധത്തിൽ പ്രാർത്ഥന യുടെ മറുപടി ലഭിക്കണം എന്നു ആഗ്രഹിക്കുമ്പോൾ, (3) അവിശ്വസ നീയമായ പ്രാർത്ഥനയുടെ കൂടുതൽ ഉത്തരങ്ങൾ" (നിങ്ങളുടെ പ്രാദേ ശിക അഡ്വെന്റിസ്റ്റ് ബുക്ക് സെന്ററിൽ ഈ പുസ്തകങ്ങൾ ലഭ്യമാണ്).

### പ്രാർത്ഥനാ എഴുത്ത് നമ്പർ 1448
### ജനറൽ കോൺഫറൻസിന്റെ പ്രാർത്ഥനാശുശ്രൂഷ
### ആത്മീയ സൗഖ്യത്തിന്റെ അത്ഭുതം

"ഒരു പ്രഭാതത്തിൽ ദിവസവും ഉള്ള ആരാധനയെക്കുറിച്ചു ഞാൻ www.revivalandreformation.org ൽ വായിച്ചശേഷം കഥാചിത്ര വിഭവങ്ങ ളിൽ (featured Resources) എന്ന സെക്ഷനിൽ ചെന്നപ്പോൾ ഹെൽമുട്ട് ഹോബെയിൽ എഴുതിയ "വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ" എന്ന ശീർഷകത്തോടുകൂടിയ പുസ്തകം കണ്ടു. ആ പുസ്തകം വായിച്ചു കഴിഞ്ഞപ്പോൾ, പരിശുദ്ധാത്മാവ് എന്റെ ജീവിതത്തിൽ വരു ന്നതിനെക്കുറിച്ചു ഞാൻ ഇതുവരെ യാചിച്ചിട്ടില്ല എന്ന് എനിക്ക്

ബോദ്ധ്യമായി. ഞാൻ സഭയിൽ പോയിരുന്നു, എല്ലാ ദിവസവും ആരാധന നടത്തിയിരുന്നു, ഇതുകൂടാതെ ചില ബൈബിൾ പഠനങ്ങളും നടത്തിയിരുന്നു. പക്ഷേ എന്റെ ആത്മീയ ജീവിതത്തിനു ആഴം ഇല്ലായിരുന്നു. എനിക്ക് അസന്തുഷ്ടി അനുഭവപ്പെട്ടു. എന്നാൽ ദൈവം എന്റെ പ്രാർത്ഥന കേട്ടു, കൂടുതൽ മറുപടി ഞാൻ ആഗ്രഹിച്ചു.

ദൈവം എന്റെ ജീവിതത്തിൽ പ്രവർത്തിക്കുന്നതു ഏറെക്കുറെ ഞാൻ അനുഭവിച്ചറിഞ്ഞിട്ടുണ്ട് – ഞാൻ നിരാശയിൽ ആയിരുന്നപ്പോൾ അവിടുന്നു എന്നെ സഹായിച്ചിട്ടുണ്ട്, എന്റെ ഇരുളടഞ്ഞ സന്ദർഭമായ ആത്മഹത്യാശ്രമത്തിൽനിന്നും എന്നെ സഹായിച്ചിട്ടുണ്ട്. വളരെ പ്രശ്നസങ്കീർണ്ണമായ ഒരു ചുറ്റുപാടിൽ ആയിരുന്നു ഞാൻ വളർന്നു വന്നത്. അനേകം വർഷങ്ങളായി എന്റെ പിതാവും ആയി എനിക്കു യാതൊരു സമ്പർക്കവും ഇല്ലായിരുന്നു, പക്ഷേ, അദ്ദേഹത്തിനു ഗുരുതരമായ രോഗമാണെന്നറിഞ്ഞു. ഈ അടുത്തകാലത്ത് ഞങ്ങൾ തമ്മിൽ ഫോണിൽ സംസാരിച്ചു. അദ്ദേഹം അപ്പോൾ വളരെ നാളുകളായി ആശുപത്രിയിൽ കഴിയുകയായിരുന്നു. തന്റെ ജീവിതം അവസാനിക്കുവാൻ പോവുകയാണെന്ന ചിന്ത അദ്ദേഹത്തെ ഭരിച്ചു. അറുപതു വർഷത്തിനുശേഷം ആദ്യമായി ഞങ്ങളുടെ കുടുംബത്തോടു കാണിച്ച മോശമായ പെരുമാറ്റത്തിനും അവഗണനയ്ക്കും അദ്ദേഹം ക്ഷമ ചോദിച്ചു. എങ്കിലും ഞങ്ങളുടെ സംഭാഷണം നിമിത്തം സാഹചര്യം മെച്ചപ്പെടുത്തിയില്ല. കാരണം ഞാൻ അനുഭവിച്ച എല്ലാ വേദനകളും എന്റെ മനഃസാക്ഷിയെ ബാധിച്ചു. എന്റെ ബന്ധങ്ങളിൽനിന്നും എനിക്കു യാതൊരു സഹായവും ലഭിച്ചിരുന്നില്ല, എനിക്കു കൂടുതൽ നാൾ ജീവിക്കുവാൻ ആഗ്രഹമില്ലാത്തതുകൊണ്ടു മരിപ്പാൻ ആഗ്രഹിച്ചു. പക്ഷേ ദൈവം എന്നെ സംരക്ഷിക്കുകയും എന്റെ മുറിവുകളെ സൗഖ്യമാക്കുകയും ചെയ്തു.

ആ സമയം "വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ" എന്ന പുസ്തകം എനിക്കു ലഭിച്ചു. പരിശുദ്ധാത്മാവിനാൽ നിറയപ്പെടേണ്ട പടികൾ അതു നമുക്കു കാണിച്ചു തരുന്നു. അതിൽപിന്നെ എന്തുമാറ്റമാണ് ഞാൻ അനുഭവിച്ചറിഞ്ഞത്! പരിശുദ്ധാത്മാവിന്റെ നിറവു പ്രാപിക്കുന്നതിനു വേണ്ടി ഞാൻ ഇപ്പോൾ ദിവസവും പ്രാർത്ഥിക്കുന്നു. ഇനി ദൈവം എന്താണ് എന്റെ ജീവിതത്തിൽ ചെയ്യാൻ പോകുന്നതു എന്നു കാണുന്നതിനുവേണ്ടി കാത്തിരിക്കാൻ എനിക്കു ഒട്ടും കഴിയുകയില്ല.

ഞാനൊരു പ്രശ്നസങ്കീർണ്ണമായ കുടുംബത്തിൽ ജനിച്ചതുകൊണ്ട് ദൈവത്തോടു ചോദിച്ചു കാത്തിരിക്കുവാനും അവിടുത്തെ വിശ്വസ്ത തയ്ക്കായി ആശ്രയിപ്പാനും എനിക്കു വിഷമമാണ്. പക്ഷേ, സ്വർഗ്ഗസ്ഥ നായ പിതാവിൽ ആശ്രയിക്കുന്നതിനെക്കുറിച്ച് ഞാൻ പഠിച്ചുകൊണ്ടി രിക്കുകയാണ്. ഈ ആശ്രയത്തിലൂടെ എന്റെ സകല ആവശ്യങ്ങളും അവിടുത്തെ നിയന്ത്രണത്തിൻകീഴിൽ ആയിത്തീരുന്നു, അതുപോലെ വേദനകളിൽ നിന്നും എന്നെ സംരക്ഷിക്കുകയും ചെയ്യുന്നു. ക്രിസ്തു വിനാൽ നയിക്കപ്പെടുന്നതിനും സ്വതന്ത്രനായിത്തീരുന്നതിനും വേണ്ടി ഞാൻ ആശിക്കുന്നു. പരിശുദ്ധാത്മദാനത്തിലേക്കു എന്നെ നയിക്കു ന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഈ പുസ്തകത്തിലൂടെ നൽക പ്പെട്ടതിന് ഞാൻ വളരെ നന്ദി അർപ്പിക്കുന്നു. ഞാൻ ബൈബിൾ വായി ക്കുമ്പോൾ അതിലെ വാക്കുകൾ നേരിട്ടു എന്റെ ഹൃദയത്തിലേയ്ക്കു ചെല്ലുന്നതായി ഞാൻ കണ്ടെത്തി. അതു ബൈബിൾ വെറുതെ വായി ക്കുന്നതിലൂടെയല്ല, ക്രിസ്തുവും ആയിട്ടു സ്ഥാപിക്കുന്ന വ്യക്തിപര മായ കൂട്ടായ്മയിലൂടെയും വളരുന്ന ബന്ധത്തിലൂടെയും ആണ്. ഞാൻ ആശിച്ച അഗാധമായ ബന്ധം ദൈവം എനിക്കു നൽകുന്നു!

എന്റെ പിതാവിനോടു പൂർണ്ണമായ് ക്ഷമിക്കുന്നതിനുള്ള പ്രക്രിയ യിൽ ആണ് ഞാൻ. അതിൽ പുരോഗതി ഉണ്ടെന്ന് ഞാൻ ചിന്തിച്ചി രുന്നു. പക്ഷേ, (വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ) എന്ന പുസ്തകം ഞാൻ വായിച്ചപ്പോൾ ഞാൻ കീഴടക്കി എന്നു കരുതിയി രുന്ന വെറുപ്പ് എന്നിൽ ആഴത്തിൽ വേരൂന്നിയിരുന്നതായി പരിശുദ്ധാ ത്മാവ് എനിക്കു കാണിച്ചുതന്നു. മറ്റുള്ളവർ പലപ്പോഴും നമ്മോടു ചെയ്ത തെറ്റുകൾ നിമിത്തം അവരോടു പുലർത്തുന്ന വെറുപ്പിനെ മുറുകെ പിടിക്കുന്നത് ന്യായീകരിക്കുവാൻ നാം പലപ്പോഴും ശ്രമിക്കാ റുണ്ട്. പരിശുദ്ധാത്മാവിന്റെ പൂർണ്ണമായ നിറവ് പ്രാപിക്കുവാൻ ആഗ്ര ഹിക്കുന്നെങ്കിൽ ഇങ്ങനെയുള്ള എല്ലാ മനോഭാവങ്ങളും നാം ഉപേക്ഷി ച്ചുകളയണം എന്നു ഞാൻ മനസ്സിലാക്കി. അതു എന്നിൽ നിന്നും വിട്ടു പോകുന്നതിന് ഞാനാണ് തീരുമാനമെടുക്കേണ്ടത്. ദൈവകൃപയാൽ ഒരു നഷ്ടപ്പെട്ട വ്യക്തി എന്ന നിലയിൽ എന്റെ പിതാവിനോടുള്ള അനുകമ്പ നിമിത്തം എന്റെ ഹൃദയം ചലിച്ചു, എന്റെ പിതാവിന്റെ രക്ഷ യ്ക്കുവേണ്ടി ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിച്ചു. അധികം താമസി യാതെ കണ്ണുനീരോടെ പിതാവ് എന്റെ സഹോദരിയെ വിളിച്ചു പറഞ്ഞു: "യേശു എന്നെ സ്നേഹിക്കുന്നു, യേശു എന്നെ സ്നേഹിക്കുന്നു"

എന്ന്. താൻ യോഹന്നാന്റെ സുവിശേഷം വായിച്ച കാര്യം പിതാവ് തന്റെ സഹോദരിയുമായി പങ്കുവെച്ചു. യേശു തനിക്കുവേണ്ടി മരിച്ചതിലുള്ള അഗാധമായ മതിപ്പ് രേഖപ്പെടുത്തി. അദ്ദേഹത്തെ അറിയാവുന്ന എല്ലാവരും ഇങ്ങനെ പറയും: "അദ്ദേഹത്തെക്കുറിച്ചു അങ്ങനെ പറയുന്നത് അസാധ്യമായ കാര്യമാണ്." പക്ഷേ ദൈവം എന്റെ പ്രാർത്ഥനയ്ക്കു അസാധാരണമായ വിധത്തിൽ ഉത്തരം നൽകി.

ഈ അടുത്തകാലത്ത് പുസ്തകത്തിന്റെ 10 പ്രതികൾ ഞാൻ വരുത്തി എന്റെ സഭാവിശ്വാസികൾക്ക് നൽകി. പരിശുദ്ധാത്മാവിനു വേണ്ടി പ്രാർത്ഥിക്കണം എന്നു അവരും ആഗ്രഹിച്ചു. ഇതിനുമുമ്പ് "വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ" എന്ന പുസ്തകം അവരുടെ ജീവിതത്തെ എപ്രകാരം സമ്പന്നമാക്കി എന്നു എനിക്കു കാണുവാൻ സാധിച്ചു. പരിശുദ്ധാത്മാവുമായി ബന്ധപ്പെടുത്താതെ ക്രിസ്ത്യാനികൾ എന്ന നിലയിൽ നമ്മുടെ കൂട്ടത്തിൽപ്പെട്ട എത്ര പേരാണ് സ്വന്തം വഴിയിലൂടെ കടന്നുപോകുന്നത്? ഞാൻ ഭയപ്പെടുകയാണ്, നമ്മുടെ കൂട്ടത്തിൽപ്പെട്ട പലരും പള്ളിയിൽ പോകുന്നതു കാണുമ്പോൾ പുറമെ നോക്കുമ്പോൾ അവർ നല്ല ക്രിസ്ത്യാനികൾ ആണ്, പക്ഷേ അകമെ ശൂന്യമാണ്. ദൈവം വാഗ്ദത്വം ചെയ്തതിനെ ഞാൻ അനുഭവിക്കുവാൻ തുടങ്ങി. നാം ചോദിക്കുന്നതിലും നിനക്കുന്നതിലും അധികമായി ദൈവത്തിനു നമുക്കുവേണ്ടി ചെയ്യുവാൻ കഴിയും. എന്നെപ്പോലെയുള്ള പ്രശ്നം നിങ്ങൾക്കും ഉണ്ടോ? അവിടുത്തെ ആത്മാവിനാൽ നമ്മെ നിറയ്ക്കുവാനും നമുക്കു യഥാർത്ഥസഹായം നൽകുവാനും ദൈവത്തിനു സാധിക്കും. അവിടുന്നു എനിക്കുവേണ്ടി ചെയ്ത കാര്യങ്ങൾ നിങ്ങൾക്കു വേണ്ടിയും ചെയ്യുവാൻ സാധിക്കും." D.A.

### ലുഡ്വിഗ്സ്ബർഗിലെ സഭ/ബേഡൽ – വൂർട്ടെംബർഗ്, ജർമ്മനി

"ഒരു കുടുംബം എന്ന നിലയിൽ ഞങ്ങൾ ആദ്യമായി 40 ദിവസം എന്ന പുസ്തകം വായിക്കുകയും വ്യക്തിപരമായ പ്രയോജനവും അനുഗ്രഹവും പ്രാർത്ഥനയിലൂടെ പ്രാപിച്ചു. അതിനുശേഷം ആഴ്ചയിൽ രണ്ടുപ്രാവശ്യം ഒരു പ്രാർത്ഥനായോഗം സഭയിൽ സംഘടിപ്പിക്കുകയും സഭാവിശ്വാസികളോടൊപ്പം ഈ പുസ്തകം വീണ്ടും വായിക്കുകയും ചെയ്തു. ദൈവത്തിന്റെ അനുഗ്രഹവും നടത്തിപ്പും അത്ഭുതങ്ങളും ഈ 40 ദിവസങ്ങളിൽ നേരിട്ടു അനുഭവിച്ചറിയുകയുണ്ടായി. ഒരു സഭ എന്ന നിലയിൽ ദൈവം ഞങ്ങൾക്ക് ചൈതന്യവും പുതുജീവനും

പകർന്നു നൽകി: അപരിചിതരുമായി സംസാരിക്കുവാൻ സഭാവിശ്വാസികൾക്ക് യാതൊരു ധൈര്യവും ഇല്ലായിരുന്നു, എന്നാൽ അവർ സ്വയം മുൻകൈയെടുത്തു അപരിചിതരുമായി സംസാരിക്കുവാൻ തുടങ്ങി. ഒരുമിച്ചു പ്രാർത്ഥിക്കുന്നതിലൂടെ ദൈവം നമ്മെ ഒരു സഭയായി ചേർത്തു ബന്ധിക്കുന്നു. മദ്ധ്യസ്ഥതയിലും 40 ദിവസം ഞങ്ങൾ സഹായത്തിനു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്ന 5 പേരുടെ കാര്യത്തിലും ഞങ്ങൾക്ക് പ്രത്യേകമായ അനുഭവങ്ങളുടെ അവകാശം ലഭിച്ചു. ഈ ആളുകളുടെ കാര്യത്തിൽ ദൈവം പ്രത്യേകമായ വിധത്തിൽ പ്രവർത്തിച്ചു. സഭാശുശ്രൂഷയിലെ ശബ്ബത്ത് ദിവസങ്ങളിൽ തെരുവുകളിൽനിന്നും പെട്ടെന്ന് ജനം വീണ്ടും വീണ്ടും പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. അവരുടെ കൂട്ടത്തിൽ ഇതിൽ ഒരു കുടുംബത്തിനു ഞങ്ങൾ വേദപഠനം നൽകിയിരുന്നു. അന്താരാഷ്ട്ര കമ്പ്യൂട്ടർ ശൃംഖലയിലുള്ള വീഡിയോകളിലൂടെയും വൻപോരാട്ടം എന്ന പുസ്തകത്തിലൂടെയും അവർ ശബ്ബത്തിനെ പരിചയപ്പെടുകയും ഒരു സഭ കണ്ടെത്തുന്നതിനുവേണ്ടി ചില നാളുകളായി അന്വേഷിക്കുകയായിരുന്നു. കജ്ജയും ക്രിസ്ത്യൻ സ്കിൽഡറും സെവന്ത് ഡേ അഡ്വന്റിസ്റ്റു സഭ, ലുഡ്വിഗ്സ്ബർഗ് (ചുരുക്കിയ വിവരണം).

## 40 ദിവസത്തെ അനുഭവം

"വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ" എന്ന പുസ്തകത്തെ ആധാരമാക്കി നടത്തിയ ഒരു സെമിനാറിലൂടെയാണ് എല്ലാ കാര്യങ്ങളും ആരംഭിച്ചത്. ദൈവത്തെ അനുഭവിച്ചറിയുവാനുള്ള ഒരു ആഗ്രഹം ആ സമയത്തു എന്നിൽ വളരുകയുണ്ടായി. അതിനുശേഷം 40 ദിവസ പ്രാർത്ഥനയെക്കുറിച്ചും ആരാധനയെക്കുറിച്ചും ഞാൻ കേട്ടിരുന്നു. അത് പെട്ടെന്ന് എനിക്കു വ്യക്തമായി – ഈ ആകസ്മിക സംഭവം അനുഭവിച്ചറിയുവാൻ ഞാൻ ആഗ്രഹിച്ചു. ഞാൻ ഏതു കാര്യത്തിലേയ്ക്കാണ് പ്രവേശിക്കുവാൻ പോകുന്നത് എന്ന് യഥാർത്ഥത്തിൽ ഞാൻ അറിഞ്ഞിരുന്നില്ല. അനുയോജ്യമായ ഒരു പ്രാർത്ഥനാപങ്കാളിയെ (ഈ കാര്യപരിപാടിയുടെ ഭാഗമായിരുന്നു) കണ്ടെത്തുന്നതു പ്രയാസമല്ലായിരുന്നു. 40 ദിവസത്തിൽ ഓരോരുത്തർക്കും എല്ലാദിവസവും സമയം കണ്ടെത്തുക എന്നുള്ളതു എനിക്കു ഒരു വെല്ലുവിളി ആയിരുന്നു. ഈ നേഴ്സ് എന്ന നിലയിൽ എനിക്കു ക്രമരഹിതമായ പ്രവർത്തന മണിക്കൂറുകൾ ആയിരുന്നു. ഞാൻ അതിനെക്കുറിച്ചു ചിന്തിച്ചിരുന്നില്ല. എന്നിരുന്നാലും

ആരംഭം മുതൽ ദൈവം എന്റെ തീരുമാനത്തെ അനുഗ്രഹിച്ചു. വിഷയത്തെക്കുറിച്ചു അന്യോന്യം പങ്കുവയ്ക്കുന്നതിനും പരിശുദ്ധാത്മാവിനുവേണ്ടി അപേക്ഷിക്കുന്നതിനും ആയി ആ ദിവസത്തിലെ വിലയേറിയ നിമിഷങ്ങൾക്കായ് അതീവ ആഗ്രഹത്തോടെ ഞാൻ കാത്തിരുന്നു. പ്രാർത്ഥനകൾ ഞങ്ങളുടെ ജീവിതത്തിലെ ചില കാര്യങ്ങൾ മാറ്റിയതായി കണ്ടെത്തി. അതു ഞങ്ങളിൽ മാത്രം ഒതുക്കുവാൻ കഴിഞ്ഞില്ല. ഞങ്ങൾക്കു ലഭിച്ച ഓരോ അവസരവും എന്തെങ്കിലും കാര്യങ്ങൾ പങ്കുവയ്ക്കുന്നതിനെക്കുറിച്ചു ബോദ്ധ്യമുണ്ടായി. ഇതേ അനുഭവം മറ്റുള്ളവർക്കു ഉണ്ടാകുന്നതിനുവേണ്ടി അവരെ ഉത്സാഹിപ്പിക്കുന്നതു പ്രധാനപ്പെട്ട കാര്യമായി എനിക്കു തോന്നി. അതിന്റെ ഫലം പരാജയമായി ഭവിച്ചില്ല. ഞങ്ങളുടെ ഉത്സാഹം മറ്റു ചില വിശ്വാസികളിലേക്കു പകരപ്പെട്ടു. പെട്ടെന്ന് പുതിയ ആരാധന ജോഡികൾ ഒരുമിച്ചു കടന്നുവന്നു. ഞങ്ങൾ പ്രാപിച്ച അനുഭവം എല്ലാ ആഴ്ചയിലും പങ്കുവയ്ക്കുന്നതിനുവേണ്ടി കാത്തിരുന്നു. ഈ "ബാധ" ഞങ്ങളുടെ പല യുവജനങ്ങളെയും പിടിച്ചിരുന്നു. 40 ദിവസം പെട്ടെന്ന് അവസാനിച്ചു. പെട്ടെന്ന് വെറുതെ നിർത്തിക്കളയാൻ ഞങ്ങൾ ആഗ്രഹിച്ചില്ല. അതുകൊണ്ടു മിസ്സിസ് എലൻ ജി. വൈറ്റിന്റെ "മാറനാത്ത" (കർത്താവ് വരുന്നു) എന്ന പുസ്തകത്തിൽ നിന്നും സംസാരിക്കുന്നതിന് ആരാധനാസമയം നീട്ടിക്കൊണ്ടുപോയി. എന്നാൽ ഞങ്ങൾ കൂടുതൽ സമയം കാത്തിരിക്കുവാൻ ദൈവം സമ്മതിച്ചില്ല. 40 ദിവസപ്രാർത്ഥനയിലൂടെ ദൈവം പിന്നെയും അതിശയകരമായ ഉത്തരങ്ങൾ ഞങ്ങളുടെ പ്രാർത്ഥനയ്ക്കു നൽകി. ഞങ്ങൾ വിഷയം വച്ചു പ്രാർത്ഥിച്ചു കൊണ്ടിരുന്നവരിൽ ചിലർ നീണ്ട അസാന്നിദ്ധ്യത്തിനുശേഷം വീണ്ടും സഭയിലേക്കു കടന്നുവന്നു. ഞങ്ങൾക്കു വളരെ സന്തോഷമായി. എന്റെ ചുറ്റുപാടും നിന്നവർ എനിക്കു പ്രാധാന്യം ഉള്ളവരായിത്തീർന്നു. മറ്റുള്ളവരോടു ദൈവസ്നേഹം പങ്കുവയ്ക്കുവാനുള്ള എന്റെ ആഗ്രഹം വർദ്ധിച്ചു. എന്റെ ജീവിതം മാറ്റപ്പെട്ടു. ഞങ്ങൾ അന്യോന്യം അറിയുകയും പരസ്പരം മനസ്സിലാക്കേണ്ടതും ആയിരുന്നു. മറ്റുള്ളവരുടെ ജീവിതത്തിൽ അനേകം പേർ ഇടപ്പെട്ടുകൊണ്ടിരുന്നു, അവർ പരസ്പരം സഹായിക്കുന്നതിനു അവിടെ ഉണ്ടായിരുന്നു. കൂട്ടായ്മയ്ക്കു പൂർണ്ണമായും മറ്റൊരർത്ഥമാണ്. ഡെന്നീസ് സ്മിത്ത് എഴുതിയ 40 ദിവസ പ്രാർത്ഥനയും കൂട്ടായ്മയും എനിക്കു വലിയ ഒരു സഹായമായിരുന്നു. ഒരു പ്രാർത്ഥനാ

പങ്കാളിയെ കണ്ടെത്തുന്നതും ദൈവത്തെ അനുഭവിച്ചറിയുന്നതും വിചാരിക്കുന്നതിനേക്കാൾ എളുപ്പമാണ്. നമുക്ക് പ്രിയപ്പെട്ട ജനത്തിനുവേണ്ടി നമുക്കു നന്ദി പറയുന്നതാണ്. ഹിൽടേഗാർഡ് വെൽക്കർ, ക്രെയിൽഷെം സെവന്ത്-ഡേ അഡ്വന്റിസ്റ്റ് ചർച്ച് (ശസ്ത്രക്രിയാ വിഭാഗത്തിൽ ഉള്ള ഒരു നേഴ്സ്) (അല്പം മാത്രമായി ചുരുക്കിയിട്ടുണ്ട്).

## യേശു നമ്മുടെ മാതൃക

എല്ലാ കാര്യത്തിലും യേശു നമുക്കു ഏറ്റവും വലിയ മാതൃകയാണ്. ലൂക്കൊസ് 3:21–22 വരെ നാം വായിക്കുന്നത്: "ജനം എല്ലാം സ്നാനം ഏല്ക്കുകയിൽ യേശുവും സ്നാനം ഏറ്റു പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗം തുറന്നു. പരിശുദ്ധാത്മാവ് ദേഹരൂപത്തിൽ പ്രാവു എന്നപോലെ അവന്റെ മേൽ ഇറങ്ങിവന്നു." ഈ സംഭവത്തെക്കുറിച്ചു മിസ്സിസ് എലൻ ജി. വൈറ്റ് ഇപ്രകാരം പറഞ്ഞിരിക്കുന്നു: "അവിടുത്തെ പിതാവിനോടുള്ള പ്രാർത്ഥനയുടെ മറുപടിയായി സ്വർഗ്ഗം തുറക്കുകയും ആത്മാവ് പ്രാവു എന്ന പോലെ അവിടുത്തെമേൽ ഇറങ്ങിവന്നു വസിച്ചു."142

"കർത്താവിന്റെ ശുശ്രൂഷാവേളയിൽ സംഭവിച്ചത് വിസ്മയകരമാണ്: "സ്വർഗ്ഗസ്ഥപിതാവുമായി അവിടുന്നു ഓരോ പ്രഭാതത്തിലും ആശയ വിനിമയം നടത്തി, പിതാവിൽനിന്നും എല്ലാ ദിവസവും പരിശുദ്ധാത്മാവിന്റെ പുതുതായ സ്നാനം ഏറ്റു."143 എല്ലാ ദിവസവും യേശുവിനു പരിശുദ്ധാത്മാവിന്റെ പുതിയ സ്നാനം ആവശ്യമായിരുന്നെങ്കിൽ, നമുക്കു എത്ര അധികമായി ആവശ്യമാണ്!

## വ്യക്തിപരമായ ചിന്തകളും ചർച്ചയ്ക്കുള്ള വഴികാട്ടിയും

1. പരിശുദ്ധാത്മാവിന്റെ നിറവിനുവേണ്ടി യാചിച്ച ജനത്തിന് എന്തു അനുഭവമാണുണ്ടായത്?

   ..............................................................................................................

   ..............................................................................................................

2. നിങ്ങൾക്കും സഭയ്ക്കു ജീവൻ ഉണ്ടാകുന്നതിനും എന്തു മാറ്റങ്ങൾ ആണ് നിങ്ങൾ ആഗ്രഹിക്കുന്നത്?

   ..............................................................................................................

   ..............................................................................................................

3. പരിശുദ്ധാത്മാവിന്റെ മാർഗ്ഗനിർദ്ദേശത്തിനുവേണ്ടി എന്തു മാറ്റങ്ങൾ ആണ് നിങ്ങൾ വ്യക്തിപരമായി വരുത്തുന്നത്?

.......................................................................................................................

.......................................................................................................................

**നമ്മുടെ പ്രാർത്ഥനാസമയം**

- നിങ്ങളുടെ പ്രാർത്ഥനാ പങ്കാളിയെ സമീപിച്ച് വിഷയം ചർച്ച ചെയ്യുക.
- നിങ്ങളുടെ പങ്കാളിയും ആയിച്ചേർന്നു പ്രാർത്ഥിക്കുക.

1. കർത്താവ് നമ്മെ പരിശുദ്ധാത്മാവിനാൽ നിറയ്ക്കുന്നതിന്.
2. ഇന്നു തന്നെ നമ്മെയും നമുക്കുള്ളതിനെയും എല്ലാം സന്തോഷത്തോടെ കർത്താവിനായ് സമർപ്പിക്കുന്നതിന്.
3. നിങ്ങളുടെ മദ്ധ്യസ്ഥ പ്രാർത്ഥനാ പട്ടികയിലുള്ളവർക്കുവേണ്ടി.

### അദ്ധ്യായം 7

# താല്പര്യവും പങ്കുവയ്ക്കലും

**പന്ത്രണ്ടാം ദിവസം**

നാം നൽകുന്ന സന്തോഷം നമ്മുടെ ഹൃദയങ്ങളിലേക്കു മടങ്ങി വരും (ജർമ്മൻ പഴമൊഴി). മറ്റുള്ളവർ അനുഭവിച്ചറിയുന്നതിനു വേണ്ടി "സമൃദ്ധിയായി ജീവൻ" നൽകി ഞാൻ എങ്ങനെ അവരെ സഹായിക്കും? (യോഹ. 10:10).

## ആത്മനിറവുള്ള ഒരു ജീവിതത്തിൽ എപ്രകാരം ആണ് താല്പര്യം ഉണർത്തുന്നത്?

നേതാക്കന്മാർക്കും സഭകൾക്കും എന്തു ചെയ്യാൻ സാധിക്കും? നേതാക്കന്മാർ എന്ന നിലയിൽ നമുക്കു എന്തു ചെയ്യാൻ കഴിയും എന്നുള്ളതിന്റെ ചില സാദ്ധ്യതകൾ ആണ് ഇവിടെ നൽകിയിരിക്കുന്നത് (ഉദാഹരണം: പ്രസിഡന്റ്, പാസ്റ്റർ, സഭാ സെക്രട്ടറി അഥവാ മിഷൻ സെക്രട്ടറി, സ്ഥാപനങ്ങളുടെ തലവന്മാർ, അല്ലെങ്കിൽ പ്രധാന വ്യക്തികൾ) ചർച്ച് ബോർഡ്, സഭകൾ, മറ്റു കൂട്ടങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിനുവേണ്ടിയാണ്.

## സാദ്ധ്യതകൾ

1. **രണ്ടുപേർ അടങ്ങുന്ന പ്രാർത്ഥനാകൂട്ടങ്ങൾ:** 40 ദിവസ പ്രാർത്ഥന ഭാര്യയും ഭർത്താവും ഒരുമിച്ച് അഥവാ രണ്ടു പ്രാർത്ഥനാ പങ്കാളിയും ആയി നടത്തുക. ആദ്യത്തെ 40 ദിവസങ്ങൾ എന്ന പുസ്തകം ഉപയോഗിച്ചു ആരംഭിക്കുക. ഡെന്നീസ് സ്മിത്ത്, റിവ്യു ആൻഡ് ഹെറാൾഡിൽ എഴുതിയ "രണ്ടാം വരവിനു ഒരുങ്ങുവാൻ പ്രാർത്ഥനകളും ധ്യാനങ്ങളും" എന്ന പുസ്തകമാണിത്. സന്ദർഭോചിതമാണെങ്കിൽ, "നിങ്ങളുടെ ദൈവത്തോടുള്ള അനുഭവം പുതു

ക്കുന്നതിന് പ്രാർത്ഥനകളും ധ്യാനങ്ങളും" എന്ന 40 ദിവസം എന്ന രണ്ടാമത്തെ പുസ്തകം പിന്നീട് ഉപയോഗിക്കുക. "വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ" അഥവാ യേശുവിൽ വസിക്കുക എന്ന പുസ്തകങ്ങളും ഉപയോഗിക്കാം. വിവാഹം കഴിഞ്ഞ ദമ്പതികൾ ഒരുമിച്ചു പ്രാർത്ഥിക്കുമ്പോൾ ഇത് വളരെ പ്രയോജനകരമാണ്, അതുപോലെ തമ്മിൽ തമ്മിൽ ഉള്ള സ്നേഹത്തെ അതു പ്രോത്സാഹിപ്പിക്കുന്നു. സ്വഭാവികമായി നിങ്ങൾക്ക് മറ്റാരെങ്കിലും ആയും പ്രാർത്ഥനയ്ക്കു സംബന്ധിക്കാവുന്നതാണ്. വ്യക്തിപരമായി ഒരുമിച്ചു കൂടുന്നത് തികച്ചും യുക്തമായ കാര്യമാണ്. അതുപോലെ ഫോൺ ഉപയോഗിച്ചും സ്കൈപ്പ് ചെയ്തും മറ്റു മാധ്യമങ്ങൾ വഴിയും ഇതുപോലെ പ്രവർത്തിക്കാൻ കഴിയും. 2 പേർ അടങ്ങുന്ന പ്രാർത്ഥനാ കൂട്ടം വലിയ സ്വാധീനം ഉണ്ടാക്കുന്നു. രണ്ടുപേർ ചേർന്നു പ്രാർത്ഥിക്കുന്നതിനെ വേദപുസ്തകം ശുപാർശ ചെയ്യുന്നു (മത്തായി 18:19; ലൂക്കൊസ് 10:1) ഇപ്രകാരം ചെയ്യുന്നതിന് മറ്റുള്ളവരെ പ്രചോദിപ്പിക്കുവാൻ ഈ രീതിയിൽ ഉള്ള പ്രാർത്ഥന ഏറ്റവും നല്ല മുൻ ഉപാധിയാണ്.

2. **ലഘുലേഖ പരിചയപ്പെടുത്തുന്നതും പങ്കുവയ്ക്കുന്നതും** **ഉദാഹരണം:** "വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ" എന്ന പുസ്തകം (സൗജന്യമായോ ചെറിയ വിലയ്ക്കോ ലഭിക്കും) പരിഭാഷപ്പെടുത്തിയ എല്ലാ ഭാഷകളിലും ലഭ്യമാണ്.

വായനക്കാരുടെ 150 സാക്ഷ്യങ്ങൾ നൂറുകണക്കിനു സംഭാഷണങ്ങൾ ഉള്ളതുകൊണ്ടു ഈ പുസ്തകം പ്രത്യേകിച്ചും താഴെപ്പറയുന്ന മാർഗ്ഗങ്ങളിൽ വിലമതിച്ചിരിക്കുകയാണ്.

- നമ്മുടെ ആത്മീയ നിലവാരത്തെക്കുറിച്ചു ശരിയായ രീതിയിൽ ഉള്ള സ്വയനിർണ്ണയം ചെയ്യുക.
- ആകർഷകമായ ആത്മീയ ജീവിതത്തിലേയ്ക്കും രക്ഷയുടെ ഉറപ്പിലേക്കും നയിക്കുന്ന 2 ലളിതമായ പടികൾ മനസ്സിലാക്കുക.
- പരിശുദ്ധാത്മാവിന്റെ ശക്തിയാലും സഹായത്താലും ജീവിതത്തിൽ ഉണ്ടാകാൻ പോകുന്ന വലിയ പ്രയോജനവും ആത്മാവിനെ കൂടാതെ ഉണ്ടാകുന്ന നഷ്ടങ്ങൾ എന്തെല്ലാം എന്നു അറിയുക.

- വാഗ്ദത്വങ്ങളോടുകൂടിയ പ്രാർത്ഥനകൾക്ക് പൂർണ്ണമായും പ്രത്യേകം നേട്ടം ഉണ്ടെന്ന് ബോധവാന്മാർ ആകേണ്ടതിന്. അതിനുശേഷം നമുക്കു കൂടുതൽ സന്തോഷത്തോടും ഉറപ്പോടും ആഴത്തിലും പ്രാർത്ഥിക്കാൻ കഴിയും. നമുക്കു പരിശുദ്ധാത്മാവിനെ ലഭിച്ചിട്ടുണ്ട് എന്നു അപ്രകാരമുള്ള പ്രാർത്ഥനയ്ക്കു ശേഷം ഉറപ്പാക്കാം.
- അവരുടെ വലിയ സന്തോഷം അവരെ സാക്ഷികളായിരിക്കുവാനും പുസ്തകങ്ങൾ വിതരണം ചെയ്യുവാനും പ്രേരിപ്പിക്കുന്നതാണ്.
- "വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ" എന്ന പുസ്തകം, 40 ദിവസങ്ങൾ 1,2 പുസ്തകങ്ങൾ ഇത്യാദി ഉപയോഗിച്ചു വളരെ നല്ല ഫലങ്ങൾ ഉളവാക്കി എന്നു അനേകം പേരുടെ അനുഭവങ്ങളാൽ നാം മനസ്സിലാക്കുകയുണ്ടായി. "വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ" എന്ന പുസ്തകം നമ്മുടെ കണ്ണുകളെ തുറക്കുന്നു, ആത്മീയ പ്രവർത്തനം വേഗത്തിൽ ആരംഭിക്കുന്നതിന് ഇത് ഏറ്റവും നല്ല സഹായം നൽകുന്നു. 40 ദിവസം എന്ന പുസ്തകങ്ങൾ നമ്മുടെ ആത്മീയ ജീവിതത്തെ ശക്തീകരിക്കുകയും വിശാലമാക്കുന്നതും ആണ്. ഇതു കൂടാതെ നമ്മുടെ വ്യക്തിപരമായ പ്രഭാത ആരാധനയെയും പല ഉത്തരം ലഭിച്ച പ്രാർത്ഥനകളെയും നയിക്കുന്നു.

3. **ആരാധന സമയത്തെ ഹ്രസ്വമായ വായനകൾ:** പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നതിന് അനുയോജ്യമായ തിരഞ്ഞെടുത്ത ഖണ്ഡികകൾ ആരാധന സമയത്തു പ്രസംഗം തുടങ്ങുന്നതിനു മുമ്പ് ഒരു നിശ്ചിത സമയം വായിക്കുന്നത് നല്ലതാണ് (അഞ്ചു മുതൽ പത്തുമിനിറ്റ് സമയം) അടുത്ത ഭാഗത്തിൽ ശുപാർശ ചെയ്യപ്പെട്ട ലഘുലേഖകളുടെ പട്ടിക ചേർത്തിട്ടുണ്ട്. 40 ദിവസങ്ങൾ എന്ന ആശയം നടപ്പിലാക്കുന്നതിന് രണ്ടുപേർ അടങ്ങുന്ന കൂട്ടങ്ങളെ അല്പം കഴിഞ്ഞു രൂപീകരിക്കുവാൻ ജനങ്ങളെ ഉത്സാഹിപ്പിക്കണം (ഭാഗം 12 നോക്കുക).

4. **സഭയുടെ ഔദ്യോഗിക അറിയിപ്പിൽ പതിപ്പിക്കേണ്ട ലഘുലേഖാഭാഗങ്ങൾ അല്ലെങ്കിൽ പരസ്യം പറയുമ്പോൾ നിർദ്ദേശിക്കാവുന്ന ഖണ്ഡികകൾ:**

- യുഗങ്ങളുടെ പ്രത്യാശ അദ്ധ്യായം 73. "നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്."

- അപ്പൊസ്തല പ്രവൃത്തികൾ അദ്ധ്യായം 5 “പരിശുദ്ധാത്മദാനം.”
- ക്രിസ്തുവിന്റെ സാധനപാഠങ്ങൾ അദ്ധ്യായം 12 “കൊടുക്കുവാൻ ആവശ്യപ്പെടുക.”
- സാക്ഷ്യങ്ങൾ അമൂല്യസമ്പത്ത് വാല്യം 3 ‘‘ആത്മാവിന്റെ വാഗ്ദത്വം” പേജ് 209–215.
- ഒരു ദിവസത്തെ ചിന്തകൾ എലൻ ജി. വൈറ്റിന്റെ ആരാധന പുസ്തകം “നിങ്ങൾക്ക് ശക്തി ലഭിക്കും.” (നിങ്ങളുടെ പ്രാദേശിക അഡ്വന്റിസ്റ്റു പുസ്തക കേന്ദ്രത്തിൽ ലഭ്യമാണ്).

5. **അനുഭവങ്ങൾ പങ്കുവയ്ക്കുക:** കഴിയുന്നിടത്തോളം ആരാധന സമയങ്ങളിൽ ആത്മീയ അനുഭവങ്ങൾ പങ്കുവയ്ക്കുക. വ്യക്തി പരമായ അനുഭവങ്ങളും സഭാവിശ്വാസികളുടെ അനുഭവങ്ങളും മറ്റു സഭകളിലെ വിശ്വാസികളുടെ അനുഭവങ്ങളും പങ്കുവയ്ക്കാവു ന്നതാണ്. www.steps-to-personal-revival.info– എന്ന വെബ്സൈറ്റിൽ നിന്നും നിങ്ങൾക്ക് സാക്ഷീകരണങ്ങൾ ലഭിക്കുന്നതാണ്, “Testi-monies” എന്നു ക്ലിക്ക് ചെയ്യുക.

6. **ശബ്ബത്തിനെക്കുറിച്ചു ഉൾപ്രേരണ നൽകുന്ന 4 ഭാഗങ്ങൾ ഉള്ള സെമിനാർ:** ആൾക്കാർ സഭയിൽ കടന്നുവരുന്നതിന് അവരുടെ താല്പര്യം വേഗത്തിൽ ജനിപ്പിക്കുവാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗമാണിത്. മൂന്നാലു അവതരണങ്ങൾ അടങ്ങിയ പ്രത്യേക ശബ്ബ ത്താണ് ഈ ദിവസം. വെള്ളിയാഴ്ച വൈകുന്നേരം ആരംഭിച്ചു, ശബ്ബത്താരാധന സമയം, ഉച്ചകഴിഞ്ഞുള്ള സമയം, ഇതാണ് അവ തരണത്തിനു പറ്റിയ സമയം. പ്രബലമായ, പൊതുവെയുള്ള വിഷയം: വ്യക്തിപരമായ ഉണർവ്വിന്റെ പ്രോഗ്രാമാണ്. www.steps-to-personal revival.info നോക്കുക.

- നമ്മുടെ അനുഭവം പങ്കുവയ്ക്കുവാനുള്ള ഏറ്റവും അനുയോജ്യ മായ ഒരു ആഴ്ചയിലെ സമയം വെള്ളിയാഴ്ച വൈകുന്നേരമാണ്. അതുകൊണ്ട് ഹൃദയസ്പർശിയായ ഒരു അനുഭവം പങ്കുവയ്ക്കുക, കഴിയുമെങ്കിൽ പ്രസംഗകന്റെ വ്യക്തിപരമായ അനുഭവം പറയുക. മറ്റൊരു സാദ്ധ്യത: “യേശുവിനായ് സമർപ്പിക്കുക,” ഇതിനെക്കു റിച്ചു സംസാരിക്കുക, യേശുവിൽ വസിക്കുക എന്ന പുസ്തക

ത്തിൽനിന്നും ഇതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ലഭിക്കുന്നതാണ്. അദ്ധ്യായം 2 "യേശുവിനായ് സമർപ്പിക്കുക."

- ആരാധന സമയത്തു വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ എന്ന പുസ്തകത്തിലെ പ്രധാന ചിന്തകളെക്കുറിച്ചു പ്രസംഗിക്കുവാൻ ശുപാർശ ചെയ്യുന്നു. കൃത്യമായി പറഞ്ഞാൽ ആമുഖത്തിൽ പറയുന്ന പരിശുദ്ധാത്മാവിന്റെ കുറവ് എന്ന വിഷയത്തിലെ 2-3 ഉദ്ധരണികൾ പങ്കുവയ്ക്കുക. പരിശുദ്ധാത്മാവിനെക്കുറിച്ചു യേശു എന്തു പഠിപ്പിച്ചു" എന്ന ഒന്നാം അദ്ധ്യായത്തിലെ മുഖ്യചിന്തകളെക്കുറിച്ചു തുടർന്നു പഠിക്കുക. അതുപോലെ രണ്ടാം അദ്ധ്യായത്തിലെ "നമ്മുടെ പ്രശ്നങ്ങളുടെ കേന്ദ്രസ്ഥാനം എന്താണ്?" എന്ന വിഷയത്തെക്കുറിച്ചും പ്രസംഗിക്കുക (ചിലപ്പോൾ രണ്ടു പ്രത്യേക മണിക്കൂറുകൾ ആയി അതിനെ വിഭാഗിക്കുക).
- ആദ്യത്തെ ഉച്ചകഴിഞ്ഞുള്ള മീറ്റിംഗിൽ മൂന്നാം അദ്ധ്യായത്തിലെ "നമ്മുടെ പ്രശ്നങ്ങൾ - അവ പരിഹരിക്കപ്പെടുമോ? എങ്ങനെ?" എന്ന മുഖ്യചിന്തകളെ പങ്കുവയ്ക്കുക.
- രണ്ടാമത്തെ ഉച്ചകഴിഞ്ഞുള്ള മീറ്റിംഗിൽ അഞ്ചാം അദ്ധ്യായത്തിലെ "പ്രായോഗിക അനുഭവത്തിന്റെ താക്കോൽ" എന്ന മുഖ്യചിന്തകൾ പങ്കുവയ്ക്കുക.

"വ്യക്തിപരമായ ഉണർവ്വിനുള്ള പടികളെ"ക്കുറിച്ചു ആദ്യം സെമിനാർ നടത്തിയ സഭകളിൽ ശബ്ബത്തിനു പ്രചോദനം നൽകുന്ന സെമിനാറോ അല്ലെങ്കിൽ "യേശുവിൽ വസിക്കുക" എന്ന പുസ്തകത്തിലെ വിഷയങ്ങൾ ആധാരമാക്കി മറ്റൊരു സെമിനാറോ നടത്തുക. അതുപോലെ നാലു അദ്ധ്യായങ്ങളിലെ നാലു ഭാഗങ്ങളും ഉണ്ടായിരിക്കും.

ശബ്ബത്തിനെക്കുറിച്ചു ഉൾപ്രേരണ നൽകുവാനുള്ള ഒരുക്കം പ്രയോജനകരമാക്കുന്നതിന് യോജിച്ച ലഘുലേഖകൾ വ്യക്തമായി പഠിക്കണം എന്ന ശുപാർശയോടെ നേരത്തെ വിതരണം ചെയ്യണം. ശബ്ബത്തിനെക്കുറിച്ചുള്ള ഉൾപ്രേരണ നൽകിയശേഷം 40 ദിവസപ്രാർത്ഥനാസമയം ആഴ്ചയുടെ ഒടുവിൽ ക്രമീകരിക്കുന്നത് ലാഭകരമാണെന്ന് തെളിയിച്ചിരിക്കുകയാണ് (ഭാഗ്യം 12) അല്ലെങ്കിൽ "വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ" എന്ന പുസ്തകത്തിൽ നിന്നും ഓരോ അദ്ധ്യായങ്ങൾ എല്ലാവരും ഒത്തുചേർന്നു വായിക്കുക (ഭാഗം 7 കാണുക).

7. **ഏകോപിപ്പിച്ചുള്ള വായന:** ആഴ്ചയിൽ ഒരദ്ധ്യായം വീതം വായിക്കുക. ഏറ്റവും എളുപ്പവും സഹായകരവുമായ സാദ്ധ്യത എന്നുള്ളത് ഒന്നുകിൽ ഒരാഴ്ചയിൽ ഒരിക്കൽ വായിക്കുക, അല്ലെങ്കിൽ എല്ലാ ദിവസവും വായിക്കുക. (ഈ അദ്ധ്യായം ഒന്നിൽക്കൂടുതൽ പ്രാവശ്യം വായിക്കുന്നത് നല്ലതാണ്). വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ അല്ലെങ്കിൽ യേശുവിൽ വസിക്കുക അല്ലെങ്കിൽ 40 ദിവസം എന്നീ പുസ്തകങ്ങളിൽ നിന്നും വായിക്കുന്നത് കൂടുതൽ നല്ലതാണ്. പ്രാരംഭ തീയതി തീരുമാനിക്കുന്നതിനെക്കുറിച്ചു കൂട്ടമായിട്ടോ സഭയായിട്ടോ നിശ്ചയിക്കാം. നാലു ഭാഗങ്ങൾ ഉള്ള സെമിനാർ നടത്തുന്നതിന്റെ ഒരുക്കമായിട്ടോ (ഭാഗം 6 കാണുക) ശബ്ബത്തിനെക്കുറിച്ചു ഉൾപ്രേരണ നൽകുന്ന സെമിനാർ ആയിട്ടോ ഇതു നടത്താം. വായന നടത്തേണ്ടത് ഒറ്റയ്ക്കാണോ അതോ മറ്റൊരു വ്യക്തിയും ആയി ചേർന്നാണോ അതോ ഒരു കൂട്ടമായിട്ടാണോ എന്നു ഓരോ വ്യക്തികളും തീരുമാനിക്കുക. ശബ്ബത്തു ദിവസങ്ങളിൽ ക്രമം അനുസരിച്ചുള്ള അദ്ധ്യായങ്ങളിൽ നിന്നും 5 മിനിറ്റ് വീതം വായിക്കുന്നതും വ്യക്തിപരമായ സാക്ഷ്യം പറയുന്നതിന് ജനത്തെ ക്ഷണിക്കുന്നതും നല്ലതാണ്. വ്യക്തിപരമായ സാക്ഷ്യം പറയുവാൻ ആരും ഇല്ലെങ്കിൽ മറ്റാരുടെയെങ്കിലും സാക്ഷ്യം വായിക്കാവുന്നതാണ് (സമയത്തിനുമുമ്പ് ഒരുങ്ങുക - സാക്ഷ്യങ്ങൾ കാണുക). അതിനുശേഷം അടുത്ത ആഴ്ച ഏതദ്ധ്യായമാണ് വായിക്കുന്നത് എന്നു പരസ്യപ്പെടുത്തുക. 40 ദിവസങ്ങൾ എന്ന പുസ്തകങ്ങൾ നിങ്ങൾക്ക് www.spiritbaptism.org. ന്റെ കീഴിൽ ഓർഡർ ചെയ്യാവുന്നതാണ്. ഈ പുസ്തകം ഇപ്പോൾ 14 ഭാഗങ്ങളായി വിഭജിച്ചിരിക്കുകയാണ്. ഒരു ശബ്ബത്തിൽ ആരംഭിക്കുകയാണെങ്കിൽ രണ്ടാഴ്ചകൊണ്ട് വായിച്ചു തീർക്കാവുന്നതാണ്. ഇതിന്റെ ഉള്ളടക്കം ആഴത്തിൽ പഠിക്കുന്നതിന് പുസ്തകം മുഴുവനും രണ്ടോ മൂന്നോ പ്രാവശ്യം വായിക്കുക. നല്ല ഫലം കായ്ക്കുന്നതിന് ഇത് വർദ്ധനവിന്റെ ഒരു പദ്ധതിയാണ്.

8. പ്രസംഗം നടത്തുന്നത് പരിശുദ്ധാത്മാവിൽ ജീവിച്ചു ആയിരിക്കണം. അല്ലെങ്കിൽ മറ്റാരെങ്കിലും അതു നിർവ്വഹിക്കുന്നതിന് അവരോടു അഭ്യർത്ഥിക്കുകയോ ഉത്സാഹിപ്പിക്കുകയോ ചെയ്യുക. "നിലം പൂജ്യവും പുതിയ നവീകരണവും: എപ്രകാരമാണ് പരിശുദ്ധാത്മാവിനാൽ സ്നാനപ്പെടുന്നത്" എന്ന തലക്കെട്ടിലുള്ള ഡെയിറ്റ്

നെൽസന്റെ മികച്ച പ്രസംഗങ്ങൾ ഉണ്ട്. സെപ്റ്റംബർ 2-ാം തീയതി മുതലുള്ള പ്രസംഗങ്ങളും സെപ്റ്റംബർ 2-ാം തീയതിയിലും ആഗസ്റ്റ് 30, സെപ്റ്റംബർ 13 തുടങ്ങിയ ബ്ലോഗുകളും www.pmchurch.tv/sermons ൽ www.steps-to-personal-revival.info ൽ ലഭ്യമാണ്.

9. പരിശുദ്ധാത്മാവിൽ ജീവിക്കുന്നതിനെക്കുറിച്ചു പ്രസംഗിക്കുക, അല്ലെങ്കിൽ പ്രസംഗങ്ങൾ ഉറക്കെ വായിക്കുക.

10. ചെറിയ കൂട്ടങ്ങൾ അഥവാ പ്രാർത്ഥനാകൂട്ടങ്ങൾ ഉചിതമായ ലഘു ലേഖകൾ വായിച്ചു ചർച്ചചെയ്യുകയും ഒരുമിച്ചു പ്രാർത്ഥിക്കുകയും ചെയ്യാം. 2 പേരുടെ കൂട്ടങ്ങൾ 40 ദിവസ ആരാധനയിൽ പങ്കെടു ക്കുകയും ആഴ്ചയിൽ ഒരിക്കൽ എല്ലാവരും ചർച്ചയ്ക്കു വേണ്ടി കൂടി വരികയും അനുഭവങ്ങൾ പങ്കുവയ്ക്കുകയും ഒരുമിച്ചു പ്രാർത്ഥിക്കുകയും ചെയ്യണം (ഭാഗം 12 നോക്കുക).

11. മിഷൻ ശബ്ബത്ത്: പരിശുദ്ധാത്മാവിനോടൊത്തുള്ള ജീവിതം നമ്മെ മിഷനറിമാരാക്കുന്നതാണ്. സ്ഥിരമായ അടിസ്ഥാനത്തിൽ ആണെ ങ്കിലും പ്രത്യേക കാലയളവിലേയ്ക്കാണെങ്കിലും മിഷൻ ശബ്ബ ത്തിനെ വീണ്ടും ആരംഭിക്കുന്നതു നല്ലൊരു ആശയമാണ്. നമ്മുക്കു മുമ്പേ പോയവരുടെ അടിസ്ഥാന തത്വമായിരുന്നു ഇത്. നമ്മുടെ പൂർവ്വപിതാക്കന്മാർ എല്ലാ മാസത്തിലെയും ആദ്യത്തെ ശബ്ബത്ത് മിഷൻ ശബ്ബത്തായി നടത്തിയിരുന്നു. പ്രതിഷ്ഠിക്കപ്പെട്ട ഒരു വ്യക്തി അഥവാ ഒരു കൂട്ടം ആൾക്കാർ പ്രാർത്ഥനയുടെ ഒരുക്കത്തിനും പ്രാർത്ഥനയുടെ നിർവ്വഹണത്തിനും വേണ്ടി ഉത്തരവാദിത്തം ഏറ്റെ ടുക്കേണ്ടതാണ്. നേരത്തെ പ്രസ്താവിച്ച സാദ്ധ്യതകളുമായി ഇതിനെ യോജിപ്പിക്കുകയാണെങ്കിൽ സൃഷ്ടിപരവും സന്തോഷ കരവുമായ ശബ്ബത്ത് മണിക്കൂറുകളെ സംഭാവന ചെയ്യുന്നതാണ്. ഇതുകൂടാതെ ഒരു സുവിശേഷഘോഷണ ആത്മാവ് ഉണർത്തു വാനും സഹായിക്കുന്നതാണ്.

12. 40 ദിവസ ആശയം പഠിക്കുകയും ചർച്ച നടത്തുകയും ചെയ്യുക - 40 ദിവസങ്ങൾ 1,2,3 പുസ്തകങ്ങളിൽ ആമുഖവും പൊതുവായ അവലോകനവും എന്ന വിഭാഗത്തിൽ ഈ ആശയം അവതരിപ്പി ച്ചിട്ടുണ്ട്. ഇതിനു ശേഷം സഭാ ബോർഡിലും മിഷൻ ബോർഡിലും കോൺഫറൻസ് ബോർഡിലും ചർച്ച ചെയ്യാവുന്നതാണ്. നമ്മുടെ

പാസ്റ്റേഴ്സ് മീറ്റിങ്ങിലും മൂപ്പന്മാരുടെ മീറ്റിങ്ങിലും മിഷൻ യോഗങ്ങളിലും യുവജന മീറ്റിങ്ങിലും റിട്രീറ്റുകളിലും ഡിസ്ട്രിക്റ്റു മീറ്റിങ്ങുകളിലും മിഷൻ സ്കൂളുകളിലും ഈ ആശയം അവതരിപ്പിക്കാവുന്നതാണ്. തുടർന്നു വരുന്ന മേഖലകളെ ഈ ആശയം സഹായിക്കുന്നതാണ്.

- പരിശുദ്ധാത്മാവിലൂടെ യേശുക്രിസ്തുവും ആയി ഒരു ഈടാർന്ന ബന്ധം സ്ഥാപിക്കുന്നതിന് ഇത് സഹായിക്കുന്നു.
- പ്രാർത്ഥനാ ജീവിതത്തെ ശക്തീകരിക്കുന്നതിന് ഇത് സഹായിക്കുന്നു (ഒറ്റയ്ക്കോ കുടുംബമായോ കൂട്ടമായോ).
- നമ്മുടെ വ്യക്തിപരമായ ബന്ധം ആഴമേറിയത് ആക്കുന്നതിന് സഹായിക്കുന്നു.
- പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന 40 ദിവസ ആരാധനയിലൂടെ നമ്മുടെ ആത്മീയ ജീവിതത്തെ ശക്തിപ്പെടുത്തുവാൻ സഹായിക്കുന്നു.
- നഷ്ടപ്പെട്ടുപോയവർക്കും എത്തിപ്പിടിക്കുവാൻ കഴിയാത്തവർക്കും മദ്ധ്യസ്ഥപ്രാർത്ഥന നിർവ്വഹിക്കുകയും അവരെ കണ്ടെത്തുന്നതു എളുപ്പമാക്കുകയും ചെയ്യുന്നു.
- സുവിശേഷവേല സംരക്ഷണകൂട്ടം ബൈബിൾ പഠനങ്ങൾ മുതലായവയെ സഹായിക്കുന്നു.

മൂന്ന് ആത്മീയ പടികളിലൂടെയാണ് ഇത് നിറവേറ്റുന്നത്

- 40 ദിവസ ആരാധനയിലൂടെ രണ്ടുപേർ അടങ്ങുന്ന കൂട്ടങ്ങളുടെ വ്യക്തിപരമായ ആത്മീയ പുനർജ്ജീവിപ്പിക്കൽ.
- "ചർച്ചകളും ചോദ്യങ്ങളും", "പ്രാർത്ഥന കേന്ദ്രീകരിക്കുക" എന്ന പ്രകാരം പരിശുദ്ധാത്മാവിനുവേണ്ടി ദിവസവും പ്രാർത്ഥിക്കുക എന്നുള്ള ഈ പുസ്കത്തിലെ ഭാഗങ്ങൾ അനുസരിച്ചു ചർച്ചകൾ ആകാം.
- ആത്മനിറവുള്ള മദ്ധ്യസ്ഥത, എത്തപ്പെടാൻ കഴിയാത്ത അഞ്ചു പേരുമായി ബന്ധപ്പെടുക, അല്ലെങ്കിൽ ബലഹീന വിശ്വാസികളുമായി ബന്ധപ്പെടുക.

- സുവിശേഷീകരണ പ്രവർത്തനങ്ങൾ, ഉദാഹരണത്തിന് അവതരണങ്ങൾ/സെമിനാറുകൾ, ദൗത്യ മനസ്സുള്ള സംരക്ഷണ കൂട്ടങ്ങൾ, ബൈബിൾ പഠനങ്ങളോ, ചെറിയ രീതിയിലോ സാധാരണ രീതിയിലോ ഉള്ള ആരോഗ്യം, സൃഷ്ടിപ്പ്, പ്രവചനം എന്നിവയുടെ പ്രദർശന ശാലകൾ.

40 ദിവസ ആശയം പ്രചരിപ്പിക്കുന്നവർക്ക് ആവശ്യമായ ബോധന സഹായഗ്രന്ഥം (instruction mannual) ലഭിക്കുന്നതിന് ഇവിടെ ക്ലിക്ക് ചെയ്യുക. 40 Day - instructiones pdf. 40 ദിവസ അനുഭവം ഫലകരമാക്കുന്നതിന് ആവശ്യമായ എല്ലാ നടപടിക്രമങ്ങളും അതിൽ അടങ്ങിയിട്ടുണ്ട്. മുൻകൂട്ടി തയ്യാറാക്കിയ ഒരു സുവിശേഷീകരണ പരമ്പരയ്ക്ക് ഇവിടെ നിർദ്ദേശിച്ചിരിക്കുന്ന ആത്മീയ വഴി നല്ല രീതിയിൽ ഒരുങ്ങുന്നതിന് സഹായകരമാണ്. ഈ രീതിയിൽ നേതാക്കന്മാരും വിശ്വാസികളും വ്യക്തിപരമായി ആത്മീയമായി ഒരുങ്ങുന്നു. മദ്ധ്യസ്ഥപ്രാർത്ഥനയിലൂടെയും ഇതുവരെയും എത്തപ്പെടാത്ത 5 വ്യക്തികളെ ബന്ധപ്പെടുന്നതിലൂടെ, നിലം സുവിശേഷീകരണ പരമ്പരയ്ക്കുവേണ്ടി ഒരുക്കപ്പെടുന്നു. വിവിധ രീതിയിലുള്ള സുവിശേഷീകരണങ്ങൾ നമുക്കു നടത്താൻ കഴിയും. www.spirit baptism.org മുഖേന നമുക്കു ഡെന്നീസ് സ്മിത്തിന്റെ 40 ദിവസങ്ങൾ എന്ന പുസ്തകം ഓർഡർ ചെയ്യാവുന്നതാണ്.

13. 40 ദിവസ പ്രാർത്ഥനാ പ്രോഗ്രാമിന്റെ വിവരം അടങ്ങിയ കടലാസ് സഭാവിശ്വാസികൾക്ക് വിതരണം ചെയ്യുക. ഇതുകൂടാതെ 40 ദിവസ പരമ്പര ആരംഭിക്കുന്നതിന്റെ ഒരു ക്ഷണക്കത്ത് സഭ തയ്യാറാക്കുന്നതിന് ശുപാർശ ചെയ്യുന്നു.
14. സഭയുടെ ഔദ്യോഗിക അറിയിപ്പിലും കോൺഫറൻസ് വാർത്താവിവരണത്തിലും യൂണിയൻ അറിയിപ്പിലും പ്രസിദ്ധീകരണങ്ങളിലും സഭയുടെ വെബ്സൈറ്റിലും കൂടാതെ സഭയുടെ വാർത്താപത്രത്തിലും സഭയുടെ വിവിധ ഡിപ്പാർട്ട്മെന്റുകളുടെ വാർത്താപത്രത്തിലും അനുയോജ്യമായ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നു.
15. സർവ്വേ: പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വിഷയം അവതരിപ്പിച്ചശേഷം ഓരോ തുണ്ടുപേപ്പർ എല്ലാവർക്കും വിതരണം ചെയ്തു പേര് ചേർക്കാനുള്ള ഒരു ചെറിയ സർവ്വേ എടുക്കുക.

- പരിശുദ്ധാത്മാവിന്റെ വാഗ്ദത്തത്തിനു വേണ്ടി ഒരു വ്യക്തി ദിവസവും പ്രാർത്ഥിക്കുകയാണെങ്കിൽ അവർക്ക് രണ്ടു ശരി അടയാളങ്ങൾ ഇടാൻ കഴിയും.

ആ സ്ഥലത്തെ നിലവിലുള്ള സ്ഥിതി എന്താണെന്ന് നിശ്ചയിക്കുന്നതിന് ഇതു ഒരു നല്ല മാർഗ്ഗമാണ്.

പ്രാർത്ഥനയോടെയുള്ള ഒരുക്കവും മുകളിൽ പ്രസ്താവിച്ച എല്ലാ സാദ്ധ്യതകൾക്കും വേണ്ടി പ്രാർത്ഥിക്കുന്നതും നിർണ്ണായകമാണ്. സഭയുടെ പ്രത്യേക അപേക്ഷകൾ ആയ സഭാ കാര്യപരിപാടികൾ നടപ്പിലാക്കുന്നതിനും അതിന്റെ സുശക്തമായ ഫലത്തിനും വേണ്ടി ചില വിശിഷ്ടരായ വിശ്വാസികളോടും നിലവിലുള്ള പ്രാർത്ഥനാ സർക്കിളുകളോടും സഭയിലെ മൊത്തം വിശ്വാസികളോടും ഒരു പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നതിന് പ്രാർത്ഥിക്കുന്ന വ്യക്തികൾ ആവശ്യപ്പെടുന്നത് വിലയേറിയ കാര്യമാണ്.

## സ്പഷ്ടമായ വാക്കുകൾ

### നീൽ സി. വിൽസൻ എന്തോ ചിലത് കുറവായി തോന്നുന്നു

പല മേഖലകളിലും പുരോഗതിയും വിജയങ്ങളും ഉണ്ടെങ്കിലും എനിക്കു തീർച്ചയായും ഏറ്റു പറയുവാൻ ഉള്ളത് എന്തോ ചില കാര്യങ്ങൾക്കു കുറവു സംഭവിച്ചിരിക്കുന്നു എന്നുള്ളതാണ്, അതു പറയുവാൻ ഞാൻ അധികമായി പ്രേരിപ്പിക്കപ്പെട്ടിരിക്കുകയാണ്. "ദൈവത്തിന്റെ മഹത്വകരമായ പ്രതീക്ഷയ്ക്കു ഒത്തവണ്ണം നമ്മിൽ ഓരോരുത്തരും അവിടുത്തെ സഭയും പൂർണ്ണമായി അളവു പ്രാപിച്ചിട്ടില്ല." അഡ്വന്റിസ്റ്റ് റിവ്യൂ, ജനുവരി 4, 1990, പേജ് 2). നമുക്കു എന്തു കുറവാണ് സംഭവിച്ചിരിക്കുന്നത് എന്നു ചൂണ്ടിക്കാണിക്കുവാൻ നീൽ സി. വിൽസൺ അല്പം കൂടി മുമ്പോട്ടു പോകുകയാണ്. "പരിശുദ്ധാത്മ നിറവ് പ്രാപിപ്പാൻ ഉണ്ടായ കുറവാണെന്ന്" അദ്ദേഹം ഗ്രഹിക്കുന്നു. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ പൂർണ്ണഹൃദയത്തോടെ ഞാൻ അംഗീകരിക്കുന്നു. അവിടുത്തെ ജനത്തിലൂടെ ദൈവം വേല തികയ്ക്കുന്നതിന്റെ താക്കോലാണ് പരിശുദ്ധാത്മാവിന്റെ സ്നാനം (ഡെന്നീസ് സ്മിത്ത് ആത്മസ്നാനവും സുവിശേഷീകരണവും പേജ് 4) മിഷൻ പ്രവർത്തനത്തെ സഹായിക്കുന്നത് ഉണർവ്വാണ്.

## മിഷൻ പ്രവർത്തനത്തിനു കാരണം ഉണർവ്വ്

എനിക്ക് ഇപ്പോൾ 36 വയസ്സുണ്ട്. എന്റെ ജോലിസ്ഥലത്ത് കഴിഞ്ഞ അഞ്ചുവർഷമായി ഞാൻ മാത്രമേ ഒരു അഡ്വന്റിസ്റ്റുകാരനായിട്ടുള്ളൂ. ഈ വർഷം എന്റെ ടീമിൽ അഞ്ചു പുതിയ ഉദ്യോഗങ്ങൾ തുറക്കപ്പെട്ടു. ആ അഞ്ചുപേരിൽ രണ്ടുപേർ അഡ്വന്റിസ്റ്റുകാരായിരുന്നു. ഇതിൽ ഞാനും മറ്റേയാളും പോർട്ട് മൊറസ്ബിയിൽ 2000 ആണ്ടിൽ പാസ്റ്റർ മാർക്ക് ഫിൻലെ നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായി സ്നാനപ്പെട്ടവർ ആണ്. എങ്കിലും അയാൾ ഇപ്പോൾ പിന്മാറ്റക്കാരനാണ്. പരിശുദ്ധാത്മാവിന്റെ സ്വാധീനത്താൽ ആ വ്യക്തിയെയും എന്റെ ചുറ്റുപാടും ഉള്ളവരെയും സഹായിക്കുക എന്നുള്ളതാണ് എന്റെ ഇപ്പോഴത്തെ ജോലി, ഞാൻ പരിശുദ്ധാത്മാവിനു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ക്രിസ്തുവിങ്കലേക്കുള്ള പടികൾ എന്ന പുസ്തകം എന്റെ രണ്ടു സഹപ്രവർത്തകർക്ക് ഞാൻ നൽകുകയുണ്ടായി. ഞാൻ തുടർപ്രവർത്തനം ഇന്ന് നടത്തിയപ്പോൾ എന്റെ സഹപ്രവർത്തക ആ പുസ്തകം വായിച്ചു തീർന്നു, വായിക്കുവാൻ മറ്റൊരു പുസ്തകം വേണം എന്നു ആവശ്യപ്പെട്ടു, എന്നാൽ സഹപ്രവർത്തകൻ, ലഭിച്ച പുസ്തകം വായിച്ചു തീർന്നിട്ടില്ല എന്നു കണ്ടെത്തി. അവർ രണ്ടുപേരും എന്റെ പ്രാർത്ഥനാ പട്ടികയിൽ ഉണ്ട്. ഞാൻ ഇതിന് ദൈവത്തിനു നന്ദി അർപ്പിക്കുന്നു. ഞാൻ ഒരു ശീതോഷ്ണവാനായ ക്രിസ്ത്യാനിയായിരിപ്പാൻ ആഗ്രഹിക്കുന്നില്ല, ഞാൻ കണ്ടുമുട്ടുന്ന എല്ലാവരോടും യേശുവിനെക്കുറിച്ചു ഗ്രഹിപ്പിക്കുവാനും പങ്കുവെയ്ക്കുവാനും അതിയായി ആഗ്രഹിക്കുന്നു. എന്റെ ദിവസേനയുള്ള ജീവിതത്തിൽ ഞാൻ പുതുതായി കണ്ടെത്തിയ സ്നേഹത്തിന് എന്റെ തൊഴിലുമായി പൊരുത്തപ്പെട്ടുപോകുവാൻ പ്രയാസപ്പെടുന്നതുകൊണ്ട് ഉടൻതന്നെ എന്റെ ഇപ്പോഴത്തെ ജോലി മാറ്റി മറ്റൊരു ജോലിയിലേക്കു പോകും എന്നു ഞാൻ ചിന്തിക്കുന്നു. (I.M. 090518 # 142)

(ആറുമാസക്കാലമായി പരിശുദ്ധാത്മാവിനു വേണ്ടി സമർപ്പിക്കപ്പെട്ടു ആത്മനിറവിനു വേണ്ടി ദിവസവും പ്രാർത്ഥിക്കുന്ന ഒരു വ്യക്തി എഴുതിയ അനുഭവസാക്ഷ്യം).

### നിങ്ങളുടെ പുസ്തകം ഞങ്ങൾ വൻതോതിൽ പങ്കുവെയ്ക്കുന്നു – 1500 കോപ്പികൾ

പ്രോത്സാഹനത്തിന്റെ ഒരു സന്ദേശം, വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ (ഇംഗ്ലീഷിലും സ്പാനിഷിലും), യേശുവിൽ വസിക്കുക എന്നീ പുസ്തകങ്ങൾ ആവശ്യപ്പെടുന്ന എല്ലാവർക്കും ഞാനും എന്റെ ഭാര്യയും ചേർന്നു വെബ്സൈറ്റിലൂടെ സൗജന്യമായി പങ്കുവെയ്ക്കുന്നതാണ്. ഞങ്ങൾ രണ്ടുവർഷമായി ഈ പുസ്തകങ്ങൾ പങ്കുവെച്ചു കൊണ്ടിരിക്കുകയാണ്. വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ എന്ന പുസ്തകം ഞാൻ ഇതുവരെ 1000 പേർക്ക് നൽകുകയുണ്ടായി, അതുപോലെ യേശുവിൽ വസിക്കുക എന്ന പുസ്തകത്തിന്റെ 500 പ്രതികൾ നൽകുകയുണ്ടായി. ഈ പുസ്തകങ്ങളുടെ ഉൾക്കാഴ്ചയ്ക്കായി നിങ്ങൾക്ക് നന്ദി പറയുന്നു. യേശുവിൽ വസിക്കുക എന്ന പുസ്തകം വളരെ അത്യാവശ്യമാണെന്ന് ഞാൻ കരുതുന്നു. അതിന്റെ സ്പാനിഷ് പരിഭാഷ ഉണ്ടോ?

(AFB EE 040619 യു.എസ്.എ. യിൽനിന്നും # 88)

### വ്യക്തിപരമായ ചിന്തകളും ചർച്ചയ്ക്കുള്ള വഴികാട്ടിയും

1. പരിശുദ്ധാത്മാവിലൂടെയുള്ള ജീവിതത്തിന്റെ ഫലമായി എങ്ങനെ താല്പര്യം ഉണർത്തുവാൻ കഴിയും എന്നുള്ളതിന്റെ സാദ്ധ്യതാ പട്ടിക തയ്യാറാക്കുക.

   ........................................................................................................

   ........................................................................................................

2. ഏതുതരം ആളുകളുമായിട്ടാണ് നിങ്ങൾക്ക് ഒത്തുപോകുവാനും പരിശുദ്ധാത്മാവിനുവേണ്ടി പ്രാർത്ഥിക്കുവാനും കഴിയുന്നത്?

   ........................................................................................................

   ........................................................................................................

3. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വിഷയത്തിൽ നിങ്ങളുടെ സഭയിലെ വിശ്വാസികളിൽ താല്പര്യം ഉണർത്തുവാൻ എന്തു നിർദ്ദേശങ്ങൾ ആണ് നിങ്ങൾക്ക് നൽകുവാനുള്ളത്?

   ........................................................................................................

   ........................................................................................................

## നമ്മുടെ പ്രാർത്ഥനാ സമയം

- നിങ്ങളുടെ പ്രാർത്ഥനാ പങ്കാളിയെ സമീപിച്ച് ഈ വിഷയം ചർച്ച ചെയ്യുക.
- നിങ്ങളുടെ പങ്കാളിയുമായി ചേർന്നു പ്രാർത്ഥിക്കുക.

1. പരിശുദ്ധാത്മാവ് ഇന്നു നിങ്ങളെ നിറയ്ക്കുന്നതിനുവേണ്ടി.
2. നമ്മിലും നമ്മുടെ ജീവിതങ്ങളിലും സഭകളിലും കർത്താവ് ഉണർവ്വിനായ് പ്രവർത്തിക്കുന്നതിന്.
3. വാക്കിലും പ്രവൃത്തിയിലും നാം ഇന്നു ഒരു അനുഗ്രഹമായിത്തീരുന്നതിന്.

### പതിമൂന്നാം ദിവസം

ഈ ദൂത് നാം എങ്ങനെയാണ് പ്രചരിപ്പിക്കേണ്ടത്? അതിനുള്ള വഴികൾ എന്തെല്ലാം?

## ഉണർവ്വിന്റെ ലഘുലേഖകൾ എങ്ങനെ വിതരണം ചെയ്യുവാൻ സാധിക്കും?

### ലക്ഷ്യം

ഒരിക്കൽ ഒരു സഹോദരൻ പറഞ്ഞത്: "ലോകത്തെമ്പാടുമുള്ള എല്ലാ അഡ്വന്റിസ്റ്റു ഭവനങ്ങളിലും ഈ സന്ദേശം എത്തിച്ചേരേണ്ടതാണ്. ഞാൻ എന്റെ ഭാഗം നിർവ്വഹിക്കാം." അവൻ അതു തീവ്രമായി നിർവ്വഹിക്കുന്നുണ്ട്. ഒരു സഹോദരി ഇപ്രകാരം എഴുതി: ഈ പുസ്തകം എല്ലാ പ്രധാനപ്പെട്ട ഭാഷകളിലും വിവർത്തനം ചെയ്യപ്പെടണം. എല്ലാ ഭാഷകളിലും പരിഭാഷപ്പെടുത്തുവാൻ സാധിക്കുമെങ്കിൽ ഏറ്റവും നല്ലത്. അവൾ തന്റെ കോൺഫറൻസിൽ വിജയിച്ചു. ഇപ്പോൾ എല്ലാ ഡിസ്ട്രിക്റ്റുകളിലും ഈ വിഷയം പ്രസംഗിച്ചുകൊണ്ടിരിക്കുകയാണ്. ഇതു കൂടാതെ നേരത്തേ ഒരിക്കലും ക്രിസ്ത്യാനിത്വം അംഗീകരിക്കാത്ത രാജ്യത്തിലേക്ക് ദൈവത്തിന്റെ നിർദ്ദേശപ്രകാരം അവൾ ആയിരക്കണക്കിനു പുസ്തകങ്ങൾ കൊണ്ടുവന്നിരിക്കുകയാണ്.

## പുരോഗതിയും സാമ്പത്തികവും

വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ എന്ന പുസ്തകം എല്ലാ അഡ്വന്റിസ്റ്റു ഭവനങ്ങളിലും അവരുടെ സ്വന്തം ഭാഷകളിൽ സൗജന്യ

മായോ ചെറിയ വിലയിലോ ദൈവസഹായത്താൽ എത്തിക്കുന്നതാണ്. പാസ്റ്റർമാരുടെ സഹായത്താൽ കോൺഫറൻസുകളിലും യൂണിയനുകളിലും ഉള്ള അവരുടെ ചുമതലയിലുള്ള ഡിസ്ട്രിക്റ്റുകളിലെ എല്ലാ സഭകളിലെയും ഭവനങ്ങളിൽ നേരത്തെ തന്നെ സൗജന്യമായി പുസ്തകങ്ങൾ നൽകുകയുണ്ടായി. ഇതിന്റെ വഴികാട്ടികൾ സ്വിറ്റ്സർലൻഡിലെ സ്വിസ്-ജർമ്മൻ കോൺഫറൻസ്, ഓസ്ട്രിയയിലെ ഓസ്ട്രിയൻ യൂണിയൻ, ജർമ്മനിയിലെ ബെഡൻ വൂർട്ടെംബെർഗ് എന്നിവർ ആണ്. ദൈവം പ്രത്യേകമായി മുൻകൈ എടുത്തതുകൊണ്ടാണ് ഈ പദ്ധതി പുരോഗതി പ്രാപിച്ചത്. 2019 ൽ 9 ലക്ഷം കോപ്പികൾ വിതരണം ചെയ്യുന്നതിന് ദൈവത്തിന്റെ സ്വാധീനത്താലും കൃപയാലും സാധിച്ചു. ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് ദൈവസഹായം തുടർന്നും ലഭിക്കുന്നതിനും ആവശ്യമായ വഴികൾ തുറക്കപ്പെടുന്നതിനും നിങ്ങളുടെ പ്രാർത്ഥന ഞങ്ങൾ ക്ഷണിച്ചുകൊള്ളുന്നു. പുസ്തകങ്ങളുടെ അച്ചടിചിലവ് പകുതിയെങ്കിലും ലഭിക്കുന്നതിനുവേണ്ടി ആവശ്യമായ ഫണ്ടിനുവേണ്ടി ഞങ്ങൾ ശക്തമായ ബഡ്ജറ്റ് തയ്യാറാക്കി സാധാരണ ചെയ്യുന്നതുപോലെ കോൺഫറൻസിനോടും യൂണിയനോടും അഭ്യർത്ഥിക്കും. എന്നാൽ പ്രത്യേകിച്ചു മറ്റു മിഷൻ പ്രവർത്തനങ്ങൾക്ക് എല്ലാം ദൈവസഹായത്താൽ ഞങ്ങൾ തന്നെ സാമ്പത്തികം കണ്ടെത്തുന്നു. എന്നാൽ ഉപഭോക്താവിനു എല്ലായ്പ്പോഴും വിഭവങ്ങൾ സൗജന്യമായി ലഭിക്കുന്നു, അല്ലെങ്കിൽ വലിയ അളവിൽ കുറഞ്ഞ തുകയ്ക്കു ലഭിക്കുന്നു.

## ശക്തവും വ്യക്തിപരവുമായ ആവശ്യം

നിങ്ങൾ മറ്റുള്ളവരിലേക്കു ഇറങ്ങിച്ചെല്ലുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. പങ്കുവെയ്ക്കുന്നതിന് ഏറ്റവും ശക്തമായ ആവശ്യം നിങ്ങൾ വ്യക്തിപരമായി ഈ ദൂതിനാൽ അനുഗ്രഹിക്കപ്പെടുകയും ഓരോ ദിവസത്തെയും അടിസ്ഥാനമാക്കി പരിശുദ്ധാത്മാവിനെ പ്രാപിച്ചു ക്രിസ്തു നിങ്ങളുടെ ഉള്ളിൽ ജീവിക്കുകയും വേണം എന്നുള്ളതാണ്. ദയവായി യുഗങ്ങളുടെ പ്രത്യാശ എന്ന പുസ്തകം 676–ാം പേജ് വായിക്കുക. (EGW writings) യേശുവിന്റെ വചനത്തിലെ വിലയേറിയ പരാമർശം യോഹന്നാന്റെ സുവിശേഷം 15:4 ൽ പറയുന്നു: “എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും.” ഇതിനു രണ്ടു അർത്ഥങ്ങൾ ഉണ്ട്.

- അവിടുത്തെ ആത്മാവിനെ സ്ഥിരമായി പ്രാപിക്കുക.
- നിറഞ്ഞ മനസ്സോടെ യേശുവിന്റെ സേവനത്തിനായി സമർപ്പിക്കുക.

യേശു എന്തിനാണ് ഇങ്ങനെ ഒരു സൂചന നൽകിയത്? "എന്റെ സന്തോഷം നിങ്ങളിൽ ഇരിപ്പാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനും ഞാൻ ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു" (യോഹ. 15:11). യേശുവിന്റെ സന്തോഷം ആത്മാവിന്റെ ഫലമാണ് (ഗലാ. 5:22).

## വിതരണം ചെയ്യുവാനുള്ള സാദ്ധ്യതകൾ

### പ്രാർത്ഥന

ചില പ്രത്യേക ജനവിഭാഗങ്ങളുമായി സുവിശേഷം പങ്കുവെയ്ക്കുമ്പോൾ മദ്ധ്യസ്ഥ പ്രാർത്ഥനയിലൂടെ തീർച്ചയായും ഒരുങ്ങേണ്ടതാണ്. മിസ്സിസ് എലൻ ജി. വൈറ്റ് 'വിദ്യാഭ്യാസം' എന്ന പുസ്തകം പേജ് 341 ൽ പറയുന്നത്, "സമൃദ്ധിയായി പ്രാർത്ഥിക്കുന്നതിലൂടെ നിങ്ങൾ ആത്മാക്കൾക്കുവേണ്ടി വേല ചെയ്യണം. ആത്മാക്കളെ നിങ്ങൾക്കു നേടുവാൻ, കഴിയുന്നത് ഈ ഒരു മാർഗ്ഗത്തിലൂടെ മാത്രമാണ്."

### പുസ്തക വിതരണം

നിങ്ങൾ പുസ്തകം വിതരണം ചെയ്യുമ്പോൾ നിങ്ങളുടെ അഭിപ്രായങ്ങളും അനുഭവങ്ങളും അതു ഏറ്റുവാങ്ങുന്നവരുമായി പങ്കുവെയ്ക്കണം. ഇവർ ചിലപ്പോൾ നിങ്ങളുടെ സുഹൃത്തുക്കളും സഭകളിലും കോൺഫറൻസുകളിലും യൂണിയനിലും പ്രസ്സുകളിലും മിഷൻ പദ്ധതികളിലും സ്ഥാപനങ്ങളിലും ഉള്ള നേതാക്കന്മാരും പ്രധാന സ്ഥാനങ്ങൾ വഹിക്കുന്നവരും ആയിരിക്കും. സംഘാടകരുടെ അനുവാദത്തോടുകൂടി കൺവെൻഷനുകളിലെ ബൂത്തുകളിലും പരസ്യമായും ജനങ്ങൾക്കു വിതരണം ചെയ്യുവാൻ മറ്റൊരു വിലയേറിയ അവസരം ലഭിക്കുകയാണ്. എല്ലാ അഡ്വന്റിസ്റ്റു കുടുംബത്തിനും പുസ്തകത്തിന്റെ ഒരു കോപ്പി സൗജന്യമായോ ചുരുങ്ങിയ വിലയിലോ ലഭിക്കണം, ഈ കാര്യം മനസ്സിൽ കരുതുക.

തപാൽ വഴിയും നേരിൽ ജനത്തെ കണ്ടുമുട്ടുമ്പോഴും പുസ്തകം അവർക്ക് നൽകുവാൻ സാധിക്കും.

### ഇന്റർനെറ്റ് വഴി വിതരണം ചെയ്യുക

ഈമെയിൽ വഴി അയയ്ക്കുന്നതാണ് ദൂത് എത്തിക്കുവാൻ ഏറ്റവും സമകാലികമായ മാർഗ്ഗം. ദൂത് ആസ്ട്രേലിയായിൽ അയച്ചുകൊടുത്തു.

അവിടെനിന്നും ഇൻഡ്യയിലെ മിസോറാമിലേക്കു അയച്ചു. ബ്രസീൽ മാർഗ്ഗം പാക്കിസ്ഥാനിലേക്കും അയച്ചു. www.schrittezur-personlichen-erweckung.info. ഇതിൽ നിങ്ങൾക്ക് ദൂത് വായിക്കുവാൻ കഴിയും. ഒരു ലളിതമായ ലിങ്ക് ഉപയോഗിച്ചു ഇതു നിങ്ങൾക്ക് കമ്പ്യൂറിൽ നിന്നും പ്രിന്റു എടുക്കുന്നതിനും പരിഭാഷപ്പെടുത്തിയ ഭാഷകളിലേക്കു അയയ്ക്കുന്നതിനും സാധിക്കും. ഇംഗ്ലീഷിൽ www.steps-to-personal-revival.info. എന്ന വെബ്സൈറ്റിൽനിന്നും ദൂതുകൾ ലഭ്യമാണെന്ന് ജനത്തെ ബോദ്ധ്യപ്പെടുത്തണം. 2019 ന്റെ അവസാനത്തോടെ ദൈവത്തിന്റെ സഹായത്താലും പ്രതിഷ്ഠിക്കപ്പെട്ട പരിഭാഷകരുടെ പിൻതുണയാലും 40 ഭാഷകളിൽ ഈ ദൂത് ലഭ്യമാണ്. താമസിക്കാതെ 10–12 ഭാഷകളിലും ലഭിക്കും. ദൈവസഹായത്താൽ ധാരാളം പേർ തീർച്ചയായും ഇതിനെ അനുഗമിക്കുന്നതാണ്.

## E - പുസ്തകങ്ങളിലൂടെ വിതരണം

വെബ്സൈറ്റിൽ ‘epub’, ‘mobi’ എന്നീ ഫോർമാറ്റിലൂടെ സൗജന്യമായി E- പുസ്തകങ്ങൾ ലഭ്യമാണ്. ആമസോൺ വഴിയും നിങ്ങൾക്ക് ഓർഡർ ചെയ്യാവുന്നതാണ്.

## സോഷ്യൽ നെറ്റ്‌വർക്കിലൂടെയും വിതരണം ചെയ്യാം

വളരെ ഫലപ്രദമായി ഈ വെബ്സൈറ്റിന്റെ ഉള്ളടക്കം പങ്കുവെയ്ക്കുവാനുള്ള മാർഗ്ഗം അല്ലെങ്കിൽ pdf ലിങ്ക് വഴി പുസ്തകങ്ങൾ കൂട്ടുകാർക്കും പരിചയക്കാർക്കും ഫെയ്സ്ബുക്ക്, ഗൂഗിൾ+, ടിിറ്റർ, വാട്ട്സാപ്പ് തുടങ്ങിയ നെറ്റ്‌വർക്ക് വഴിയും അയയ്ക്കാം. പങ്കുവെയ്ക്കുകയും ക്ഷണിക്കുകയും ചെയ്യുന്നതിലൂടെ നിങ്ങളുടെ വ്യക്തിപരമായ ബന്ധങ്ങൾ വ്യാപിപ്പിക്കുവാനും വിവിധ രാജ്യങ്ങളിലും ഭൂഖണ്ഡങ്ങളിലും ഉള്ളവരോടു ബന്ധം സ്ഥാപിക്കുവാനും കഴിയും.

## പ്രസംഗങ്ങളിലൂടെയും സെമിനാറുകളിലൂടെയും വിതരണം

സഭകളുമായി ചേർന്നു ഈ ദൂത് പങ്കുവെയ്ക്കാനുള്ള ഒരു അതിശയകരമായ അവസരമാണ്, പാസ്റ്റർമാർക്കും ലെപ്രീച്ചേഴ്സിനും ലഭിച്ചിരിക്കുന്നത്. ഒന്നോ അധികമോ പ്രസംഗങ്ങൾ ഇതിലൂടെ അവർക്കു നിർവ്വഹിക്കുവാൻ സാധിക്കും. നിങ്ങളുടെ സ്വന്തം പഠനത്തിൽനിന്നും കിട്ടുന്ന അറിവിലൂടെയോ ഈ പുസ്തകം വായിച്ചു കിട്ടുന്ന വസ്തുതക

ളിലൂടെയോ നിങ്ങൾക്ക് ഇതു ചെയ്യാൻ സാധിക്കും. "സഭ നേരത്തേ കേൾക്കുകയോ വായിക്കുകയോ ചെയ്തിട്ടുള്ള ഒരു വിഷയത്തെക്കുറിച്ചു ഞാൻ ഇതുവരെ പ്രസംഗിച്ചിട്ടില്ല. ഒരു പ്രധാനപ്പെട്ട വിഷയം 6 മുതൽ 10 തവണ എങ്കിലും വായിക്കുകയോ കേൾക്കുകയോ ചെയ്യണം എന്നുള്ളത് തീർച്ചയായും അത്യാവശ്യമാണെന്ന് വിദ്യാഭ്യാസ ഗവേഷണം നടത്തിയിട്ടുള്ളതുകൊണ്ടു എനിക്കറിയാം."

(ബ്രദർ ഹെൽമുട്ട് ഹോബെയിലിന്റെ വ്യക്തിപരമായ അനുഭവവും ഉപദേശവും) ഒരു വിഷയത്തെക്കുറിച്ചു വിശ്വാസികൾ നേരത്തേ വായിച്ചതുകൊണ്ടോ കേട്ടതുകൊണ്ടോ എനിക്കു ഒരു പ്രശ്നവും ഇല്ല, കാരണം ഇതിനെക്കുറിച്ചു എനിക്കു ഇപ്പോൾ അറിയാം. നിങ്ങൾ ഉപയോഗിക്കുന്നത് ഈ പുസ്തകത്തിലെ പ്രധാന ചിന്തകളും ഉദ്ധരണികളും ആണെന്ന്, വേണമെങ്കിൽ നിങ്ങൾക്കു സൂചിപ്പിക്കാം.

നിങ്ങൾക്ക് പ്രസംഗിക്കുവാൻ താല്പര്യമില്ലെങ്കിൽ ഈ വിഷയം തങ്ങളുടെ പ്രസംഗത്തിൽ ഉൾപ്പെടുത്തുവാൻ മറ്റുള്ളവരോടു ആവശ്യപ്പെടാം. 'വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ' എന്ന പുസ്തകത്തിലെ പൊതുവായ വിഷയം ശബ്ബത്ത് സെമിനാറിൽ പ്രസംഗിക്കുമ്പോൾ അതിൽ തീർച്ചയായും താഴെപ്പറയുന്ന മൂന്നു കാര്യങ്ങൾ ഉണ്ടായിരിക്കണം.

പ്രസംഗം: നമ്മുടെ പ്രശ്നങ്ങളുടെ പ്രധാന കാരണം എന്താണ്?

നമ്മുടെ പ്രശ്നങ്ങൾക്ക് ഒരു ആത്മീയ കാരണം ഉണ്ടോ?

പരിശുദ്ധാത്മാവിന്റെ കുറവു നാം മനസ്സിലാക്കുന്നുണ്ടോ?

എനിക്കു എപ്രകാരം എന്റെ ആത്മീയ ജീവിതത്തെക്കുറിച്ചു നിർണ്ണയിക്കുവാൻ കഴിയും?

(ഉറവിടം: വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ ആമുഖം, അദ്ധ്യായം 1,2)

**1. ഉച്ചകഴിഞ്ഞുള്ള പ്രോഗ്രാം**

നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാവുന്നത് - എന്നാൽ എങ്ങനെ?

- സന്തോഷകരവും ആനന്ദകരവും ശക്തവുമായ ക്രിസ്തീയ ജീവിതം നമുക്കു എങ്ങനെ വികസിപ്പിക്കുവാൻ കഴിയും?

- പരിശുദ്ധാത്മാവ് എങ്ങനെയാണ് നമ്മുടെ ജീവിതത്തെ നിറയ്ക്കുന്നത്? രഹസ്യമായ വാക്ക് "ദിവസേന" എന്നാണ്, ഉറവിടം: മുകളിൽ പറയുന്നപോലെ: അദ്ധ്യായം 3

**2. ഉച്ചകഴിഞ്ഞ് അഥവാ വൈകുന്നേരം ഉള്ള പ്രോഗ്രാം**

പ്രായോഗിക ഉപയോഗത്തിനുള്ള എന്റെ പ്രധാന ആശയങ്ങൾ/ എങ്ങനെ പ്രയോഗത്തിൽ കൊണ്ടുവരുവാൻ സാധിക്കും (പ്രധാന പ്രായോഗിക അനുഭവങ്ങൾ).

- ദൈവത്തിന്റെ പരിഹാരമാർഗ്ഗം എന്റെ ജീവിതത്തിൽ എപ്രകാരം പ്രയോഗത്തിൽ കൊണ്ടുവരുന്നതിനും അനുഭവിച്ചറിയുന്നതിനും സാധിക്കും?
- ഞാൻ തീർച്ചയായും പരിശുദ്ധാത്മാവിന്റെ ഉറപ്പായ നിറവിനു വേണ്ടി എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടത്?
- ഉറവിടം: മുകളിൽ പ്രസ്താവിച്ച പ്രകാരം അഞ്ചാം അദ്ധ്യായം.

## വ്യക്തിപരമായ സാക്ഷ്യങ്ങൾ

താഴെപ്പറയുന്ന വിഷയങ്ങളുടെ വ്യക്തിപരമായ സാക്ഷ്യങ്ങൾ വളരെ വിലപ്പെട്ടതാണ്.

- വായന സാമഗ്രികളിൽ നിന്നും ലഭിച്ച വ്യക്തിപരമായ ധാരണകൾ അഥവാ ഉൾക്കാഴ്ചകളെക്കുറിച്ച്.
- ഈ ദൂത് മുഖാന്തരം നിങ്ങളുടെ ജീവിതത്തിൽ ഉണ്ടായ ഫലങ്ങൾ.

## നിങ്ങളുടെ സ്വന്തം പ്രാദേശികഭാഷയിൽ പരിഭാഷപ്പെടുത്തുക

ഈ പുസ്തകം ഇതുവരെയും നിങ്ങളുടെ പ്രാദേശിക ഭാഷയിൽ പരിഭാഷപ്പെടുത്തിയിട്ടില്ലെങ്കിൽ നിങ്ങളുടെ പ്രാർത്ഥനയാലും ദൈവത്തിന്റെ അനുഗ്രഹത്താലും ചിലപ്പോൾ നിങ്ങൾക്ക് ഇത് പരിഭാഷപ്പെടുത്തുന്നതിന് മനസ്സൊരുക്കവും കഴിവും ഉള്ള ഒരാളെ കണ്ടെത്താൻ കഴിയും. ഈ ദൂതിനാൽ വ്യക്തിപരമായി സ്പർശിക്കപ്പെടുന്ന പരിഭാഷകർ വളരെ പ്രയോജനകരമാണ്. ഈ ദൂത് പ്രചരിപ്പിക്കുന്നതിന് താല്പര്യമുള്ളതുകൊണ്ട് ഇതുവരെ മിക്ക പരിഭാഷകരും ഇതു സ്വമേധയാ ചെയ്തിരിക്കുകയാണ്. പരിഭാഷപ്പെടുത്തുന്ന ആൾക്ക്

ഇതിൽനിന്നും വരുമാനം ഉണ്ടെങ്കിൽ ഞാൻ മനസ്സിലാക്കിയിടത്തോളം ചിലപ്പോൾ പരിഭാഷപ്പെടുത്തുന്നതിന് ചിലവ് വരുന്നുണ്ട്. അപ്രകാര മുള്ള പരിഭാഷകർക്ക് സഹോദരനിർവിശേഷമായ വേതനമാണ് കൊടു ക്കുന്നത്. പരിഭാഷാ വിഷയങ്ങളിൽ ഹെൽമുട്ട് ഹൊബെയിലിനെ നിങ്ങൾ വ്യക്തിപരമായി ബന്ധപ്പെടുന്നതിനെ ഞങ്ങൾ അംഗീകരി ക്കുന്നു. ഓരോ ഭാഷയിലും ഒരേ രീതിയിൽ പ്രസിദ്ധപ്പെടുത്തുവാൻ അദ്ദേഹം തീർച്ചയായും ആഗ്രഹിക്കുന്നതുകൊണ്ട് നിങ്ങളോടു പങ്കു വെയ്ക്കുവാൻ അദ്ദേഹത്തിനു ചില നല്ല അഭിപ്രായങ്ങൾ ഉണ്ട്.

## സമാപന ചിന്തകൾ

അവിടുത്തെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം പരിശുദ്ധാത്മാ വിലൂടെ നമ്മുടെ എല്ലാ ജീവിത ചുറ്റുപാടുകളിലും ശക്തിപകരുന്ന തിന് നമുക്കു വിസ്മയകരമായ ഒരു നായകൻ ഉണ്ട്.

ഇപ്രകാരം നമ്മുടെ സ്വഭാവത്തിനു മാറ്റം വരുന്നതാണ്, ദൈവ ത്തിന്റെ കയ്യിലെ ഇണങ്ങിയ ആയുധങ്ങളായിത്തീരുവാൻ നമുക്കു സാധിക്കും. നമ്മുടെ ദിവസവും ഉള്ള സമർപ്പണത്തിലൂടെയും പരി ശുദ്ധാത്മ സ്നാനത്തിലൂടെയും നമ്മുടെ ജീവിതത്തിനു ഒരു വലിയ മുന്നേറ്റം ഉണ്ടാകുവാൻ അതു നമ്മെ സഹായിക്കും.

ഈ ലോകചരിത്രത്തിലെ ഏറ്റവും വലിയ സമയത്തിനുവേണ്ടി നമ്മെ ഒരുക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നു. അവിടുത്തെ വരവിനു വേണ്ടി നാം വ്യക്തിപരമായി ഒരുങ്ങുവാൻ കർത്താവു നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നു, അതുപോലെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ സുവി ശേഷവേല പൂർത്തീകരിക്കുവാൻ നമുക്കു ഒരുമിച്ചു പ്രവർത്തിക്കാം. ഈ വിഷമം നിറഞ്ഞ സന്ദർഭങ്ങളിൽ നമ്മെ വിജയകരമായി നടത്തു വാൻ അവിടുന്നു ആഗ്രഹിക്കുന്നു.

ദിവസേനയുള്ള സമർപ്പണത്താലും പരിശുദ്ധാത്മസ്നാനത്താലും ദൈവം നിങ്ങൾക്ക് വ്യക്തിപരമായ ഉണർവ്വും നവീകരണവും നൽകു മാറാകട്ടെ.

ഒരു ബൈബിൾ വചനത്താലും ഉണർവ്വിനുള്ള ഒരു പ്രാർത്ഥന യാലും ഇത് പൂർത്തീകരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

"എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ചു എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമാർഗ്ഗ

ങ്ങളെ വിട്ടുതിരിയുമെങ്കിൽ ഞാൻ സ്വർഗ്ഗത്തിൽനിന്നു കേട്ടു അവരുടെ പാപം ക്ഷമിച്ചു അവരുടെ ദേശത്തിനു സൗഖ്യം വരുത്തിക്കൊടുക്കും" (2 ദിന. 7:14).

**പ്രാർത്ഥന:** സ്വർഗ്ഗസ്ഥപിതാവേ, അവിടുന്നു ഞങ്ങൾക്ക് വിനയം നൽകേണമേ (മീഖാ. 6:8). അവിടുത്തെ മുഖം അന്വേഷിക്കേണ്ടതിനും പ്രാർത്ഥിക്കേണ്ടതിനും ഞങ്ങളുടെ ഹൃദയങ്ങളിൽ ഒരു വലിയ ആഗ്രഹം തരേണമേ. ഞങ്ങളുടെ ദുഷ്ടവഴികളെ വിട്ടുതിരിയുന്നതിനു മനസ്സൊരുക്കം ഉണ്ടാകുവാൻ ഞങ്ങളെ സഹായിക്കേണമേ. അവിടുത്തെ മുൻ ഉപാധികൾ പൂർത്തീകരിക്കുവാൻ അവിടുന്നു സഹായിക്കേണമേ, അവിടുത്തെ വാഗ്ദത്വത്തിന്റെ ഫലമായി അവിടുത്തെ മറുപടി കേൾക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളുടെ പാപങ്ങളെ ഞങ്ങളോടു ക്ഷമിക്കേണമേ, ശീതോഷ്ണാവസ്ഥയിൽനിന്നും വിശ്വാസത്യാഗത്തിൽനിന്നും ഞങ്ങളെ വിടുവിക്കേണമേ. യേശുവിനായ് ഞങ്ങളെ ദിവസവും സമർപ്പിക്കുവാൻ സഹായിക്കേണമേ, അതുപോലെ വിശ്വാസത്താൽ പരിശുദ്ധാത്മാവിനെ പ്രാപിക്കുവാൻ സഹായിക്കേണമേ. ആമേൻ.

"പ്രാർത്ഥനയുടെ മറുപടിയിലൂടെ മാത്രമേ ഒരു ഉണർവ്വിന്റെ ആവശ്യം പ്രതീക്ഷിക്കുവാൻ കഴിയുകയുള്ളൂ."144 "പെന്തെക്കൊാസ്ത് നാളിനെപ്പോലെ പരിശുദ്ധാത്മാവിന്റെ സ്നാനം സത്യമതത്തിന്റെ ഉണർവ്വിലേക്കാണ് നയിക്കുന്നത്, അനന്തരം അനേകം അത്ഭുത പ്രവൃത്തികൾ നിർവ്വഹിക്കപ്പെടുന്നു."145

## വ്യക്തിപരമായ ചിന്തകളും ചർച്ചയ്ക്കുള്ള വഴികാട്ടിയും

1. ഈ ഭാഗത്തിൽ സൂചിപ്പിച്ചിരിക്കുന്ന തിരഞ്ഞെടുക്കുവാനുള്ള അവകാശത്തിൽ, നിങ്ങളോടു ഏറ്റവും കൂടുതൽ അപേക്ഷിക്കുന്നത് ഏതാണ്?

   ..........................................................................................................

   ..........................................................................................................

2. ഈ പുസ്തകം വായിച്ചതിനുശേഷം നിങ്ങൾക്കു ഏറ്റവും പ്രധാനപ്പെട്ടതായി തോന്നുന്ന കാര്യം എന്താണ്?

   ..........................................................................................................

   ..........................................................................................................

3. അടുത്ത ചില ആഴ്ചകളിൽ നിങ്ങൾ പ്രത്യേകമായി കൈവരിക്കുവാൻ ആഗ്രഹിക്കുന്നത് എന്താണ്?

.....................................................................................................................

.....................................................................................................................

## നമ്മുടെ പ്രാർത്ഥനാ സമയം

- നിങ്ങളുടെ പ്രാർത്ഥനാ പങ്കാളിയെ സമീപിച്ച് ഈ വിഷയം ചർച്ച ചെയ്യുക.
- നിങ്ങളുടെ പങ്കാളിയുമായി ചേർന്നു പ്രാർത്ഥിക്കുക.

1. കർത്താവ് നിങ്ങളെ അവിടുത്തെ ആത്മാവിനാൽ തുടർന്നും നിറയ്ക്കുന്നതിന്.
2. നമുക്കു എങ്ങനെ മുമ്പോട്ടുപോകുവാൻ സാധിക്കും എന്നു തിരിച്ചറിയുന്നതിനുവേണ്ടി.
3. അവിടുത്തെ സാക്ഷികളായിരിക്കുമ്പോൾ ദൈവം നമ്മെ നയിക്കുന്നതിനുവേണ്ടി.

# അനുബന്ധം

**പതിനാലാം ദിവസം**

## കൂടുതൽ പഠനത്തിനുവേണ്ടിയുള്ള ശുപാർശ

ഒരു പ്രധാനപ്പെട്ട നിർദ്ദേശം: കഴിയുമെങ്കിൽ ഈ പുസ്തകം ആറു ദിവസത്തേയ്ക്കു എല്ലാദിവസവും വായിക്കുക. ഒരു വ്യക്തി തന്റെ ജീവിതത്തിനു ഇപ്രകാരം പ്രധാനപ്പെട്ട ഒരു വിഷയം ശരിയായി മനസ്സിലാക്കുന്നതിനുമുമ്പ് 6 മുതൽ 10 പ്രാവശ്യം വരെ എങ്കിലും വായിച്ചിരിക്കണം എന്നാണ് വിദ്യാഭ്യാസ സംബന്ധിയായി ഗവേഷണം കാണിക്കുന്നത്. അതുകൊണ്ടു ഇതിനു വേണ്ടി ശ്രമിക്കുക. ഇതിന്റെ ഫലം നിങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതാണ്. ഒരു അദ്ധ്യാപകൻ അതു പരിശോധിക്കുകയുണ്ടായി: “ഇപ്രകാരം ധൈര്യം പകരുന്ന വാക്കുകൾ എന്നെ വശീകരിക്കുകയുണ്ടായി” “ഒരു പ്രാവശ്യം എങ്കിലും ഒന്നു ശ്രമിക്കുക. ഇതിന്റെ ഫലം നിങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതാണ്” ഇതു അനുഭവിച്ചറിയുവാൻ ഞാൻ ആഗ്രഹിച്ചു. അങ്ങനെ മൂന്നു വായനയിൽ അതു എന്നെ പിടിച്ചു. ഞാൻ ജീവിതകാലം മുഴുവൻ അഭിലഷിച്ചിരുന്ന എന്റെ രക്ഷിതാവിന്റെ സ്നേഹം ഞാൻ അനുഭവിച്ചറിഞ്ഞു. 2 മാസം കൊണ്ടു ഈ പുസ്തകം ഞാൻ 6 തവണ വായിച്ചു. അതിന്റെ ഫലം വളരെ സന്തോഷകരമായിരുന്നു, യേശു നമ്മുടെ അടുത്തു വരുമ്പോൾ അവിടുത്തെ പവിത്രവും ദയയും സ്നേഹവും നിറഞ്ഞ കണ്ണുകളെ നമുക്കു കാണാൻ കഴിയുന്നതുപോലെ അതു എനിക്കു മനസ്സിലായി. അതിനുശേഷം എന്റെ രക്ഷകനോടുള്ള സ്നേഹം കൂടാതെ ഒരിക്കലും എനിക്കു മുമ്പോട്ടു പോകുവാൻ കഴിഞ്ഞിരുന്നില്ല.” C.P.

പരിശുദ്ധാത്മാവിലൂടെ പലർക്കും പുതുജീവിതം ലഭിച്ചതിന്റെ നന്ദിയും അത്യുത്സാഹവും നിറഞ്ഞ സാക്ഷ്യങ്ങൾ അനേകരിൽനിന്നും എനിക്കു ലഭിക്കുകയുണ്ടായി. വളരെ തീവ്രതയോടെ ഈ പുസ്തകം പലപ്രാവശ്യം വായിച്ചവർ ആയിരുന്നു അവരിൽ ഭൂരിപക്ഷം പേരും.

## 40 ദിവസ അദ്ധ്യാപന സഹായഗ്രന്ഥം

വെബ്സൈറ്റിലുള്ള ഡെന്നീസ് സ്മിത്തിന്റെ പുസ്തകം ഉപയോഗിച്ചതിനുശേഷം, ഒരു സുവിശേഷയോഗ പരമ്പരയോടു ചേർന്നു 40 ദിവസ പ്രാർത്ഥന സംഘടിപ്പിക്കുവാൻ സഹായകരമായ സാമഗ്രികൾ നിങ്ങൾക്ക് 40 ദിവസ അദ്ധ്യാപന സഹായഗ്രന്ഥത്തിൽ കണ്ടെത്താൻ കഴിയും. www.Sprit Baptism.org

## പരിശുദ്ധാത്മാവിനോടൊത്തു ജീവിക്കുന്നതിന്റെ പുതിയ അനുഭവം

നമ്മുടെ കർത്താവായ യേശു ഇപ്രകാരം പറഞ്ഞിരിക്കുന്നു: "എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു... എന്റെ സാക്ഷികൾ ആകും." (അ.പ്ര. 1:8)

ഒരു പ്രത്യേക അഭ്യർത്ഥന: പരിശുദ്ധാത്മാവിൽ ജീവിക്കുന്ന അനുഭവം നിങ്ങളുടെ വ്യക്തിപരമായ ജീവിതത്തിലോ അഥവാ സാക്ഷീകരണത്തിലോ ഉണ്ടെങ്കിൽ അതിന്റെ ഒരു ചെറിയ വിവരം ഹെൽമുട്ട് ഹോബെയിലിനു അയച്ചു കൊടുക്കുകയാണെങ്കിൽ ഞങ്ങൾ അതിനെ തികച്ചും അഭിനന്ദിക്കുന്നതാണ്. അങ്ങനെയാണെങ്കിൽ അദ്ദേഹം അതു മിഷൻ ബ്രീഫിൽ (mission brief) പങ്കുവെയ്ക്കുന്നതായിരിക്കും. (മിഷൻ പ്രവർത്തനത്തെക്കുറിച്ചു ജർമ്മൻ ഭാഷയിലുള്ള ഒരു ചെറിയ വാർത്താക്കുറിപ്പ്) നിങ്ങളുടെ കുറിപ്പിനു അടിയിൽ നിങ്ങളുടെ പേരിന്റെ പ്രഥമ അക്ഷരം വെച്ചാൽ മതിയോ, അതോ നിങ്ങളുടെ പേരും നിങ്ങൾ സംബന്ധിക്കുന്ന സഭയുടെ പേരും ഞങ്ങൾ പങ്കുവയ്ക്കണമോ എന്നു ഞങ്ങളെ അറിയിക്കുക. മറ്റുള്ളവരുടെ പരിശുദ്ധാത്മാവിനോടുകൂടെയുള്ള നടപ്പിനെ വളർത്തുവാൻ നിങ്ങളുടെ അനുഭവം അവരെ ശക്തീകരിക്കും എന്നോർക്കുക. അഥവാ പരിശുദ്ധാത്മാവും ആയിട്ടുള്ള അവരുടെ യാത്ര ആരംഭിക്കുവാൻ സഹായിക്കുന്നതാണ് (ഹെൽമുട്ട് ഹോബെയിലിനെ ബന്ധപ്പെടുവാൻ ആവശ്യമായ അദ്ദേഹത്തിന്റെ വിലാസം കവർ പേജിൽ നല്കിയിട്ടുണ്ട്).

## വ്യക്തിപരമായ ചിന്തകളും ചർച്ചയ്ക്കുള്ള വഴികാട്ടിയും

1. നിങ്ങളുടെ ഹൃദയത്തിൽ പരിശുദ്ധാത്മാവിനെ കൊണ്ടുവരുന്നതിലൂടെയുള്ള ജീവിതത്തിന് ഈ പുസ്തകം 6–10 പ്രാവശ്യം ആവർത്തിച്ചു വായിക്കണം എന്നുള്ള ഞങ്ങളുടെ ശുപാർശ

നല്ലൊരു പദ്ധതിയാണെന്ന് തെളിയിച്ചിരിക്കുകയാണ്. ഒരു സഹോദരി താൻ പുസ്തകം വായിച്ചു തുടങ്ങിയ ആദ്യത്തെ 6 ആഴ്ചകളിൽ തനിക്കുണ്ടായ അനുഭവങ്ങൾ മനസ്സിലാക്കുന്നതിനു അവൾ ഒരു ഡയറി സൂക്ഷിച്ചുവച്ചു. ഒരു നീണ്ട എഴുത്തു എഴുതുവാൻ തക്കവണ്ണം അവൾക്ക് സന്തോഷം ഉണ്ടായി. ഭാവിയിൽ നിങ്ങൾക്ക് മുമ്പോട്ടു പോകുവാനുള്ള നിങ്ങളുടെ മാർഗ്ഗത്തിനുവേണ്ടി എന്തു പദ്ധതിയാണ് നിങ്ങൾക്ക് ഉള്ളത്?

2. എന്റെ 50 വർഷ പാസ്റ്റർ സേവനത്തിന്റെ മദ്ധ്യത്തിൽ വന്നിട്ടുള്ള ഏറ്റവും വലിയ ആത്മീയവും സുവിശേഷീകരണ ആശയവും 40 ദിവസ പ്രാർത്ഥനയാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. 40 ദിവസത്തെക്കുറിച്ചുള്ള ഏതു പുസ്തകത്തിലും നിങ്ങൾക്ക് ഇതു വായിക്കുവാൻ കഴിയും. പൂർണ്ണമായ പദ്ധതിവേണം എന്നുള്ളവർക്ക് സൗജന്യമായി ഡൗൺലോഡ് ചെയ്യാം.

https://www.missionbrief.de/40-tage-kan zept.html (ഇംഗ്ലീഷിലും ജർമ്മൻ ഭാഷയിലും)

- വ്യക്തിപരമായും കുടുംബമായിട്ടും 40 ദിവസപഠനങ്ങൾ ഫോണിലൂടെയും സ്കൈപ്പിലൂടെയും നടത്താം. ഉദാഹരണത്തിനു ഈ സമയം നിങ്ങൾക്ക് വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ 3 പ്രാവശ്യം പഠിക്കാം, അല്ലെങ്കിൽ യേശുവിൽ വസിക്കുക എന്ന പുസ്തകം തുടർന്നു വായിക്കാം, അതല്ലെങ്കിൽ 40 ദിവസം എന്ന ഡെന്നീസ് സ്മിത്തിന്റെ ഏതെങ്കിലും ഒരു പുസ്തകം വായിക്കാം.
- അതുപോലെ ഈ സമയം എത്തിപ്പിടിക്കാത്ത 5 വ്യക്തികൾക്ക് വേണ്ടി ദിവസവും പ്രാർത്ഥിക്കാം, അവരുമായി ഒരു വ്യക്തിബന്ധം സ്ഥാപിക്കുകയും ചെയ്യാം.
- 40 ദിവസ കാലയളവിൽ ഒരു "സന്ദർശകർക്ക് വേണ്ടിയുള്ള ശബ്ബത്ത്" ആചരിക്കാം.
- ഒരാഴ്ച പിന്നിട്ടതിനുശേഷം ബൈബിൾ പഠനങ്ങൾ, ഭവന പഠന കൂട്ടങ്ങൾ, സെമിനാറുകൾ, പ്രഭാഷണങ്ങൾ തുടങ്ങിയ കാര്യങ്ങൾ ആരംഭിക്കുക. ഈ ആശയത്തെക്കുറിച്ചു കൂടുതൽ അറിയുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ?


3. പരിശുദ്ധാത്മാവിനെക്കുറിച്ചു മറ്റുള്ളവർ എന്താണ് പറയുന്നത്? എപ്പോഴൊക്കെയാണ് പരിശുദ്ധാത്മാവിനു വേണ്ടിയുള്ള നമ്മുടെ അപേക്ഷ സുപ്രധാനമായിത്തീരുന്നത്?

**നമ്മുടെ പ്രാർത്ഥനാ സമയം**

- നിങ്ങളുടെ പ്രാർത്ഥനാ പങ്കാളിയെ സമീപിച്ച് വിഷയം ചർച്ച ചെയ്യുക.
- നിങ്ങളുടെ പങ്കാളിയും ആയിച്ചേർന്നു പ്രാർത്ഥിക്കുക.

1. നാം ദിവസവും തുടർന്നു പ്രാർത്ഥിക്കുന്നതിനും പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതിനും വേണ്ടി.
2. നമ്മുടെ ഭാവിയിലെ ആത്മീയ ജീവിതത്തെ കർത്താവ് നയിക്കുന്നതിന് നന്ദി അർപ്പിക്കുക.
3. നമ്മുടെ ഭാവി ജീവിതയാത്രയെക്കുറിച്ചു നാം ശരിയായ തീരുമാനം എടുക്കുന്നതിന്.

"ദൈവത്തിൽനിന്നും മഹത്തായ കാര്യങ്ങൾ പ്രതീക്ഷിക്കുക. ദൈവത്തിനുവേണ്ടി മഹത്തായ കാര്യങ്ങൾ ശ്രമിക്കുക." (വില്യം കാരി)




Book 2 www.steps-to-personal-revival.info

**യേശുവിൽ വസിക്കുക**
**നിങ്ങൾക്ക് എപ്രകാരം അതു ചെയ്യാൻ കഴിയും?**

"എന്നിൽ വസിപ്പിൻ, ഞാൻ നിങ്ങളിലും വസിക്കും" ക്രിസ്തുവിൽ വസിക്കുക എന്നു പറഞ്ഞാൽ പരിശുദ്ധാത്മാവിനെ സ്ഥിരമായി പ്രാപിക്കുക എന്നാണ് അർത്ഥം. അവിടുത്തെ സേവനത്തിനുവേണ്ടി നമ്മെ തുറന്നമനസ്സോടെ സമർപ്പിക്കുക. Ellen G. White Desire of Ages, DA. p. 676.2

അവിടുത്തെ രക്ഷയിൽ സന്തോഷിക്കുവാൻ തക്കവണ്ണം ഒരു വ്യവസ്ഥ എന്ന നിലയിൽ നാം ചെയ്യേണ്ട ഒരു ജോലി അല്ല ക്രിസ്തുവിൽ വസിക്കുക എന്നുള്ളത്. എന്നാൽ അതിനു പകരമായി കർത്താവ് നമുക്കു വേണ്ടിയും നമ്മിലും നമ്മിലൂടെയും സകലവും നിവൃത്തിക്കുവാൻ നാം നല്കുന്ന സമ്മതപത്രമാണത്. അവിടുന്നു നമുക്കുവേണ്ടി ചെയ്യുന്ന ഒരു ജോലിയാണത്. അവിടുത്തെ രക്ഷിക്കുന്ന സ്നേഹത്തിന്റെ പരിണിത ഫലവും ശക്തിയും ആണ് അത്. അവിടുന്നു വാഗ്ദത്തം ചെയ്തത് കർത്താവ് പൂർത്തീകരിക്കുവാൻ നമ്മുടെ ഭാഗം എന്നുള്ളത് വഴങ്ങുക, ആശ്രയിക്കുക, കാത്തിരിക്കുക എന്നുള്ളതാണ് (ആൻഡ്രുമുറെ)

**അദ്ധ്യായം 1 – യേശു ഏറ്റവും വിലയേറിയ ദാനം**

യേശുവിന്റെ ഏറ്റവും ശക്തമായ ദൂതുമായി നിങ്ങൾ പരിചയപ്പെട്ടിട്ടുണ്ടോ? പരിശുദ്ധാത്മാവിനു എന്തു ചുമതലകൾ ആണ് നിർവ്വഹിക്കുവാൻ ഉള്ളത്? നമ്മുടെ സ്വഭാവം എങ്ങനെയാണ് മാറ്റപ്പെടുന്നത്? ഉപമയിൽ യേശു പരിശുദ്ധാത്മാവിനെക്കുറിച്ചു പറഞ്ഞിരിക്കുന്നു. പുളിമാവിനെക്കുറിച്ചു പറഞ്ഞിരിക്കുന്നു.

**അദ്ധ്യായം 2 – യേശുവിന്റെ സമർപ്പണം**

എന്റെ സ്വന്തം ഇഷ്ടം നഷ്ടപ്പെടുമോ? അല്ലെങ്കിൽ ഞാൻ ശക്തനായിത്തീരുമോ? സമർപ്പിക്കുന്നതിൽനിന്നും നമ്മെ വിലക്കുന്നതു

എന്താണ്? സമർപ്പിക്കുക എന്നു പറഞ്ഞാൽ നമ്മുടെ ഇഷ്ടം ഉപേക്ഷിച്ചു കളയുക എന്നാണോ അർത്ഥം?

**അദ്ധ്യായം 3 – യേശു നിങ്ങളിൽ വസിക്കുന്നു**

യേശു എന്റെ ജീവിതത്തിൽ വസിക്കുന്നതിലൂടെ എന്തു ഫലങ്ങൾ ആണ് എന്റെ ജീവിതത്തിൽ ഉണ്ടാകുന്നത്?


പരമമായ നേട്ടം : ദൈവത്തിന്റെ പൂർണ്ണതയാൽ പ്രചോദിപ്പിക്കപ്പെടുക. ക്രിസ്തു നിങ്ങളിൽ വസിക്കുന്നതിന്റെ ഗുണങ്ങൾ? പാപത്തിന്റെ ശക്തിയിൽനിന്നും നമുക്കു എങ്ങനെ വിടുതൽ പ്രാപിക്കുവാൻ കഴിയും? പാപം ചെയ്യുന്നതിലൂടെ നാം വീണ്ടും ജഡികരായിത്തീരുമോ?

**അദ്ധ്യായം 4 – യേശുവിലൂടെയുള്ള അനുസരണം**

സന്തോഷകരമായ അനുസരണത്തിൽ എനിക്കു എങ്ങനെ ജീവിക്കുവാൻ കഴിയും? എന്താണ് സന്തോഷം? യേശുവിലൂടെയുള്ള അനുസരണം എങ്ങനെയാണ് എന്നിൽ പ്രവർത്തിക്കുന്നത്? ദൈവം എന്താണ് ആസൂത്രണം ചെയ്തിരിക്കുന്നത്? ദൈവവും മനുഷ്യനും ആയിട്ടുള്ള കൂട്ടുപ്രവർത്തനം.

**അദ്ധ്യായം 5 – ക്രിസ്തുവിലൂടെയുള്ള ആകർഷകമായ വിശ്വാസം**

വിശ്വാസികൾ തമ്മിലുള്ള ഐക്യത എങ്ങനെയാണ് സാധ്യമാകുന്നത്? നമ്മുടെ കുടുംബത്തിനും ഈ ലോകത്തിനും നമ്മുടെ വിശ്വാസം എപ്രകാരമാണ് ആകർഷണീയമായിത്തീരുന്നത്? നമ്മിൽ വരുത്തുന്ന എന്തുമാറ്റങ്ങൾ ആണ് നമ്മെ സാക്ഷികൾ ആക്കുന്നത്? ഉണർവ്വ് എങ്ങനെയാണ് നമ്മുടെ മിഷനു നിലനില്പ് ഉണ്ടാക്കുന്നത്?




Book.www.steps-to-personal-revival.info

ആത്മനിറവുള്ള യേശുവിന്റെ സഹപ്രവർത്തകർ

സ്റ്റാർട്ടർ സെറ്റ് ക്രിസ്തുവും ആയിട്ടുള്ള ബന്ധം.
ആൻഡ്രുവിനുള്ള എഴുത്തുകൾ
No. 1-5,8,13,14,21

ജീവിതത്തിൽ വിജയം വരിക്കുക എന്നു പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? വിജയകരമായ ജീവിതത്തിനു ദൈവം നമുക്കു നല്കിയിരിക്കുന്ന വാഗ്ദത്തങ്ങൾ എന്തെല്ലാം? ചെറിയ പദ്ധതികളിൽ ശക്തി ഇല്ല. വലിയ കാര്യങ്ങൾ ചിന്തിക്കുവാൻ അത്ഭുതവാനായ ദൈവം നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നു. അവിടുത്തെ സഹപ്രവർത്തകൻ ആയിരിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ?

അവിടുത്തെ സ്നേഹത്താൽ നിറയപ്പെട്ട സഹപ്രവർത്തകരെയാണ് യേശു ആഗ്രഹിക്കുന്നത്. അവിടുത്തെ സഹപ്രവർത്തകരിലൂടെ മറ്റുള്ളവരെ സ്നേഹിക്കുവാൻ കർത്താവു ആഗ്രഹിക്കുന്നു. അതുകൊണ്ടു എന്നോടുള്ള ദൈവസ്നേഹത്തിന്റെ പൂർണ്ണവ്യാപ്തി അനുഭവിച്ചറിയുക എന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. (എഫെ. 3:17 കാണുക).

നമ്മെ സേവിക്കുന്നതിനും നല്കുന്നതിനും സഹായിക്കുന്നതിനും ഉള്ള ദൈവത്തിന്റെ ധാരണ എത്ര വിദഗ്ധമായ ആശയമാണ്. അവിശ്വസനീയമായ കാര്യങ്ങൾ ആണ് ദൈവം നമുക്കുവേണ്ടി ഒരുക്കിയിട്ടുള്ളത്.

എന്നാൽ നമുക്കു എങ്ങനെ ദൈവത്തെ സേവിക്കുവാൻ കഴിയും? നമുടെ മാനുഷിക കഴിവുകൾ ഉപയോഗിച്ചാണോ നാം ദൈവത്തിനു വേണ്ടി പ്രവർത്തിക്കുന്നത്, അതോ അവിടുത്തെ ശക്തിയാൽ കർത്താവിനു നമ്മിലൂടെ പ്രവർത്തിക്കുവാൻ കഴിയുമോ? എന്താണ് വ്യത്യാസം?


യേശു പറഞ്ഞത്: "എന്റെ പിന്നാലെ വരുവിൻ; ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും" (മത്തായി 4:19). യേശു നമ്മെ അവിടുത്തെ സഹപ്രവർത്തകർ ആക്കുന്നത് എന്തു അതിശയകരമായ വിധത്തിൽ ആണ്?

ക്രിസ്തുവിങ്കലേയ്ക്കു മനുഷ്യരെ എപ്രകാരം പടിപടിയായി നയിക്കുവാൻ കഴിയും എന്നു താൻ മനസ്സിലാക്കിയ കാര്യങ്ങൾ ഹെൽമുട്ട് ഹോബെയിൽ പങ്കുവയ്ക്കുന്നു. യേശുവുമായിട്ട് ഒരു വ്യക്തിപരമായ ബന്ധം സ്ഥാപിക്കുന്നതാണ് വിലയേറിയ ബന്ധം. എനിക്ക് ഇത് എങ്ങനെ മറ്റുള്ളവരെ കാണിക്കുവാൻ സാധിക്കും? പ്രധാന പ്രശ്നത്തിലേയ്ക്കു കടക്കുന്നതിന് എന്തു തന്ത്രപരവും നേർവഴിക്കുള്ള എന്തു ചോദ്യമാണ് പ്രാരംഭ ചോദ്യമായി ഉപയോഗിക്കേണ്ടത്? വിശ്വാസത്തെ

ക്കുറിച്ചു സംസാരിക്കുമ്പോൾ സഹായികൾക്കും പങ്കെടുക്കുന്നവർക്കും, പരിശോധിക്കുകയും പരീക്ഷിക്കുകയും ചെയ്ത നിലവിലുള്ള ഏതു പ്രധാന ആയുധങ്ങൾ ആണ് ഉപയോഗിക്കുവാൻ എളുപ്പം? ഈ വില യേറിയ ആയുധങ്ങൾ ഭവനത്തിലെ അടിസ്ഥാന സാധനങ്ങൾ, ആയുധ ങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ കൂട്ടത്തിൽ ഈ വിലയേറിയ ആയുധങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

അതിനുശേഷം ഒരു ആത്മീയ മിഷനറി ആശയം ഉൾപ്പെടുത്തു ന്നതാണ്, വ്യക്തികൾ എന്ന നിലയിലും ഒരു സമൂഹം എന്ന നില യിലും ഒരു സഭ എന്ന നിലയിലും ഒരു കോൺഫറൻസ് എന്ന നില യിലും ദൈവത്തിന്റെ നേതൃത്വപ്രകാരം എങ്ങനെ വിജയകരമായി മുമ്പോട്ടു പോകുവാൻ സാധിക്കും എന്നാണ് ഇത് നമ്മെ കാണിക്കു ന്നത്.

യേശുവിന്റെ ആത്മനിറവുള്ള സഹപ്രവർത്തകരായിരിക്കുവാൻ കർത്താവ് നമുക്കു സന്തോഷം പകരട്ടെ.




**ദൈവത്തെ അനുഭവിച്ചറിയുക**
**ആൻഡ്രുവിനുള്ള എഴുത്തുകൾ**



സ്റ്റാർട്ടർ സെറ്റ് - ജനത്തെ യേശുവിങ്കലേയ്ക്കു നയിക്കുവാൻ, നമ്മുടെ പ്രായോഗിക അനുഭവത്തിലേയ്ക്കുള്ള പാലമാണ് ആൻഡ്രു വിന്റെ ഈ എഴുത്തുകൾ. ജനത്തെ യേശുവിങ്കലേയ്ക്കു നയിക്കുവാൻ പരീക്ഷിക്കുകയും പരിശോധിക്കുകയും ചെയ്ത ആയുധങ്ങൾ ആണ് ഇവ. ഇപ്രകാരമുള്ള ഒരു പുസ്തകം ഉപയോഗിക്കുന്നതുകൊണ്ട് 12 ഗുണങ്ങൾ ഉണ്ട്, ആത്മനിറവുള്ള യേശുവിന്റെ സഹപ്രവർത്തകർ എന്ന 7-ാം അദ്ധ്യായത്തിൽ ഇത് സൂചിപ്പിച്ചിട്ടുണ്ട്. സഹായിയും പങ്കെടുക്കുന്ന ആൾക്കും വേണ്ടിയുള്ള വിശ്വാസത്തിന്റെ പ്രധാന സംഭാഷണങ്ങളെ ഇവ കാര്യമായി സുലഭമാക്കുന്നു.

ഈ കവറിൽ ആവശ്യമായ എഴുത്തുകളുടെ ഓരോ പകർപ്പ് വീതം ഉൾപ്പെടുത്തിയിട്ടുണ്ട്. ചിത്രീകരിച്ചു വ്യക്തമാക്കിയ മാതൃകയും ആകർഷണീയമായ ഉള്ളടക്കവും നിങ്ങളെ സന്തോഷിപ്പിക്കുന്നതാണ്. അതു മറ്റുള്ളവർക്ക് കൈമാറുന്നതിൽ നിങ്ങൾക്കു സന്തോഷമായിരിക്കും നിങ്ങൾ യേശുവിങ്കലേയ്ക്കു നയിക്കുവാൻ ആഗ്രഹിക്കുന്ന ഓരോരുത്തർക്കും ഇതിന്റെ ഒരു സെറ്റ് ആവശ്യമാണ്. ഒരു വ്യക്തിയെ യേശുവിങ്കലേയ്ക്കു നയിക്കുവാൻ സാധിക്കുന്നതിലൂടെ നിങ്ങൾക്ക് വലിയ സന്തോഷം അനുഭവിക്കുവാൻ സാധിക്കും.

കുറിപ്പുകൾ സൂക്ഷിക്കുന്നതിനാണ് ഈ കവറുകൾ കൊണ്ടു ഉദ്ദേശിക്കുന്നത്. ഏതു നമ്പർ എപ്പോൾ ഞാൻ തന്നു? ഈ വിതരണം കൈമാറുന്നതിനുള്ള സാധാരണമായ ക്രമം:

4. നമ്മുടെ ജീവിതത്തിലെ വെല്ലുവിളി : ദൈവം ഉണ്ടോ ഇല്ലയോ?

1. ക്രിസ്തീയ വിശ്വാസം പരിശോധനയ്ക്ക്.

8. യേശുവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ - പൂർത്തീകരണത്തിന്റെ സാധ്യത 1:10,[17].

2. അതുല്യവും താരതമ്യത്തിനും അപ്പുറം: നസ്രേത്തുകാരനായ യേശു.

3. ബൈബിളിന്റെ പ്രധാന കേന്ദ്രസ്ഥാനം എന്താണ്?

13. ദൈവവുമായിട്ടുള്ള വ്യക്തിപരമായ ബന്ധത്തിലൂടെ ജീവിതത്തെ പിടിച്ചെടുക്കുക.

21. ഇതു കൂടാതെ : നിത്യജീവിതത്തിലേയ്ക്കുള്ള വഴി.

14. ദൈവത്തിന്റെ ശക്തിയാലുള്ള ജീവിതം എങ്ങനെ?

5. പുകവലിമേലും മദ്യപാനത്തിന്മേലും ഉള്ള വിജയം.

www.steps - to - personal revival info letters to Andrew.

ആൻഡ്രുവിനുള്ള എഴുത്തുകൾ ഡൗൺലോഡ് ചെയ്യുന്നതിനും സൗജന്യമായി മറ്റൊരാൾക്കു ഈ വെബ്സൈറ്റിൽനിന്നും അയയ്ക്കാവുന്നതാണ്.

"നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ജയം നല്കുന്ന ദൈവത്തിനു സ്തോത്രം" (1 കൊരി. 15:57).

ഞാൻ ഇപ്പോൾ കാലിഫോർണിയായിൽ ഉള്ള രണ്ടു സഭകളുടെ പാസ്റ്റർ ആയി പ്രവർത്തിക്കുന്നു. പാസ്റ്റർ ഡെയിറ്റ് നെൽസൺ (താഴെ കാണുക) ആഴ്ചയിൽ ഒരിക്കൽ ഇന്റർനെറ്റ് വഴി പ്രക്ഷേപണം ചെയ്ത ദൂതുകൾ കേട്ടാണ് ഞാൻ ആദ്യമായി നിങ്ങളുടെ വിവരങ്ങൾ അറിയുന്നതിന് ഇടയായത്. അത് ഉടൻ തന്നെ എന്നിൽ ഒരു വലിയ സ്വാധീനം ചെലുത്തി. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള മറ്റുകാര്യങ്ങൾ ഞാൻ നേരത്തെ കേട്ടിട്ടുണ്ട്, എന്നാൽ അതിനെക്കുറിച്ചു കൂടുതൽ ശ്രദ്ധ കൊടുക്കാതിരുന്നതിൽ ഞാൻ എന്റെ കുറ്റം ഏറ്റു പറയുന്നു. ഈ പ്രത്യേക സമയം തിരഞ്ഞെടുക്കുന്നതിൽ ദൈവത്തിനു ചില കാരണങ്ങൾ ഉണ്ടായിരുന്നു, അതു അനേകം പേരെ പരിശുദ്ധാത്മാവിനാൽ നേടുന്നതിനു വേണ്ടിയായിരുന്നു എന്നു ഞാൻ ഉറച്ചു വിശ്വസിക്കുന്നു. നിങ്ങളുടെ പരിശ്രമഫലത്താൽ എനിക്കു അത് കണ്ടെത്തുവാൻ കഴിഞ്ഞതിൽ ഞാൻ ഏറെ സന്തോഷിക്കുന്നു.

ഒരു കാര്യം നിങ്ങളോടു സാക്ഷ്യപ്പെടുത്തുവാൻ എനിക്കു സാധിക്കും. ആദ്യത്തെ അദ്ധ്യായത്തിൽ തന്നെ ഒരു ലളിതമായ വിധത്തിൽ ശക്തമായ സത്യങ്ങളെ വെളിപ്പെടുത്തുകയുണ്ടായി. നമ്മുടെ മനസ്സു ഒന്നു നിറുത്തി അതിനെക്കുറിച്ചു പുനർചിന്തിക്കുവാൻ അതു നമ്മെ ക്ഷണിക്കുന്നു. പലതവണ വായിക്കുന്ന ഒരു പ്രക്രിയ വളരെ ഫലപ്രദമാണ്. ഈ പുസ്തകത്തെക്കുറിച്ചു ഞാൻ എല്ലാവരോടും സംസാരിക്കുകയും ചർച്ച നടത്തുകയും പ്രസംഗിക്കുകയും ചെയ്യുമ്പോൾ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വിഷയം അധികം അധികമായി വീണ്ടും ആകർഷകമായിത്തീരുന്നു. അതിനെക്കുറിച്ചു ആദ്യമായി കേൾക്കുന്നതുപോലെ തോന്നുന്നു. അതു എന്നിൽ കാണുവാൻ സാധിക്കും. ഒന്നാം അദ്ധ്യായത്തിൽ ആവരണം ചെയ്തിരിക്കുന്ന വിഷയത്തെക്കുറിച്ചു മൂന്നു പ്രസംഗങ്ങൾ എങ്കിലും ചെയ്യാതെ എനിക്കു ആ അദ്ധ്യായത്തിൽനിന്നും മാറിപ്പോകുവാൻ കഴിയുകയില്ല. ഇതിനെക്കാൾ കൂടുതലായി അതിനെ വിശദീകരിക്കുവാൻ എനിക്കു കഴിയുകയില്ല, എന്നാൽ പുസ്തകം വായിക്കുന്നതും എന്റെ സഭകളിൽ അനുഭവപ്പെട്ടിരിക്കുന്ന ഫലങ്ങളും നിറുത്തൽ ചെയ്യുവാനും എനിക്കു കഴിയുകയില്ല. ദൈവവചനം ഞാൻ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ കഴിഞ്ഞ വർഷം എന്റെ ഡിസ്ട്രിക്റ്റിൽ വളരെ കാര്യമായ ഒരു വളർച്ച പ്രകടമായി. എല്ലാത്തിനും പ്രത്യേകിച്ചു പരിശുദ്ധാത്മാവ് നമ്മുടെ വിശ്വാസികളെ ശക്തീകരിച്ച വിധത്തിനും ദൈവ

ത്തിന് നന്ദി അർപ്പിക്കുന്നു. പുതിയ വർഷത്തിൽ കൂടുതൽ ആത്മാക്കൾ കടന്നുവരുന്നതിനുവേണ്ടി ഞങ്ങൾ കാത്തിരിക്കുന്നു!

D.R. ജനുവരി 2018 പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി തിരഞ്ഞെടുത്തവ.

പാസ്റ്റർ ഡെയിറ്റ് നെൽസൺ, ആൻഡ്രൂസ് യൂണിവേഴ്സിറ്റിയിലെ പൈനിയർ ചർച്ചിൽ പ്രധാന പാസ്റ്റർ ആയി സേവനം അനുഷ്ഠിക്കുന്നു. അദ്ദേഹം ഇപ്രകാരം പറയുന്നു: "വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ എന്ന ഈ ചെറിയ പുസ്തകം എന്റെ ഉള്ളത്തെ മാറ്റിയ പുസ്തകമായതുകൊണ്ട് നിങ്ങൾക്കും അപ്രകാരം ഉണ്ടാകട്ടെ എന്ന് ആഗ്രഹിക്കുന്നു." അദ്ദേഹം മൂന്നു പ്രസംഗപരമ്പകൾ നടത്തുകയുണ്ടായി.

"നിലം ശൂന്യവും പുതിയ നവീകരണവും: പരിശുദ്ധാത്മാവിനാൽ സ്നാനം പ്രാപിക്കുന്നത് എപ്രകാരം? വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ എന്ന പുസ്തകത്തിൽനിന്നും ഉദ്ധരിക്കുകയും അതിനെ നിർദ്ദേശിക്കുകയും ചെയ്യുന്നു."

''ഇതു മുഖാന്തരം ആയിരക്കണക്കിനു പുസ്തകങ്ങൾ ഡൗൺലോഡ് ചെയ്യുന്നതിനും ഓർഡർ എടുക്കുന്നതിനും സഹായിച്ചിട്ടുണ്ട്."

അദ്ദേഹത്തിന്റെ വ്യക്തിപരമായ സാക്ഷ്യവും മൂന്നു പ്രസംഗങ്ങളും: www.steps-to-personalrevival.info എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

1. Ellen G. White, Mount of Blessing, MB 20.3 (egwwriting.org)
2. Johannes Mager, Auf den Spuren des Heiligen Geisters (Luneburg, 1999) S. 101
3. Johannes Mager, Auf den Spuren des Heiligen Geistes (Luneburg, 1999), Cover
4. D. Martin Lyd – Jones, Vollmacht, Telos – Taschenbuch, Nr. 385, (Marburg, 1984) S.72
5. Ellen G. White, The Coming of the Comforter (Hagerstown, 1945) P. 94
6. Editor Helmut Haubeil, Missions brief Nr. 34 (Bad Aibling, 2011) S. 3
7. Ellen G. White, Christ's Object Lessons (1900), P. 145.3
8. It is worthwhile to pray with promises if you want to know more about this, Please read Chapter 4 of Steps to Personal Revival
9. Ellen G. White, Signs of the Times, November 21, 1855, par. 3
10. Ellen G. White, The Acts of the Apostles (1911) P. 56.1
11. Johannes Mager, Auf den Spuren des Heiligen Geistes (Luneburg, 1999) S. 101
12. Sabath School Study Guide July 17, 2014
13. Ellen G. White, The Desire of Ages (1898), P. 672
14. Ellen G. White, Manuscript Releases Vol. 7, P. 267
15. Ellen G. White, Testimonies for the Church Vol. 8 (www.egwwritings.org) P. 22
16. Mark A. Finley, Revive us again, P. 25
17. Henry T. Blackaby, Den willen Gottes erkennen und tun (Experiencing God: Knowing and Doing the will of God), Kassel, 2022), S.31
18. Ellen G. White, Steps to Christ, 95.1 (egw writings.org)

19. Ellen G. White, The Desire of Ages (1898) P. 676

20. Ellen G. White, The Desire of Ages, P. 357.2 – Das Leben Jesu, S. 349 (357)

21. Ellen G. White, Steps to Christ (1892), P. 43.2

22. Ellen G. White, Steps to Christ (1892), P. 43.4

23. Morris Venden, 95 Theses on Rightousness by Faith (Pacific Press, 1987) P. 63

24. Ellen G. White, Desire of Ages, P. 523

25. Email an H. Haubeil – Received on February 15, 2012

26. Email from march 31, 2013

27. Dr. S. Joseph Kidder, Anleitung Zum Geistlichen, Leben (Andrews University), P.pp Folie 2

28. Ellen G. White, Testimonies for the Church Vol. 1, (1868), P. 383.1

29. Johannes Mager, Auf den Spuren des Heiligen Geistes (Following the Steps of the Holy spirit), Luneberg, 1999) S. 102-103, Johannes Mager was Pastor, Evangelist and Professor of Theology for many years, He worked last as secretary of the ministerial department of the Euro – African Division (now: inter European Division) in Berin, Switzerland.

30. Ellen G. White, Review and Herald, July1, 1890

31. Ellen G. White, 44, 1903, Quoted in Adv. Bible Commentary, Vol. 7, P. 963. On Rev. 3:15,16

32. Arthur G. Daniells, Christ Our Righteousness, p.30, Christus unsere Gerechtigkeit Hamberg 1962), S.20

33. Roger Morneau, A trip into the Supernatural, Review and Herald 1982, P. 43

34. Ellen G. White, The Acts of the Apostles (1911) P. 284. 2

35. Ellen G. White, The Desire of Ages (1898) P. 676. 2

36. Ellen G. White, Review and Herald, Aug. 19, 1890

37. Ellen G. White, Letter 44, 1903, Quoted in the Seventh - Day Adventist Bible Commentery, Vol. 7, P. 963 on Rev. 3:15,16
38. Ellen G. White, MS 148, 1897, Quoted in the Seventh Day Adventist Commentary, Vol. 6, p. 1075, many buried alive.
39. A. G. Daniells, Christ Our Righteousness, P. 20
40. Ellen G. White, Selected Messages, Vol. 1 (1958) P. 109.2
41. Ellen G. White, Christian Service (1925), P. 41.1
42. Ellen G. White, The Great Controversy (1911) P. 507.3
43. Ellen G. White, Selected Messages, Vol. 1 (1958) P. 109.2
44. Ellen G. White, The Desire of Ages, (1898) P. 676.2
45. Ellen G. White, The Acts of the Apostles (1911) P. 284.2
46. Ellen G. White,The Desire of Ages (1858) P. 313.4
47. Editor Francis D. Nichol, Adventist Bible Commentary, Vol. 1 (Review and Herald, 1976) p. 1113
48. Ellen G. White, Review and Herald, Jan.6, 1885
49. Ellen G. White, Steps to Christ (1892) P. 70.1
50. Morris Venden, 95 Theses on Righteousness by Faith (Pacific Press, 1987) P. 96
51. Morris Venden, 95 Theses on Righteousness by Faith (Pacific Press, 1987) P. 233
52. Ellen G. White, Sons and Daughters of God, P. 279.
53. Dr. S. Joseph Kidder, Anleitung Zum Geistlichen Leben (Andrews university); P.PPSlide 14
54. Ellen G. White, The Desire of Ages (1898), P.523.1
55. Ellen G. White, The Desire of Ages (1898), P.827.3
56. Ellen G. White, Acts of the Apostles (1911), P.56.1
57. Editor Werner, E. Lunge, unser grobtes Bedurbnis (Luneburg, 2011) S. 42

58. Sabbath School Study Guide July 17, 2014

59. Ellen G. White, The Acts of the Apostles (1911) P. 50.2

60. Ellen G. White, Selected Messages 1 (1958) P. 374.1

61. Ellen G. White, The Signs of the Times, March 8, 1910, Par. 1

62. Ellen G. White, The Desire of Ages (1898) P. 313.4

63. Ellen G. White, The Review and Herald, March 2, 1897, Par. 5

64. Ellen G. White, Testimonies to the Church (1904) Vol. 8, p. 191

65. Fritz Rienecker, Lexikon Zur Bibel (wuppertal, 1964) S. 1017

66. Ellen G. White, Patriarchs and prophets (1890) P. 3533

67. D. L. Moody, They found the secret, PP. 85, 86, Quoted in 10 days – Prayers and Devotions... By Dennis Smith, P. 23.

68. Joseph H. Waggoner, The Spirit of God (Battle Creek, Michigan 1. 877), P.35f Quoted in Garrie F. Williams, Erfultin Vom Heiligen Geist (Luneburg, 2007) S.58

69. Ekkehard Muller, Die Lehre Von Gott: Biblischer Befund und Theologische Herousforder – ung Bogenhofen 2010, S. 224

70. Ellen G. White, The Acts of the Apostles (1911), P. 284.2

71. Ellen G. White, The Desire of Ages (1898), P. 313.4

72. Ellen G. White, the Desire of Ages (1898) PP. 671.2, 672.1

73. Thomas A. Davis, Als Christ Siegreich laben (HW-Verlag), S.43/ How to be a Victorions Christian, R&H

74. Ellen G. White, The Desire of Ages (1898), P.173.1

75. Catherine Marshall, Der Helfer (Erzhausen, 2002), S. 24

76. Ellen G. White, Thoughts from the Mount of Blessings, P. 20.3

77. Johannes Mager was a Pastor, Evangelist and for many years a university lecturer on systematic theology, most recently he was the head of the ministry department in the Euro-African Division in Bern, Switzerland (now the inter European Division) Presently

he is retired and lives in Friedensau, The quote is from his book: Auf-den Spuren des Geistes (Luneburg, 1999) P. 100f (with permission from the Publishing House)

. Ellen G. White, Mount of Blessing, MB 20.3 (egwwritings.org)

. Johannes Mager, Auf-den Spuren des Heiligen Geistes (Luneburg, 1999), S.101

78 Garrie F. Williams, Erfulltsein Vom Heiligen Geist – wie erfahren Wir das? (Luneburg 2007), S.8

79 Ellen G. White, Christs object Lessons, P. 45. 1-46.1

80. Ellen G. White, Letter 44, 1903, Quoted in Adventist Bible commentary Vol.7, P.963 on Rev. 3:15-16

81. Ellen G. White, Child Guidance (1954), P.69

82. Dr. S. Joseph Kedder, Anleitung Zum Geistlichen Leben (Andrews University). PPP folie 3+4

83. Ellen G. White, Acts of the Apostles (1911), P. 551.2

84. Ellen G. White, Testimonies for the Church, Vol. 4, P. 348.3

85. William G. Johnsson, Adventgemeinde in der Zerrei Bprobe (Luneburg 1996), S.118.

86. Ellen G. White, Selected Messages Book 1 (1958). P.386.1

87. Excerpt from the General Conference Prayer letter Number 148

88. Studienanleitung standardausgabe, Philip G. Samaan, 10.11.1989, to question 8

89. Helmut Haubeil (Hrsg), Missionsbrief Nr. 34, (Bad Aibling, 2011) P. 3

90. Dennis Smith, 40 days – Prayers and Devotions to Prepare for the Second (Wien, 2012). P.88

91. Ellen G. White, Testimonies for the Church, Vol.6 (1901), P. 370.3

92. Ellen G. White, Testimonies for the Church, Vol.9 (1909), P. 189.4

93. Ellen G. White, MS 148 (1897)

94. Ellen G. White, The Desire of Ages, (1898), P. 671.4

95. Randy Maxwell, if My People Pray (Pacific Press, 1995), P.11

96. CD Die Letzte Vorbereitung, Teil 6

97. Ellen G. White, PH. 016, P.29.1

98. Dennis Smith, 40 days prayers and Devotions to Revive Your Experience with God, Book 2 (Vienna, 2013) P. 175

99. Ellen G. White, The Faith I live By (1958) P. 333.3

100. Ellen G. White, The Great Controversy (1911), P. 469.3

101. Randy Maxwell, of My People Pray (Pacific Press 1995) P. 145

102. Author unknown, Our Daily Bread - Worship Book (RBC Ministries), 26, Nov. 1993.

103. Ellen G. White, Medical Ministries (1932), P. 12.3

104. Email from 7.3. 2013

105. Email from November 18, 2014 from Sister M.

106. Andrew Letter Nr.5, Victory over Tobacco and Alcohol, www.https://steps to personal - revival – info, button: victory over Tobacco and Alcohol.

107. Dave Fiedler, D' Sozo (Remnant Publications), Forword

108. Dave Fiedler, D' Sozo (Remnant Publications) Forword

109. Ellen G. White, Review and Herald, April 5, 1892

110. Ellen G. White, The Great controversy (1911) P. 625.3

111. Editor Francis D, Nichol Adventist Bible Commentery, Vol. 6 (Hagers town, 1980), P. 1112.

112. Hrsg, Gerhard Rempel, Schlusseibegriffe adventistis cher Glaubenslehre (Hamburg) S.44.

113. Ellen G. White, Southern Watchman (www. egwritings.org) Merch1, 1904

114. www. Gotter fahren, info – Gott Verandert Leben – Vom Prokurist zum Prediger
115. www.gotterfahren.info – Wege-zum Ziel:Gotterfahren-Gottes Botschaft furtunsere zeit-Thema Nr. 11.
116. Missions brief de – Predigten lesen - Henry Drammond: Wie erkenne ichden willen Gottes? (Deutsch and English).
117. Ellen G. White, The Desire of Ages (1898). P. 363.3
118. Ellen G. White, Prophet and Kings (1917), P. 651.1
119. Ellen G. White, The Great controversy (1911) p. 512.2
120. Kalenderzettel February 17, 1979 by Reinhard Petrik
121. Ellen G. White, My Life Today, P. 338.2
122. Ellen G. White, Education (1903), P. 258.2
123. Roger J. Morneau, A Trip into the supernatural, Review and Herald 1982, P. 43
124. Ellen G. White, The Desre of Ages (1898), P. 668.1
125. Ellen G. White, Testimony Treasure, Vol. 3, P. 213.2
126. Morris L. Venden, 95 Theses on Rightousness by, Faith (Pacific Press 1987) P.60
127. Ellen G. White, The Great Controversy (1911) P. 109.3 Neander, "Kirchengeschichte", 6 Per, 2. Abschnitt, 2 Teil, 969; Hefele, Konziliengeschichte" Bd.VI, S. 209f
128. Ellen G. White, Education (1903), P. 170.1
129. Ellen G. White, Thoughts from the mount of Blessing (1896), P. 142.1
130. Johannes Mager, Auf den Spuren des Heiligen Geistes (Lune Burg, 1999), S.101
131. Ellen G. White, Acts of the Apostles, P. 37.1 egwwritings.org

132. Reuben A. Torrey, Der Heilige Geist Sen Wesen and Wirken (Frankfurt, 1966) S. 150

133. Ellen G. White, Christ's Object Lessons (1900), P.38.2

134. Email to H.Haubeil C. S.

135. Editor Francis D. Nichol, Adventist Bible Commentary Vol. 6 (Hagerstown, 1980) P. 1112.

136. Email to Helmut Haubeil : ES

137. Helmut Haubeil & Gerhard Padderatz, Gott, Geld & Glaube (Eckental, 2009) P.97.

138. Ellen G. White, The Acts of the Apostles (1911), P. 561.1

139. Randy Maxwell, If My People Pray (Pacific Press 1995), P. 158

140. Ellen G. White, Steps to Christ (1892) P. 73.1

141. M. Trajkovska, Southern European Union, Belgrade, Quoted in www.revival and reformation.org.

142. Ellen G. White, Ye Shall Receive Power (1995), P. 14.4

143. Ellen G. White, The Signs of the Times, Nov. 21,1895

144. Ellen G. White, Selected Messages, Book 1 (1958) P. 121.1

145. Ellen G. White, Selected Messages, Book 2 (1958), P. 57.1

# വ്യക്തിപരമായ ഉണർവ്വിനുള്ള പടികൾ

**സന്തോഷകരവും പൂർത്തീകരിക്കപ്പെട്ടതുമായ ഒരു ജീവിതം നിങ്ങൾ ആഗ്രഹിക്കുന്നുവോ? ആവേശഭരിതമായ അനുഭവങ്ങൾ ഉള്ള വിശ്വാസ ജീവിതം നയിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ?**

നിങ്ങളുടെ ഉത്തരം 'അതെ' എന്നാണെങ്കിൽ ഈ പുസ്തകം വാസ്തവമായി നിങ്ങൾക്ക് ലഭിക്കുന്നു. ഈ പുസ്തകം വായിച്ചതിനുശേഷം ജനം തങ്ങളുടെ വിശ്വാസ ജീവിതത്തിൽ യഥാർത്ഥമായ മാറ്റങ്ങളോടു കൂടിയ അനുഭവങ്ങൾ പ്രാപിച്ചു എന്നു കാണിക്കുന്ന 500 ൽ അധികം അനുഭവങ്ങൾ എനിക്കു പങ്കുവെച്ചത് എന്റെ കൈവശം ഉണ്ട്. അതുകൊണ്ട് കൂടുതൽ ഉൾക്കാഴ്ചകൾ ഈ മാതൃകാപരമായ പുസ്തകപ്പതിപ്പിന്റെ കൂടെ ചേർത്തിട്ടുണ്ട്. വ്യക്തിപരമായ ഉണർവിനുള്ള പടികൾ നമ്മെ എപ്രകാരം നയിക്കുന്നു എന്നു അവ നമ്മെ കാണിക്കുന്നു.

യേശു നമുക്കു വാഗ്ദത്തം ചെയ്യുന്ന ദാനങ്ങളിൽ ഏറ്റവും മഹത്തായ വിലയേറിയ ദാനം പരിശുദ്ധാത്മാവ് എന്ന ദാനമാണ് എന്ന് അംഗീകരിക്കുക. നമ്മുടെ ആത്മീയ അവസ്ഥയുടെ ബന്ധത്തിൽ ഉള്ള ശരിയായ സ്വയ നിർണ്ണയം ആണ് ഇത്.

ആകർഷണീയമായ ആത്മീയ ജീവിതത്തിലേയ്ക്കും രക്ഷയുടെ ഉറപ്പിലേയ്ക്കും നയിക്കുന്ന രണ്ടു ലളിതമായ പടികൾ മനസ്സിലാക്കുക.

പരിശുദ്ധാത്മാവിന്റെ സഹായത്താലും ശക്തിയാലും ജീവിതത്തിനു ലഭിക്കുന്ന വലിയ പ്രയോജനത്തെക്കുറിച്ചു അറിയുക, അതുപോലെ അവിടുത്തെ കൂടാതെ നാം സഹിക്കുന്ന നഷ്ടത്തെക്കുറിച്ചും അറിയുക.

വാഗ്ദത്തത്തോടുകൂടിയ നമ്മുടെ പ്രാർത്ഥനകൾക്ക് പൂർണ്ണമായും വ്യത്യസ്തമായ ഒരു നേട്ടമുണ്ടെന്ന് നാം അറിയണം. അപ്പോൾ നാം കൂടുതൽ സന്തോഷത്തോടും നിശ്ചയത്തോടും ആഴമായിട്ടും നാം പ്രാർത്ഥിക്കും. നമുക്കു ഉറപ്പായും പരിശുദ്ധാത്മാവിനെ ലഭിക്കും എന്നു അപ്രകാരമുള്ള പ്രാർത്ഥനയ്ക്കുശേഷം നമുക്കു പറയാൻ സാധിക്കും.

ഈ പുസ്തകത്തിന്റെ വിതരണക്കാർ ആയിരിക്കുവാനും സാക്ഷികൾ ആയിരിക്കുവാനും അവരുടെ വലിയ സന്തോഷം ഒരു കാരണമായിത്തീർന്നു.

നിങ്ങളുടെ ജീവിതത്തിൽ ഒരു വലിയ വ്യത്യാസം വരുത്തുവാൻ ദൈവം ആഗ്രിക്കുന്നു. നിങ്ങൾ ദൈവത്തിനുവേണ്ടി പ്രവർത്തിക്കുകയാണെങ്കിലും നമ്മുടെ അത്ഭുതവാനായ കർത്താവ് നമ്മിലൂടെ പ്രവർത്തിക്കുകയാണെങ്കിലും അതു ഒരു നിർണ്ണായകമായ വ്യത്യാസം വരുത്തും. നിങ്ങളുമായി അഗാധമായ ബന്ധം സ്ഥാപിക്കുവാൻ യേശു ആഗ്രഹിക്കുന്നു. നിങ്ങളിലൂടെ മറ്റുള്ളവരോട് ഏറ്റവും അടുത്ത ബന്ധം സ്ഥാപിക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു. ഈ പുസ്തകം അനേകം തവണ ആവർത്തിച്ചു വായിക്കുന്നതിലൂടെ വലിയ അനുഗ്രഹങ്ങളും സന്തോഷവും നിങ്ങളുടെ മേൽ വരുന്നതാണ്. ആറു ആഴ്ചക്കാലത്തേയ്ക്ക് നിർദ്ദേശങ്ങൾ പഠിക്കുകയും പ്രായോഗിക ജീവിതത്തിൽ കൊണ്ടുവരികയും ചെയ്യുക. (**3X14** ദിവസങ്ങൾ) നിങ്ങളുടെ ജീവിതത്തിലൂടെ ദൈവം നിറവേറ്റുവാൻ ആഗ്രഹിക്കുന്ന കാര്യങ്ങളെക്കുറിച്ചു വിസ്മയപ്പെടുക.